# ആത്മലോകവും ആത്മീയവളർച്ചയും

Volume - I

പരിഷ്കരിച്ച
രണ്ടാം പതിപ്പ്



ഇവാ. ഷാജി ജോസഫ്

ആത്മീയമായി ആഴത്തിൽ വളരുവാൻ
ആഗ്രഹിക്കുന്ന ദൈവദാസന്മാർക്കും
വേദവിദ്യാർത്ഥികൾക്കും
ദൈവജനത്തിനും പരിശുദ്ധാത്മാവിന്റെ
ഒരു ഉപഹാരം!

"അദൃശ്യ ദൈവരാജ്യത്തെ നാം കാണുവാൻ തുടങ്ങിയാൽ
ലോകത്തിൽ അസാദ്ധ്യ കാര്യങ്ങളെ
നാം ചെയ്യുവാൻ തുടങ്ങും."

**ATHMALOKAVUM ATHMEEYA VALARCHAYUM**
**THE SPIRIT WORLD AND SPIRITUAL GROWTH**

Copyright @ 2010
By **Evg.Shaji Joseph**

All rights are reserved

First Edition: November 2010

Second Edition: August 2011

Prarthanalayam Publishers, Ernakulam
No part of this publication may be reproduced or transmitted in any form or by any means, electronically, including photocopying, recording, or any information storage and retrieval system, without permission in writing from the publisher.

For more information about distribution
House of prayer (Prarthanalayam) Ministries
Tel: 0091-4842411092 (India), 00971-7-2211059 (UAE)
Email : shajijosephmail@gmail.com
www.kingdommessages.org

Page setting & Cover design - Eldho T Joy

Printed at: Maya Printers, Ernakulam

**Price: Rs. 185.00 (Outside India US $ 8.5)**

# മറ്റു സന്ദേശങ്ങൾ

1. ഞെട്ടിപ്പിക്കുന്ന സന്ദേശം
2. രാജകീയ ശുശ്രൂഷ
3. എന്റെ ബൈബിളും എന്റെ സാമ്പത്തികവും
4. പിശാച് യേശുവിന്റെ കുതികാൽ തകർക്കുമോ?
5. ജീവപുസ്തകം
6. ക്രൂശിന്റെ മൂന്ന് ശത്രുക്കൾ
7. ജ്ഞാനത്തിന്റെ മൂന്ന് നിലകൾ
8. 7-ാമത്തെ രാജ്യം
9. രണ്ട് ആത്മീയ ചെക്ക്പോസ്റ്റുകൾക്കിടയിലുള്ള ഒരു വിശ്വാസിയുടെ ജീവിതം
10. സാത്താനും അവന്റെ പണിപ്പുരയും
11. സഭയുടെ ഉദ്ദേശം
12. ആത്മീയ രോഗങ്ങളും നിവാരണവും
13. ദൈവാലോചനയേയും ദൈവപ്രവർത്തിയേയും എങ്ങനെ തിരിച്ചറിയാം?
14. വിശ്വാസികളിലെ സാത്താന്റെ ബെൽറ്റ് ബോംബ്
15. യേശു എങ്ങനെയാണ് നമ്മെ അറിയുന്നത്?
16. യാത്ര തീരാറായി ഫലം കായ്ച്ചുവോ?
17. രണ്ട് ആത്മീയ ചെക്ക്പോസ്റ്റുകൾ കടന്നാൽ ദൈവരാജ്യം അവകാശമാക്കാം
18. വിജയത്തിന്റെ ദൈവീക സൂത്രവാക്യം
19. കളയും കൊയ്ത്തും
20. വിശ്വാസി രക്ഷക്കായി പ്രവർത്തിക്കണമോ?
21. ക്രിസ്തുവിന്റെ ഹൃദയം
22. അനുഗ്രഹീത കുടുംബജീവിതം
23. അതിശയ സഞ്ചാരം
24. ആത്മീയ വളർച്ച (വാല്യം 1)
25. മനുഷ്യവാതിൽ
26. രാത്രിയെ ഭയപ്പെടേണ്ട
27. ദൈവം തന്റെ മക്കൾക്കായി ഒരുക്കിയിട്ടുള്ള അദൃശ്യസമ്പത്ത്
28. സകലത്തേയും വിവേചിക്കുന്ന ആത്മീയൻ
29. യൂദാ ഗോത്രത്തിലെ സിംഹക്കുട്ടികൾ
30. നമുക്ക് എങ്ങനെ മാന്ത്രികശക്തിയെ തകർക്കാം?
31. രണ്ട് രാജ്യങ്ങൾ രണ്ട് നിയമങ്ങൾ
32. മരുഭൂമിയുടെ ഉദ്ദേശം എന്ത്?
33. ദൈവത്തിന്റെ ഉദ്ദേശവും പിശാചിന്റെ ആഗ്രഹവും
34. ഒരു വിത്തിന്റെ ശക്തിയും മൂല്യവും
35. എനിക്കെങ്ങനെ ഒരു വിശുദ്ധജീവിതം നയിക്കാം?
36. പിശാചിന്റെ ശിക്ഷാവിധി മനുഷ്യനിലൂടെയോ?
37. വിശ്വാസികളിലൂടെയുള്ള ദൈവശക്തിയുടെ രഹസ്യം
38. "നമുക്ക് ഇനി തോല്‌വിയില്ല" നാം ജയിക്കാനായി വീണ്ടും ജനിച്ചവർ
39. ആത്മാവിൽ നീങ്ങിയുള്ള ശുശ്രൂഷ!
40. രോഗത്തെ കൊല്ലുന്നവൻ
41. അസ്ഥികൂടത്തിന്റെ സന്ദേശം
42. ഉറുമ്പുകളുടെ സന്ദേശം
43. പ്രാർത്ഥനയും ആത്മലോകവും

44. ദൈവത്തിന്റെയും പിശാചിന്റെയും മുദ്രകൾ
45. എങ്ങനെ ദൈവാത്മാവിനാൽ നടത്തപ്പെടാം?
46. ക്രിസ്തു കല്പിച്ച പ്രവർത്തിയോ നീ ചെയ്യുന്നത്?
47. "ദർശനം" ദൈവത്തിന്റെയും മനുഷ്യന്റെയും മൃഗത്തിന്റെയും പ്രവർത്തന രീതി
48. ഞാൻ ദൈവരാജ്യം അവകാശമാക്കുമോ?
49. ദൈവരാജ്യം പിടിച്ചടക്കുന്ന ബലാൽക്കാരികൾ
50. ദൈവരാജ്യപ്രകാരമുള്ള കുടുംബം എങ്ങനെ?
51. മഹത്വത്തിന്റെ മണ്ഡലം
52. വാതിൽ കാവൽക്കാരൻ
53. ഏദനിലെ ജീവിതം
54. പുനർ സൃഷ്ടിപ്പിന്റെ പുറകിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം
55. മനുഷ്യനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം (ഉദ്ദേശ്യങ്ങളുടെ ഉദ്ദേശ്യം)
56. വിശ്വാസം – വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും
57. വിശ്വാസം – ദൈവത്തിന്റെ സമ്മാനപ്പെട്ടി
58. വിശ്വാസം – ആത്മലോകത്തിലെ കാര്യങ്ങൾ കാണുന്നതെങ്ങനെ?
59. വിശ്വാസം – ആത്മലോകത്തിലെ കാര്യങ്ങൾ എടുക്കുന്നതെങ്ങനെ?
60. വിശ്വാസം – വിശ്വാസം എങ്ങനെ നഷ്ടപ്പെടുന്നു?
61. വിശ്വാസം – ഉപയോഗശൂന്യമായതും ഉപയോഗമുള്ളതും
62. വിശ്വാസം – ആത്മലോകത്തിലെ കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ പ്രകാശിക്കുന്നതെങ്ങനെ?
63. വിശ്വാസം – വിശ്വാസവും പ്രവർത്തിയും
64. വിശ്വാസം – വിശ്വാസത്തിന്റെ ആത്മാവ്
65. വിശ്വാസം – പുതിയ സൃഷ്ടികളും വിശ്വാസവും തമ്മിലുള്ള ബന്ധം
66. വിശ്വാസം – പുതിയ സൃഷ്ടി ആയവരുടെ പ്രവർത്തന രീതി
67. വിശ്വാസം – വിശ്വാസത്തിന്റെ ശവപ്പറമ്പ്
68. വിശ്വാസം – രണ്ട് തരത്തിലുള്ള വിതകൾ
69. വിശ്വാസം – ഹൃദയവും സൗഖ്യവും
70. വിശ്വാസം – വിശ്വാസം എന്നാൽ എന്ത്?
71. വിശ്വാസം – വിശ്വാസവും സൗഖ്യവും
72. വിശ്വാസം – വിശ്വാസം എന്ന പരിച
73. വിശ്വാസം – തലയും ഹൃദയവും തമ്മിലുള്ള വ്യത്യാസം
74. വിശ്വാസം – സംശയം എന്ന കുഞ്ഞ് ജനിക്കുന്നതെങ്ങനെ?
75. വിശ്വാസം – വിശ്വാസത്തിന്റെ പോരാട്ടം
76. വിശ്വാസം – തേജസ്സ് എന്ന ആത്മീയ ധനം
77. വിശ്വാസം – ആത്മീയമായ ആൻജിയോഗ്രാമും ആൻജിയോപ്ലാസ്റ്റും
78. വിശ്വാസം – കാഴ്ചയും വിശ്വാസവും
79. വിശ്വാസം – വെളിപ്പാടുകൾക്ക് വഴി തുറക്കാൻ വചനത്താൽ മനസ്സിലെ കോട്ടകളെ ഇടിക്കുക.
80. വിശ്വാസം – വിശ്വാസം ദൈവവുമായി മനുഷ്യനെ ഒട്ടിച്ച് ചേർക്കുന്നു
81. വിശ്വാസം – വിശ്വാസത്തിന്റെ ഉയർന്ന ജയം
82. നിങ്ങളെത്തന്നെ ചതിക്കരുത്
83. സത്യമായ ധനവും നിശ്ചയമില്ലാത്ത ധനവും
84. നമ്മുടെ വിളിയെ എങ്ങനെ തിരിച്ചറിയാം?
85. അനുസരണത്തിന്റെയും അനുസരണക്കേടിന്റെയും യാത്ര

86. മരിക്കുന്ന പ്രശ്നവും മരിക്കാത്ത ദൈവപൈതലും
87. ഭൂമിയിലെ സ്വർഗ്ഗീയ മനുഷ്യർ
88. ക്ഷമിക്കപ്പെടാത്ത പാപം
89. "ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല", ആരാണ് ക്രിസ്തുയേശുവിലുള്ളവർ?
90. ഭൂമിയിലെ ദരിദ്രർ സ്വർഗ്ഗീയ സമ്പന്നർ
91. ദേഹിയെ രക്ഷിക്കുന്ന ഉൾനട്ട വചനം
92. രക്ഷിക്കപ്പെട്ടവർ ദൈവത്തിന്റെ അടിമകളോ, മക്കളോ?
93. 'ബലഹീനനായ ശക്തൻ', വിശ്വാസിയുടെ വിജയരഹസ്യം
94. ബൈബിളിന്റെ ദർശനം (വിഷൻ)
95. മറ്റൊരുവന്റെ ദാസനെ വിധിക്കാൻ നീ ആർ?
96. "താനോ രക്ഷിക്കപ്പെടും എന്നാൽ പ്രവർത്തി വെന്ത് പോകും" ഇത് ആരെക്കുറിച്ച്?
97. ആത്മീയ സ്റ്റോക്ക് മാർക്കറ്റിലെ ഞെട്ടിപ്പിക്കുന്ന വാർത്ത
98. വീണ്ടെടുക്കപ്പെട്ടവർ പിശാചിന്റെ നിക്ഷേപത്തിന്റെ (നിധിയുടെ) കാവൽക്കാരോ?
99. ആത്മലോകത്തിലെ കൊടുക്കൽ വാങ്ങലുകൾ
100. കുരങ്ങിൽ നിന്നോ ആദത്തിൽ നിന്നോ അല്ലാത്ത ഭൂമിയിലെ പ്രത്യേക വംശം!
101. നിഗളം ഉണ്ടാകുന്നത് എങ്ങനെ?
102. പ്രതികൂലത്തിനെതിരെ വചനത്തിന്റെ കോട്ട പണിതാൽ ഉയർച്ച നിശ്ചയം
103. ക്രിസ്തുവിലുള്ളവരും ആദത്തിലുള്ളവരും
104. നിന്റെ രാജ്യം വരേണമേ;
105. നമുക്ക് മനുഷ്യരെ ഉണ്ടാക്കാം
106. രണ്ട് തരത്തിലുള്ള വിതകൾ
107. സഭയും മഹാ വേശ്യയും
108. നിത്യതയിൽ നിന്ന് ജീവിതം ആരംഭിക്കുക
109. വിശ്വാസത്തിന്റെ പൂർത്തീകരണം
110. കാഴ്ചയാലുള്ള വിശ്വാസവും സൗഖ്യവും തമ്മിലുള്ള ബന്ധം
111. ആത്മീയ അധികാരം - തലമുറകളെ പിൻതുടരാതെ ക്രിസ്തുവിനെ പിൻതുടരുക
112. ആത്മീയ അധികാരം - അനുഗ്രഹത്തിന്റെയും ശാപത്തിന്റെയും സ്വിച്ച് മനുഷ്യരുടെ കൈയ്യിൽ തന്നെ
113. ആത്മീയ അധികാരം - മനുഷ്യന്റെ നേട്ടം അല്ല, ദൈവത്തിന്റെ തീരുമാനമാണ്.
114. ആത്മീയ അധികാരം - അധികാരത്തിന് കീഴടങ്ങിയിരിക്കുന്നവരിലൂടെ അധികാരം വെളിപ്പെടും
115. യഥാർത്ഥ ശിഷ്യത്വം - ലോകത്തിലെ ശിഷ്യന്മാർ ദൈവരാജ്യത്തിലെ ശിഷ്യന്മാർ ആകട്ടെ
116. ദൈവരാജ്യം - നിധി വയലിൽ മറയപ്പെട്ടത് എങ്ങനെ?
117. ദൈവരാജ്യം - മരണമില്ലാത്ത മനുഷ്യനും അവന്റെ അവസാനമില്ലാത്ത രാജ്യവും
118. ദൈവരാജ്യം - ദർശനം മാറിയാൽ കള്ള പ്രവാചകനായിത്തീരും!
119. ദൈവരാജ്യം - ദൈവരാജ്യം അന്വേഷിക്കുന്നത് എങ്ങനെ?
120. ദൈവരാജ്യം - ന്യായപ്രമാണവും ദൈവരാജ്യവും
121. ദൈവരാജ്യം - നോട്ടവും, നടപ്പും അല്ല ഇനി മുതൽ അന്വേഷണവും നടത്തും!

# ആത്മലോകവും ആത്മീയ വളർച്ചയും

## THE SPIRIT WORLD AND SPIRITUAL GROWTH



Presented To,........................................................

എനിക്ക് അങ്ങയോടുള്ള / നിങ്ങളോടുള്ള ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ് ഈ പുസ്തകം (Gift).ഇതിലൂടെ ***ദൈവഹിതം മനസ്സിലാക്കുവാനും, ചെയ്യുവാനും*** **ദൈവം അങ്ങയെ / നിങ്ങളെ സഹായിക്കട്ടെ.**

This book (Gift) is the reflection of my God's love towards you. Let it help you to ***Understand and do the God's Will*** about your life.

By...........................................................

"എന്നെ കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല,
***സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ*** അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്."
(മത്തായി 7:21)

# സമർപ്പണം
# (Dedication)

**"യഹോവയെ നിന്റെ ധനം കൊണ്ടും എല്ലാ വിളവിന്റെയും ആദ്യഫലം കൊണ്ടും ബഹുമാനിക്ക. അങ്ങനെ നിന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും; നിന്റെ ചക്കുകളിൽ വീഞ്ഞു കവിഞ്ഞൊഴുകും."**

**(സദൃ 3:9,10)**

'യഹോവയെ നിന്റെ ധനം കൊണ്ടും നിന്റെ എല്ലാ വിളവിന്റെയും ആദ്യ ഫലം കൊണ്ടും ബഹുമാനിക്ക' എന്ന വചനപ്രകാരം, ദൈവത്തിന്റെ അരുളപ്പാടുകളടങ്ങിയ എന്റെ ഈ ആദ്യഫലമായ പുസ്തകത്തെ എന്റെ എല്ലാമെല്ലാമായ സ്വർഗ്ഗീയപിതാവിന്റെ പാദപീഠത്തിങ്കൽ സമർപ്പിക്കുന്നു.

സുവിശേഷ പോർക്കളത്തിൽ കർത്താവിനായി അവന്റെ രാജ്യത്തിനായി പോരാടുന്ന കർത്തൃവേലക്കാർക്കും, ക്രിസ്തുവിൽ എന്റെ പ്രിയ സഹോദരീ സഹോദരന്മാർക്കും, ആത്മീയ വളർച്ചയ്ക്കായി ദാഹത്തോടെ താല്പര്യപ്പെടുന്ന പ്രിയ മാന്യമിത്രങ്ങൾക്കും, ബൈബിൾ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും, എന്റെ പ്രിയ സ്നേഹിതർക്കും, കുടുംബത്തിനും, വിശ്വാസവേലയെ പ്രാർത്ഥനകൊണ്ടും, സാമ്പത്തിക സഹായംകൊണ്ടും പ്രോത്സാഹിപ്പിക്കുന്ന എല്ലാ മാന്യമിത്രങ്ങൾക്കും, പ്രിയവായനക്കാർക്കും ഈ പുസ്തകം അനുഗ്രഹപ്രദമാകും എന്ന വിശ്വാസത്തോടെ കർത്തൃനാമത്തിൽ സമർപ്പിക്കുന്നു.

കേവലം ഡി.വി.ഡി.യിൽ മാത്രം ഒതുങ്ങിയ ഈ വചനങ്ങൾ നമ്മുടെ കയ്യിൽ പുസ്തകമായി എത്തുവാൻ കാരണം മഹാരാഷ്ട്രയിലെ ദൈവസ്നേഹികളായ ഒരുകൂട്ടം ദൈവദാസന്മാർ ഈ ദൈവിക അരുളപ്പാടുകൾ കേൾക്കുകയും നിർബന്ധമായും ഇത് ഒരു പുസ്തകമാക്കണമെന്ന് പറഞ്ഞുകൊണ്ട് അവർ തന്നെ ഈ ദൈവവചനഭാഗം വീണ്ടും വീണ്ടും കേട്ട് പാസ്റ്റർ സിജിയുടെ നേതൃത്വത്തിൽ ഈ ഡി.വി.ഡി. സന്ദേശം പുസ്തകത്താളുകളിലേയ്ക്ക് പകർത്തുകയാണ് ഉണ്ടായത്. സകലരേയും ഈ പുസ്തകത്തിലൂടെ ദൈവം അനുഗ്രഹിക്കട്ടെ.

എന്ന് ക്രിസ്തുവിൽ,

**ഇവാ. ഷാജി ജോസഫ്**

# കൃതജ്ഞത
# (Acknowledgment)


യേശുക്രിസ്തുവിന്റെ സഭയെ ഒരു മനുഷ്യശരീരത്തോട് ഉപമിച്ചിരിക്കുന്നു. പല അവയവങ്ങൾ യോജിക്കേണ്ടതുപോലെ യോജിക്കുമ്പോൾ മാത്രമേ ഊനമില്ലാത്ത ഒരു മനുഷ്യശരീരമാവുകയുള്ളൂ. അതുപോലെ തന്നെ പലരുടെയും ആത്മാർത്ഥമായ പ്രവർത്തനഫലമായാണ് ഈ പുസ്തകം ഇതുപോലെ കോർത്തെടുക്കുവാൻ സാധിച്ചത്. എല്ലാവരോടും എന്റെ ആത്മാർത്ഥമായ നന്ദി.

**പാ. ജെക്സി മാത്യു:–** എന്നിൽ ദൈവീകസ്വഭാവം വളർത്താൻ ദൈവം ഉപയോഗിച്ച ദൈവദാസനെ, അങ്ങയുടെ ജീവിതം എനിക്ക് ഒരു മാതൃകയായിരുന്നു.

**പാ. സിജി തോമസ് മഹാരാഷ്ട്ര:–** പ്രിയ ദൈവദാസനെ, താങ്കളുടെ പ്രചോദനം ഇല്ലാതെ ഈ പുസ്തകം ജനിക്കയില്ലായിരുന്നു. ഡി. വി. ഡി. യിൽ മാത്രം ഒതുങ്ങിനിന്ന ഈ സന്ദേശങ്ങൾ പുസ്തകതാളുകളിലേക്ക് പകർത്തിയ അങ്ങേയ്ക്ക് എന്റെ ആത്മാർത്ഥമായ നന്ദി.

**ബ്രദർ. റോബിൻ ചെറിയാൻ & സിസ്റ്റർ ഗ്ലോറി റോബിൻ:–** എന്റെ ഇടത്തും വലത്തും എന്റെ കരങ്ങളായി ദൈവം നിങ്ങളെ നിർത്തിയിരുന്നു. രാവും പകലുമില്ലാതെ ദൈവരാജ്യത്തിനുവേണ്ടി ഓടുന്ന പോരാളികളാണ് നിങ്ങൾ.

**ഇതിന്റെ ടൈപ്പ് സെറ്റ് ചെയ്ത, കർത്താവിന്റെ വേലയിൽ പ്രാർത്ഥനകൊണ്ടും, ധനംകൊണ്ടും, പ്രവർത്തനം കൊണ്ടും, ചേർന്നു പ്രവർത്തിച്ച ലോകമെങ്ങുമുള്ള എല്ലാ സഭാവിശ്വാസികളോടും:–** നിങ്ങളുടെ പ്രവർത്തനമാണ് ഈ പുസ്തകത്തെ മനോഹരമാക്കിയത്.

**പ്രാർത്ഥനാലയത്തിലെ എല്ലാ ദൈവദാസന്മാരും, പ്രവർത്തകരും:-** നിങ്ങളാണ് എന്നോടു ചേർന്നു നിന്നുകൊണ്ട് കർത്താവിന്റെ വേലയിൽ എന്നെ താങ്ങിയത്.

**പാ. പോൾ മലയടി, നാഗ്പൂർ:-** അങ്ങ് എനിക്കൊരു പ്രചോദനവും, മാതൃകയുമായിരുന്നു.

**ബ്രദർ ഫിലിപ്പ് ജോർജ്ജ്:-** പ്രതികൂലങ്ങളെ അതിജീവിച്ച് മുന്നോട്ട് കുതിക്കുവാൻ അങ്ങ് എന്റെ പുറകിൽ ക്രിസ്തുവിന്റെ ശക്തമായ ഒരു കാറ്റായിരുന്നു....

**എന്റെ കുടുംബം:-** കർത്താവിന്റെ ദാനമായ എന്റെ ഭാര്യ ഷീബ, എന്റെ കുഞ്ഞുങ്ങൾ ഡോൺ, ഡോണി നിങ്ങളുടെ സഹകരണമില്ലാതെ ഈ ആത്മീയ പ്രവർത്തനങ്ങൾ എനിക്ക് കഴിയുമായിരുന്നില്ല. നിങ്ങൾ ക്ഷമയോടെ എന്നെ മനസ്സിലാക്കി, എന്റെ ദർശനം നിങ്ങൾ, നിങ്ങളുടെ ദർശനമായി ഏറ്റെടുത്തു. എന്റെ തുടരെ തുടരെയുള്ള യാത്രകളിലും, വളരെ രാത്രിയിലിരുന്നുകൊണ്ടുള്ള പ്രാർത്ഥനയിലും, എഴുത്തുകളിലും എന്നെ സഹിച്ചു, സഹകരിച്ചു. നിങ്ങളുടെ ഈ ത്യാഗവും, എനിക്കുവേണ്ടിയുള്ള പ്രാർത്ഥനയുമാണ് നമ്മുടെ കുടുംബത്തെ 128-ാം സങ്കീർത്തനമാക്കി മാറ്റിയത്.

**എന്റെ മാതാപിതാക്കൾ:-** വി.സി. ജോസഫ് & ട്രീസാ ജോസഫ്:- മോശയുടെ കൈ ഉയർന്നിരിക്കാൻ താങ്ങിയ അഹരോനും, ഹൂരുമാണ് എനിക്ക് നിങ്ങൾ. ഇനിയും അനേക പ്രവർത്തികൾ ചെയ്യാൻ ദൈവം നിങ്ങളെ ബലപ്പെടുത്തട്ടെ.

എല്ലാത്തിനും ഉപരിയായി എന്റെ ദൈവത്തിന് നന്ദി പറയുകയാണ്. അവയവങ്ങൾ ചേർന്ന് ഒരു ശരീരമായാലും, ശരീരത്തിന് ജീവനില്ലെങ്കിൽ അത് ഉപയോഗമില്ലാത്ത ഒരു ശവശരീരം മാത്രമാണ്. ഈ പ്രവർത്തനത്തിന് അവയവങ്ങളായി ഞങ്ങളെയെല്ലാം ഒരുക്കുകയും തന്റെ ജീവശ്വാസം ഊതിക്കൊണ്ട് തന്റെ ആത്മശക്തിനിറഞ്ഞ ദൈവവചനം എനിക്ക് വെളിപ്പെടുത്തി തരികയും, അതേ ജീവൻ ഈ പുസ്തകത്തിൽ വെളിപ്പെടുത്തി, ഈ പുസ്തകത്തെ ജീവനുള്ളതാക്കി മാറ്റുകയും ചെയ്ത ദൈവത്തിന് സ്തോത്രം.

# അവതാരിക



ഇവാഞ്ചലിസ്റ്റ് ഷാജി ജോസഫ് രചിച്ച **'ആത്മലോകവും ആത്മീയവളർച്ചയും'** എന്ന പുസ്തകം വായിക്കുവാനിടയായി. ഇതൊരു പഠന ഗ്രന്ഥം ആണ്. ഗൗരവമായി ആത്മീയജീവിതം നയിക്കാനാഗ്രഹിക്കുന്ന ഏതൊരാളും ശ്രദ്ധാപൂർവ്വം വായിച്ചു ഗ്രഹിക്കേണ്ട നിരവധി വേദസത്യങ്ങളാണ് ഈ കൃതിയിലുള്ളത്.

ദൈവോന്മുഖമായി ഒരുവൻ ജീവിക്കണമെങ്കിൽ ആദ്യം തന്നെ സമൂല പരിവർത്തനത്തിന് അവൻ സമർപ്പിതനാകണം. കാരണം മനുഷ്യൻ ത്രിയേകനാണ്. അവന്റെ ആത്മാവിൽ ആരംഭിക്കുന്ന ദൈവപ്രവർത്തി അവന്റെ ദേഹിയിലേക്കും ശരീരത്തിലേക്കും വ്യാപിക്കുന്നു. ഇതൊരു വലിയ പ്രക്രിയ ആകുന്നു.

പ്രവർത്തന പദ്ധതികളോ തിരക്കേറിയ ജീവിത ശൈലിയോ ഒന്നും രൂപാന്തരത്തിന് പകരമാവില്ല. നിരവധി ആളുകൾ ഇന്ന് ആത്മീയ കാര്യങ്ങൾ ചെയ്യുന്നത് അസൂയയിലും പകയിലും പിണക്കത്തിലും ഭിന്നതയിലും സ്വാർത്ഥതയിലും ദ്രവ്യാഗ്രഹത്തിലും പഴയ മനുഷ്യനെ ശക്തിപ്പെടുത്തിക്കൊണ്ടാണ്. ഫലമോ ആത്മീയതയുടെ മരണം.

ഇതാണ് ഇവാഞ്ചലിസസ്റ്റ് ഷാജി ജോസഫ് നല്കുന്ന മുന്നറിയിപ്പ്. പഴയ മനുഷ്യന്റെ മരണവും ക്രിസ്തുവിന്റെ മനസ്സുമാണ് ഓരോ വിശ്വാസിക്കും ആവശ്യമെന്ന് തിരുവെഴുത്തുകളിലൂടെ ഗ്രന്ഥകാരൻ തെളിയിച്ചിരിക്കുന്നു.

താഴ്മയുള്ള മനസ്സും ജാഗ്രതയുള്ള പഠനവും സ്ഥിരതയുള്ള പ്രാർത്ഥനയും നിരന്തരമായ പ്രേക്ഷിതവൃത്തിയും ഷാജിയുടെ പ്രത്യേകതകളാണ്. **അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ജീവനുള്ളതും ചിന്തകളുടെ ആഴത്തിലേക്കിറങ്ങുന്നതും ശ്രോതാവിന്റെ സ്വഭാവത്തെ രൂപവൽക്കരിക്കുവാൻ ശക്തിയുള്ളതുമാണ്.** പ്രഭാഷണങ്ങൾക്ക് ദൈവം നല്കിയ വെളിപ്പാടുകളാണ് പുസ്തകമായി രചിച്ചിരിക്കുന്നത്. ഇത് എല്ലാ വിഭാഗം ജനത്തിനും അനുഗ്രഹമാണ്.

ഈ പുസ്തകത്തിലെ ചർച്ചകൾ മറ്റു ഗ്രന്ഥങ്ങളിൽ കാണുന്നില്ല. ഇതൊരു അപൂർവ്വകൃതിയായി കണക്കാക്കാം.

എല്ലാ വിഭാഗം വിശ്വാസികളും പ്രത്യേകിച്ച് വേദവിദ്യാർത്ഥികൾ, കർതൃശുശ്രൂഷകർ, ധ്യാനഗുരുക്കൾ, ഏവരും ഇത് വായിച്ച് ഗ്രഹിക്കുന്നത് ഉത്തമമാണ്.

ഇനിയും നിരവധി സത്കൃതികൾ രചിക്കുവാൻ പരിശുദ്ധാത്മാവ് ഇവാഞ്ചലിസ്റ്റ് ഷാജി ജോസഫിനെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പാസ്റ്റർ.ഡോക്ടർ.കെ.സി.ജോൺ

ഐ.പി.സി ജനറൽ പ്രസിഡന്റ്

ചെയർമാൻ, പവർവിഷൻ ടി.വി

# പുസ്തകാഭിപ്രായം



ബ്രദർ ഷാജി ജോസഫ് രചിച്ച 'ആത്മലോകവും ആത്മീയവളർച്ചയും' എന്ന ഗ്രന്ഥം വായിച്ചു. മാനസാന്തരപ്പെടുക, സ്നാനപ്പെടുക, അന്യഭാഷ സംസാരിക്കുക, പെന്തക്കോസ്തു സഭയിൽ അംഗമാവുക എന്നിങ്ങനെ നാലഞ്ചു കാര്യങ്ങൾ ചെയ്താൽ ആത്മീയനായി എന്ന ധാരണ നിലവിലുണ്ട്. ആത്മലോകവും ആത്മീയവളർച്ചയും എന്ന ഗ്രന്ഥം, ഇത്തരം കീഴ്‌വഴക്കങ്ങൾക്കെല്ലാം അതീതമാണെന്ന സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. 66 പുസ്തകങ്ങൾ ഉള്ള ബൈബിളിൽ അധികം വിശ്വാസികളും ഉപയോഗിക്കുന്ന ഭാഗം സങ്കീർത്തനങ്ങളാണ്. അവിടെ വിരലമർത്തിയതിന്റെ പാട് തെളിഞ്ഞ് കിടക്കുന്നു. സുവിശേഷങ്ങളിലും ലേഖനങ്ങളിലും ഉള്ള നിരവധി വേദഭാഗങ്ങൾ ഒരു പ്രാവശ്യം പോലും വായിക്കാത്ത വിശ്വാസികൾ ഉണ്ട്. ഇതൊന്നും വായിക്കാതെ തന്നെ അവർക്ക് "വിശ്വാസികളായി ജീവിക്കുവാൻ കഴിയുന്നു" പോലും!. പ്രസംഗകരുടെ കാര്യവും വ്യത്യസ്തമല്ല. അവർ ഒരിക്കൽ പോലും പ്രസംഗവിഷയമാക്കാത്ത വേദഭാഗങ്ങൾ നിരവധിയാണ്!. അവയൊന്നും തൊടാതെ തന്നെ അവർക്ക് "ശുശ്രൂഷയിൽ തുടരുവാൻ കഴിയുന്നു!". ഇവിടെ ഒരു വസ്തുത നാം മനസ്സിലാക്കണം, വായിക്കാതെ വിടുന്ന, പ്രസംഗിക്കാതെ ഒഴിവാക്കിയ, ശ്രദ്ധിക്കാതെ പേജുകൾ മറിച്ച വേദ ഭാഗങ്ങളിലെ ദൈവീക ആലോചനകളും ആത്മീയ നിർദ്ദേശങ്ങളും വിശ്വാസികൾക്ക് വേണ്ടി അല്ലെന്നോ? ഇവ പരിഗണിക്കാതെ ഒരു വിശ്വാസിക്ക് എങ്ങനെ യഥാർത്ഥ ആത്മീയ ജീവിതം നയിക്കുവാൻ സാധിക്കും? ഈ വിഷയങ്ങൾ പ്രസംഗിക്കാതെ എങ്ങനെ ഒരു ശുശ്രൂഷകന്, പ്രസംഗകന് വചന ശുശ്രൂഷ പൂർത്തിയാക്കുവാൻ കഴിയും?

ബ്രദർ ഷാജി ഇങ്ങനെ ഒഴിവാക്കുകയോ, അവഗണിക്കുകയോ ചെയ്ത വേദഭാഗങ്ങൾ കൂടെ സഗൗരവം പരിഗണിച്ച് വചനം പഠിക്കുവാൻ ശ്രമിച്ചപ്പോൾ, സാധാരണ പഠനങ്ങൾക്ക് അപ്പുറത്തുള്ള അതിപ്രാധാന്യമുള്ള ആത്മീയ സത്യങ്ങൾ കണ്ടെത്തുകയായിരുന്നു. അതാണ് അദ്ദേഹം "ആത്മലോകവും ആത്മീയവളർച്ചയും" എന്ന ഗ്രന്ഥത്തിലൂടെ അനുവാചക സമക്ഷം അവതരിപ്പിക്കുന്നത്. വളരെ കൃത്യ

മായും സൂക്ഷ്മമായും ശ്രദ്ധാപൂർവ്വവുമായ ഒരു പഠനം. അപൂർവ്വമായ ഒരു പഠന സമീപനമാണ് അദ്ദേഹം സ്വീകരിച്ച് കാണുന്നത്. വചന നിശ്ചയവും ആത്മനിറവുമുള്ള ഒരു വേദപണ്ഡിതനാണ് അദ്ദേഹം. ഫലപ്രദവും ആകർഷകവുമായ ഒരു അദ്ധ്യാപനശൈലി അദ്ദേഹത്തിന് വശമായിട്ടുണ്ട്. അക്ഷരാർത്ഥത്തിൽ തന്നെ വചനത്തിന്റെ ആഴങ്ങളി ലേക്കും പത്ഥ്യോപദേശത്തിന്റെ കൃത്യതയിലേക്കും പരിശുദ്ധാത്മ പ്രബോധനത്തിന്റെ വ്യക്തതയിലേക്കും വേദ വിദ്യാർത്ഥികളെയും സത്യാന്വേഷികളെയും വിശ്വാസികളെയും നയിക്കുവാൻ ബ്രദർ ഷാജി ജോസഫ് എന്ന് വേദദ്ധ്യാപകന് സാധിച്ചിട്ടുണ്ട്. ദൈവശാസ്ത്രവും പ്രത്യേകിച്ചും എസ്ക്കറ്റോളജി, പ്രാക്റ്റിക്കൽ ക്രിസ്റ്റാനിറ്റി, ന്യുമാറ്റോ ളജി തുടങ്ങിയ വിഷയങ്ങൾ വ്യഖ്യാനിക്കുകയോ, വിശദീകരിക്കുകയോ ചെയ്യുമ്പോൾ അപാകതകൾ സംഭവിക്കാം, പിഴവുകൾ പറ്റാം, സംശയങ്ങൾ ഉണ്ടാകാം, ചില നിഗമനങ്ങളും വ്യഖ്യാനങ്ങളും വിവാ ദങ്ങളായി മാറാം, ഇതെല്ലാം സ്വഭാവികം മാത്രം. ഇവിടെ മാനുഷിക ബുദ്ധിയുടെയും യുക്തി വിചാരത്തിന്റെയും കടന്നു കയറ്റങ്ങളും ഇട പെടലുകളും സംഭവിച്ചിട്ടുണ്ടാകാം. എന്നാൽ പരിശുദ്ധാത്മ പ്രേരണ യാൽ, പരിശുദ്ധാത്മ പ്രകാശനത്താൽ വചനവ്യവസ്ഥയോട് നീതി പുലർത്തി ഉള്ള വ്യഖ്യാന രീതി സത്യം കണ്ടെത്തുവാൻ കൂടുതൽ സഹായകമാണ്. “ആത്മലോകവും ആത്മീയവളർച്ചയും” എന്ന ഗ്രന്ഥം വായിച്ചപ്പോൾ എനിക്കങ്ങനെയാണ് മനസ്സിലായത്. ബ്രദർ ഷാജിയാണ് പേന ഉപയോഗിച്ചതെങ്കിലും പരിശുദ്ധാത്മരൂപിയുടെ ഇടപെടൽ ഇവിടെ ധാരാളം ഉണ്ടായിട്ടുണ്ടെന്ന് ഞാൻ കരുതുന്നു.

ഇത്തരം പഠനങ്ങൾ ഇന്ന് അത്യപൂർവ്വമാണ്. എനിക്കിഷ്ടം ഇത്തരം കൃതികളോടാണ്. ഇവ വായനക്കാരന്റെ ഹൃദയത്തോടാണ് സംസാരി ക്കുക, ജീവിതത്തോടും. അവന്റെ വ്യക്തിത്വവും വീക്ഷണവും നില പാടും അപഗ്രഥിക്കപ്പെടുകയാണ്. അവന്റെ ബുദ്ധിക്കും യുക്തി വിചാ രത്തിനും പരിശുദ്ധാത്മസ്പർശനത്താൽ അധിക ജോലി ഏറ്റെടു ക്കേണ്ടി വരുന്നു. അവന്റെ വ്യക്തിത്വത്തിലും ദർശനത്തിലും പരിശു ദ്ധാത്മാവിന്റെ ഇടപെടൽ വ്യക്തമായി അനുഭവമാകുന്നു, വചനം ക്രിയ ചെയ്യുന്നത് അടുത്തറിയുവാൻ ഇടയാകുന്നു. വീണ്ടും ജനനം, നിത്യ ജീവൻ, പാപമോചനം, ആത്മാവിന്റെ വിശുദ്ധീകരണം, പുതിയ സൃഷ്ടി, അകത്തെ മനുഷ്യൻ ശക്തിപ്പെടുന്നത്, ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം, പരിശുദ്ധാത്മാവിനോടുള്ള വിധേയത്വം, പാപത്തോടുള്ള പ്രതിരോധം തുടങ്ങിയ ആത്മീയ സത്യങ്ങൾ ബുദ്ധിയുടെ പഠനങ്ങൾ എന്നതിലു

പരി ഒരു ആത്മീയ പ്രക്രിയയായി അകത്തെ മനുഷ്യനിൽ സംഭവിക്കുന്നതറിയാം. അവിടെ ജഡം ബന്ധിക്കപ്പെടുന്നു, ആത്മീയ ജീവൻ ഉരുവാകുന്നു. "ഞാൻ" ഇല്ലാതാകുന്നു. ക്രിസ്തുവിന്റെ പകരക്കാരായി നാം മാറുന്നു. ഈ വിധത്തിൽ പരിവർത്തന സാധ്യതയുള്ള ഒരു പഠന സമീപനമാണ് ബ്രദർ ഷാജി സ്വീകരിച്ചിരിക്കുന്നത്.

പക്ഷെ ഈ പഠനങ്ങളോട് പലർക്കും "ഇത് കഠിനവാക്ക്" എന്ന പ്രതികരണമായിരിക്കും ഉണ്ടാവുക. എന്നാൽ പരിശുദ്ധാത്മാവിന്റെ കൈകളിൽ ഒരു തൂലിക എന്നതു പോലെ പൂർണ്ണമായും വിധേയപ്പെടുവാൻ മനസ്സുള്ള ഒരു വിശ്വാസിക്ക് "ജീവന്റെ വചന" മായി അനുഭവപ്പെടും. അവർ ഈ ഗ്രന്ഥത്തിൽ നിന്നും ആത്മീയ നിധികളും നിക്ഷേപങ്ങളും കണ്ടെത്തും. 2010 - ൽ "യഥാർത്ഥ ആത്മീയത" എന്ന ഒരു ഗ്രന്ഥം ഞാൻ എഴുതി. പ്രസിദ്ധീകരിക്കപ്പെടുന്ന എന്റെ മുപ്പതാമത്തെ ഗ്രന്ഥമാണത്. പ്രസ്തുത ഗ്രന്ഥം ഞാൻ ആവർത്തിച്ച് വായിക്കും. "ആത്മലോകവും ആത്മീയ വളർച്ചയും" എന്ന ഈ ഗ്രന്ഥം എന്റെ ഗ്രന്ഥത്തോടൊപ്പം വയ്ക്കുവാൻ എനിക്ക് സന്തോഷമുണ്ട്. സമാനചിന്തകളാണ് ഇരു ഗ്രന്ഥങ്ങളിലും കാണുന്നത്. ബ്രദർ ഷാജി അദ്ദേഹത്തിന്റെ പുസ്തകത്തിലെ രണ്ടാം ഭാഗത്തിന് കൊടുത്തിരിക്കുന്ന തലക്കുറി "ദൈവത്തിന്റെ കോളേജും പരിശുദ്ധാത്മാവിന്റെ ട്രെയിനിംഗും" എന്നാണ്. എന്റെ പുസ്തകത്തിലെ നാലാം അധ്യായം "യേശുവിന്റെ പള്ളിക്കുടം" എന്നും. ആശയങ്ങളുടെ പൊരുത്തം വിസ്മയമായി എനിക്കനുഭവപ്പെടുന്നു. ബ്രദർ ഷാജിയുടെ ഗ്രന്ഥം പ്രസിദ്ധീകരിച്ചതും 2010 - ൽ ആണ്. 2010 - ൽ ഈ രണ്ട് ഗ്രന്ഥങ്ങളും പുറത്ത് വന്നതിൽ പരിശുദ്ധാത്മാവിന് മഹത്തായ ലക്ഷ്യം ഉണ്ടെന്ന് ഞാൻ കരുതുന്നു. ആ ലക്ഷ്യം സാധ്യമാകട്ടെ എന്ന് ആത്മാർത്ഥമായി ഞാൻ പ്രാർത്ഥിക്കുന്നു. ബ്രദർ ഷാജിയുടെ ചില പ്രസ്താവനകൾ വളരെ പ്രസക്തമാണെന്ന് എനിക്ക് തോന്നി. "ലോകമെ നിനക്കിനി രണ്ടാം സ്ഥാനം", "യേശുവിനെയും പൗലോസിനെയും പോലെ ലോകം നമുക്കിനി രണ്ടാമതും ദൈവരാജ്യം ഒന്നാമതുമായിരിക്കട്ടെ", "നമ്മിൽ പലരും ദൈവരാജ്യത്തിൽ ജനിച്ചുവെങ്കിലും ജനിച്ചിട്ടും കണ്ണു തുറക്കാത്ത ശിശുക്കളെപ്പോലെയാണ്", "വിശ്വാസികളിൽ പിശാചിന്റെ ഒരു ബെൽറ്റ് ബോംബ് ഇരിക്കുന്നുണ്ട്. ഇത് ഒരോ വിശ്വാസികളിലും മറഞ്ഞ് കിടക്കുന്ന അവരുടെ ബലഹീനതയാണ് അതിനെ തിരിച്ചറിയാതെ ഉപയോഗിച്ചാൽ ആ വ്യക്തിയിൽ ആത്മീയ മരണം നടക്കും", "ദേഹിയെ പിടിച്ച് കെട്ടുക", "നാം എത്രത്തോളം ആത്മാവിന്റെ ചിന്തയെ നമ്മുടെ

മനസ്സിലേക്ക് വളർത്തുന്നുവോ അത്രത്തോളം അകത്തെ മനുഷ്യൻ ബലപ്പെടും എത്രത്തോളം ബലപ്പെടുന്നുവോ അത്രത്തോളം ഈ മനുഷ്യന് ജഡത്തെ പിടിച്ചു കെട്ടാൻ സാധിക്കും", "പിശാച് നമ്മുടെ ശരീരത്തിലൂടെ ദേഹിയുടെ ജഡസ്വഭാവം നിലനിർത്താൻ ശ്രമിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിൽ വസിച്ച് വചനത്തിലൂടെ ദേഹിയെ ആത്മസ്വഭാവത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നു", "വീണ്ടും ജനിക്കാത്ത ഒരുവന് ദൈവരാജ്യത്തിലെ ഒരു കാര്യവും എത്ര പ്രാവശ്യം പറഞ്ഞാലും മനസ്സിലാവുകയില്ല", "വില കൊടുക്കാതെ കർത്താവിന് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. കാരണം, കർത്താവ് വില മുടക്കിയാണ് സഭയെ നേടിയത്", "ക്രിസ്തു നമുക്ക് അനുവദിക്കുന്ന നുകം, പാപം ചെയ്തിട്ട് കൊള്ളുന്ന അടിയല്ല, പകരം നന്മ ചെയ്തിട്ട് നാം അനുഭവിക്കുന്ന സഹനമാണ്", "വളരാത്ത ആദ്യ പത്രോസിനെയല്ല നമുക്ക് വേണ്ടത്. ലേഖനങ്ങളിലൂടെ കാണുന്ന വളർന്ന പത്രോസുമാരെയാണിന്ന് സഭയ്ക്കാവശ്യം". **വിശ്വാസികൾ ഗൗരവപൂർവ്വം ഉൾക്കൊള്ളേണ്ട മഹത്തായ ആശയങ്ങളുടെ ഒരു കലവറയാണ് ഈ കൃതി.** ബ്രദർ ഷാജി ജോസഫിന്റെ ഈ കൃതി വായിക്കാൻ കഴിഞ്ഞത് ഒരു നേട്ടമായി ഞാൻ കരുതുന്നു. തികച്ചും യാദൃശ്ചികമായിട്ടാണ് ഈ പുസ്തകം എന്റെ കൈവശം എത്തിച്ചേർന്നതും. അതിന്റെ പുറകിലും ദൈവനിയോഗമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ കൃതി അനേകരെ യഥാർത്ഥ ആത്മീയതയിലേക്കും ശിഷ്യത്വത്തിലേക്കും നയിക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ നന്മകളും നേരുന്നു. തുടർന്നും ബ്രദർ ഷാജി ജോസഫിൽ നിന്നും അമൂല്യ കൃതികൾ പ്രതീക്ഷിക്കുന്നു.

വിനയപൂർവ്വം

ഇവാ.ജെ.സി.ദേവ്

പ്രിൻസിപ്പാൾ

ഫെയ്ത് ലീഡേഴ്സ് ബൈബിൾ ട്രെയിനിംഗ് കോളേജ്

പാലക്കത്തക്കിടി പി.ഒ

വെങ്കോട്ട, പത്തനംതിട്ട.

# ഒന്നാം പതിപ്പിന്റെ അവതാരിക

**വി**ഷണ്ണഭാവത്തോടെ, ദുഃഖം തളം കെട്ടി നിൽക്കുന്ന കണ്ണുകളോടെ കേരളത്തിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന പ്രാർത്ഥനാലയം ധ്യാന കേന്ദ്രത്തിലേക്ക് ഒരാഴ്ചത്തെ ദൈവവചന ശുശ്രൂഷയിലും രോഗ സൗഖ്യ പ്രാർത്ഥനയിലും സംബന്ധിക്കുവാൻ ഒരു സഹോദരി കടന്നു വരികയാണ്. കൂടെ തന്റെ ഭർത്താവുമുണ്ട്. സഹോദരിയുടെ കൈയിലും തോളിലുമായി എന്തോ ഭാരമുള്ള വസ്തുവും താങ്ങിക്കൊണ്ടാണ് അവർ കയറി വരുന്നത്. അടുത്തുവന്നപ്പോൾ മനസ്സിലായി സഹോദ രിയുടെ തോളിൽ കിടക്കുന്നത് ഒരു വസ്തു അല്ല, തന്റെ വയറ്റിൽ നിന്ന് ജനിച്ചിട്ടും ഉടല് വളരാത്ത, ഇതുവരെയും എഴുന്നേറ്റിട്ടില്ലാത്ത തന്റെ പ്രിയ മകനെയും കൊണ്ടാണ് ഹൃദയം തകർന്ന ആ മാതാപി താക്കന്മാർ ആ ധ്യാനകേന്ദ്രത്തിലേക്ക് കടന്നുവരുന്നത്. അവരുടെ ആ അവസ്ഥ കണ്ട പലരുടെയും ഹൃദയം വേദനിച്ചു.

ജനിച്ചിട്ടും വളർച്ച പ്രാപിക്കാൻ കഴിയാത്ത പല കുഞ്ഞുങ്ങളെയും ഇന്ന് പല വീടുകളിലും, ലോകത്തിന്റെ പല കോണുകളിലും നമുക്ക് കാണുവാൻ കഴിയും. ഈ കുഞ്ഞുങ്ങളെക്കുറിച്ചുള്ള ഓർമ്മ, അവരെ കാണുന്നത്, അവരുടെ മാതാപിതാക്കൾക്ക് ഹൃദയം തകരുന്നതാണ്. കഴിഞ്ഞ ചില നാളുകൾക്കുമുമ്പ് യു.എ.ഇ യിലെ ഒരു ആശുപത്രി യോട് ചേർന്നുള്ള വൃദ്ധരെ സംരക്ഷിക്കുന്നയിടം സന്ദർശിക്കുവാൻ എനിക്കിടയായി. അവിടെ കണ്ട ശിശുക്കളെന്ന് തോന്നിക്കുന്ന ചില രെക്കുറിച്ച് ഞങ്ങൾ മനസ്സിലാക്കുവാൻ ഇടയായത് അവർ പ്രായത്തിൽ വൃദ്ധരാണ് എന്നാൽ ശരീരത്തിലും, ബുദ്ധിയിലും ശിശുക്കളാണ്. അ വർക്കോ, കുടുംബത്തിനോ, സമൂഹത്തിനോ രാജ്യത്തിനോ, ലോക ത്തിനോ തന്നെ യാതൊരു പ്രയോജനവുമില്ലാതെ മറ്റുള്ളവർക്ക് ഒരു ഭാരമായി, ദുഃഖമായി കിടക്കുന്ന ഇവരെ കണ്ടപ്പോൾ ഞങ്ങളുടെ ഹൃദയം അതീവദുഃഖത്തിലാണ്ടു. വളർച്ച പ്രാപിക്കാത്തവർ അവരുടെ മാതാപിതാക്കന്മാർക്ക് മാത്രമല്ല ലോകത്തിനുതന്നെ ഒരു തീരാദുഃഖമാ ണെന്ന് ഞങ്ങൾ മനസ്സിലാക്കി. ഈ ആമുഖം എഴുതുവാൻ വേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിച്ച് ഒരുങ്ങുമ്പോൾ ദൈവത്തിന്റെ പരിശു ദ്ധാത്മാവ് എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ മറഞ്ഞുപോയ ഒരു കാര്യം എന്റെ ഓർമ്മയിലേക്ക് കൊണ്ടുവന്നു. ഏകദേശം എട്ടു വർഷ ങ്ങൾക്കുമുമ്പ് ഭൗതികലോകത്തിലെ എന്റെ ആത്മീയഗുരുനാഥനും, പാസ്റ്ററുമായി ദൈവം ആക്കിവച്ചിരിക്കുന്ന പാസ്റ്റർ ജെക്സി മാത്യൂ ഞങ്ങളെ പഠിപ്പിച്ച ഒരു കാര്യമാണ് എന്റെ ഓർമ്മയിലേക്ക് വന്നത്.

കേരളത്തിലെ ഒരു കൊച്ചു ഗ്രാമത്തിൽ ജനിച്ച് നെൽപ്പാടങ്ങളും, അരുവികളും, ഭൂമിയുടെ പച്ചപ്പും, പ്രകൃതിയുടെതായ മനോഹാരിതയും

കണ്ട് വളർന്ന അദ്ദേഹത്തിന് ദൈവം ഒരു ദർശനം കൊടുത്തു, അതി ങ്ങനെയായിരുന്നു. അനേകം വയൽപ്പാടങ്ങളിൽ നെല്ല് വിതയ്ക്കുന്ന ഒരു കാഴ്ചയാണ് അദ്ദേഹം കണ്ടത്. ചില ദിവസങ്ങൾ കഴിഞ്ഞു. നെല്ലു കളെല്ലാം മുളച്ചു. പാടത്തിന്റേതായ മണ്ണിന്റെ നിറം ആകെ മാറി ഒരു പച്ചപുതപ്പുവിതച്ചതുപോലെ മനോഹരമായ ഞാറുകൾ നിലത്തെ മൂടി. അദ്ദേഹത്തിന് വളരെ സന്തോഷമായി, ഹൃദയത്തിന് വളരെ സംതൃപ്തി പോലെ. പക്ഷെ തുടർന്ന് താൻ കണ്ട കാഴ്ച അദ്ദേഹത്തിന്റെ ഹൃദയ ത്തിലെ സംതൃപ്തിയെ, ആഹ്ലാദത്തെ തകർത്തുകളഞ്ഞു. കാരണം മറ്റുപാടങ്ങളിലെ എല്ലാ ഞാറുകളും വളർന്നു. അവയെല്ലാം കതിരിട്ടു. പക്ഷെ അതിൽ ഒരു പാടത്തിലെ ഞാറുകൾ മാത്രം വളരുന്നില്ല കതി രിടുന്നതുമില്ല. ആ ദൈവദാസൻ അതീവ ദുഃഖിതനായി തീർന്നു.

മുകളിൽ പ്രതിപാദിച്ച കാര്യങ്ങളിലൂടെ നമുക്ക് ഒന്ന് മനസ്സിലാ ക്കാൻ കഴിയും. മനുഷ്യനായാലും ചെടിയായാലും മറ്റെന്തെങ്കിലുമാ യാലും ദൈവം അതിന് വച്ചിരിക്കുന്ന വളർച്ച അത് പ്രാപിക്കുന്നില്ലെ ങ്കിൽ അതിന്റെ ഉടയവർക്ക് അത് ഒരു തീവ്രദുഃഖത്തിന് കാരണമായി തീരും. നമ്മുടെ ആത്മീയ വളർച്ചയും ഇതുപോലെ തന്നെ. ഈ പുസ്ത കത്തിൽ ദൈവം എന്നിലൂടെ പ്രതിപാദിക്കുന്നത് ദൈവരാജ്യത്തിൽ നാം ഓരോരുത്തരും യേശുക്രിസ്തുവിന്റ രക്തത്താൽ വീണ്ടും ജനി ക്കപ്പെട്ടു എങ്കിലും കണ്ണുതുറന്നിട്ടില്ലാത്ത ശിശുക്കളെ പോലെയാണ് നമ്മിൽ പലരും. നമ്മുടെ അമ്മയും അപ്പനുമായ ദൈവം നമ്മളിൽ ഒരു ആത്മീയ വളർച്ച ഒരുക്കിയിട്ടുണ്ട്. വളരാത്ത, കണ്ണുതുറക്കാത്ത ഒരു ശിശുവിനെക്കൊണ്ട് ആർക്കും ഒരു ഉപകാരവുമില്ല; മാത്രമല്ല പലർക്കും അവർ ഒരു ദുഃഖവും ഭാരവുമായിരിക്കും.

അതിനാൽ നമുക്ക് പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നമ്മുടെ കണ്ണുകളെ തുറക്കാം. ദൈവം, വചനത്തിൽ ഒരുക്കിയിരിക്കുന്ന പാലും, തുടർന്ന് കട്ടിയാഹാരവും തുടർന്നുള്ള അദ്ധ്യായങ്ങളിലൂടെയുള്ള യാത്രയിൽ നമുക്ക് ആസ്വാദിക്കാം. ***"ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാനുണയും നീക്കി കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വള രുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ"*** **(1 പത്രോ. 2:1)**

വളർച്ച പ്രാപിച്ച ഒരു മകൻ തന്റെ പിതാവിന്റെ ജോലിയിൽ പിതാ വിനോട് ചേർന്ന് പ്രവർത്തിക്കുന്നതുപോലെ തുടർന്ന് നമുക്ക് നമ്മുടെ ദൈവത്തിന്റെ കൂട്ട് വേലക്കാരായി ദൈവത്തോടൊപ്പം ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുവാനായി പ്രവർത്തിക്കാം.

***"ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ"*** **(1 കൊരി. 3:9)**

# പുസ്തകത്തെക്കുറിച്ചുള്ള ഗ്രന്ഥകാരന്റെ അഭിപ്രായം

കർത്താവിനെ സത്യത്തിൽ സ്നേഹിക്കുന്ന അനേകർ ദൈവവേല ചെയ്യുവാൻ തുടങ്ങുമ്പോൾ, അവർ അതിന് ആഗ്രഹിക്കുമ്പോൾ തന്നെ പലവിധ പ്രശ്നങ്ങളും അവരുടെ ജീവിതത്തിലേക്ക് ആഞ്ഞടിക്കുന്നു. എന്തു ചെയ്യണമെന്നറിയാതെ, എങ്ങനെ തുഴയണമെന്നറിയാതെ ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഈ ദൈവജനം മുമ്പോട്ടുപോകുവാൻ ഭാരപ്പെടുകയും പ്രയാസപ്പെടുകയും ചെയ്യുന്നു. ചിലർ വീണുപോവുകയും; ചിലർ പിന്നോക്കാവസ്ഥയിലേക്കു തള്ളപ്പെടുകയും ചെയ്യുന്നു. പ്രിയ സഹോദരങ്ങളെ നേരത്തെ എന്റെ ജീവിതത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. ഞാൻ ലോകപ്രകാരം എന്റെ ആത്മാർത്ഥമായ ആഗ്രഹത്തോടെ എങ്ങനെയെല്ലാം ഈ പ്രശ്നങ്ങളെ, സാമ്പത്തിക ബുദ്ധിമുട്ടിനെ തരണം ചെയ്യാൻ കഴിയുമോ അതെല്ലാം ശ്രമിച്ചു. പക്ഷെ ഞാൻ പരാജയപ്പെട്ടു. ഞാൻ ചെയ്തത് നമ്മുടെ ക്രിസ്തു തന്ന ദൈവരാജ്യത്തിന്റെ വചനം (പുതിയ വീഞ്ഞ്) എന്റെ പഴയ മനസ്സിന്റെ ചിന്തകളിൽ (പഴയ തുരുത്തിയിൽ) കൊണ്ടുവച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയായിരുന്നു. എന്നെപ്പോലെ പ്രിയ ദൈവ പൈതലേ, നിങ്ങളും ഇപ്രകാരം പ്രവർത്തിക്കുന്ന വ്യക്തിയായിരിക്കാം. നിങ്ങളുടെ ഫലവും പരാജയമായിരിക്കാം.

എന്നാൽ വിജയത്തിന്റെ നാഥൻ, കർത്താവ് എനിക്കു തുണയായി വന്ന് ദൈവരാജ്യത്തിന്റെ പുതിയ വീഞ്ഞ് പുതിയ തുരുത്തിയിൽ തന്നെ വയ്ക്കണമെന്നും ദൈവരാജ്യത്തിന്റെ പ്രവർത്തനരീതിയിലൂടെ വചനത്താൽ എങ്ങനെ ജീവിക്കാമെന്നും അദൃശ്യമായ ആത്മരാജ്യത്തിൽ നിന്നുകൊണ്ട് പ്രവർത്തിച്ച് ദൃശ്യമായ ലോകരാജ്യത്തിൽ, ദൈവരാജ്യപ്രകാരം എങ്ങനെ വിജയം നേടണമെന്നും, ലോകത്തിന്റെ ദൈവമായ പിശാചിന്റ പദ്ധതികളെ എങ്ങനെ തിരിച്ചറിയുകയും, തോൽപ്പിക്കുകയും, ചെയ്യാമെന്നും പഠിപ്പിച്ചു. ദൈവത്തിന്റെ ഈ വഴികളിലൂടെ ദൈവം എന്നെ കടത്തിവിട്ടപ്പോൾ അത് ഞാൻ പോലും അറിയാതെ എന്റെ അകത്തെ മനുഷ്യനെ ദൈവം വളർത്തുവാൻ ഇടയായി. ആത്മീയ വളർച്ച എങ്ങനെയെന്നും, നമ്മൾ രക്ഷിക്കപ്പെട്ടപ്പോൾ അദൃശ്യമായ ആത്മലോകത്ത് എന്തെല്ലാം നടന്നുവെന്നും, നമ്മുടെ

ആത്മാവ്, മനസ്സ്, ശരീരം എന്നിവയ്ക്കെല്ലാം എന്തു മാറ്റമാണ് സംഭവിച്ചതെന്നും, തുടർന്ന് ഭൂമിയിലെ നമ്മുടെ ജീവിതത്തിലും ശാരീരിക മരണത്തിലും, അകത്തു നടക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്നും, ദൈവം ഹൃദയത്തിൽ പ്രകാശിപ്പിച്ച വചനങ്ങളിലൂടെയും, ചിത്രങ്ങളിലൂടെയും തുടർന്നുള്ള താളുകൾ മറിക്കുമ്പോൾ അതിശയകരമായി പരിശുദ്ധാത്മാവ് നിങ്ങളെ പഠിപ്പിക്കുവാൻ ഇടയാകും. ദൈവം നിങ്ങളെ അതിന് സഹായിക്കട്ടെ.

ഈ പുസ്തകം വായിക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യം നാം ലോകപ്രകാരമുള്ള വായനക്കാരാകരുത്; പകരം തിരുവചന പ്രകാരം ഉത്തമന്മാരായ വായനക്കാരായിരിക്കണം. ദൈവവചനം പറയുന്നു ***'ബെരോവയിലുള്ളവർ തെസ്സലോനിക്കയിലുള്ളവരെക്കാൾ ഉത്തമന്മാരായിരുന്നുവെന്ന്'*** **(അപ്പോ. 17:10-11)**. അവർ കേട്ട വചനം തങ്ങൾ മുമ്പേ പഠിച്ചതുമായോ, പാരമ്പര്യമായി ലഭിച്ചതുമായോ താരതമ്യപ്പെടുത്താതെ, തിരുവെഴുത്തുമായി അതിനെ താരതമ്യപ്പെടുത്തി കേട്ട വചനത്തെ തങ്ങളുടെ ജീവിതത്തിൽ ഏറ്റെടുത്ത് പ്രയോജനപ്പെടുത്തി. അതുകൊണ്ട് ഈ പുസ്തകത്തിലൂടെ ദൈവം നമുക്ക് തരുന്ന വെളിപ്പാടുകൾ നമ്മുടെ മുന്നറിവുമായി തുലനം ചെയ്യാതെ ദൈവവചനവുമായി മാത്രം തുലനം ചെയ്ത് വചനപ്രകാരം ബരോവയിലുള്ളവരെപ്പോലെ ഉത്തമന്മാരായിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കാരണം വചനം പറയുന്നു ***'സകല മനുഷ്യരും ഭോഷ്കു പറയുന്നവർ എന്നേ വരൂ, ദൈവം സത്യവാൻ'*** **(റോമ. 3:4)** അതിന്റെ അർത്ഥം ദൈവവചനം മാത്രമാണ് സത്യം. ***'രണ്ടോ മൂന്നോ പേരുടെ (വചനത്തിന്റെ) സാക്ഷ്യമൊഴിയാൽ ഏതൊരു കാര്യവും നമുക്ക് ഉറപ്പാക്കാവുന്നതാണല്ലോ'*** **(2 കൊരി:13:1)**, ***'യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിച്ചു നോക്കുവിൻ; അവയിൽ ഒന്നും കാണാതിരിക്കയില്ല. ഒന്നിനും ഇണയില്ലാതിരിക്കയുമില്ല'.*** **(യെശ. 34:16)**

പ്രാർത്ഥനയോടെ വായിക്കുവാൻ ആരംഭിക്കാം........................

# ഉള്ളടക്കം

## ഭാഗം 1

## ആത്മലോകവും, ആത്മീയ വളർച്ചയും

**അദ്ധ്യായം 1– ലോകമേ നിനക്കിനി രണ്ടാം സ്ഥാനം** **36–54**

a) കാണാത്ത രാജ്യത്തെ കാണുന്നവർ അസാദ്ധ്യ കാര്യങ്ങളെ ചെയ്യും
b) ഒന്നാമത്തെ ലോകം ഇനി രണ്ടാമത്തേത്
c) പൗലോസ് അദൃശ്യ ദൈവരാജ്യമാണ് ആദ്യം കണ്ടിരുന്നത്
d) പൗലോസിന്റെ ആത്മരാജ്യത്തിലെ സാക്ഷികൾ
e) ആത്മാവിലെ പ്രാർത്ഥനക്കു ഒന്നാം സ്ഥാനം
f) ആത്മാവിലുള്ള പാട്ടിന് ഒന്നാം സ്ഥാനം
g) യേശു ആത്മലോകം കണ്ടുകൊണ്ടാണ് തന്റെ ശുശ്രൂഷ ചെയ്തത്
h) ആത്മാവിലുള്ള ആരാധനയും, ബുദ്ധിയിലുള്ള ആരാധനയും
i) എങ്ങിനെ ആത്മാവിൽ ആരാധിക്കാം?
j) ആത്മീയ സാഹചര്യം
k) ക്രിസ്തു പ്രാധാന്യം കൊടുത്തത് – 'ആദ്യം ദൈവരാജ്യം'

**അദ്ധ്യായം 2 – ദൈവഹിതം തിരിച്ചറിയുക, അത് ഭൂമിയിൽ നിറവേററുക** **55–60**

a) ദൈവീക സ്വഭാവവും, ഭൂമിയിൽ മനുഷ്യന്റെ പ്രാധാന്യവും
b) ദൈവം ഭൂമിയുടെ അധികാരം മനുഷ്യനു കൊടുത്തിരിക്കുന്നു
c) ദൈവഹിതം മനസ്സിലാക്കാനുള്ള മുഖ്യ തടസ്സം

**അദ്ധ്യായം 3 – വിശ്വാസ ജീവിതത്തിൽ ഒരു വ്യക്തിയുടെ അടിസ്ഥാന ആന്തരിക ഘടന** 61–72

a) ആത്മാവ്, ദേഹം, ദേഹി (Spirit, Soul, Body)
b) ശരീരമാണോ, ദേഹിയാണോ, ആത്മാവാണോ പുതിയ സൃഷ്ടി?
c) ആദത്തിന്റെ പാപവും മനുഷ്യ ഘടനയിലെ മാറ്റവും
d) ദേഹിയിൽ നിന്ന് ജഡത്തിലേക്കുള്ള വീഴ്ച്ച

**അദ്ധ്യായം 4– അദൃശ്യ ലോകത്തിൽ നിന്നും, ദൃശ്യലോകത്തിലേക്കുള്ള പ്രവേശനം** 73–86

a) ലോകത്തെ ജയിക്കുന്നവർ
b) ഒരേ സമയം രണ്ട് ലോകത്തിൽ ജീവിക്കുന്നവർ
ഭൗതികലോകവും, ആത്മീയലോകവും
c) ദൈവവചനം ഒരു മനുഷ്യനെ രണ്ടായി വിഭാഗിക്കുകയാണ്
d) ദൈവീക മനുഷ്യന്റെ പ്രവർത്തന രീതി
e) ചിന്തകളിലൂടെയുള്ള രാജ്യമാറ്റം
f) മൂന്ന് മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ദേഹി
g) പുതിയ വീഞ്ഞും, പഴയ തുരുത്തിയും

**അദ്ധ്യായം 5 – ദൈവരാജ്യത്തിലെ സുന്ദരന്മാരും, സുന്ദരികളും** 87–92

a) താഴ്മയും, വിലകൊടുക്കലും
b) വില കൊടുക്കുന്നതിന്റെ പ്രാധാന്യം?
c) ദൈവം പ്രവർത്തിക്കണമോ? പിശാച് പ്രവർത്തിക്കണമോ?

**അദ്ധ്യായം 6 – ആത്മീയ വളർച്ച എന്നാൽ എന്ത്? 93–108**

a) ആത്മീയ വളർച്ചയുടെ വിവിധ വശങ്ങൾ
b) പരിജ്ഞാനമില്ലാത്തതിനാൽ നശിക്കുന്ന ദൈവജനം
c) ആത്മീയ വളർച്ചയുടെ ആഴങ്ങൾ
d) വീണ്ടും ജനിച്ചതാണ് പക്ഷേ കൈയ്യിലിരുപ്പ് കൊള്ളത്തില്ല! എന്തുകൊണ്ട്?
e) പാപം ചെയ്യാൻ കഴിയാത്ത മനുഷ്യൻ

f) ദൈവാത്മാവ്, മനുഷ്യാത്മാവ്, ദേഹി, ശരീരം, ലോകം ഇവയിലുള്ള ശുശ്രൂഷയിലെ ബന്ധം

**അദ്ധ്യായം 7 – വിശ്വാസജീവിതത്തിൽ ആത്മാവ്, മനസ്സ്, ശരീരം എന്നിവയുടെ പ്രവർത്തനം** **109–121**

a) ഒരു താഴ്ചയും, ഇരട്ട ഉയർച്ചയും (Single Demotion and Double Promotion)

b) ആദത്തിന്റെ വീഴ്ച, മനുഷ്യ വർഗ്ഗത്തിന്റെ വൻ നഷ്ടം

c) മനുഷ്യന്റെ ഇരട്ട പ്രമോഷൻ

d) ആദത്തിന്റെ തേജസ്സും, പുതിയ സൃഷ്ടിയുടെ തേജസ്സും തമ്മിലുള്ള വ്യത്യാസം

e) വീണ്ടും ജനിച്ചപ്പോൾ നമ്മുടെ അവസ്ഥ എന്താണ്?

f) നിങ്ങൾ ലോകത്തിന്റെ വെളിച്ചം

g) ദൈവരാജ്യം എവിടെയുണ്ട്?

**അദ്ധ്യായം 8 – ദൈവരാജ്യത്തിലെ കണ്ണു തുറക്കാത്ത ശിശുക്കൾ** **122–130**

a) പിശാചിൽ നിന്നല്ല. പിശാചിന്റെ ധനത്തിൽ നിന്നാണ് വിടുതൽ വേണ്ടത്

b) ദൈവരാജ്യത്തിന്റെയും, പൈശാചിക രാജ്യത്തിന്റെയും ധനം, വീണ്ടെടുക്കപ്പെട്ട മനുഷ്യന്റെ ഉള്ളിൽ

c) ദൈവം എങ്ങനെയാണ് ദൈവരാജ്യത്തിലെ അനുഗ്രഹം നമ്മിലൂടെ പുറപ്പെടുവിക്കുന്നത്?

**അദ്ധ്യായം 9 – വിശ്വാസിയിലെ പിശാചിന്റെ ബെൽറ്റ് ബോംബ്** **131–140**

a) ജഡചിന്ത എങ്ങിനെ വന്നു?

b) മനസ്സിനെ കുരുടാക്കുന്ന ജഡചിന്ത

c) ആദ്യം വരുന്ന ചിന്തയെ എടുക്കുന്നത് സൂക്ഷിക്കുക

d) ഗലാത്യസഭയിലെ രക്ഷിക്കപ്പെട്ട ജനം ദൈവരാജ്യം അവകാശമാക്കുമോ?

e) ഉണരുക, ദൈവജനമേ, ഇനിയും സ്വയം വഞ്ചിക്കപ്പെടല്ലേ!

f) പുതുക്കാത്ത മനസ്സാണ് ഇപ്പോൾ ജഡം

## ഭാഗം 2

## ദൈവത്തിന്റെ കോളേജും പരിശുദ്ധാത്മാവിന്റെ ട്രെയിനിങ്ങും


**അദ്ധ്യായം 10 – പരിശുദ്ധാത്മാവിന്റെ ഒരു മനുഷ്യനിലെ ശുശ്രൂഷ 142–150**

a) പിതാവ് നട്ടിട്ടില്ലാത്ത തൈകൾ
b) പരിശുദ്ധാത്മാവിന്റെ പരിശീലനം (മുൻകോപത്തെ പറിച്ചുമാറ്റുന്നു)

**അദ്ധ്യായം 11– വീണ്ടെടുക്കപ്പെട്ട മനുഷ്യനിലെ രണ്ടു ജീവനുകൾ 151–158**

a) ദേഹിക്കുവേണ്ടിയുള്ള പിടിവലി
b) രക്തമാണോ ആത്മാവാണോ ജീവൻ തരുന്നത്?
c) രണ്ടു ജീവനുകൾ, സ്വയേ (Zoe) സൂക്കേ (Psuche)
d) സൂക്കേയും, സ്വയേയും തമ്മിലുള്ള വ്യത്യാസം

**അദ്ധ്യായം 12– ഞാനിന്നൊരു രൂപാന്തരപ്പെടലിലാണ് 159–189**

a) ഗോതമ്പുമണി ചാകണം (ജഡസ്വഭാവം തകരണം)
b) ജഡചിന്തകളിൽനിന്ന് ആത്മാവിന്റെ ചിന്തകളിലേക്ക്
c) കർത്താവ് എങ്ങനെയാണ് ഒരുക്കുന്നത്? [രണ്ടുതരം നടീൽ (Two Kind of Plantation)]
d) ദേഹിയെ പിടിച്ചു കെട്ടുക
e) രണ്ടു ചിന്തകൾ തമ്മിലുള്ള യുദ്ധം മനസ്സിൽ
f) പാപക്ഷമയും, പാപസ്വഭാവവും
g) പുതിയ ആത്മീയ ആയുധം
h) മാനുഷീക ഇഷ്ടത്തിൽ നിന്നും ദൈവീക ഇഷ്ടത്തിലേക്ക്
i) ശിശുക്കളെ പോലെ വളരുക.

j) ആത്മീയ വളർച്ചയുടെ സാങ്കല്പിക രൂപരേഖ
k) പാപത്തിന്റെ നുകവും, യേശുവിന്റെ നുകവും

**അദ്ധ്യായം 13– നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു** **190–194**

a) വെളിച്ചം തടയുന്നത് നാം തന്നെ
b) കഷ്ടതകളിന്മേൽ ദൈവിക മനുഷ്യന്റെ കാഴ്ചപ്പാട്
e) പരീക്ഷയും പ്രലോഭനവും തമ്മിലുള്ള വ്യത്യാസം എന്ത്?
d) എന്തിനാണ് പരീക്ഷ?

**അദ്ധ്യായം 14 – സ്വയേ മനുഷ്യരുടെ (ദൈവപുത്രന്മാരുടെ) ഈ ലോകത്തിലെ വെളിപ്പെടൽ** **195–218**

a) ദൈവപുത്രന്മാർ (സ്വയേ മനുഷ്യർ)
b) നാം രാജ്യം മാറുന്നത് എങ്ങനെയാണ്?
c) മാനുഷിക ജീവനിൽ നിന്ന് ദൈവിക ജീവനിലേക്കുള്ള മാറ്റം (സൂക്കേയിൽ നിന്നും സ്വയേയിലേക്കുള്ള മാറ്റം)
d) ദൈവപുത്രന്മാർ വെളിപ്പെടാനുള്ള തടസ്സം
e) പുതിയ സൃഷ്ടിയാലുള്ള ഭരണം
f) എതിർക്കാത്ത പാമ്പുകൾ
g) കുത്താത്ത തേനീച്ചകൾ
h) ഉപദ്രവിക്കാത്ത കടന്നലുകൾ
i) മാരകമായത് കുടിച്ചാലും, കടിച്ചാലും ഒന്നും സംഭവിക്കുകയില്ലേ?
j) ദൈവിക ജീവൻ മാനുഷിക ജീവനെ വിഴുങ്ങുന്നു. (സ്വയേ, സൂക്കേയെ വിഴുങ്ങുന്നു)
k) സമാഗമനകൂടാരവും, മാനുഷികഘടനയും

**അദ്ധ്യായം 15 – കാണുക, വിലകൊടുക്കുക, അവകാശമാക്കുക** **219–234**

a) കാണുക
b) വിലകൊടുക്കുക
c) ഭൂമിയിലെ സൂക്ഷിപ്പുകാർ
d) വില കൊടുക്കുകയും അവകാശമാക്കുകയും തമ്മിലുള്ള വ്യത്യാസം

**അദ്ധ്യായം 16 – ക്രൂശിന്റെ മൂന്ന് ശത്രുക്കൾ** **235–247**

a) നുകം (ക്രൂശ്)

b) എങ്കിൽ പിശാചിന്റെ ആഗ്രഹം എന്തായിരിക്കും?

c) നുകം മാറ്റുക

d) ദൈവീക ഇഷ്ടത്തിൽനിന്ന് മാനുഷിക ഇഷ്ടത്തിലേക്ക് വലിച്ചു മാറ്റൽ


e) ക്രൂശിന്റെ രണ്ടാമത്തെ ശത്രു (പുതിയ തന്ത്രം)

f) വളർച്ച പ്രാപിക്കാത്ത ദൈവദാസനും വളർച്ച പ്രാപിച്ച ദൈവദാസനും


g) നീ ദൈവത്തിനുള്ളതല്ല മനുഷ്യർക്കുള്ളതാണ് കരുതുന്നത്.

h) മനുഷ്യരുടെ ചിന്തയും, സാത്താന്യലക്ഷ്യവും ഒന്ന്


i) ക്രൂശിന്റെ മൂന്നാമത്തെ ശത്രു





വീണ്ടെടുക്കപ്പെട്ട മനുഷ്യന്റെ ആത്മീയ സാഹചര്യം
(ചിത്രം 1 - Page 39)





പാപം ചെയ്യുന്നതിനുമുമ്പ് മനുഷ്യൻ തേജസ്സിനാൽ നിറയപ്പെട്ടിരുന്നു (ചിത്രം 4 - Page 54)





പാപം ചെയ്തപ്പോൾ ദൈവ തേജസ്സ് നഷ്ട്ടപ്പെടുകയും ആത്മാവ്, ദേഹി, ദേഹം, പിശാചിനാൽ മലിനമാക്കപ്പെടുകയും ചെയ്തു (ചിത്രം 5 - Page 54)





യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചപ്പോൾ ആത്മാവിൽ ദൈവാനുരൂപമായ മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നു. ദേഹിയും ദേഹവും മലിനമായിതന്നെ തുടരുന്നു. (ചിത്രം 8- Page 64)





ഒരു സമയത്ത് രണ്ട് ലോകത്തിൽ ജീവിച്ചിരുന്ന ആദം
(ചിത്രം 7 - Page 57)





[മനസ്സിൽ പുതുക്കം വന്നിട്ടില്ലാത്ത] ദേഹിയും ദേഹവും ചേർന്ന പുറത്തെ മനുഷ്യൻ (ചിത്രം 11 - Page 85)





[മനസ്സിൽ പുതുക്കം വന്ന] ദേഹിയും പുതിയ സൃഷ്ടിയായ ആത്മാവും ചേർന്ന അകത്തെ മനുഷ്യൻ (ചിത്രം 12 - Page 85)





ആത്മലോകത്തുള്ള മനുഷ്യന്റെ ആത്മാവിൽനിന്നും പരിശുദ്ധാത്മാവ് തന്റെ ശുശ്രൂഷയിലൂടെ ലോകത്തിലേക്ക് പുറപ്പെടുന്നു. (ചിത്രം 14 - Page 95)





വീഴ്ച്ചക്ക് മുമ്പും പിമ്പുമുള്ള മനുഷ്യന്റെ തേജസ്സ്
(ചിത്രം 16 - Page 102)





ആത്മാവിൽ വസിക്കുന്ന ദൈവത്തിന്റെ ജീവനായ സ്വയേയും
ദേഹിയിൽ വസിക്കുന്ന മാനുഷിക ശരീരത്തിന്റെ ജീവനായ
സൂക്കേയും (ചിത്രം 19 - Page 146)





ശരീരം ലോകാനുരൂപമായ ദേഹി പറയുന്നത് അനുസരിക്കുന്നു
(ചിത്രം 24 - Page 167)





ആത്മാവിന്റെ നിർദ്ദേശങ്ങൾ കൂടുതലായി ശരീരം അനുസരിക്കുന്നു
(ചിത്രം 26 - Page 173)





വീണ്ടെടുക്കപ്പെട്ട മനുഷ്യരുടെ ജഡചിന്തകൾ ക്രിസ്തുവിന്റെ പ്രകാശം (സ്വഭാവത്തെ) ലോകത്തിലേക്ക് കടന്നുവരാതെ തടയുന്നു. (ചിത്രം 27 - Page 182)




ഭൗതിക മരണത്തിൽ ആത്മാവ് ദേഹിയെ വിഴുങ്ങുന്നു അല്ലെങ്കിൽ ജീവനെ നേടുന്നു. [മത്തായി 16:25] (ചിത്രം 29 - Page 205)




സമാഗമന കൂടാരവും മാനുഷിക ഘടനയും തമ്മിലുള്ള ബന്ധം
(ചിത്രം 30 - Page 206)




യേശുക്രിസ്തുവിന്റെ മരണത്തിൽ അതിവിശുദ്ധ സ്ഥലം വിശുദ്ധ സ്ഥലത്തെ വിഴുങ്ങുന്നു (ചിത്രം 31 - Page 207)

# ഭാഗം 1

# ആത്മലോകവും ആത്മീയ വളർച്ചയും



അദ്ധ്യായം 1

# ലോകമേ നിനക്കിനി രണ്ടാം സ്ഥാനം

"മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും." (മത്താ. 6:33)

**ഇ**ന്ന് ഭൂരിഭാഗം ജനങ്ങൾക്കും അറിവില്ലാത്ത ഒരു മേഖലയാണ് ആത്മലോകം. എല്ലാവർക്കും അവർ ജീവിക്കുന്ന, പ്രവർത്തിക്കുന്ന ഭൗതിക ലോകത്തെക്കുറിച്ചറിയാം, എന്നാൽ ഭൗതിക ലോകത്തെ നിയന്ത്രിക്കുന്ന ആത്മലോകത്തെക്കുറിച്ചറിയുന്നവർ വളരെ വിരളമാണ്. ആത്മ മനുഷ്യൻ മറഞ്ഞു കിടക്കുന്നു. എന്നാൽ യേശുക്രിസ്തു ഈ ഭൂമിയിൽ പ്രവർത്തിച്ചത് ആത്മലോകത്തു നിന്നാണ്. "അദൃശ്യലോകത്ത് നിന്ന് ദൃശ്യലോകത്ത് പ്രവർത്തിച്ചു" മറ്റൊരു രീതീയിൽ പറഞ്ഞാൽ **"(അദൃശ്യ ദൈവരാജ്യത്തിൽ നിന്നുകൊണ്ട് ദൃശ്യലോകത്തിൽ പ്രവർത്തിച്ചു)"** അതിനാൽ തന്റെ ജീവിതം വളരെ വിജയകരമായിരുന്നു. യേശുവേ പോലെ നാമും പ്രവർത്തിക്കാൻ യേശു ആഗ്രഹിക്കുന്നു.

> എല്ലാവർക്കും അവർ ജീവിക്കുന്ന, പ്രവർത്തിക്കുന്ന ഭൗതികലോകത്തെക്കുറിച്ചറിയാം, എന്നാൽ ഭൗതിക ലോകത്തെ നിയന്ത്രിക്കുന്ന ആത്മലോകത്തെക്കുറിച്ചറിയുന്നവർ വളരെ വിരള്മാണ്.

**"ആകയാൽ പ്രിയ മക്കൾ എന്ന പോലെ ദൈവത്തെ അനുകരിപ്പിൻ." (എഫേ.5:1)**

അതുകൊണ്ടാണ് യേശു നമ്മോട് പറഞ്ഞത് 'മുമ്പേ അദൃശ്യ ദൈവ രാജ്യം അന്വേഷിപ്പിൻ എന്ന്.'

**"മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും." (മത്താ. 6.33)**

എങ്ങിനെയാണ് ഈ അദൃശ്യ രാജ്യം അന്വേഷിക്കുന്നത്? എങ്ങി

നെയാണ് ഈ ആത്മരാജ്യത്തെ കാണുവാൻ കഴിയുന്നത്? മനുഷ്യന്റെ ആത്മാവിന് ഈ ആത്മരാജ്യവുമായുള്ള ബന്ധമെന്താണ്? എങ്ങിനെയാണ് നാം ഭൂമിയിൽ നിന്നുകൊണ്ട് ആത്മീയലോകത്തിലെ വളർച്ച പ്രാപിക്കുന്നത്? വെളിപ്പാടുകളുടെ ഒരു കലവറയിലേക്ക് ദൈവത്തിലാശ്രയിച്ചുകൊണ്ട് നമുക്ക് ഇറങ്ങിച്ചെല്ലാം.

ഒരിക്കൽ ചില പരീശന്മാർ യേശുവിനോടു ചോദിച്ചു ദൈവരാജ്യം എപ്പോൾ വരും? യേശു അവരോടു ഉത്തരം പറഞ്ഞത് "ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്. ഇതാ ഇവിടെയെന്നും, അതാ അവിടെയെന്നും പറയുകയുമില്ല. ദൈവരാജ്യം നിങ്ങളുടെ ഉള്ളിലും നിങ്ങളുടെ ചുറ്റുമാണ്" [ലൂക്കോ. 17:20–21 (Amplified Bible)]

**"ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്; ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറയുകയും ഇല്ല; ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നേ ഉണ്ടല്ലോ." (ലൂക്കോ. 17:20–21)**

യേശു വന്നതിന്റെ ലക്ഷ്യം തന്നെ ആ ദൈവരാജ്യം നമുക്ക് വെളിപ്പെടുത്തുവാനും, ആ ദൈവരാജ്യം ലോകത്തിൽ സ്ഥാപിക്കുവാനുമാണ്. അതുകൊണ്ട് യേശുവിന്റെ പ്രസംഗവിഷയവും ദൈവരാജ്യം തന്നെയായിരുന്നു.

**"ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ." (മർക്കോ. 1:15)**

## കാണാത്ത രാജ്യത്തെ കാണുന്നവർ, അസാദ്ധ്യ കാര്യങ്ങളെ ചെയ്യും

മോശ മനുഷ്യനാൽ അസാദ്ധ്യ കാര്യങ്ങളെ ചെയ്ത വ്യക്തിയാണ്. മോശയെക്കുറിച്ച് ദൈവവചനം പറയുന്നു മോശ അദൃശ്യ ദൈവത്തെ കണ്ടത് പോലെ ഉറച്ചു നിന്നു എന്ന്. **(എബ്രായർ 11:27)**

ഈ ഭൗതിക കണ്ണുകൾ കൊണ്ടു കാണുവാൻ കഴിയാത്ത ആത്മ

ഇന്നു കൂടുതൽ പേരും സഭയെടുക്കപ്പെട്ടതിനുശേഷം ദൈവരാജ്യത്തിൽ ജീവിക്കാൻ പോകുന്നവരാണ്. മറ്റുചിലർ തങ്ങളുടെ മരണശേഷം ദൈവരാജ്യത്തിൽ ജീവിക്കാൻ പോകുന്നവരാണ്. എന്നാൽ വളരെ കുറച്ചുപേർ മാത്രം, നമ്മുടെ ഇടയിലുണ്ടെന്ന് യേശുക്രിസ്തു പറഞ്ഞ, ദൈവരാജ്യത്തിൽ ഇപ്പോഴേ ജീവിക്കാൻ തുടങ്ങിയവരാണ്.

ലോകമായ ദൈവരാജ്യം നമ്മുടെ ഇടയിൽ തന്നെയുണ്ടെന്ന് യേശു പറയുമ്പോൾ, നമുക്കൊന്ന് ചിന്തിക്കാം. നമ്മൾ എത്രപേർ ഇന്ന് അതിൽ ജീവിക്കുന്നുണ്ട്? ഇന്ന് വിശ്വസികളുടെ ചിന്താഗതി പലതാണ്. കൂടുതൽ പേരും സഭയെടുക്കപ്പെട്ടതിനുശേഷം ദൈവരാജ്യത്തിൽ ജീവിക്കാൻ പോകുന്നവരാണ്. മറ്റുചിലർ തങ്ങളുടെ മരണശേഷം ദൈവരാജ്യത്തിൽ ജീവിക്കാൻ പോകുന്നവരാണ് എന്നാൽ വളരെ കുറച്ചുപേർ മാത്രം, നമ്മുടെ ഇടയിലുണ്ടെന്ന് യേശുക്രിസ്തു പറഞ്ഞ, ദൈവരാജ്യത്തിൽ ഇപ്പോഴേ ജീവിക്കാൻ തുടങ്ങിയവരാണ്.

"അദൃശ്യകാര്യങ്ങളെ നാം എപ്പോൾ കാണുവാൻ തുടങ്ങുന്നുവോ അപ്പോൾ മുതൽ നാം അസാദ്ധ്യകാര്യങ്ങളെ ചെയ്യുവാൻ തുടങ്ങും".

ഇത് വായിക്കുന്ന പ്രിയ ദൈവപൈതലേ, ഈ മൂന്നു കൂട്ടത്തിലേതിലാണ് നിങ്ങൾ ആയിരിക്കുന്നത്? ആദ്യത്തെ രണ്ടു കൂട്ടത്തിലാണെങ്കിൽ മൂന്നാമത്തെ കൂട്ടത്തിലേക്കു മാറികൊണ്ട് വിജയകരമായി യേശുവെപ്പോലെ മുന്നേറുവാൻ, നമുക്കും ഇപ്പോൾ മുതൽ ദൈവരാജ്യത്തിൽ ജീവിക്കാൻ തുടങ്ങാം.

ഒരു അനുഗ്രഹീത ദൈവദാസൻ ഒരിക്കൽ പറയുകയുണ്ടായി **"അദൃശ്യകാര്യങ്ങളെ നാം എപ്പോൾ കാണുവാൻ തുടങ്ങുന്നുവോ അപ്പോൾ മുതൽ നാം അസാദ്ധ്യകാര്യങ്ങളെ ചെയ്യുവാൻ തുടങ്ങും."**

അതായത്; എപ്പോൾ നാം ഭൗതിക കണ്ണുകൊണ്ട് കാണുന്ന, ലോകരാജ്യത്തെ നിയന്ത്രിക്കുന്ന (ഭരിക്കുന്ന), കാണാത്ത ആത്മരാജ്യത്തെ വചനത്തിന്റെ കണ്ണുകളിലൂടെ കണ്ട് പ്രവർത്തിക്കുന്നുവോ, അപ്പോൾ മുതൽ നാം യേശുവിനെപ്പോലെ ലോകത്തിന് അസാദ്ധ്യമെന്നും, അത്ഭുതമെന്നും തോന്നുന്ന കാര്യങ്ങൾ ചെയ്യാൻ തുടങ്ങും. അങ്ങനെ ദൈവരാജ്യം നമ്മിലും, നമ്മിലൂടെ ലോകത്തിലും വളരുകയും, ദൈവനാമം മഹത്വപ്പെടുകയും, നാം വിജയയാത്ര നടത്തുകയും ചെയ്യും.

## ഒന്നാമത്തെ ലോകം ഇനി രണ്ടാമത്തേത്

യേശുക്രിസ്തുവിന്റെ രക്തത്താൽ ദൈവരാജ്യത്തിൽ വീണ്ടും ജനിക്കപ്പെട്ട ഓരോ വ്യക്തിയും ഇനി ആദ്യം കാണേണ്ടത് നേരത്തെ കണ്ടതുപോലെ ഭൗതികലോകമല്ല. പകരം ഭൗതിക കണ്ണുകൊണ്ട് കാണാൻ കഴിയാത്ത, തങ്ങൾ പുതിയതായി ജനിച്ച "ദൈവരാജ്യമാണ്". ലോകമക്കളെപ്പോലെ ജീവിക്കുന്ന കാലത്ത്, നമുക്ക് അറിവില്ലാതിരുന്ന കാലത്ത് ലോകമാണ് നമുക്ക് ഒന്നാമതായിരുന്നത്. എന്നാൽ ഇനി

നാം പുതിയതായി ജനിച്ച ദൈവരാജ്യമായിരിക്കണം നമുക്ക് ഒന്നാമത്, ലോകം നമുക്ക് രണ്ടാമതായിരുന്നാൽ മതി. ലോകവും അതിന്റെ മോഹങ്ങളും ഒഴിഞ്ഞുപോകാൻ പോവുകയാണ്. എന്നാൽ ഇനി നാം പുതിയതായി ജനിച്ച ദൈവരാജ്യവും, അവിടെ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരും എന്നേക്കും നിലനില്ക്കുമെന്ന് വചനം പറയുന്നത് നാം ഓർക്കുകയും വേണം.

**‘‘ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു.’’**

**(1 യോഹ. 2: 17)**

നാം ഓരോരുത്തരും ഇന്ന് ഒരു സമയത്ത് രണ്ടു മണ്ഡലങ്ങളിലാണ് ജീവിക്കുന്നത്. നമ്മുടെ ഭൗതിക കണ്ണുകളുള്ള ഭൗതികശരീരം ലോകത്തിലും ആത്മീയ കണ്ണുകളുള്ള ആത്മശരീരം (പുതിയതായി സൃഷ്ടിക്കപ്പെട്ട വ്യക്തി 2 കൊരി 5:17) ആത്മലോകത്തിലുമാണ്. ആത്മലോകത്തിൽ രണ്ടു രാജ്യങ്ങളുണ്ട്, ദൈവരാജ്യവും, പിശാചിന്റെ രാജ്യവും. നമ്മുടെ ചിന്തക്കനുസരിച്ച് നമുക്ക് ഏത് രാജ്യത്തിലും നിൽക്കാം. നാം ജഡികന്മാരായി ലോകപരമായി ചിന്തിക്കുമ്പോൾ പിശാചിന്റെ രാജ്യത്തിലും, ദൈവവചനപ്രകാരം ആത്മീയമായി നാം ചിന്തിക്കുമ്പോൾ ദൈവരാജ്യത്തിലുമാണ് നിൽക്കുന്നത്. പക്ഷേ നമ്മുടെ ശരീരം എപ്പോഴും ലോകരാജ്യത്തിൽ തന്നെയായിരിക്കും.

## പൗലോസ് അദൃശ്യ ദൈവരാജ്യമാണ് ആദ്യം കണ്ടിരുന്നത്

പൗലോസ് ദൈവരാജ്യമാണ് ആദ്യം കണ്ടിരുന്നത്, അതായത് ദൈവരാജ്യത്തിലൂടെയാണ് ലോകരാജ്യത്തെ കണ്ടിരുന്നത്. ലോക രാജ്യത്തിലാണ് പൗലോസ് പ്രവർത്തിച്ചതെങ്കിലും, പൗലോസിന് ലോകരാജ്യം രണ്ടാം സ്ഥാനത്തും, ദൈവരാജ്യം ഒന്നാം സ്ഥാനത്തും ആയിരുന്നു. ഒരു പക്ഷേ ഇപ്പോൾ വായനക്കാരുടെ ഹൃദയത്തിൽ ഒരു ചോദ്യം ഉദിക്കാം. പൗലോസ് ദൈവരാജ്യത്തെ ആദ്യവും, ലോകത്തെ രണ്ടാമതായും കണ്ടുവെന്ന് മനസ്സിലാക്കാൻ കഴിയുന്നത്



എങ്ങിനെയാണ്? വചനത്തിന്റെ ഈ തത്വം മനസ്സിലാക്കുക. നാം കാണു ന്നതും കേൾക്കുന്നതുമാണ് നമ്മുടെ ഹൃദയത്തിൽ വരുന്നത്.

**"ഹൃദയം നിറഞ്ഞു കവിയുന്നതത്രേ അധരം സംസാരിക്കുന്നത്." (മത്താ. 12:34)**

പൗലോസ് കൊരിന്ത്യർക്ക് ലേഖനമെഴുതുമ്പോൾ എഴുതിയിരി ക്കുന്ന ഒരു വാക്യം നമുക്ക് ശ്രദ്ധിക്കാം,

**"ഞങ്ങൾ ലോകത്തിനും, ദൂതന്മാർക്കും മനുഷ്യർക്കും തന്നേ, കൂത്തുകാഴ്ചയായി തീർന്നിരിക്കയാൽ ദൈവം അപ്പൊസ്തല ന്മാരായ ഞങ്ങളെ ഒടുക്കത്തവരായി മരണവിധിയിൽ ഉൾപ്പെട്ട വരെപ്പോലെ നിറുത്തി എന്നു എനിക്കു തോന്നുന്നു." (1 കൊരി. 4:9)**

ഇവിടെ അപ്പൊസ്തലന്മാർ ലോകത്തിനു കൂത്തുകാഴ്ചയായിരി ക്കുന്നു എന്ന് പൗലോസ് എഴുതുമ്പോൾ, പൗലോസ് താൻ കാണുന്ന ലോകം വിവരിക്കുന്നത് ഇങ്ങനെയാണ്; താൻ ഇവിടെ കാണുന്നത് രണ്ട് ലോകത്തെയാണ്. ആദ്യം ആത്മീയലോകത്തെയും, പിന്നെ ഭൗതിക ലോകത്തെയും. അതുകൊണ്ടാണ് വചനം പറയുന്നത് "ദൂത ന്മാർക്കും, മനുഷ്യർക്കുമാണ് തങ്ങൾ കൂത്തുകാഴ്ചയായത്." ദൂതന്മാർ ആത്മലോകത്തുള്ളവരാണ്, മനുഷ്യർ ഭൗതിക ലോകത്തുള്ളവരും. പൗലോസിപ്പോൾ ആദ്യമേ ദൈവരാജ്യത്തിലെ ദൂതന്മാരെ കാണാൻ തുടങ്ങിയിരിക്കുന്നു. രണ്ടാമതാണ് മനുഷ്യരെക്കുറിച്ച് പറയുന്നത്.

## പൗലോസിന്റെ ആത്മരാജ്യത്തിലെ സാക്ഷികൾ

മറ്റൊരു ഭാഗത്ത് പൗലോസ് തിമോത്തിയോസിന് ലേഖനം എഴു തുമ്പോൾ ഭൗതികലോകത്തിലെ മനുഷ്യരെ സാക്ഷികളായി നിർത്താതെ ആത്മലോകത്തിലുള്ളവരെ സാക്ഷിയാക്കുന്നതായി നമുക്ക് കാണാം.

**"നീ പക്ഷമായി ഒന്നും ചെയ്യാതെ കണ്ട് മുൻവിധി കൂടാതെ ഇവ പ്രമാണിച്ചുകൊള്ളേണം എന്നു ഞാൻ ദൈവത്തേയും ക്രിസ്തുയേശുവിനെയും ശ്രേഷ്ഠ ദൂതന്മാരെയും സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു." (1 തിമൊ. 5:21)**

ഇവിടെ പൗലോസ് ആത്മലോകത്തുള്ളവരെയാണ് സാക്ഷികളാക്കി വയ്ക്കുന്നത്. നാം സാധാരണ എഴുത്ത് എഴുതുമ്പോൾ സാക്ഷിയെ

വെച്ചാൽ, ഇങ്ങനെയെഴുതും, 'ഞാൻ പറഞ്ഞതിന്, ചെയ്തതിന്, സഭാപാസ്റ്റർ അല്ലെങ്കിൽ പുരോഹിതനും, കാനായിലെ ചെറിയാച്ചനും, അമ്മിണിയുമൊക്കെ സാക്ഷികളാണ്'. ഇവരെല്ലാം ഭൗതിക ലോകത്തുള്ളവരാണ്. എന്നാൽ പൗലോസ്. ഇവിടെ സാക്ഷി വയ്ക്കുന്നത് താൻ കാണുന്ന ആത്മീയ സാഹചര്യത്തിലുള്ളവരെയാണ്. താൻ ഇവിടെ സാക്ഷി വെച്ചത് മനുഷ്യരെയല്ല പകരം "ദൈവത്തേയും, ക്രിസ്തുയേശുവിനെയും, ശ്രേഷ്ഠദൂതന്മാരെയുമാണ്. പൗലോസിന്റെ കാഴ്ച്ചപ്പാടാകെ മാറിയിരിക്കുന്നു. ***"പൗലോസിന് ഇപ്പോൾ ദൈവരാജ്യം ഒന്നാമതും, ലോകം രണ്ടാമതുമായി തീർന്നിരിക്കുന്നു."***


പൗലോസിനെപ്പോലെ നമ്മുടെ അവസ്ഥയും നമുക്കൊന്ന് മാറ്റേണ്ടേ? ഇവിടെ മറ്റൊരു കാര്യം നമുക്കു ശ്രദ്ധിക്കാം.

## ആത്മാവിലെ പ്രാർത്ഥനക്കു ഒന്നാം സ്ഥാനം

കൊരിന്ത്യ ലേഖനത്തിൽ രണ്ടു തരം പ്രാർത്ഥനകളെക്കുറിച്ചു പറയുന്നു. ബുദ്ധികൊണ്ടുള്ള പ്രാർത്ഥനയും, ആത്മാവുകൊണ്ടുള്ള പ്രാർത്ഥനയും.

> **"ഞാൻ ആത്മാവുകൊണ്ടും പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടും പാടും ബുദ്ധികൊണ്ടും പാടും." (1 കൊരി. 14:15)**

പൗലോസ് ഈ പ്രാർത്ഥനകളെക്കുറിച്ചു പറയുമ്പോൾ ഇന്ന് കൂടുതൽ പേരും ചെയ്യുന്നതുപോലെ "ബുദ്ധികൊണ്ടും പ്രാർത്ഥിക്കും, തുടർന്ന് ആത്മാവുകൊണ്ടും പ്രാർത്ഥിക്കും" എന്നല്ല പറയുന്നത്. പകരം "ഞാൻ ആത്മാവുകൊണ്ടും പ്രാർത്ഥിക്കും പിന്നെ ബുദ്ധികൊണ്ടും പ്രാർത്ഥിക്കും." പൗലോസ് ഇപ്പോൾ തന്റെ ജീവിതത്തിൽ താൻ വീണ്ടും ജനിച്ച ദൈവരാജ്യത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്. പൗലോസിന്റെ വാക്കുകളിലൂടെ നമുക്ക് മനസ്സിലാകുന്നത്, തന്റെ പ്രാർത്ഥന ആദ്യം ആത്മാവിലുള്ളതാണ്, ഭൗതിക തലത്തിലുള്ള ബുദ്ധിയുടെ പ്രാർത്ഥനയ്ക്ക് ഇപ്പോൾ രണ്ടാം സ്ഥാനമേയുള്ളൂ. പിന്നെ താൻ ബുദ്ധികൊണ്ട് പ്രാർത്ഥിക്കുന്നത് എപ്പോഴാണ്? മറ്റുള്ളവരുടെ മുമ്പിൽ പ്രാർത്ഥിക്കുമ്പോൾ അവർ പ്രാർത്ഥനകേട്ട്



മനസ്സിലാക്കി, തുടർന്ന് ആമേൻ പറയേണ്ടതിനാണ് ബുദ്ധികൊണ്ട് പ്രാർത്ഥിക്കുന്നത്. (1 കൊരി 14:16-19) പൗലോസിനെപ്പോലെ ആത്മാവിൽ നാം പ്രാർത്ഥന ആരംഭിക്കണമെങ്കിൽ കൊലോസ്യ ലേഖനം 3:2 ൽ പറയുന്നതുപോലെ നമ്മുടെ മനസ്സ് ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതിൽ (സ്വർഗ്ഗീയമായതിൽ) ഉറച്ചിരിക്കണം. പൗലോസിന്റെ ആത്മീയ വളർച്ചയുടെ ഉന്നത നിലവാരം നമുക്ക് അതിൽ നിന്നും മനസ്സിലാക്കാം.

## ആത്മാവിലുള്ള പാട്ടിന് ഒന്നാം സ്ഥാനം

1 കൊരി 14:15 ൽ പൗലോസ് പറയുന്നത് ഞാൻ ബുദ്ധികൊണ്ടും പാടും, ആത്മാവുകൊണ്ടുപാടും എന്നല്ല പകരം ആത്മാവുകൊണ്ടും പാടും ബുദ്ധികൊണ്ടും പാടും എന്നാണ്.

**മത്തായി 13:44 ൽ "സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ച നിധിയോടു സദൃശ്യം. അതു ഒരു മനുഷ്യൻ കണ്ടു മറച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി."**

സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചു വച്ച നിധിക്കു സദൃശ്യമാണ്. ഇവിടെ 38-ാം വാക്യത്തിൽ വയൽ ലോകമാണ്. നിധിയെ സ്വർഗ്ഗരാജ്യവുമായി ഉപമിച്ചിരിക്കുന്നു. ഇവിടെ പൗലോസിനെപോലെയുള്ള ദൈവദാസന്മാർ, ഒളിച്ചുവെച്ചിരിക്കുന്ന നിധിയാകുന്ന സ്വർഗ്ഗരാജ്യത്തെയാണ് ആദ്യമേ കാണുന്നത്, ലോകമാകുന്ന വയലിനെ, അതായത് ഇതിന് രണ്ടാമതാണ് പ്രാധാന്യം കൊടുക്കുന്നത്. അതെ തീർച്ചയായും, പൊടിയെക്കാൾ എത്രയോ നല്ലതാണ് നിധി. അതുകൊണ്ട് നാം ലോകത്തെക്കാൾ ഉപരി ആത്മലോകത്തെ കാണുവാൻ തുടങ്ങണം. ദൈവത്തിന്റെ ആത്മാവ് ഇപ്പോൾ വായനക്കാരുടെ ഹൃദയത്തെ തുറക്കാൻ തുടങ്ങിയിരിക്കുന്നു. നിങ്ങൾ പുതിയ വെളിപ്പാടുകൾ പ്രാപിക്കാനും തുടങ്ങിയിരിക്കുന്നു. ദൈവത്തിന് നന്ദി പറയാം.

> പൊടിയേക്കാൾ എത്രയോ നല്ലതാണ് നിധി.

## യേശു ആത്മലോകം കണ്ടുകൊണ്ടാണ് തന്റെ ശുശ്രൂഷ ചെയ്തത്

ഒലിവ് മലയിലെ ഗത്ത്ശെമനത്തോട്ടത്തിൽ വെച്ച് യൂദാസ് യേശുവിനെ ചുംബനം കൊണ്ട് ഒറ്റിക്കൊടുക്കുന്ന സമയത്തുള്ള യേശു

പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കാം. യൂദാസ്, മഹാപുരോഹിത സംഘവും, ചേവകരുമായി യേശുവിനെ പിടിക്കുവാൻ ഗത്ത്ശെമനത്തോട്ടത്തിൽ എത്തിയപ്പോൾ പത്രോസ് മഹാപുരോഹിതന്റെ ഭൃത്യന്റെ ചെവിവെട്ടി താഴെയിട്ടു. യേശു ചേകവന്റെ മുറിവേറ്റ ചെവി സൗഖ്യമാക്കിയിട്ട് പത്രോസിനോടു പറഞ്ഞത്, ***'വാൾ ഉറയിലിടുക വാൾ എടുക്കുന്നവൻ ഒക്കെയും വാളാൽ നശിച്ചു പോകും'*** എന്നാണ് (മത്താ 26:52) തുടർന്ന് യേശു പറഞ്ഞു;

**"എന്റെ പിതാവിനോടു ഇപ്പോൾ തന്നെ പന്ത്രണ്ട് ലെഗ്യോനിലധികം ദൂതന്മാരെ എന്റെ അരികെ നിറുത്തേണ്ടതിനു എനിക്കു അപേക്ഷിച്ചു കൂടാ എന്നു തോന്നുന്നുവോ?" (മത്തായി 26:53)**

സാധാരണയായി നാം വായിക്കുമ്പോൾ യേശുവിന്റെ ഈ വാക്കുകളിൽ പ്രത്യേകിച്ച് നമുക്ക് ഒന്നും തോന്നുകയില്ല. എന്നാൽ ദൈവാത്മാവിന്റെ സഹായത്തോടെ ഒന്നു ചിന്തിച്ചു കഴിഞ്ഞാൽ യേശു ആത്മലോകം കണ്ടുകൊണ്ടാണ് സംസാരിക്കുന്നതെന്ന് നമുക്കു മനസ്സിലാകും. ഇവിടെ യേശു പത്രോസിനോടു പറയുന്നത്. തന്നെ പിടിക്കാൻ കടന്നു വന്നിരിക്കുന്ന സംഘത്തിൽ നിന്ന് ഈ സാഹചര്യത്തിൽ തനിക്കു രക്ഷപെടണമെങ്കിൽ, താൻ ഇപ്പോൾ പിതാവിനോടു പന്ത്രണ്ടു ലെഗ്യോൻപോരാ, പകരം പന്ത്രണ്ട് ലെഗ്യോനിലുമധികം ദൂതന്മാരെ ചോദിക്കണമെന്നാണ്.

ഇവിടെ നാം ഒന്നു ചിന്തിക്കുകയാണെങ്കിൽ യേശുവിനെ പിടിക്കാൻ എത്ര പേർ വന്നുകാണും? നൂറോ, ഇരുന്നൂറോ പേർ എറ്റവും കൂടിയാൽ അഞ്ഞൂറു പേരെന്ന് നമുക്കു സങ്കല്പിക്കാം. എന്നാൽ യേശു ഇപ്പോൾ പറയുന്നത് ഈ സമയത്ത് തന്നെ രക്ഷിക്കാൻ പന്ത്രണ്ട് ലെഗ്യോനിലുമധികം ദൂതന്മാർ വേണമെന്നാണ്. ഒരു ലെഗ്യോനെന്നു വച്ചാൽ ആറായിരം (6000) ദൂതന്മാരാണ്. പന്ത്രണ്ട് ലെഗ്യോൻ എന്നു വച്ചാൽ 6000 × 12 = 72000

1 ലെഗ്യോൻ = 6000

12 ലെഗ്യോൻ = 6000 × 12 = 72000 ദൂതന്മാർ

യേശുവിനെ പിടിക്കാൻ വന്ന സംഘം = 500

ഈ സാഹചര്യത്തിൽ ഇവിടുന്നു രക്ഷപ്പെടാൻ താൻ പിതാവിനോട് ചോദിക്കുന്നുവെങ്കിൽ തനിക്ക് ലഭിക്കണമെന്ന് യേശു പറയുന്ന ദൂതന്മാരുട എണ്ണം 72000 ത്തിലധികം.

ഇവിടെ യേശുവിന് കണക്കു തെറ്റിയെന്ന് തോന്നിപ്പോകും, കാരണം

തന്നെ പിടിക്കാൻ വന്ന വെറും അഞ്ഞൂറോ (500) ആയിരമോ (1000) പേരെ കീഴടക്കാനാണോ എഴുപത്തി രണ്ടായിരമല്ല, എഴുപത്തി രണ്ടാ യിരത്തിലധികം (72000) ദൂതന്മാർ വേണമെന്ന് പറയുന്നത്. അല്ലേ യല്ല, യേശു നമ്മൾ ചിന്തിച്ചതുപോലെയല്ല ചിന്തിച്ചത്, കാരണം യേശു കാണുന്നത് നമ്മൾ കാണുന്നതുപോലെ ഭൗതികലോകം മാത്രമല്ല, ആത്മലോകവും കൂടിയാണെന്ന് മനസ്സിലാകും. യഹോവയുടെ ഒരു ദൂതൻ ഒരു രാത്രി കൊണ്ട് അശൂർ പാളയത്തിൽ ഒരു ലക്ഷത്തി എൺപ ത്തയ്യായിരം (185000) പേരെ കൊന്നൊടുക്കിയെങ്കിൽ (2 രാജാ. 19:35) ഇവിടെ വെറും അഞ്ഞൂറോ, ആയിരമോ പേരെ കീഴടക്കാൻ യഹോവ യുടെ ഒരു ദൂതൻ ധാരാളം മതി. ഇപ്പോൾ നമുക്ക് ഒരു ചോദ്യം ചോദിക്കാം, പിന്നെ എന്തിനാ യേശു 72000 ത്തിലധികം ദൂതന്മാരെ ലഭിക്കണമെന്ന് പറഞ്ഞത്?

കാരണം യേശു ഇവിടെ കാണുന്നത് ഭൗതിക ലോകത്തിലുമധികം ആത്മലോകമാണ്. യേശു കാണുന്നത് പിശാചിന്റെ നേതൃത്വത്തിൽ പൈശാചിക സേന ഇളകി, തന്നെ തകർക്കുവാൻ കടന്നുവരുന്ന ഒരു രംഗമാണ്.

പിശാചും കൂട്ടരും പറഞ്ഞത് ഇങ്ങിനെയാണ്,

**"ഇവനാണ് അവകാശി വരുവിൻ നാം അവനെ കൊന്നു അവന്റെ അവകാശം കൈവശമാക്കുക." (മത്താ 21:38)**

തിരുവചനത്തിൽ അധികമാർക്കും മനസ്സിലാകാത്ത ഉപമയിലെ ഒരു വാക്യമാണിത് (മത്താ. 21:33-41).

> നമുക്ക് ഭൗതികലോകത്തുള്ള മനുഷ്യരോടല്ല ആത്മലോകത്തുള്ള പിശാചിനോടും അവന്റെ സൈന്യത്തോടുമാണ് യുദ്ധമുള്ളത്.

ഗൃഹസ്ഥനായ ഒരു മനുഷ്യൻ ഒരു മുന്തിരത്തോട്ടം നട്ടുണ്ടാക്കി, അതിന് വേലി കെട്ടി ചക്ക് കുഴിച്ചിട്ടു; ഗോപുരവും പണിതു. അവന്റെ കൂടിയാന്മാരെ പാട്ടത്തിന് ഏല്പിച്ചിട്ടു പരദേശത്തു പോയി. ഫലകാലം വന്നപ്പോൾ തനിക്കുള്ള അനുഭവം വാങ്ങേണ്ടതിന് തന്റെ ദാസന്മാരെ കുടിയാന്മാരുടെ അടുക്കൽ അയച്ചു. കുടിയാന്മാരോ യജമാനന്റെ ദാസന്മാരെയെല്ലാം അടിച്ചു പുറത്താക്കുകയും കൊല്ലുകയും ചെയ്തു. അവസാനം യജമാനൻ തന്റെ ഏക മകനെ അയയ്ക്കുകയാണ്. പക്ഷേ കുടിയാന്മാർ മകനെ കണ്ടപ്പോൾ പറഞ്ഞ കാര്യമാണ് മുകളിൽ എഴുതിയിരിക്കുന്നത്.

**“ഇവനാണ് അവകാശി, വരുവിൻ നാം അവനെ കൊന്ന് അവന്റെ അവകാശം കൈവശമാക്കുക.” (മത്താ. 21:38)**

തുടർന്ന് അവനെ തോട്ടത്തിൽ നിന്ന് പുറത്താക്കി കൊന്നുകളഞ്ഞു. ഈ ഉപമയിലെ ഗൃഹസ്ഥനായ മനുഷ്യൻ പിതാവായ ദൈവമാണ്, തന്റെ ദാസന്മാർ തന്റെ പ്രവാചകന്മാരാണ്, മകൻ കർത്താവായ യേശുവാണ്. ആരാണോ കുടിയാന്മാർ, അവരാണ് പറഞ്ഞത് ***‘ഇവനാണ് അവകാശി, വരുവിൻ നാം അവനെ കൊന്നുകളയാം.’*** ഭൗതികലോകത്തുള്ള യെഹൂദന്മാരോ, ജാതികളോ അല്ല കുടിയാന്മാർ. തിരുവചനത്തിൽ യഹൂദൻമാരോ ജാതികളോ അങ്ങനെ പറയുന്നതായി നാം എവിടെയും വായിക്കുന്നില്ല. പിന്നെയാരാണത്?

ആത്മലോകത്തുള്ള ലൂസിഫറും അവന്റെ അനുയായികളുമാണ് അങ്ങനെ പറഞ്ഞ് യേശുവിനെ കൊന്നത്. ഭൗതിക ലോകത്തുള്ള യെഹൂദന്മാരെയും, ജാതികളെയും യേശുവിനെ കൊല്ലാൻ ഒരു ആയുധമായി പിശാചും കൂട്ടരും ഉപയോഗിക്കുകയായിരുന്നു. നമുക്ക് ഭൗതിക ലോകത്തുള്ള മനുഷ്യരോടു യുദ്ധമില്ല. ആത്മലോകത്തുള്ള പിശാചിനോടും അവന്റെ സൈന്യത്തോടുമാണ് യുദ്ധമുള്ളത്. അതുകൊണ്ടാണ് ദൈവത്തിന്റെ വചനം പറയുന്നത്. ***“നമുക്കു പോരാട്ടമുള്ളത് (ഭൗതികലോകത്തുള്ള) ജഡരക്തങ്ങളോടല്ല പകരം (ആത്മലോകത്തുള്ള) പിശാചിനോടും അവന്റെ ദൂതന്മാരോടുമാണ്.”***

**“നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.” (എഫേ. 6:12)**

ഇവിടെ യേശു 72000 ത്തിലുമധികം ദൂതന്മാരെ വേണമെന്ന് പറയാൻ കാരണം മുകളിൽ പറഞ്ഞിരിക്കുന്ന ഉപമപ്രകാരം ആത്മലോകത്തിലെ ലൂസിഫറും കൂട്ടരും “ഇവനാണ് അവകാശി ഇവനെ കൊന്നാൽ രാജ്യം നമ്മുടെതാകുമെന്ന് പറഞ്ഞ്” യേശുവിനെ കൊല്ലുവാൻ വന്നിരിക്കുന്നത് കണ്ടുകൊണ്ടാണ്. അതല്ലാതെ ഭൗതികലോകത്തെ ഏതാനും പടയാളികളെ കണ്ടുകൊണ്ടല്ല. എന്നാൽ യേശു ഇവിടെ പിശാചിനോട് പോരാടി തൽകാലത്തേക്ക് തന്റെ മരണം ഒഴിവാക്കാനല്ല ആഗ്രഹിച്ചത്. പകരം ഉയർന്ന ജ്ഞാനത്തിൽ പ്രവർത്തിച്ച് തന്റെ മരണത്തിലൂടെ പിശാചിന്റെ രാജ്യത്തെ പരാജയ

യേശുവിനെയും പൗലോസിനെയും പോലെ ലോകം നമുക്കിനി രണ്ടാമതും ദൈവരാജ്യം ഒന്നാമതുമായിരിക്കട്ടെ.

പ്പെടുത്തുവാനാണ് ആഗ്രഹിച്ചത്. (എബ്രാ. 2:14,15)

ഇതു വായിക്കുന്ന പ്രിയ ദൈവപൈതലേ, നമ്മുടെ പ്രവർത്തനം അധികവും ഇനി ആത്മലോകത്തിലാണ്. അതിനാൽ ദൈവാത്മാവ് തരുന്ന വചനത്തിലൂടെ ആത്മലോകം കണ്ടുകൊണ്ട് പ്രവർത്തിക്കാൻ നമുക്ക് ദൈവത്തിലാശ്രയിക്കാം. യേശുവെപ്പോലെയും പൗലോസിനെപ്പോലെയും ഇനി ലോകം നമുക്കു രണ്ടാമതും, ദൈവരാജ്യം ഒന്നാമതുമായിരിക്കട്ടെ. കർത്താവു പറഞ്ഞു "**ആദ്യം** എന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ" (മത്താ. 6:33) അപ്പോൾ ലോകം രണ്ടാമതായി തീരും.

## ആത്മാവിലുള്ള ആരാധനയും ബുദ്ധിയിലുള്ള ആരാധനയും

യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായത്തിൽ ശമരിയാക്കാരി സ്ത്രീ കർത്താവിനോടു പറഞ്ഞു. "ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധിച്ചു. യെഹൂദന്മാർ പറയുന്നത് ആരാധിക്കേണ്ട സ്ഥലം യെരുശലേമിൽ ആണെന്നാണ്."

**"ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചുവന്നു. നമസ്കരിക്കേണ്ടുന്ന സ്ഥലം യെരുശലേമിൽ ആകുന്നു എന്നു നിങ്ങൾ പറയുന്നു എന്നു പറഞ്ഞു" (യോഹ. 4:20)**

ഇതിൽ ഏതാണ് ശരിയെന്നാണ് സഹോദരി ചോദിക്കുന്നത്. അതിന് യേശുവിന്റെ ഉത്തരത്തിന്റെ ചുരുക്കം ഇങ്ങനെയായിരുന്നു. ***'സ്ത്രീയെ, നമ്മുടെ ബുദ്ധിയിൽനിന്നും ഉയരുന്ന ആരാധനകൾ നിൽക്കാൻ പോകുകയാണ്. സത്യനമസ്കാരികൾ പിതാവിനെ ആത്മാവിൽ ആരാധിക്കുന്ന സമയം വരികയാണ്.'***

**യോഹ. 4.21–23** ൽ യേശു അവളോടു പറഞ്ഞത് **"സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക; നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലുമല്ല യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു. ഞങ്ങളോ അറിയുന്നതിനെ നമസ്കരിക്കുന്നു. രക്ഷ യെഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്. സത്യ നമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു. തന്നേ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണമെന്ന് പിതാവു ഇച്ഛിക്കുന്നു."**

മറ്റൊരു രീതിയിൽ പറഞ്ഞാൽ ഭൗതിക കണ്ണുകളെ തുറന്നുകൊണ്ട് ബുദ്ധിയുടെ തലത്തിലുള്ള ലോകത്തിലെ ആരാധനയല്ല പകരം അതിനെക്കാൾ ഉപരിയായി ദൈവം ആഗ്രഹിക്കുന്ന ആത്മീയ നയനങ്ങളെ തുറന്നുകൊണ്ട് ദൈവാത്മാവ് തരുന്ന വചനങ്ങളിലൂടെ ആത്മാവായ ദൈവത്തേയും തങ്ങളുടെ ആത്മീയ സാഹചര്യത്തേയും മനസ്സിലാക്കി ആത്മാവിൽ ദൈവത്തെ ആരാധിക്കുന്നതാണ് സത്യത്തിലുള്ള ആരാധന. ഇനി നാം ഈ ആത്മലോകത്തിലെ ദൈവരാജ്യത്തിലെ സത്യത്തിലുള്ള ആരാധനയ്ക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്, ലോകത്തിലേത് രണ്ടാമതായി തീരുന്നു.

> ആത്മീയ നയനങ്ങളെ തുറന്നുകൊണ്ട് ദൈവാത്മാവ് തരുന്ന വചനങ്ങളിലൂടെ ആത്മാവായ ദൈവത്തേയും തങ്ങളുടെ ആത്മീയ സാഹചര്യത്തേയും മനസ്സിലാക്കി ആത്മാവിൽ ദൈവത്തെ ആരാധിക്കുന്നതാണ് സത്യത്തിലുള്ള ആരാധന.

## എങ്ങനെ ആത്മാവിൽ ആരാധിക്കാം?

പരിശുദ്ധാത്മാവിന്റെ സഹായത്തോടു കൂടി മാത്രമേ നമുക്ക് ആത്മാവിൽ ദൈവരാജ്യത്തിൽ ആരാധിക്കാൻ കഴിയുകയുള്ളൂ. ആദ്യമായി ആ വ്യക്തി വീണ്ടും ജനിച്ച ആളായിരിക്കണം തുടർന്ന് വചനത്തിലൂടെ തന്റെ ആത്മശരീരം ഇപ്പോൾ എവിടെയാണെന്നും, തന്റെ സാഹചര്യം എന്തെന്നും മനസ്സിലാക്കണം. തന്റെ സ്വയത്തെ പൂജ്യമാക്കി ദൈവാത്മാവിന്റെ കൈയ്യിലേക്കു വിട്ടുകൊടുത്ത് ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങുക. പരിശുദ്ധാത്മാവ് നമ്മുടെ ആത്മശരീരത്തെ ഉപയോഗിക്കും. അത്ഭുതകരമായി ആത്മാവിൽ ആരാധന വെളിപ്പെടും. അതിന്റെ പ്രതിഫലനം നമ്മുടെ ഭൗതിക ശരീരത്തിലും, സാഹചര്യത്തിലുമുണ്ടാകും. ചിലരിലൂടെ തങ്ങളുടെ ബുദ്ധിക്ക് മനസ്സിലാകാത്ത അന്യഭാഷ വായിലൂടെ വന്നുകൊണ്ടിരിക്കും. ചിലർക്ക് അതിന്റെ വിവർത്തനം ലഭിക്കും, ചിലർ ആത്മവിവശതയിലുമാകും, ദർശനങ്ങൾ കാണും ഇങ്ങനെ പരിശുദ്ധാത്മാവിന് ഇഷ്ടമുള്ള വിധത്തിൽ (1 കൊരി. 12:11) ദൈവരാജ്യത്തിലെ ആത്മാവിലാരാധനയുടെ പ്രതിഫലനം ഭൗതിക ലോകത്ത് കണ്ടുകൊണ്ടിരിക്കും.

ഇപ്പോൾ ഒരു ചോദ്യമുദിക്കാം, **'എന്താണ് എന്റെ ആത്മീയ സാഹചര്യം? എനിക്കത് എങ്ങനെ മനസ്സിലാക്കാൻ സാധിക്കും?'**

ആത്മീയ സാഹചര്യം നേരിട്ട് മനസ്സിലാക്കാൻ കഴിയാത്ത രീതിയിൽ ഒരു തിരശ്ശീല ഇന്ന് നമ്മുടെ ആത്മാവും ദേഹിയും തമ്മിലുണ്ട്. ഇന്ന് നാം നമ്മുടെ ആത്മീയ സാഹചര്യം കാണുന്നത് വചനമാകുന്ന കണ്ണാടിയിൽ കൂടിയാണ്. വണ്ടിയോടിക്കുന്ന ഒരാൾക്ക് വണ്ടിയുടെ പുറകിലെ കാഴ്ചകൾ കാണുവാൻ കണ്ണുകൾ ഇല്ലാത്തതുകൊണ്ട് ചില കണ്ണാടികൾ തന്റെ കണ്ണിന്റെ മുമ്പിൽ വണ്ടിയുടെ രണ്ടു വശങ്ങളിലായി പിടിപ്പിച്ച്, നേരിട്ടല്ല പകരം കണ്ണാടിയിലൂടെ ഭാഗികമായി താൻ വണ്ടിയുടെ പുറകുഭാഗം കാണുകയാണ്. ഇതുപോലെ ആത്മലോകത്ത് നമ്മളുമായി ബന്ധപ്പെട്ട കാര്യങ്ങൾ അംശമായി അറിയുവാൻ നമുക്കു തന്നിരിക്കുന്ന കണ്ണാടിയാണ് ദൈവത്തിന്റെ വചനം.

ആത്മീയ സാഹചര്യം നേരിട്ട് മനസ്സിലാക്കാൻ കഴിയാത്ത രീതിയിൽ ഒരു തിരശ്ശീല ഇന്ന് നമ്മുടെ ആത്മാവും ദേഹിയും തമ്മിലുണ്ട്. ഇന്ന് നാം നമ്മുടെ ആത്മീയ സാഹചര്യം കാണുന്നത് വചനമാകുന്ന കണ്ണാടിയിൽ കൂടിയാണ്.

**"ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. അപ്പോൾ നാം മുഖാമുഖമായി കാണും. ഇപ്പോൾ അംശമായി അറിയുന്നു. അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നേ അറിയും" (1 കൊരി. 13:12)**


ഇതുകൊണ്ടാണ് കൊരിന്ത്യ ലേഖനത്തിൽ എഴുതിയിരിക്കുന്നത് ഇപ്പോൾ നാം അംശമായി അറിയുന്നു. പൂർണ്ണമായതു വരുമ്പോൾ (ദൈവരാജ്യം സ്ഥാപിതമാകുമ്പോൾ) **(1 കൊരി 13: 9-10)** ദൈവരാജ്യത്തെ കുറിച്ചുള്ള അംശമായ പ്രവചനങ്ങളും, ജ്ഞാനവചനങ്ങളും ആവശ്യമില്ല. കാരണം നാം അപ്പോൾ ദൈവരാജ്യം ആത്മീയ നയനങ്ങളെക്കൊണ്ട് നേരിട്ട് കാണും. **(1 യോഹന്നാൻ 3:2)** നാം അവിടെ അറിയപ്പെട്ടതുപോലെ തന്നെ അറിയപ്പെടും. അതുകൊണ്ട് വചനമാകുന്ന കണ്ണാടിയിലൂടെ വേണം നാം ഇപ്പോൾ ആത്മലോകം കാണുവാനും നമ്മുടെ ആത്മീയ സാഹചര്യങ്ങളെ മനസ്സിലാക്കുവാനും.

**"അംശമായി മാത്രം നാം അറിയുന്നു. അംശമായി മാത്രം പ്രവചിക്കുന്നു. പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും." (1 കൊരി. 13: 9-10)**

## ആത്മീയ സാഹചര്യം

യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഒരു വ്യക്തിയുടെ ആത്മീയ സാഹചര്യം എന്താണെന്നും ആ വ്യക്തി എവിടെയാണ് വന്നിരിക്കുന്നതെന്നും എബ്രായ ലേഖനം 12-ാം അദ്ധ്യായത്തിൽ വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. അവിടെ ഏഴു ആത്മീയ സാഹചര്യങ്ങളെ വിവരിച്ചിട്ട് പറയുകയാണ് ഇവിടെയല്ലോ നിങ്ങൾ വന്നിരിക്കുന്നത്. **എവിടെ?**

**"പിന്നെയോ സീയോൻ പർവ്വതത്തിന്നും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിന്നും ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിന്നും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത്." (എബ്രാ. 12:22-24)**




**വീണ്ടെടുക്കപ്പെട്ട മനുഷ്യന്റെ ആത്മീയ സാഹചര്യം**

ചിത്രം - 1

**ഒന്നാമത്തെ സാഹചര്യം**

ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിൽ ആണ് നാം നിൽക്കുന്നത്. ഭൂമിയിൽ നാം ഇന്ന് കാണുന്ന ഭൗതിക യെരുശലേമല്ല, ഇത് സ്വർഗ്ഗീയമാണ് (എബ്രാ 12:22)

**രണ്ടാമത്തെ സാഹചര്യം**

ആയിരമായിരം ദൂതന്മാരുടെ മദ്ധ്യത്തിലാണ്. നമ്മുടെ സംരക്ഷണം എത്രത്തോളം വലുതാണെന്ന് ഇവിടെ നാം ഓർക്കണം. (എബ്രാ. 12:22)

**മൂന്നാമത്തെ സാഹചര്യം**

മരിച്ചവരിൽനിന്ന് ആദ്യജാതനായ യേശുക്രിസ്തുവിന്റെ സഭയിലാണ് നാം വന്നിരിക്കുന്നത്. നമ്മുടെ പേരെല്ലാം സ്വർഗ്ഗത്തിൽ എഴുതിയിട്ടുണ്ട്. അത് സ്വർഗ്ഗത്തിലെ ജനറൽ അസംബ്ലിയും കൂടിയാണ്. (എബ്രാ. 12:23 KJV) നാം സ്വർഗ്ഗീയ പൗരന്മാരും, ആ ജനറൽ അസംബ്ലിയിലെ അംഗങ്ങളുമാണ്. (ഫിലിപ്പി 3:20)

**നാലാമത്തെ സാഹചര്യം**

എല്ലാവരുടെയും ന്യായാധിപനായ പിതാവായ ദൈവം അവിടെയുണ്ട് (എബ്രാ 12:23)

**അഞ്ചാമത്തെ സാഹചര്യം**

ഈ ഭൗതിക ലോകജീവിതത്തിൽ നല്ല ഓട്ടം ഓടി, ദൈവേഷ്ടം ചെയ്ത് വിജയിച്ച് സ്വർഗ്ഗത്തിലേക്ക് കടന്നുപോയ വിശുദ്ധന്മാരുടെ ആത്മാക്കളുടെ നടുവിലാണ് നാം ചെന്നിരിക്കുന്നത്. അതായത് അബ്രഹാം അവിടെയുണ്ട്, യോശുവാ അവിടെയുണ്ട്, ദാവീദ് അവിടെയുണ്ട്. അതായത് ശുദ്ധീകരിക്കപ്പെട്ട സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾ അവിടെയുണ്ട്. നാം അവിടെയാണ്. പക്ഷേ നമ്മുടെ ശുദ്ധീകരണം കഴിഞ്ഞിട്ടില്ല നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. നാം യേശുക്രിസ്തുവിന്റെ സഭയിലാണ്. (എബ്രാ 12:23)

**ആറാമത്തെ സാഹചര്യം**

നമ്മുടെ രക്ഷിതാവായ യേശുക്രിസ്തു അവിടെയുണ്ട്. ക്രിസ്തു അവിടെ പിതാവിന്റെ വലതുഭാഗത്ത് നമുക്കുവേണ്ടി പക്ഷം പിടിച്ചു വാദിക്കുന്നുണ്ട്. അവിടെയാണ് നാം വന്നിരിക്കുന്നത്. **(എബ്രാ 12:24, 7:25)**

**ഏഴാമത്തെ സാഹചര്യം**

ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന യേശുവിന്റെ രക്തം അവിടെയുണ്ട് **(എബ്രാ. 12:24)** ഭൂമിയിൽ ഭൗതിക

ശരീരത്തിൽ ജീവിക്കുന്ന നാം വീണ്ടും പാപം ചെയ്ത് യേശു തന്ന നീതിയുടെ അങ്കി അറിയാതെ കറയാകുന്നുവെങ്കിൽ അതിനെ കഴുകുവാൻ യേശുവിന്റെ രക്തവും അവിടെയുണ്ട്. അവിടെയാണ് നാം വന്നിരിക്കുന്നത്. **(1 യോഹ. 2:1, 1:7, വെളി 7:14)**

**"ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു" (1 യോഹ. 2:1,2)**

**"അവൻ വെളിച്ചത്തിലിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടു. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു." (1 യോഹ. 1:7)**

**"ഇവർ മഹാ കഷ്ടത്തിൽ നിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു." (വെളി. 7:14)**

പ്രിയ സ്നേഹിതരേ, നിങ്ങൾ ഇപ്പോൾ ഈ പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന സ്ഥലം, ഭവനം, വാഹനം, അല്ലെങ്കിൽ മറ്റേതെങ്കിലും ഇടമായിരിക്കാം നിങ്ങളുടെ അറിവിൽ നിങ്ങളുടെ സാഹചര്യം. പക്ഷേ ഒന്നു മനസ്സിലാക്കുക. അത് നിങ്ങളുടെ താല്കാലികമായ ഭൗതിക ശരീരം നില്ക്കുന്ന ഭൗതിക സാഹചര്യം മാത്രമാണ്, അത് താല്കാലികമാണ്. തിരുവചനം പറയുന്നു, കാണുന്നത് താല്കാലികമാണ് **(2 കൊരി 4:18)** എന്നാൽ നിങ്ങളുടെ ഭൗതിക കണ്ണുകൊണ്ട് കാണാത്ത നിങ്ങളുടെ ആത്മശരീരം നിൽക്കുന്ന ദൈവരാജ്യമുണ്ട് അത് നിത്യമാണ്.

> നമ്മുടെ പുറമേ ജീവിക്കുന്ന മനുഷ്യൻ താല്കാലികമായി നമ്മളിപ്പോൾ കാണുന്ന ലോകസാഹചര്യത്തിലാണ്. എന്നാൽ നാൾക്കുനാൾ ശക്തിപ്പെടേണ്ട നമ്മുടെ അകത്തെ മനുഷ്യൻ നിത്യമായ ആത്മരാജ്യത്തിലാണ്.

**"കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കികൊണ്ടിരിക്കുന്നുത്, കാണുന്നതു താല്കാലികം, കാണാത്തതോ നിത്യം" (2 കൊരി 4:18)**

ദൈവരാജ്യം വചനമാകുന്ന കണ്ണുകളിലൂടെ മാത്രമേ നമുക്കിപ്പോൾ കാണുവാൻ കഴിയൂ. ആ സാഹചര്യമാണ് മുകളിൽ എഴുതിയിരിക്കുന്നത്. നമ്മുടെ പുറമേ ജീവിക്കുന്ന മനുഷ്യൻ താല്കാലികമായി നമ്മ

ളിപ്പോൾ കാണുന്ന ലോകസാഹചര്യത്തിലാണ്. എന്നാൽ നാൾക്കു നാൾ ശക്തിപ്പെടേണ്ട നമ്മുടെ അകത്തെ മനുഷ്യൻ നിത്യമായ ആത്മ രാജ്യത്തിലാണ്.

## ക്രിസ്തു പ്രാധാന്യം കൊടുത്തത് - ആദ്യം ദൈവരാജ്യം




അനേക വചനത്തിലൂടെ ദൈവ ത്തിന്റെ ആത്മാവ് ഇവിടെ നമുക്ക് കാണിച്ച് തന്ന നിത്യമായ ദൈവരാജ്യ ത്തിനാണ് നാം പ്രാധാന്യം കൊടുക്കേ ണ്ടത്. ഭൗതിക ലോകം നമുക്കിനി രണ്ടാ മതായിരിക്കണം. ഇതാണ് കർത്താ വായ യേശു ലോകം അന്വേഷിക്കുന്ന ജനങ്ങളോടു പറഞ്ഞത്. **'ആദ്യം നിങ്ങൾ ദൈവരാജ്യം അന്വേഷിപ്പിൻ'.**

**"മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും." (മത്താ. 6:33)**

ഇതാണ് കർത്താവായ യേശു ശിഷ്യന്മാരോടും, ദൈവദാസന്മാ രോടും പറഞ്ഞത്. നിങ്ങൾ പ്രസംഗിക്കേണ്ട വിഷയം ലോകമല്ല, ലോക ത്തിലെ അനുഗ്രഹങ്ങളുമല്ല ദൈവരാജ്യമാണ്. അപ്പോൾ ലോകത്ത് ദൈവഹിതം ചെയ്യുവാൻ എന്തെല്ലാം നമുക്ക് ആവശ്യമുണ്ടോ അതെല്ലാം ചേർത്ത് നൽകപ്പെടും.

**"ദൈവരാജ്യം പ്രസംഗിപ്പാനും രോഗികൾക്കു സൗഖ്യം വരുത്തു വാനും അവരെ അയച്ചു." (ലൂക്കോ. 9:2)**

പിതാവായ ദൈവം യേശുവിന് വഴിയൊരുക്കാൻ വിട്ട സ്നാപക യോഹന്നാനു കൊടുത്ത പ്രസംഗവിഷയവും ദൈവരാജ്യമാണ് **(മത്താ 3:2)** യേശുവിന്റെ ആദ്യത്തെ പ്രസംഗവിഷയവും ദൈവരാജ്യമായിരു ന്നു. **(മർക്കോ. 1:14-15, മത്താ 4:17)** യേശു ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തി ലേക്കു പോകുന്നതിനുമുമ്പ് പ്രസംഗിച്ച തന്റെ ഒടുവിലത്തെ പ്രസംഗ വും, ദൈവരാജ്യമായിരുന്നു. **(അപ്പോ. 1.2-3).**

**"സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" (മത്താ 3:2)**

**"അന്നുമുതൽ യേശു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാന സാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചു തുടങ്ങി." (മത്താ. 4:17)**

**"എന്നാൽ യോഹന്നാൻ തടവിലായശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു: കാലം**

**തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ." (മർക്കോ. 1:14-15)**

**"അവൻ കഷ്ടം അനുഭവിച്ചശേഷം നാല്പതു നാളോളം അവർക്കു പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ടു താൻ ജീവിച്ചിരിക്കുന്നു എന്നു അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്കു കാണിച്ചു കൊടുത്തു." (അപ്പോ. 1:2-3)**

പ്രിയ ദൈവപൈതലേ നീ തീരുമാനിക്കൂ, നിനക്കു താൽകാലികമായ ലോകം വേണമോ? അതോ നിത്യമായ ദൈവരാജ്യം വേണമോ? ദൈവരാജ്യം നമുക്ക് ഒന്നാമതും, താൽകാലിക ലോകം നമുക്ക് രണ്ടാമതുമായിരിക്കട്ടെ

**"ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനിൽക്കും." (1 യോഹ. 2:17)**

***ലോകമേ നിനക്കിനി രണ്ടാം സ്ഥാനം!!***

## പ്രധാന തത്വങ്ങൾ

1. എല്ലാവർക്കും അവർ ജീവിക്കുന്ന, പ്രവർത്തിക്കുന്ന, ഭൗതിക ലോകത്തെക്കുറിച്ചറിയാം. എന്നാൽ ഭൗതിക ലോകത്തെ നിയന്ത്രിക്കുന്ന ആത്മലോകത്തെക്കുറിച്ചറിയുന്നവർ വളരെ വിരളമാണ്.
2. അദൃശ്യ ദൈവരാജ്യത്തെ നാം എപ്പോൾ കാണുവാൻ തുടങ്ങുന്നുവോ അപ്പോൾ മുതൽ ലോകത്തിൽ അസാദ്ധ്യ കാര്യങ്ങളെ നാം ചെയ്യുവാൻ തുടങ്ങും.
3. ലോകവും അതിന്റെ മോഹങ്ങളും ഒഴിഞ്ഞുപോകാൻ പോവുകയാണ്, എന്നാൽ നാം പുതിയതായി ജനിച്ച ദൈവരാജ്യവും ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരും എന്നേക്കും നിലനിൽക്കുമെന്ന് വചനം പറയുന്നു.
4. നാം ഓരോരുത്തരും ഇന്ന് ഒരു സമയത്ത് രണ്ടു മണ്ഡലങ്ങളിലാണ് ജീവിക്കുന്നത്. നമ്മുടെ ഭൗതിക കണ്ണുകളുള്ള ഭൗതിക ശരീരം ലോകത്തിലും ആത്മീയ കണ്ണുകളുള്ള ആത്മശരീരം ആത്മലോകത്തിലുമാണ്.

5. ആത്മലോകത്തിൽ രണ്ടു രാജ്യങ്ങളുണ്ട്. ദൈവരാജ്യവും പിശാചിന്റെ രാജ്യവും നമ്മുടെ ചിന്തക്കനുസരിച്ച് നമുക്ക് ഏതുരാജ്യത്തിലും നിൽക്കാം. നാം ജഡികരായി ലോകപരമായി ചിന്തിക്കുമ്പോൾ പിശാചിന്റെ രാജ്യത്തിലും, ദൈവചനപ്രകാരം ആത്മീയമായി ചിന്തിക്കുമ്പോൾ ദൈവരാജ്യത്തിലുമാണ് നിൽക്കുന്നത്. പക്ഷേ നമ്മുടെ ഭൗതിക ശരീരം എപ്പോഴും ലോകരാജ്യത്തിൽ തന്നെയായിരിക്കും.

6. നമുക്ക് ഭൗതിക ലോകത്തുള്ള മനുഷ്യരോടല്ല ആത്മലോകത്തുള്ള പിശാചിനോടും അവന്റെ സൈന്യത്തോടുമാണ് യുദ്ധമുള്ളത്.

7. പരിശുദ്ധാത്മാവിന്റെ സഹായത്തോടു കൂടി മാത്രമേ നമുക്ക് ആത്മാവിൽ ദൈവരാജ്യത്തിൽ ആരാധിക്കാൻ കഴിയൂ.

8. ആത്മീയ സാഹചര്യം നേരിട്ട് മനസ്സിലാക്കാൻ കഴിയാത്ത രീതിയിൽ ഒരു തിരശ്ശീല ഇന്ന് നമ്മുടെ ആത്മാവും ദേഹിയും തമ്മിലുണ്ട്. അതുകൊണ്ട് ഇന്ന് നാം നമ്മുടെ ആത്മീയ സാഹചര്യം കാണുന്നത് വചനമാകുന്ന കണ്ണാടിയിൽ കൂടിയാണ്.

9. നമ്മുടെ പുറമേ ജീവിക്കുന്ന മനുഷ്യൻ താല്കാലികമായി നാം ഇപ്പോൾ കാണുന്ന ലോകസാഹചര്യത്തിലാണ്. എന്നാൽ നമ്മുടെ നാൾക്കുനാൾ ശക്തിപ്പെടേണ്ട അകത്തെ മനുഷ്യൻ നിത്യമായ ആത്മരാജ്യത്തിലാണ്.



അദ്ധ്യായം 2

# ദൈവഹിതം തിരിച്ചറിയുക, അത് ഭൂമിയിൽ നിറവേറ്റുക

"സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും"
(യോഹ. 8:32)

ഇന്ന് അനേകരുടെ ജീവിതത്തിലഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നമാണ്, തന്നെക്കുറിച്ചുള്ള ദൈവഹിതം എന്താണ് എന്നുള്ളത്? നമ്മെ എന്തിനാണ് ദൈവം വിളിച്ചിരിക്കുന്നത്? അത് നാം എങ്ങനെ തിരിച്ചറിയും? എന്നു തുടങ്ങി അനേക ചിന്തകൾ നമ്മുടെ ഹൃദയത്തിൽ കടന്ന് വരും. ഓരോ ചിന്തകളും ഓരോ വാതിലുകളാണ്. ഇതിൽ ആയിരം ചിന്തകൾ കടന്നു വരുമ്പോൾ ആയിരം വാതിലുകളും തുറക്കപ്പെടും. പക്ഷേ ഈ ആയിരത്തിൽ ഒരെണ്ണമേ ദൈവത്തിന്റേത് ഉണ്ടാവുകയുള്ളൂ. അത് കണ്ടു പിടിച്ച് അതിൽകൂടി കയറുന്നവർക്ക് മാത്രമേ ജീവിതത്തിൽ വിജയം കൈവരിക്കാൻ കഴിയുകയുള്ളു.

## ദൈവീകസ്വാഭാവവും, ഭൂമിയിൽ മനുഷ്യന്റെ പ്രാധാന്യവും

ഏതു രീതിയിലാണ് നാം ഈ ലോകത്തിൽ കർത്താവിനു പ്രയോജനപ്രദമായി തീരേണ്ടത്?

അതോടോപ്പം തന്നെ, ദൈവത്തിന്റെ ആധിപത്യം എന്നാൽ എന്ത്? തുടങ്ങിയവ നാം മനസ്സിലാക്കണം. ക്രിസ്തുവിന്റെ ആധിപത്യം പുലർത്തുവാൻ ക്രിസ്തു ഇന്ന് ഇവിടെ ഇല്ല. പകരം നാം ഇവിടെ ഉണ്ട്. ക്രിസ്തു ഇന്നു നമ്മോടു കൂടെ ആയിരിക്കുന്നത് തന്റെ ശരീരത്തിലല്ല, തന്റെ ആത്മാവിലാണ്. പക്ഷേ ഈ ഭൂമിയിൽ പ്രവർത്തിക്കുവാൻ അധികാരം ഉള്ളത് ഒരു ആത്മാവിനല്ല, മറിച്ച് ആത്മാവുള്ള ഒരു ശരീരത്തിനാണ്, അതായത് മനുഷ്യനാണ് ഈ ഭൂമിയിൽ പ്രവർത്തിക്കുവാൻ അധികാരം ഉള്ളത്.

> ക്രിസ്തു ഇന്നു നമ്മോടു കൂടെ ആയിരിക്കുന്നത് തന്റെ ശരീരത്തിലല്ല, തന്റെ ആത്മാവിലാണ്. പക്ഷേ ഈ ഭൂമിയിൽ പ്രവർത്തിക്കുവാൻ അധികാരം ഉള്ളത് ഒരു ആത്മാവിനല്ല, മറിച്ച് ആത്മാവുള്ള ഒരു ശരീരത്തിനാണ്. അതായത് മനുഷ്യനാണ്.

കർത്താവിന്റെ ആത്മാവിന് പ്രവർത്തിക്കുവാൻ കഴിയുന്ന മേഖല എന്നുപറയുന്നത് നമ്മുടെ ചിന്താ മണ്ഡലമാണ്. നമ്മുടെ ചിന്താ മണ്ഡലത്തിൽ ദൈവം പ്രവർത്തിച്ച് ദൈവത്തിന്റെ ചിന്തകൾ നമുക്ക് തന്ന് ആ ചിന്തകൾ നാം ഉൾക്കൊണ്ട് അതിൽ ഐക്യമത്യപ്പെട്ട് നാം നമ്മുടെ ഭൗതിക ശരീരം ഉപയോഗിച്ച് ഭൂമിയിൽ പ്രവർത്തിക്കുമ്പോൾ മാത്രമേ ദൈവത്തിന്റെ ഹിതം സ്വർഗ്ഗത്തിൽ എന്ന പോലെ ഭൂമിയിൽ നിറവേറുകയുള്ളു.

കർത്താവിന്റെ ശിഷ്യന്മാർ കർത്താവിനോട് പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ എന്നു പറഞ്ഞപ്പോൾ കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയിലെ പ്രധാന ഭാഗമാണ്, കർത്താവ് ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു, നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ:

**"നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമെ." (മത്താ. 6:9–10)**

'എന്താ കർത്താവേ പ്രാർത്ഥിക്കാതെ അങ്ങേക്കു ഇടപെട്ടുകൂടെ?' എന്നൊരു ചോദ്യം വായനക്കാർക്കുണ്ടാകാം. ഇല്ല, നാം പ്രാർത്ഥിക്കാതെ ദൈവം ഭൂമിയിൽ പ്രവർത്തിക്കുകയില്ല. കാരണം താൻ ദൈവമാണ്, തന്റെ ദൈവിക സ്വഭാവത്തിനു മാറ്റം വരുത്താൻ കഴിയില്ല, തന്റെ സിംഹാസനം നീതിയിൽ അടിസ്ഥാനമിട്ടിരിക്കുന്നു.

**"ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ, എന്റെ അധരങ്ങളിൽ നിന്ന് പുറപ്പെട്ടതിന് ഭേദം വരുത്തുകയോ ചെയ്യുകയില്ല." (സങ്കീ.89:34).**

## ദൈവം ഭൂമിയുടെ അധികാരം മനുഷ്യനു കൊടുത്തിരിക്കുന്നു

മനുഷ്യനെ സൃഷ്ടിച്ചു കഴിഞ്ഞ് ആദ്യമായി അവർക്ക് കർത്താവ് നൽകിയത് അധികാരമാണ്. കർത്താവ് അവരെ അനുഗ്രഹിച്ച് ഇങ്ങനെ പറഞ്ഞു;

**"നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി, ഭൂമിയെ അടക്കി വാഴുക" (ഉല്പ. 1:28)**

കർത്താവ് തന്റെ വായിൽ നിന്ന് പുറപ്പെടുവിച്ച ഒരു വാക്കിനും ഇടത്തോട്ടോ വലത്തോട്ടോ യാതൊരു മാറ്റവും വരുത്തുകയില്ല.

**സങ്കീ 89:34 ൽ "ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ,**

**എന്റെ അധരങ്ങളിൽ നിന്നും പുറപ്പെട്ടതിന് ഭേദം വരുത്തുകയോ ചെയ്കയില്ല.”**

ദൈവത്തിന്റെ ഒരു പ്രത്യേകതയാണ് ദൈവം എന്തെങ്കിലും കൽപ്പിച്ചാൽ അതിന് മാറ്റം വരുത്തുകയില്ല എന്നത്. ആകാശം മാറിപ്പോകും. ഭൂമി മാറിപ്പോകും തന്റെ വചനത്തിന് യാതൊരു മാറ്റവും ഉണ്ടാവുകയില്ല. ദൈവം ഈ ഭൂമിയിൽ അധികാരം തന്നിട്ടുള്ളത് തന്റെ സ്വന്തം ഛായയിൽ സൃഷ്ടിച്ച മനുഷ്യർക്കാണ്

**“സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗം ഭൂമിയെ അവൻ മനുഷ്യർക്ക് കൊടുത്തിരിക്കുന്നു.” (സങ്കീ. 115:16)**

ഇന്നും അത് അങ്ങനെ തന്നെയാണ്. അതുപോലെ മനുഷ്യരിലൂടെ അല്ലാതെ പിശാചിന് ഈ ഭൂമിയിൽ ഭരിക്കുവാൻ പറ്റില്ല. ഇന്ന് പിശാച് ചെയ്യുന്നത് മനുഷ്യന്റെ ചിന്താമണ്ഡലങ്ങളിൽ തന്റെ ഇഷ്ടങ്ങളെ കൊടുത്ത് അവനെകൊണ്ട് അത് ചെയ്യിക്കുക എന്നാണ്. അതായത് പിശാചിന് ഈ ഭൂമിയിൽ നിയമപരമായി യാതൊരു അവകാശവും അധികാരവും ഇല്ല. ആദത്തിൽ നിന്നും ആത്മീകമായി തട്ടിയെടുത്ത അധികാരം ഉണ്ടെങ്കിൽ പോലും ഭൗതികത്തിൽ അവന് പ്രവർത്തിക്കണമെങ്കിൽ ഒരു മനുഷ്യനെ ആവശ്യമാണ്. ദൈവം ഈ ഭൂമിയിൽ പ്രവർത്തിക്കുന്നതും ഇങ്ങനെ തന്നെയാണ്. ദൈവം പറയുന്നു. ദേശത്തിനു വേണ്ടി ഇടിവിൽ നിൽക്കുവാൻ ഒരു മനുഷ്യനെ കാണാത്തതിനാൽ ഞാൻ അത്ഭുതപ്പെടുകയാണ്.

> ഇന്ന് പിശാച് ചെയ്യുന്നത് മനുഷ്യന്റെ ചിന്താമണ്ഡലങ്ങളിൽ തന്റെ ഇഷ്ടങ്ങളെ കൊടുത്ത് അവനെക്കൊണ്ട് അത് ചെയ്യിക്കുക എന്നാണ്. അതായത് പിശാചിന് ഈ ഭൂമിയിൽ നിയമപരമായി യാതൊരു അവകാശവും അധികാരവും ഇല്ല.

**‘‘ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം അതിനു മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നില്ക്കേണ്ടതിനു ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു ആരെയും കണ്ടില്ലതാനും.” (യെഹെ. 22:30)**

യെശയ്യ 6:8 ൽ **“ആർ നമുക്കുവേണ്ടി പോകും”** എന്ന് ദൈവം ഒരാളെ അന്വേഷിക്കുന്നതായി കാണാം. തീർച്ചയായും ദൈവമാണ് ഈ ഭൂമിയുടെ ഉടമസ്ഥൻ പക്ഷേ ഈ ഭൂമിയിൽ ദൈവം മനുഷ്യർക്കാണ്

അധികാരം കൊടുത്തിരിക്കുന്നത്.

നമുക്ക് തന്നിരിക്കുന്നതിനെ ഇനി കർത്താവിന് മാറ്റാൻ പറ്റുകയില്ല, കാരണം ദൈവത്തിന്റെ സ്വഭാവം അതാണ്. തന്റെ വചനത്തിന് ഇട ത്തോട്ടോ വലത്തോട്ടോ മാറ്റമില്ല. രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നവരും, ദൈവത്തിന്റെ വചനം ശുശ്രൂഷിക്കുന്നവരും, ചില ശുശ്രൂഷ മേഖലയിൽ ആയിരിക്കുന്നവരുമായ നാം സാധാരണക്കാ രല്ല. അസാധാരണനായ ദൈവത്തിന്റെ അസാധാരണക്കാരായ മക്ക ളാണ്. നമ്മുടെ ദൈവം അസാധാരണമായി പ്രവർത്തിക്കുമ്പോൾ നാമും അങ്ങനെ തന്നെ പ്രവർത്തിക്കേണ്ടവരാണ്. പക്ഷേ പലപ്പോഴും നമ്മുടെ അറിവില്ലായ്മ മുഖേന നമുക്ക് അപ്രകാരം പ്രവർത്തിക്കു വാൻ കഴിയുന്നില്ല. ദൈവത്തിന്റെ വചനം **ഹോശയ്യ 4:6** പറയുന്നത് ***"പ്രാർത്ഥിക്കാത്തതുകൊണ്ടു എന്റെ ജനം നശിക്കുന്നു എന്നോ, ആരാധിക്കാത്തതുകൊണ്ട് എന്റെ ജനം നശിക്കു ന്നുവെന്നോ അല്ല പിന്നെയോ...?"***

**"പരിജ്ഞാനം ഇല്ലായ്കയാൽ എന്റെ ജനം നശിച്ചു പോകു ന്നു." (ഹോശയ്യ. 4:6)**

**യോഹ. 8:32** ൽ പറയുന്നു എന്നാൽ **"സത്യം നിങ്ങൾ അറിയു മ്പോൾ സത്യം നിങ്ങളെ സ്വതന്ത്രരാക്കും."**

അനേകർ സത്യം അറിയാതെ ജ്ഞാനികൾ എന്ന് നടിച്ചുകൊണ്ട് ഭോഷരായി ഇരിക്കുന്നു. രക്ഷയുടെ ആദ്യപാൽ കുടിച്ച് ദൈവിക പദ്ധതി യുടെ ആദ്യപടി കയറി നിൽക്കുന്ന ഒരു അവസ്ഥയാണ് ഇന്ന് കാണുന്ന ത്. എന്നാൽ അകത്തേക്ക് കയറി ദൈവം തനിക്ക് എന്ത് വെച്ചിരിക്കുന്നു എന്ന് ആത്മാവ് എടുത്തു തരുന്ന വച നത്തിലൂടെ കണ്ട്, മനസ്സിലാക്കി മുട്ടിൽമേൽ നിന്ന് വായ്കൊണ്ട് ഈ ലോകം തിരിക്കുന്ന മക്കളായിത്തീ രാൻ ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കു ന്നു. എന്നാൽ വെറും ഒരു രക്ഷാ പരി ജ്ഞാനം മാത്രം വച്ചുകൊണ്ട് പോകു വാൻ നാം ശ്രമിക്കുമ്പോൾ ആണ് പരാജയം ഉണ്ടാകുന്നത്.

ദൈവം തനിക്ക് എന്തുവെ ച്ചിരിക്കുന്നു എന്ന് ആത്മാവ് എടുത്തു തരുന്ന വചനത്തി ലൂടെ കണ്ട്, മനസ്സിലാക്കി മുട്ടിൽമേൽ നിന്ന് വായ്കൊണ്ട് ഈ ലോകം തിരിക്കുന്ന മക്ക ളായിത്തീരാൻ ദൈവം നമ്മെ ക്കുറിച്ചാഗ്രഹിക്കുന്നു.



## ദൈവഹിതം മനസ്സിലാക്കുവാനുള്ള മുഖ്യതടസ്സം

ഇന്ന് രക്ഷയുടെ അനുഭവത്തിലേക്ക് കടന്ന് വന്ന പലർക്കും തന്നെ കുറിച്ചുള്ള ദൈവഹിതം മനസ്സിലാക്കുവാനുള്ള പ്രധാന തടസ്സം, പരിശുദ്ധാത്മാവ് സംസാരിക്കാത്തതുകൊണ്ടല്ല, പകരം പരിശുദ്ധാത്മാവ് സംസാരിക്കുന്നത് മനസ്സിലാകാത്തത് കൊണ്ടാണ്. അതായത് നിങ്ങളോട് ഒരാൾ നിങ്ങൾക്ക് മനസ്സിലാകാത്ത അറബി ഭാഷയിൽ ഒരു കാര്യം ചോദിക്കുകയാണ്. ഉദാ. **"ശൂ അക്ബാരക് ഇൻതേ?"** നിങ്ങൾക്ക് ഒന്നും മനസ്സിലാകാത്തതുപോലെ അതിശയിച്ച് നിൽക്കും. കാരണം, അറബിഭാഷ നിങ്ങളുടെ ഹൃദയത്തിൽ നേരത്തേ ഇല്ലാത്തതുകൊണ്ടാണ്. എന്നാൽ നിങ്ങൾക്കറിയാവുന്ന മലയാളത്തിലാണ് അത് ചോദിച്ചതെങ്കിലോ? ഉദാ. **നിനക്ക് സുഖമാണോ?** ഉടനെ നിങ്ങൾ ഉത്തരം പറയും എനിക്കു സുഖമാണ്, നിങ്ങൾക്കോ? മലയാളത്തിൽ പറഞ്ഞതു നിങ്ങൾക്കു മനസ്സിലാകാൻ കാരണം, മലയാളം നിങ്ങളുടെ ഹൃദയത്തിൽ നേരത്തേ ഉണ്ടായിരിക്കുന്നതുകൊണ്ടാണ്. ഇതുപോലെ തന്നെ ദൈവത്തിന്റെ വചനവും നമ്മുടെ ഹൃദയത്തിൽ ഉണ്ടെങ്കിൽ മാത്രമേ ദൈവത്തിന്റെ ആത്മാവ് വചനത്തിലൂടെ പറയുന്നത് നമുക്ക് മനസ്സിലാവുകയുള്ളൂ; ഇപ്പോൾ മനസ്സിലായി കാണുമല്ലോ. ഒരു ഉദാഹരണം കൂടി പറഞ്ഞാൽ, റേഡിയോയിൽ തിരുവനന്തപുരം ആകാശവാണിക്കു ട്യൂൺ ചെയ്താൽ ഒരിക്കലും കൊച്ചി എഫ്. എം. സ്റ്റേഷൻ കിട്ടുകയില്ല. ഇതുപോലെ നാം ലോകത്തിന് ട്യൂൺ ചെയ്തിരുന്നാൽ പരിശുദ്ധാത്മാവു തരുന്ന ദൈവരാജ്യത്തിന്റെ ഒരു സന്ദേശവും മനസ്സിലാവുകയില്ല. തുടർന്നു നാം വായിക്കുമ്പോൾ എങ്ങനെയാണ് ഈ ലോകത്തിന്റെ അനുരൂപ്യം നമ്മിൽ നിന്നും മാറ്റുന്നതെന്നും, ദൈവാത്മാവിന്റെ സ്വരം തിരിച്ചറിഞ്ഞ് നമ്മെക്കുറിച്ചുള്ള ദൈവഹിതം എങ്ങനെ മനസ്സിലാക്കാമെന്നും അതെങ്ങനെ ഭൂമിയിൽ ചെയ്യാമെന്നും നമുക്കു ഗ്രഹിക്കാം.

# പ്രധാന തത്വങ്ങൾ

1. ക്രിസ്തു ഇന്ന് നമ്മോടു കൂടെ ആയിരിക്കുന്നത് തന്റെ ശരീരത്തിൽ അല്ല, പകരം തന്റെ ആത്മാവിലാണ്. ഈ ഭൂമിയിൽ പ്രവർത്തിക്കാൻ അധികാരം ഒരാത്മാവിനല്ല പകരം ആത്മാവുള്ള ശരീരത്തിനായതിനാൽ ദൈവം നമ്മുടെ ചിന്താമണ്ഡലത്തിൽ പ്രവർത്തിച്ച്, അതിൽ നാം ഐക്യമത്യപ്പെട്ട് നമ്മുടെ ശരീരം ഉപയോഗിച്ചാണ് ദൈവഹിതം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിൽ നിറവേറ്റപ്പെടുന്നത്.
2. ദൈവഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നടക്കുവാൻ ഭൂമിയുടെമേൽ ദൈവം അധികാരം തന്നിട്ടുള്ള നാം പ്രാർത്ഥിച്ചാൽ അഥവാ നമ്മെ അതിന് ഏല്പിച്ചാൽ മാത്രമേ നടക്കുകയുള്ളൂ. അതുകൊണ്ടാണ് നാം അങ്ങനെ പ്രാർത്ഥിക്കുവാൻ ക്രിസ്തു പറഞ്ഞത്. (മത്താ 6:9–10)
3. ദൈവത്തിന്റെ ഒരു പ്രത്യേകതയാണ് ദൈവം എന്തെങ്കിലും കല്പിച്ചാൽ അതിന് മാറ്റം വരുത്തുകയില്ല എന്നുള്ളത്.
4. രക്ഷയുടെ ആദ്യപടിയിൽ തന്നെ നില്ക്കാതെ വചനത്തിനകത്തേക്ക് പ്രവേശിച്ച് ദൈവം അതിൽ എന്തുവച്ചിരിക്കുന്നു എന്ന് മനസ്സിലാക്കി ദൈവം തരുന്ന വചനത്തിലൂടെ മുട്ടിന്മേൽ നിന്ന് ലോകത്തെ തിരിക്കുന്ന മക്കളായി തീരുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.
5. ഇന്ന് നമുക്ക് ദൈവഹിതം മനസ്സിലാക്കാൻ കഴിയാഞ്ഞത് പരിശുദ്ധാത്മാവ് സംസാരിക്കാത്തതുകൊണ്ടല്ല, പകരം സംസാരിക്കുന്നത് മനസ്സിലാകത്തതുകൊണ്ടാണ്. ഇത് മനസ്സിലാക്കാൻ ദൈവവചനം നമ്മുടെ ഹൃദയത്തിൽ ആദ്യം തന്നെ വേണം.
6. നാം സാധാരണക്കാരല്ല അസാധാരണനായ ദൈവത്തിന്റെ അസാധാരണക്കാരായ മക്കളാണ്.



അദ്ധ്യായം 3

# വിശ്വാസജീവിതത്തിൽ ഒരു വ്യക്തിയുടെ അടിസ്ഥാനപരമായ ആന്തരീക ഘടന

"സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ." (1 തെസ്സലൊനീക്യർ 5.23)

## ആത്മാവ്, ദേഹം, ദേഹി

ഒരു വിശ്വാസിയുടെ അടിസ്ഥാനപരമായ ആന്തരീക ഘടന എന്താണെന്ന് നാം ഓരോരുത്തരും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇത് മനസ്സിലായില്ലെങ്കിൽ നമ്മുടെ ആത്മീയ ജീവിതം ശക്തമായി മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുകയില്ല.

ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായി. പുതിയ സൃഷ്ടിയെന്നു പറയുമ്പോൾ ഇതുവരെ ഇല്ലാത്തതെന്ന് വചനം പറയുന്നു. നാം ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടു അതായത് മരിച്ചു. മരണം എന്ന വാക്ക് അർത്ഥമാക്കുന്നത് ഒരു വേർപാടാണ്. ആ മരിച്ച ഭാഗത്തിന് പിന്നീട് ചലനമില്ല.

**2 കൊരി. 5:17 ൽ പറയുന്നു "ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി ഇതാ അതു പുതുതായി തീർന്നിരിക്കുന്നു."**

ഈ വചനത്തിലുള്ള പുതിയ സൃഷ്ടി ഏതാണ്? ഏതാണ് കഴിഞ്ഞുപോയത്? പുതുതായി വന്നതേതാണ്? ഇതൊക്കെ നാം ഒന്ന് മനസ്സിലാക്കി പ്രവർത്തിച്ചാൽ നമ്മുടെ പരിതസ്ഥിതികൾ മാറും.


## ശരീരമാണോ, ദേഹിയാണോ, ആത്മാവാണോ പുതിയ സൃഷ്ടി?

**"സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും**

**അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ" (1 തെസ്സ 5:23)**

> ദൈവത്തിന്റെ സാദൃശ്യപ്രകാരം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. ദൈവം; പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നതുപോലെ മനുഷ്യൻ; ആത്മാവ്, ദേഹി, ദേഹം എന്നിങ്ങനെ ആയിരിക്കുന്നു.

ഒരു മനുഷ്യന്റെ മൂന്ന് ഭാഗങ്ങൾ 1 തെസ്സ 5:23 ൽ പറയുന്നു, ദേഹം. ദേഹി, ആത്മാവ്. ദൈവത്തിന്റെ സാദൃശ്യപ്രകാരം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. ദൈവം; പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നതുപോലെ മനുഷ്യൻ; ആത്മാവ്, ദേഹി, ദേഹം എന്നിങ്ങനെ മൂന്ന് ആയിരിക്കുന്നു. ഈ മൂന്ന് ഭാഗങ്ങളുടെയും ചുമതല വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ ചുമതല നാം മനസ്സിലാക്കിയാൽ ഈ മൂന്നിൽ ഏത് ഭാഗമാണ് പുതിയ സൃഷ്ടിയായത് എന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഏത് പ്രവർത്തനമാണോ പുതിയതായി നമ്മിൽ ആരംഭിച്ചത്, ആ ഭാഗമാണ് പുതിയ സൃഷ്ടിയായത്. മനുഷ്യനിലെ മൂന്ന് ഭാഗങ്ങളായ ആത്മാവ്, ദേഹി, ദേഹം എന്നിവയുടെ ജോലി എന്താണെന്ന് നമുക്ക് നോക്കാം.




**ദൈവവചനപ്രകാരം ഒരു മനുഷ്യന്റെ മൂന്ന് ഭാഗങ്ങൾ (1 തെസ്സ. 5:23)**
ചിത്രം – 2

ശരീരം നല്കുന്നത് 'ലോകബോധം' എന്ന അനുഭവം ആണ്. അതായത് ഒരു വ്യക്തി നമ്മെ സ്പർശിച്ചാൽ അത് അനുഭവിക്കുന്നത് ശരീരമാണ്. അതിനാൽ ശരീരം (ദേഹം) മരിച്ചിട്ടുമില്ല. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിട്ടുമില്ല.

അതുപോലെ ദേഹിയുടെ പ്രവർത്തനം എന്നത് 'സ്വയബോധം' തരികയാണ്. നാം ആരാണ് എന്ന തിരിച്ചറിവ് നമുക്ക് നൽകുന്നത് ദേഹിയാണ്. പുതിയ സൃഷ്ടിയാകുമ്പോൾ നമ്മുടെ പേര്, കുടുംബം തുടങ്ങിയവയൊന്നും നാം മറന്ന് പോകുന്നില്ല. ഇതിനർത്ഥം ദേഹി പുതിയ സൃഷ്ടിയായിട്ടില്ല, അല്ലെങ്കിൽ ദേഹി മരിച്ചിട്ടില്ല. ദേഹി മരിച്ചെങ്കിൽ നമ്മെകുറിച്ചുള്ള എല്ലാ അറിവും നമുക്ക് നഷ്ടപ്പെട്ടേനെ.

എന്നാൽ ആത്മാവ് നമുക്ക് നല്കുന്നത് 'ദൈവാവബോധം അഥവാ ആത്മലോകബോധമാണ്'. നമുക്ക് ദൈവവുമായി ബന്ധപ്പെടുവാൻ, ദൈവത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിയുവാൻ സഹായിക്കുന്നത് ആത്മാവാകുന്നു. ആദം പാപം ചെയ്തത് മുതൽ ദൈവസാന്നിദ്ധ്യം തിരിച്ചറിയുവാൻ മനുഷ്യർക്ക് കഴിഞ്ഞിരുന്നില്ല, ആത്മാവിൽ ദൈവവുമായി ആദം വേർപെട്ടുപോയി. അതാണ് ആത്മമരണം. മനുഷ്യന് ആത്മാവ് ഇല്ലെന്നല്ല അതിന്റെ അർത്ഥം പകരം ദൈവവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരാത്മാവ് മനുഷ്യനിലുണ്ട്.

എന്നാൽ മനുഷ്യന് ദൈവം കൃപയാൽ നല്കിയ (സുവിശേഷം) സന്തോഷവാർത്ത ഇതാണ്. "ഒരുവൻ വീണ്ടും ജനിച്ച് കഴിയുമ്പോൾ അവന്റെ ദൈവവുമായി വേർപെട്ട് പോയ മനുഷ്യാത്മാവ് ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുകയും ദൈവം അവന് പുതിയൊരു ആത്മാവിനെ കൊടുക്കുകയും ചെയ്യുന്നു. അപ്പോൾ ആ വ്യക്തി, ദൈവത്തിന്റെ പുതിയ സൃഷ്ടിയായ സ്വർഗ്ഗീയമനുഷ്യനായി മാറുന്നു.

**"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്." (ഗലാ. 2:20)**


**''ഞാൻ നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും നിങ്ങൾ നിർമ്മലരായി തീരും. ഞാൻ നിങ്ങളുടെ സകല മലിനതയെയും സകല വിഗ്രഹങ്ങളേയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും, പുതിയൊരു**

**ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും. കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്ക് തരും." (യെഹ. 36:25–26)**

നിങ്ങൾ വീണ്ടും ജനിച്ച വ്യക്തിയാണെങ്കിൽ ചിന്തിച്ചു നോക്കുക. നിങ്ങൾ വീണ്ടും ജനനത്തിനു ശേഷമല്ലേ ദൈവസാന്നിദ്ധ്യം അനുഭവിച്ചറിയാൻ തുടങ്ങിയത്. ചില സ്ഥലങ്ങളിൽ പ്രാർത്ഥിക്കാൻ ഇരിക്കുമ്പോൾ ഇവിടെ നല്ല ദൈവസാന്നിദ്ധ്യം ഉണ്ടെന്ന് ആത്മാവിൽ വളർന്നവർ പറയുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

ഒരുവൻ പുതിയ സൃഷ്ടിയാകുന്നത് അവന്റെ ശരീരത്തിലല്ല, ദേഹിയിലല്ല, അവന്റെ ആത്മാവിലാണ്.


## "ഒരുവൻ പുതിയ സൃഷ്ടിയാകുന്നത് അവന്റെ ശരീരത്തിലല്ല, ദേഹിയിലുമല്ല, അവന്റെ ആത്മാവിലാണ്."




**പുതിയ സൃഷ്ടിയാകുന്നത് ആത്മാവ് മാത്രമാണ്. ദേഹിക്കും ദേഹത്തിനും ഒരു മാറ്റവും സംഭവിക്കുന്നില്ല.**


ചിത്രം – 3

## ആദത്തിന്റെ പാപവും മനുഷ്യഘടനയിലെ മാറ്റവും




**പാപം ചെയ്യുന്നതിനുമുമ്പ് മനുഷ്യൻ തേജസ്സിൽ നിറയപ്പെട്ടിരിക്കുന്നു.**

ചിത്രം – 4




**പാപം ചെയ്തപ്പോൾ തേജസ്സ് നഷ്ടപ്പെടുകയും ആത്മാവ്, ദേഹി, ദേഹം പിശാചിനാൽ മലിനപ്പെടുകയും ചെയ്തു**

ചിത്രം – 5

പുതിയ സൃഷ്ടിയാകുന്നതിനു മുമ്പ്, നമ്മുടെ ആത്മാവിൽ മുഴുവനും പിശാച് സ്വാധീനിച്ചിരിക്കുകയായിരുന്നു. ആദം പാപം ചെയ്ത നിമിഷം ആദത്തിന് ദൈവതേജസ്സ് കൊടുത്തിരുന്ന ദൈവാത്മാവുമായുള്ള ബന്ധം ആദത്തിന് നഷ്ടപ്പെട്ടു. അതോടെ ദൈവീകതേജസ്സും നഷ്ടപ്പെട്ടു.

**"ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു." (റോമർ. 3:23)**

ആദം പാപം ചെയ്തപ്പോൾ നാം എല്ലാവരും ആദത്തിൽ ഉണ്ടായിരുന്നു. അതുകൊണ്ട് നമ്മുടെയെല്ലാം തേജസ്സ് ആദത്തോടൊപ്പം നഷ്ടപ്പെട്ടു. ആദം ദൈവത്തോടു അനുസരണക്കേടു കാണിക്കുകയും പിശാചിനെ അനുസരിക്കുകയും ചെയ്തിന്റെ ഫലമായി പിശാച് ആദത്തിന്റെ ദേഹിയിലൂടെ ആദത്തിന്റെ ആത്മാവിൽ സ്ഥാനം പിടിക്കുകയും ചെയ്തു. 'മനുഷ്യനിലെ ആത്മാവ് യഹോവയുടെ ദീപമാണ്'.

**"മനുഷ്യന്റെ ആത്മാവു യഹോവയുടെ ദീപം അതു ഉദരത്തിന്റെ അറകളെ ഒക്കെയും ശോധന ചെയ്യുന്നു." (സദൃ. 20:27)**

പിശാച് എപ്പോഴും ദൈവസ്ഥാനം ആഗ്രഹിക്കുന്നവനാണ്.

**"ഞാൻ സ്വർഗ്ഗത്തിൽ കയറും എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും. ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും."**
**(യെശ 14:13)**

ഇതുകൊണ്ടാണ് നാം ആത്മാവിൽ പുതിയ സൃഷ്ടികളായി തീർന്നപ്പോൾ അന്ധകാരത്തിൽ നിന്ന് (പിശാചിന്റെ പിടിയിൽ നിന്ന്) നമ്മെ വിണ്ടെടുത്തുവെന്ന് വചനം പറയുന്നത്.

**"നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു." (കൊലൊ 1:13)**

**"അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിനു അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽ നിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയയ്ക്കുന്നു എന്നു കല്പിച്ചു." (അപ്പോ. 26:18)**

നമ്മുടെ ആത്മാവിൽ ദൈവത്തിന്റെ ആത്മാവ് വസിച്ചിരുന്നപ്പോൾ എല്ലാം നല്ലതും പരിശുദ്ധവും ആയിരുന്നു. എന്നാൽ എപ്പോൾ ആദം (ദേഹി) **(ഉൽപ. 2:7)** കൊടുത്ത അധികാരത്തിലൂടെ പിശാച് ആദത്തിന്റെ ആത്മാവിൽ സ്ഥാനം പിടിച്ചുവോ, ആദത്തിന്റെ മനസ്സിലെ ചിന്തകളും അതോടൊപ്പം തന്നെ ആത്മാവും ശരീരവും എല്ലാ പൂർണ്ണമായി മലിനമായിത്തീർന്നു.

**"ജ്ഞാനിയോടു കൂടെ നടന്നാൽ നീയും ജ്ഞാനിയാകും."**


**(സദൃ. 13:20)**

എന്നാൽ ഭോഷനോടു കൂടെ നടന്നാൽ നീയും ഭോഷനാകും. ദൈവം പരിശുദ്ധമായി സൃഷ്ടിച്ച മനുഷ്യൻ പിശാചിന്റെ സ്വഭാവമുള്ളവനായി മാറി, ചിന്തകളെല്ലാം തിന്മയായി മാറി. മനുഷ്യഘടനയിൽ ഏറ്റവും പ്രധാനപ്പെട്ടതും ഉന്നതവുമാണ് ആത്മാവ്. അതിന് താഴെ ദേഹി ഏറ്റവും താഴെയാണ് ശരീരം. ഏത് മണ്ഡലത്തിൽ നാം ആയിരിക്കുന്നവോ ആ മണ്ഡലവുമായി ബന്ധപ്പെടുക (Communicate) എന്നതാണ് ശരീരത്തിന്റെ ഉദ്ദേശ്യം (Purpose).

**ദേഹി**

ദേഹിയെക്കുറിച്ച് നാം നന്നായി മനസ്സിലാക്കിയെങ്കിൽ മാത്രമേ ആത്മീയ വളർച്ച എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുകയുള്ളു.

നമ്മുടെ ദേഹി (Soul)യിൽ മൂന്നു ഭാഗങ്ങൾ ഉണ്ട്, മനസ്സ്, ഇച്ഛ, വികാരം (Mind, Will & Emotion). ചിന്തിക്കുന്നത് മനസ്സിലും, തീരുമാനം എടുക്കുന്നത് ഇച്ഛയിലുമാണ്. (Will)തീരുമാനം നടപ്പിലാക്കുമ്പോൾ ഉപയോഗിക്കുന്ന ഭാവഭേദങ്ങൾ (ചിരി, ദേഷ്യം, കരച്ചിൽ തുടങ്ങിയവ) വികാരത്തിലുമാണ് (Emotion). ചിത്രം ശ്രദ്ധിക്കുക.





ചിത്രം – 6

## ദേഹിയിൽ നിന്ന് ജഡത്തിലേക്കുള്ള വീഴ്ച

ദൈവാത്മാവ് മനുഷ്യനെ വിട്ടുപോവുകയും ആ സ്ഥാനം പിശാച് കൈയ്യേറുകയും ചെയ്തപ്പോൾ മനുഷ്യൻ ദൈവം നൽകിയ അവസ്ഥയിൽ നിന്നും തരം താഴ്ത്തപ്പെട്ടു, അഥവാ പദവി നഷ്ടപ്പെട്ടു (degrade) ആദാമിനെ സൃഷ്ടിച്ചപ്പോൾ ആദാമിന് ഒരേ സമയം രണ്ടു ലോകവുമായി ബന്ധപ്പെടുവാൻ പറ്റുമായിരുന്നു കാരണം ആദാമിന് രണ്ട് ശരീരമുണ്ടായിരുന്നു.

1. പുറമെയുള്ള ശരീരം (Physical Body) ഭൗതിക ലോകവുമായി ബന്ധപ്പെടാൻ (തോട്ടത്തിൽ വേല ചെയ്യാനും മറ്റും)
2. ആത്മശരീരം (Spiritual Body) ദൈവവുമായി, ആത്മലോകവുമായി ബന്ധപ്പെടാൻ.

ഈ രണ്ടു ശരീരം ഉണ്ടായിരുന്നെങ്കിലും ദൈവം അവനെ നിറുത്തിയിരുന്നത് ദേഹി (Soul) യിൽ ആയിരുന്നു (ചിത്രം 7) അതായത് മദ്ധ്യഭാഗത്ത്.




**ഒരു സമയത്ത് രണ്ട് ലോകത്തിൽ (മണ്ഡലത്തിൽ) ജീവിച്ചിരുന്ന ആദം**

ചിത്രം - 7

ആത്മാവ് (Spirit) - ഒന്നാം സ്ഥാനം (രാജാവ്)
ദേഹി (Soul) - രണ്ടാം സ്ഥാനം (വേലക്കാരൻ)
ദേഹം (ജഡം) (body) - മൂന്നാം സ്ഥാനം (അടിമ)

**ഉല്പത്തി 2:7** ൽ പറയുന്നു, ദൈവം ഭൂമിയിൽ നിന്നും മണ്ണെടുത്ത് ഒരു മനുഷ്യരൂപം ഉണ്ടാക്കി, തന്റെ ശ്വാസം അതിലേക്ക് ഊതി. ഭൂമിയിൽ (മണ്ണിൽ) നിന്നെടുത്തതും വിണ്ണിൽ നിന്നുള്ളതും കൂടിച്ചേർന്നപ്പോൾ പുതിയത് ഒന്ന് ഉണ്ടായി. **മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു.** ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മനുഷ്യനെ നിയന്ത്രിച്ചിരുന്ന ഭാഗം ദേഹിയായിരുന്നു. അതേസമയം തന്നെ,

അവനൊരു ആത്മശരീരവും (Spiritual body) ഭൗതികശരീരവും (Physical body) ഉണ്ട്. ഇഷ്ടമുള്ളത് അവന് ചലിപ്പിക്കാം.

ഒന്ന് ആത്മാവ് (Spirit) ഉയർന്നതിനെയും (Promotion) അതായത് ജീവനേയും, ശരീരം താഴ്ന്നതിനേയും (Demotion) അതായത് മരണത്തേയും പ്രതിനിധാനം ചെയ്യുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ ജീവനും മരണവും ദൈവം മനുഷ്യന്റെ മുമ്പിൽ വെച്ചിരുന്നു. ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യന് നൽകിയിരിക്കുന്നു. **(ഉല്പ. 2:9, 16,17, ആവർ. 30:19, സദൃ.18:21)** അതിനായി പ്രധാനമായും രണ്ടു വൃക്ഷങ്ങളെ അവന്റെ മുമ്പിൽ വച്ചു.

1. ജീവന്റെ വൃക്ഷം (Promotion) (ജീവൻ)
2. നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം (മരണം)

നന്മ തിന്മകളുടെ വൃക്ഷഫലം കഴിക്കരുതെന്നും കഴിച്ചാൽ അന്നാളിൽ നീ മരിക്കുമെന്നും ദൈവം അവന് താക്കീത് കൊടുത്തു. പക്ഷേ നന്മ തിന്മകളുടെ വൃക്ഷഫലം മനുഷ്യൻ തിരഞ്ഞെടുത്തപ്പോൾ ആത്മാവുമായുള്ള (Spirit) ബന്ധം അവസാനിക്കുകയും ദൈവവുമായി വേർതിരിക്കപ്പെട്ട് ആത്മീകമായി മരിക്കുകയും ചെയ്തു. അപ്പോൾ ദൈവം അവരെ ഏദെൻ തോട്ടത്തിൽ നിന്ന് ഇറക്കിക്കളഞ്ഞു.

**"അവനെ എടുത്തിരുന്ന നിലത്തു കൃഷി ചെയ്യേണ്ടതിനു യഹോവയായ ദൈവം അവനെ ഏദെൻ തോട്ടത്തിൽ നിന്നും പുറത്താക്കി." (ഉല്പ. 3:23)**

എന്നുവച്ചാൽ രണ്ടാം തലത്തിൽ നിന്നും മൂന്നാം തലമായ ജഡത്തിലേക്ക് അവർ മാറ്റപ്പെട്ടു. ആദ്യം ദൈവം മനുഷ്യൻ ജീവനുള്ള അല്ലെങ്കിൽ ആത്മാവുള്ള ദേഹിയാണെന്ന് പറഞ്ഞു (ഉല്പത്തി 2:7) അതായത് രണ്ടാം സ്ഥാനം.

എന്നാൽ മനുഷ്യൻ പാപം ചെയ്തതിനു ശേഷം, മനുഷ്യൻ ദേഹി

യെന്നല്ല പകരം ജഡമെന്നാണ് പറയുന്നത്. ദൈവം പറയുന്നു, “മനുഷ്യൻ വെറും ജഡമാണ്.”

**“മനുഷ്യനിൽ എന്റെ ആത്മാവു സദാകാലവും വാദിച്ചു കൊണ്ടിരിക്കയില്ല; അവൻ ജഡം തന്നെയല്ലോ.” (ഉല്പ. 6:3)**

ഇതിന്റെ അർത്ഥം മനുഷ്യന് ദേഹി ഇല്ല എന്നല്ല, അവനെ നിയന്ത്രിക്കുന്നത് ഇപ്പോൾ ജഡമായി മാറിയിരിക്കുന്നു, അതായത് മൂന്നാം സ്ഥാനം ആദ്യം അവന് ദേഹി (Soul) യിൽ നിന്നുകൊണ്ട് ആത്മ മണ്ഡലവും (Spirit world) അതേ സമയം ഭൗതിക മണ്ഡലവും (Physical World) കാണാമായിരുന്നു. എന്നാൽ താൻ താഴ്ത്തപ്പെട്ടതോടെ ആത്മമണ്ഡലത്തിന്റെ ബോധ്യം മനുഷ്യനു നഷ്ടപ്പെട്ടു.

ദൈവം ഒന്നാം സ്ഥാനത്ത്, ആത്മാവിൽ (spirit controlled) ആകണമെന്ന് ആഗ്രഹിച്ചു സൃഷ്ടിച്ച മനുഷ്യൻ അതിന് പകരം മൂന്നാം സ്ഥാനത്തേക്ക് അതായത് ജഡത്തിലേക്ക് തള്ളപ്പെട്ടുപോയി. ഈ സാഹചര്യത്തിലാണ് വീണുപോയ മനുഷ്യനെ വീണ്ടെടുക്കാനായി ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തുന്നത്.

> ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ടവരാണ് ദൈവത്തിന്റെ മക്കൾ. ദൈവം മനുഷ്യനെ സൃഷ്ടിച്ചതും അങ്ങനെ ഒരു ഉദ്ദേശ്യത്തോടെയായിരുന്നു. അതായത് ആത്മാവ് പറയുന്നതിനെ, ദേഹി അത് ഏറ്റെടുത്ത് ശരീരത്തെക്കൊണ്ട് നിവർത്തിക്കും.

കാൽവരി ക്രൂശിൽ ദൈവം ക്രിസ്തുവിലൂടെ ദൈവസ്നേഹം വ്യക്തമാക്കുന്നു. ഒരു പാപവും ചെയ്യാത്തവൻ നമുക്കുവേണ്ടി ഈ ഭൂമിയിൽ വന്നു, ഒരുവൻ പാപം ചെയ്തപ്പോൾ അത് എല്ലാവരിലേക്കുംവ്യാപിച്ചു. ആദം പാപം ചെയ്തതു മുഖേന നാം എല്ലാവരും പാപികളായി ആദാമിന്റെ തലമുറയായി കടന്നുവന്നു.

നാം ഓരോരുത്തരും ദൈവത്തിൽ നിന്നും വേർതിരിക്കപ്പെട്ടാണ് ഭൂമിയിലേക്ക് കടന്നു വന്നത്. ഏതു നിമിഷത്തിലാണോ നാം യേശുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചത് ആ നിമിഷം ദൈവവുമായി യാതൊരു ബന്ധവുമില്ലാത്ത നമ്മുടെ പഴയ ആത്മാവ് ക്രൂശിക്കപ്പെടുകയും, ആത്മാവിൽ നാം പുതിയതായി ജനിക്കപ്പെടുകയും ചെയ്തു. **(യെഹ.36:25–26, ഗലാ 2:20, 2 കൊരി 5:17)**

**റോമർ 8:14** ൽ പറയുന്നു, **“ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ടവരാണ് ദൈവത്തിന്റെ മക്കൾ.”**

ദൈവം മനുഷ്യനെ സൃഷ്ടിച്ചതും അങ്ങനെ ഒരു ഉദ്ദേശ്യത്തോടെയായിരുന്നു അതായത് "ആത്മാവ് പറയുന്നതിനെ, ദേഹി ഏറ്റെടുത്ത് ശരീരത്തെക്കൊണ്ട് അത് നിവർത്തിക്കും." ഈ ദിശ (Direction) ഒന്നു മാറിയാൽ, അതായത് തിരിച്ച് ശരീരം പറയുന്നത് നിവർത്തിച്ചാൽ മരണം നിശ്ചയം.

**റോമ. 8:13 ൽ "നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം."**

എന്തും ആരംഭിക്കേണ്ടത് ആത്മാവിൽ നിന്നും ആയിരിക്കണം. കാഴ്ചയാൽ നാം ജീവിച്ചാൽ ജീവിക്കുന്നത് ജഡപ്രകാരം ആയിരിക്കും. എന്നാൽ വിശ്വാസത്താൽ ജീവിക്കുന്നുവെങ്കിൽ ജീവിക്കുന്നത് ആത്മാവിൽ നിന്നുമായിരിക്കും.

ദൈവം ശരീരത്തെ (Body) സൃഷ്ടിച്ചത് ഭൗതികലോകവുമായി ബന്ധപ്പെടുവാനാണ്. പക്ഷേ ആത്മാവിൽ പിശാച് കൈയ്യേറിയപ്പോൾ പൈശാചികന്റേതായ പദ്ധതികൾ (Program) ദേഹിയിലും ശരീരത്തിലും നിറഞ്ഞു. നിറഞ്ഞിരിക്കുന്ന പാൽ പാത്രത്തിൽ ഒരു തുള്ളി മഷി വീണാൽ ആ പാലിന്റെ വെണ്മ നശിച്ച് അത് നീലനിറമായി മാറും. അതുപോലെ പരിശുദ്ധമായി ദൈവം സൃഷ്ടിച്ച ഈ ശരീരം (Body) വെറും ജഡമായി (Flesh) മാറി മനുഷ്യന്റെ ചിന്തകൾ മലിനമായി. തുടർന്ന് നമുക്ക് നന്മ കാണുവാൻ കഴിയാതെയായി. ഒരു വ്യക്തിയിൽ 95% നന്മയുണ്ടെങ്കിലും നാം ആ വ്യക്തിയിലുള്ള നന്മ കാണാതെ 5% തിന്മയേ കാണുകയുള്ളു. ദൈവം സൃഷ്ടിച്ച സമയത്ത് മനുഷ്യൻ നിഷ്കളങ്കനായിരുന്നു. എന്നാൽ **യഥാർത്ഥ ദൈവപൈതൽ ഒരു വ്യക്തിയിൽ 99% തിന്മയുണ്ടെങ്കിലും 1% നന്മയെ കണ്ടിട്ട് അത് എടുത്തു പറഞ്ഞ് ഈ 99% തിന്മയേയും നന്മയാക്കി മാറ്റും.**

കാൽവരി ക്രൂശിൽ രണ്ട് കള്ളന്മാരുടെ മദ്ധ്യേ കിടക്കുന്ന യേശുവിനെ നോക്കാം. ഈ രണ്ട് കള്ളന്മാർ ഒരു പക്ഷേ ജനിച്ച് വളരാൻ തുടങ്ങിയപ്പോൾ മുതൽ കള്ളന്മാരായിരിക്കാം, പലരേയും കൊന്നിട്ടുണ്ടാകാം, രണ്ടുപേരും ആദ്യം യേശുവിനെ ദുഷിച്ചു പറഞ്ഞു. കർത്താവിന്റെ ക്രൂശിലെ പ്രതികരണം കണ്ടപ്പോൾ ***(യേശു പറഞ്ഞു: ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല ഇവരോടു ക്ഷമിക്കേണമേ)*** ഒരു കള്ളൻ പറയുകയാണ്, "നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നേയും കൂടെ ഓർക്കണമേ" എന്ന്. ഇത് ഒരുപക്ഷേ

അവന്റെ ജീവിതത്തിലെ ആദ്യത്തെ നന്മയുടെ വാക്കായിരിക്കാം. ആ ഒറ്റ നന്മയിൽ പിടിച്ച് ബാക്കി 99% തിന്മയും മറന്ന് അവനെ ദൈവരാജ്യത്തിലേക്ക് കൂട്ടിച്ചേർത്തു. നാമും യേശുവിനെപ്പോലെ വ്യക്തികളിലെ (99% തിന്മയേയും കാണാതെ ആ 1% നന്മയെ കണ്ട് പ്രോത്സാഹിപ്പിച്ച് 99% തിന്മയേയും നന്മയാക്കി മാറ്റുക. ക്രിസ്തുവിനെ നമ്മുടെ മാതൃകയാക്കി മാറ്റുക.

## പ്രധാന തത്വങ്ങൾ

1. ആദാം പാപം ചെയ്ത അന്ന് മുതൽ ദൈവമുണ്ടെന്ന് ദേഹിയിൽ നമുക്ക് അറിയാമെങ്കിലും ആത്മാവിൽ ദൈവസാന്നിദ്ധ്യം തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. കാരണം ആദം പാപം ചെയ്തപ്പോൾ നാം ആത്മാവിൽ ദൈവത്തിൽ നിന്ന് വേർതിരിക്കപ്പെട്ടു.
2. ഒരുവൻ പുതിയ സൃഷ്ടിയാകുന്നത് അവന്റെ ശരീരത്തിലല്ല, ദേഹിയിലല്ല, പിന്നെയോ ആ വ്യക്തിയുടെ ആത്മാവിലാണ്.
3. എന്തും ആരംഭിക്കേണ്ടത് ആത്മാവിൽ നിന്നും ആയിരിക്കണം. കാഴ്ചയാലല്ല വിശ്വാസത്താൽ, ജീവിക്കണം. കാഴ്ചയാൽ നാം ജീവിച്ചാൽ അത് ജഡപ്രകാരം ആയിരിക്കും. വിശ്വാസത്താൽ ജീവിക്കുന്നുവെങ്കിൽ അത് ആത്മാവിൽ നിന്നുമായിരിക്കും.
4. ദൈവത്തിന്റെ സാദൃശ്യപ്രകാരം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. ദൈവം; പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നതുപോലെ മനുഷ്യൻ; ആത്മാവ്, ദേഹി, ദേഹം എന്നിങ്ങനെ ആയിരിക്കുന്നു.
5. മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മനുഷ്യനെ നിയന്ത്രിച്ചിരുന്ന ഭാഗം ദേഹിയായിരുന്നു. അതേസമയം തന്നെ അവനൊരു ആത്മശരീരവും (Spiritual body) ഭൗതികശരീരവും (Physical Body) ഉണ്ട്.
6. ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവരാണ് ദൈവത്തിന്റെ മക്കൾ. ദൈവം മനുഷ്യനെ സൃഷ്ടിച്ചതും അങ്ങനെ ഒരു ഉദ്ദേശ്യത്തോടെയായിരുന്നു, അതായത് ആത്മാവ് പറയുന്നതിനെ, ദേഹി ഏറ്റെടുത്ത് ശരീരത്തെകൊണ്ട് അത് നിവർത്തിക്കും.



അദ്ധ്യായം 4

# അദൃശ്യലോകത്തിൽനിന്നും ദൃശ്യലോകത്തിലേക്കുള്ള പ്രവേശനം

"കാണുന്നത് താല്കാലികം കാണാത്തത് നിത്യം" (2 കൊരി 4:18)

പുതിയ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ഭരിക്കുവാൻ വേണ്ടിയാണ്.

**"വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ." (വെളി 1:5)**

**"ഞങ്ങളുടെ ദൈവത്തിനു അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു. അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ടു അവർ പാടുന്നു." (വെളി 5:10)**

ദൈവം ആഗ്രഹിച്ച യഥാർത്ഥ മനുഷ്യൻ ആത്മാവാണ്. അതുകൊണ്ടാണ് ദൈവവചനം ഇങ്ങനെ പറയുന്നത്.

യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചതു എന്തെന്നാൽ; 'തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും' **(ഉല്പ 2:16–17)**. അതുകൊണ്ടാണ് ആദം ദൈവത്തോട് അനുസരണക്കേട് കാണിച്ചപ്പോൾ ശരീരത്തിൽ മരിക്കാതെ ആത്മാവിൽ മരിച്ചത്.

എന്നാൽ ദൈവം മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചപ്പോൾ മനുഷ്യനെ നിയന്ത്രിക്കുന്ന ഭാഗം (Controlling part) ദേഹി (soul) ആയിരുന്നു.

യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി,

**"മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു"(ഉല്പ 2:7)**

എന്നാൽ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ നമ്മുടെ ആത്മാവ് പുതിയതായി സൃഷ്ടിക്കപ്പെടുന്നു **(2 കൊരി 5:17)**. അങ്ങനെ കർത്താവ് ആഗ്രഹിച്ചതുപോലെ മനുഷ്യനെ നിയന്ത്രിക്കുന്ന ഭാഗം **"മലിനമായ ദേഹിയിൽനിന്നും പുതിയതായി സൃഷ്ടിക്കപ്പെട്ട ആത്മാവിലേക്കായി"** (spirit) മാറുന്നു.

പുതിയതായി സൃഷ്ടിക്കപ്പെട്ട വ്യക്തി ഒരാത്മീയ മനുഷ്യനാണ്. ദൈവവചനം പറയുന്നു, 'ക്രിസ്തുവിനോട് ചേരുന്നവൻ ക്രിസ്തുവുമായി ഒരാത്മാവായിത്തീരുന്നു',

**"കർത്താവിനോട് പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു"(1 കൊരി 6:17).**

ഇത് അർത്ഥമാക്കുന്നത് പുതിയതായി സൃഷ്ടിക്കപ്പെട്ട മനുഷ്യാത്മാവും, ദൈവാത്മാവും കൂടിച്ചേർന്ന് ഒരാത്മാവായിത്തീർന്നിരിക്കുന്നു. ഈ വ്യക്തിയാണ് വീണ്ടെടുക്കപ്പെട്ടവരുടെ മണ്ണു കൊണ്ടുള്ള ഉടുപ്പായ ശരീരത്തിന്റെ ഉള്ളിലെ **"പുതിയ സ്വർഗ്ഗീയമനുഷ്യൻ".** മണ്ണു കൊണ്ടുള്ള ഉടുപ്പ് നശിക്കും, പക്ഷെ **"പുതിയ സ്വർഗ്ഗീയമനുഷ്യൻ"** ഒരിക്കലും മരിക്കുകയില്ല.


ഓ! എത്ര വലിയ അനുഗ്രഹമാണ് ദൈവം മനുഷ്യവർഗ്ഗത്തിന് നല്കിയിരിക്കുന്നത്. 'ദൈവത്തിന്റെ ജീവൻ നമ്മുടെ ഉള്ളിൽ, നാം കർത്താവുമായി ഒരാത്മാവായിരിക്കുന്നു. ദൈവം നമ്മുടെ ഉള്ളിൽ വസിക്കുന്നു, അതിനാൽ നമ്മിലൂടെ സ്വർഗ്ഗം ഭൂമിയിലായിരിക്കുന്നു'.

***"പ്രിയ വായനക്കാരെ, സഹോദരങ്ങളെ, നമ്മുടെ ഉള്ളിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള ഈ നിത്യജീവനാൽ നിങ്ങൾ ഇപ്പോൾ പ്രസരിക്കപ്പെടുന്നുവോ? ഇപ്പോൾ ഈ സ്വർഗ്ഗീയ ലേഖനം വായിക്കുന്ന ഓരോരുത്തരും ഞാനിപ്പോൾ അനുഭവിക്കുന്ന അതെ അഭിക്ഷേകത്താൽ നിറയണമെയെന്നും, അത് ഓരോ ദിവസവും വർദ്ധിച്ച് വരട്ടെയെന്നും ഞാൻ ഹൃദയത്തിന്റെ ആഴത്തിൻ നിന്നും ദൈവത്തോട് പ്രാർത്ഥിക്കുന്നു".***

**"ഞാൻ നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും; നിങ്ങൾ നിർമ്മലരായിത്തീരും, ഞാൻ നിങ്ങളുടെ സകല മലിനതയെയും സകലവിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും."**

**(യെഹെ 36:25)**

എഫെസ്യ 4:23 ൽ കാണുന്നു. **"നിങ്ങളുടെ ഉള്ളിലെ മനസ്സ് സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതു മനുഷ്യനെ പുതിയ ആത്മാവിനെ (New spirit) ധരിച്ചു കൊൾവിൻ (NIV)".** ഇതു തന്നെയാണ് റോമർ 12:2 ലും പറയുന്നത്.




**ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട (വീണ്ടെടുക്കപ്പെട്ട) ആത്മമനുഷ്യനും ഇതുവരെ വീണ്ടെടുക്കപ്പെട്ടിട്ടില്ലാത്ത ദേഹിയും ദേഹവും**

ചിത്രം - 8

## ലോകത്തെ ജയിക്കുന്നവർ

പുതിയ മനുഷ്യൻ ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

**"ദൈവത്തിൽ നിന്നും ജനിച്ചതൊക്കെ ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ."**
**(1 യോഹ 5:4)**

ലോകത്തെ ജയിച്ച ജയം എന്നുപറഞ്ഞാൽ നാം ഓരോരുത്തരുടെയും വിശ്വാസം അത്രേ. എപ്പോഴൊക്കെ നാം വിശ്വാസത്താൽ പ്രവർത്തിക്കുന്നുവോ അപ്പോഴെല്ലാം ലോകത്തിന്റെ നിയമം നമ്മുടെ മുമ്പിൽ കീഴടങ്ങും.നാം ഒരേസമയം ജീവിക്കുന്നത് രണ്ടുലോകത്തിലാണ്.

യേശു ലോകത്തെ ജയിച്ചു എന്നുപറയുന്നത് ഭൂതകാലത്തിലാണ് (Past Tense) എന്നാൽ നാം ജയിക്കുന്നു എന്നു പറയുമ്പോൾ അത്

ഭൂതകാലമല്ല, പിന്നെയോ തുടർന്നുകൊണ്ടേയിരിക്കുന്ന വർത്തമാന കാലമാണ് (Present Continuous Tense) അതായത് അത് നമുക്കാർക്ക് വേണമെങ്കിലും പ്രാപിക്കാം. ലോകത്തെ ജയിച്ച ജയം എന്നുപറ ഞ്ഞാൽ നാം ഓരോരുത്തരുടെയും വിശ്വാസം അത്രേ. എപ്പോഴൊക്കെ നാം വിശ്വാസത്താൽ പ്രവർത്തിക്കുന്നുവോ അപ്പോഴെല്ലാം ലോക ത്തിന്റെ നിയമം നമ്മുടെ മുമ്പിൽ കീഴടങ്ങും.

യേശുവും തുടർന്ന് പത്രോസും വെള്ളത്തിന്മീതെ നടന്നത് ഇതിനെ തെളിയിക്കുന്നു **(മത്താ 14:22–33)**. ഭൂമിക്ക് ഭൂഗുരുത്വാകർഷണബലം (Gravitational force) എന്ന് പറയുന്ന ഒരു നിയമം ഉണ്ട്. ജലത്തിന് വിസ്കോസിറ്റി എന്നുപറയുന്ന നിയമവും ഉണ്ട്. ഈ ലോകത്തിന്റെ നിയമങ്ങളെ അതിജീവിച്ച്, ‘g = 9.8 ’എന്ന ഗ്രാവിറ്റേഷൻ ഫോഴ്സിനെ കീഴടക്കിക്കൊണ്ടാണ് കർത്താവ് വെള്ളത്തിനുമീതെ നടന്നത്. ഉയർന്ന ദൈവരാജ്യത്തിന്റെ നിയമം വരുമ്പോൾ താഴ്ന്ന ലോകരാജ്യത്തിന്റെ നിയമം പരാജയപ്പെടുന്നു. പുതുമനുഷ്യനെ സൃഷ്ടിച്ച ഉയരത്തിലുള്ള നിയമം വന്നപ്പോൾ താഴത്തെ നിയമം മാറിപ്പോയി. താഴത്തെ രാജ്യ ത്തിലെ (ലോകത്തിലെ) ചിന്തകൾ പ്രകാരം എന്തുതിന്നും എന്തുകു ടിക്കും തുടങ്ങിയവ ചിന്തിച്ച് ആകുലപ്പെടാതെ ഉയരത്തിലെ രാജ്യ ത്തിൽ (ദൈവരാജ്യത്തിൽ) ജനിച്ചിരിക്കുന്ന നാം ഓരോരുത്തരും താഴത്തെ രാജ്യത്തെ സൃഷ്ടിച്ച പിതാവിന്റെ പ്രവർത്തനരീതി (Principles, working method) മനസ്സിലാക്കി ജീവിച്ചുകൊണ്ട് ദൈവഹിതം ചെയ്യുവാൻ ഇടയാകണം. അതായത് നമ്മുടെ പ്രവർത്തനരീതി ലോക ത്തിന്റെ പ്രവർത്തനരീതിയിൽനിന്ന് ദൈവരാജ്യത്തിന്റെ രീതിയായി മാറണം.

**“മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോ ടുകൂടെ ഇതൊക്കെയും നിങ്ങൾക്കു ലഭിക്കും.” (മത്താ 6:33)**

## ഒരേ സമയം രണ്ട് ലോകത്തിൽ ജീവിക്കുന്നവർ

### ഭൗതികലോകവും ആത്മീയലോകവും

> നാം ഒരേസമയം ജീവിക്കു ന്നത് രണ്ടുലോകത്തിലാണ്.

1. ദൃശ്യലോകം (ഭൗതികലോകം)
2. അദൃശ്യലോകം (ആത്മീയലോകം)

പത്രോസ് വെള്ളത്തിന്മീതെ നടന്നതിനും മുങ്ങിപ്പോകുവാൻ തുട ങ്ങിയതിനും ഒരു സന്ദേശമുണ്ട്, നാം ഒരേസമയം ജീവിക്കുന്നത് രണ്ടു

ലോകത്തിലാണ്.

**2 കൊരി. 4:18** ൽ പറയുന്നു. **"കാണുന്നതിനെയല്ല; കാണാത്ത തിനെയത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു. കാണുന്നത് താല്കാലികം, കാണാത്തതോ നിത്യം."**

അബ്രഹാം, യിസ്ഹാക്ക് തുടങ്ങിയ വ്യക്തികൾ ഈ കാണുന്ന ലോകത്തിൽ വന്നിട്ട് പോയെങ്കിലും അവർ അദൃശ്യലോകത്തിൽനിന്ന് വിട്ടുപോയിട്ടില്ല അതുകൊണ്ടാണ് ജനം (യഹൂദന്മാർ), അവർ മരിച്ചു എന്നുപറഞ്ഞ് യേശുവിനോടു തർക്കിക്കുമ്പോഴും യേശു പറഞ്ഞത് "ഇല്ല, ദൈവം മരിച്ചവരുടെ ദൈവമല്ല."

**"ദൈവമോ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവ മത്രേ; എല്ലാവരും അവന്നു ജീവിച്ചിരിക്കുന്നുവല്ലോ."**

**(ലൂക്കോ 20:38)**

ദൈവത്തിന് ആരും മരിക്കുന്നില്ല ദൈവവചനം പറയുന്നു 'എന്റെ വചനം പ്രമാണിക്കുന്നവർ ഒരുനാളും മരണം കാണുകയില്ല' (യോഹ 8:51). അബ്രഹാം മരിച്ചു എന്ന് യഹൂദന്മാർ യേശുവിനോട് വാദിക്കു മ്പോൾ യേശു പറയുകയാണ് അബ്രഹാം ഇപ്പോൾ എന്റെ ദിവസം കണ്ട് സന്തോഷിക്കുകയാണ്.

**"നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു; അവൻ കണ്ടു സന്തോഷിച്ചുമിരി ക്കുന്നു." (യോഹ 8:56)**

അദൃശ്യലോകത്തിൽ ദൂതന്മാരുണ്ട്. നമുക്ക് ഓരോരുത്തർക്കും ദൂത ന്മാരുണ്ട്. അവർ നമ്മൾ കാണാത്ത നമ്മുടെ വലിയപ്പൂപ്പനെയും അമ്മൂ മ്മയെയും കണ്ടിട്ടുണ്ട്. അവർ നമ്മൾ കാണാത്ത അബ്രഹാമിനെയും യിസഹാക്കിനെയും കണ്ടിട്ടുണ്ട്, അവർ ആദത്തെയും ഹവ്വയെയും കണ്ടിട്ടുണ്ട്. ഇന്നവർ നമ്മളെയും കാണുന്നു.

**"ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷി ച്ചുകൊൾവിൻ, സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു." (മത്താ 18:10)**

ആ ആത്മീയ ലോകത്തിൽ മരണമില്ല. എന്നാൽ ഭൗതികശരീര മുള്ള നാം ഓരോരുത്തരും ഭൗതികശരീരത്തിൽനിന്ന് മാറ്റപ്പെട്ടുകൊ ണ്ടിരിക്കുകയാണ്.

**2 കൊരി 4:16** ൽ പറയുന്നു. **"അതുകൊണ്ട് ഞങ്ങൾ ആധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നുവെങ്കിലും ഞങ്ങളുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു."**

## ദൈവീകമനുഷ്യന്റെ പ്രവർത്തനരീതി

ദൈവപരിജ്ഞാനം ലഭിച്ച വ്യക്തികൾ അകത്തെ മനുഷ്യനെ ഉപയോഗിച്ച് കാര്യങ്ങൾ നിർവ്വഹിക്കുന്നു. എന്നാൽ ഭൗതിക മനുഷ്യൻ (ലോകമനുഷ്യൻ) പുറമേയുള്ള മനുഷ്യനെ മാത്രം പ്രവർത്തിപ്പിച്ച് കാര്യങ്ങൾ നടത്തുന്നു. ഇതിനെയാണ് കാഴ്ചയാലുള്ള ജീവിതം എന്നുപറയുന്നത്. എന്നാൽ അകമെയുള്ള മനുഷ്യനെ ഉപയോഗിക്കുന്നതിനെയാണ് വചനത്തിൽനിന്ന് ഉത്ഭവിക്കുന്ന 'വിശ്വാസത്താൽ ഉള്ള ജീവിതം എന്നുപറയുന്നത്' (2 കൊരി 5:7). നമ്മുടെ രീതി അകത്തെ മനുഷ്യനാൽ പുറത്തെ മനുഷ്യനെ ഉപയോഗിക്കുക എന്നതാണ്.

> യഥാർത്ഥ ദൈവപൈതൽ പുറത്തുനിന്നും അകത്തേക്കുള്ള ജീവിതമല്ല, അകത്തുനിന്നും പുറത്തേക്കുള്ള ജീവിതരീതിയാണ് ഉപയോഗിക്കേണ്ടത്.

ദൈവമക്കൾ എന്നുപറഞ്ഞിട്ട് ദൈവം നമുക്ക് തന്ന രീതി ഉപയോഗിക്കാതെ ലോകത്തിന്റെ രീതി ഉപയോഗിക്കുന്നവരെപ്പോലെയോ, ഈ ലോക മനുഷ്യരെ പോലെയോ നാം ആയിരിക്കരുത്.

***യഥാർത്ഥ ദൈവപൈതൽ പുറത്തുനിന്നും അകത്തേക്കുള്ള ജീവിതമല്ല, അകത്തുനിന്നും പുറത്തേക്കുള്ള ജീവിതരീതിയാണ് ഉപയോഗിക്കേണ്ടത്.*** ദൈവമക്കളുടെ രീതിയായ അകത്തുനിന്നും പുറത്തേക്കുള്ള രീതി ഉപയോഗിച്ചപ്പോഴാണ് പത്രോസ് വെള്ളത്തിനു മുകളിൽക്കൂടി നടന്നത്. കർത്താവ് വെള്ളത്തിനു മീതെ നടന്നപ്പോൾ ലോകത്തിലെ നിയമങ്ങൾ പരാജയപ്പെട്ടു. അതുകണ്ട പത്രോസ് ഞാനും ഇപ്രകാരം ചെയ്യുവാൻ എന്നോടു കല്പിക്കേണം എന്ന് കർത്താവിനോട് അപേക്ഷി

> നമ്മുടെ രീതി അകത്തെ മനുഷ്യനാൽ പുറത്തെ മനുഷ്യനെ ഉപയോഗിക്കുക എന്നതാണ്.

ക്കുകയാണ്. പത്രോസിന് ഒരു കാര്യം വ്യക്തമായി അറിയാമായിരുന്നു, ഏത് കാര്യവും ആരംഭിക്കേണ്ടത് കർത്താവിൽ നിന്നും അതായത് വചനത്തിൽനിന്നും ആയിരിക്കണം. അല്ലായിരുന്നുവെങ്കിൽ പത്രോസ് യേശുവിനോട് ചോദിക്കാതെ, യേശു ചെയ്തതുകൊണ്ട് എനിക്ക് ചെയ്യാൻ പറ്റുമെന്ന് ചിന്തിച്ച് വെള്ളത്തിൽ ചാടി ഉടനെ മുങ്ങിപ്പോയേനെ.

**"എല്ലാ നല്ല ദാനങ്ങളും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്ന് വെളിച്ചങ്ങളുടെ പിതാവിൽനിന്ന് ഇറങ്ങിവരുന്നു." (യാക്കോ 1:17)**

പല മനുഷ്യരുടെയും വിശ്വാസം പരാജയപ്പെടുവാൻ കാരണം അവരുടെ വിശ്വാസം സ്വയത്തിൽ (Self) നിന്നും ലോകത്തിൽ നിന്നുമാണ് ആരംഭിക്കുന്നത്. ഇത്തരം വിശ്വാസത്തെ പറയുന്ന പേരാണ് സ്വയവിശ്വാസം (Self Confidence) എന്നാൽ ആത്മാവ് എടുത്തുതരുന്ന വചനത്തിൽനിന്നും വേണം വിശ്വാസം ആരംഭിക്കുവാൻ.

**"വിശ്വാസത്തിൽനിന്നും ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ." (റോമർ 14:23)**

ഇവിടെ പത്രോസിനറിയാം, എവിടെനിന്നും ആരംഭിക്കണമെന്ന്. പത്രോസ് ഇങ്ങനെ പറഞ്ഞു കർത്താവേ എങ്കിൽ ഞാനും നീ ചെയ്തതുപോലെ ചെയ്യുവാൻ കല്പിക്കേണമേ, ഇതാണ് പ്രാർത്ഥന, ഉടനെ യേശു ഒരു വചനത്തിലൂടെ പ്രാർത്ഥനയ്ക്കു ഉത്തരം കൊടുത്തു. "വരിക" [സംസാരിച്ച വചനം - (Rehma)] എന്നുപറഞ്ഞു. യേശു കർത്താവ് പത്രോസിന്റെ ആ ചോദ്യം കേട്ടപ്പോൾ എതിർത്തില്ല, പകരം വളരെ സന്തോഷമുണ്ടായി. കാരണം തന്റെ മക്കൾ എപ്പോഴും തന്നെ അനുകരിക്കുവാനാണ് യേശുകർത്താവ് ആഗ്രഹിക്കുന്നത്.

**"ആകയാൽ പ്രിയ മക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ." (എഫേ. 5:1)**

'വരിക' എന്നുകേട്ട വചനം കിട്ടിയ പത്രോസ് ഉടനെ വളരെ സന്തോഷത്തോടെ യേശുവിന്റെ അടുക്കലേക്ക് കുതിക്കുകയാണ്.

ഇവിടെ നാം മനസ്സിലാക്കേണ്ട സന്ദേശം, നാം എപ്പോൾ വചനപ്രകാരമുള്ള വിശ്വാസം, (നമ്മുടെ ചിന്തയിലുള്ള വിശ്വാസം അല്ല) ദൈവം നമുക്കുതന്ന "സംസാരിച്ച വചനത്തിൽ" (Rehma) നിന്നുമുള്ള വിശ്വാ

സത്തിൽ മുന്നോട്ട് കാൽ എടുത്തുവച്ചാൽ, ലോകത്തിലുള്ള സകല നിയമങ്ങളും നമുക്കു കീഴടങ്ങും. അതായത് ദൈവവചനത്തിന്റെ മുമ്പിൽ കീഴടങ്ങും.

ഇപ്പോൾ പത്രോസ് ജീവിക്കുന്നത് കാണപ്പെടാത്ത ലോകത്തിൽ (Invisible world) നിന്നുകൊണ്ടാണ്. കാണപ്പെടാത്ത ദൈവരാജ്യത്തിൽ നിന്നുകൊണ്ട് കാണപ്പെടുന്ന ലോകരാജ്യത്തിൽ കേട്ട വചനത്തിൽനിന്നുള്ള ('വരിക') സന്ദേശം ഉൾക്കൊണ്ട് പ്രവർത്തിക്കുകയാണ്. അതുകൊണ്ട് കാണപ്പെടുന്ന താഴ്ന്ന ലോകരാജ്യം കാണപ്പെടാത്ത ഉയർന്ന ദൈവരാജ്യത്തിനു മുമ്പിൽ കീഴടങ്ങി.

## ചിന്തയിലൂടെയുള്ള രാജ്യമാറ്റം

എന്നാൽ അടുത്ത നിമിഷം അടുത്ത സന്ദേശം നമുക്ക് തരികയാണ്. ഇവിടെ പത്രോസ് രാജ്യം മാറാൻ പോവുകയാണ്. രാജ്യം മാറുന്ന അവസ്ഥ എന്നുപറയുന്നത് ഇപ്പോൾ പത്രോസ് ജീവിക്കുന്നത് ആത്മാവിൽനിന്നാണ് കാരണം ദൈവവചനം കേട്ടു (വരിക) അതനുസരിച്ചുള്ള ചിന്തയാണ്. ഇപ്പോൾ അവന്റെ ജീവിതം പുറത്തുനിന്ന് അകത്തേക്കല്ല, അകത്തുനിന്നും പുറത്തേക്കാണ്. അതായത് ദൈവരാജ്യത്തിൽനിന്നും ലോകത്തിലേക്കാണ്. അകത്തുനിന്നു പുറത്തേക്കുള്ള അവന്റെ ജീവിതം വന്നപ്പോൾ അവൻ ലോകത്തെ ജയിച്ചു. എന്നാൽ തുടർന്ന് പത്രോസ് തന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെ അവൻ പുറത്തേക്കുള്ള താഴ്ന്ന ലോകത്തെ സ്പർശിച്ചു.

> നാം എപ്പോൾ വചനപ്രകാരമുള്ള വിശ്വാസം, (നമ്മുടെ ചിന്തയിലുള്ള വിശ്വാസം അല്ല) ദൈവം നമുക്കുതന്ന "സംസാരിച്ച വചനത്തിൽ" (Rehma) നിന്നുമുള്ള വിശ്വാസത്തിൽ മുന്നോട്ട് കാൽ എടുത്തുവച്ചാൽ, ലോകത്തിലുള്ള സകല നിയമങ്ങളും നമുക്കു കീഴടങ്ങും.

അവന്റെ കണ്ണ് കടലിലേക്കും അവന്റെ ചെവി കാറ്റിന്റെ ഇരമ്പൽ ശബ്ദങ്ങളിലേക്കും തുറന്നുകൊടുത്തു. പുറത്തുനിന്ന് (ലോകത്തിൽ നിന്ന്) അകത്തേക്ക് ജീവിക്കാൻ ആരംഭിച്ചു. അങ്ങനെ തന്റെ ഹൃദയത്തിലേക്കുള്ള രണ്ടു പ്രധാനവാതിലുകൾ (മത്താ 13:14) അവൻ തുറന്നുകൊടുത്തതിനാൽ ലോകത്തിന്റെ ചിന്തകൾ (കാറ്റിന്റെയും കടലിന്റെയും) അവന്റെ ഹൃദയത്തിലെ വചനത്തിന്റെ ചിന്തയെ ('വരിക' എന്നതിനെ) ഞെരുക്കി മാറ്റിക്കളഞ്ഞു. ഇപ്പോൾ പത്രോസ് തന്റെ ഹൃദയത്തിൽ ചിന്തയിൽ

രാജ്യം മാറി; ദൈവരാജ്യത്തിൽനിന്ന് ലോകരാജ്യത്തിലേക്ക് മാറി. അതായത് ഉയർന്ന രാജ്യത്തുനിന്ന് താഴ്ന്ന രാജ്യത്തിലേക്ക് മാറി. അതേ തുടർന്ന് ലോകത്തിന്റെ നിയമമായ ഭൂഗുരുത്വാകർഷണബലം പത്രോസിനെ വെള്ളത്തിലേക്ക് വലിച്ചുതാഴ്ത്തിഅതായത് അവൻ പുറത്തുനിന്ന് അകത്തേക്ക് ജീവിച്ചപ്പോൾ ലോകം അവനെ കീഴടക്കി. **(മത്താ 14:29-30)** ഇന്ന് ഭൂരിപക്ഷം വിശ്വാസികൾക്കും സംഭവിക്കുന്നത് ഇതാണ്. അവർ പുറത്തുനിന്നും അകത്തേക്ക് ജീവിച്ച് പരാജയപ്പെടുകയാണ്.

പുറത്ത്നിന്ന് അകത്തേക്ക് (കാഴ്ച്ചയാൽ) ജീവിച്ചാൽ ലോകം നമ്മളെ കീഴടക്കും. അകത്ത് നിന്ന് പുറത്തേക്ക് (കേട്ട വചനത്താൽ) ജീവിച്ചാൽ ലോകത്തെ നമ്മൾ കീഴടക്കും.

ഇതിൽ നിന്നും നമുക്ക് ലഭിക്കുന്ന സന്ദേശം ചിന്തയിലൂടെ നമ്മുടെ ദേഹിയെ ലോകത്തിൽ നിന്നും ദൈവരാജ്യത്തിലേക്കും പിശാചിന്റെ രാജ്യത്തിലേക്കും അങ്ങോട്ടും ഇങ്ങോട്ടും മാറ്റാവുന്നതാണ് എന്നാണ്. നമ്മുടെ ദേഹിയുടെ മനസ്സിലെ ചിന്തകൾ എവിടെയിരിക്കുന്നുവോ, അതിന്റെ പരിണതഫലം ഭൗതിക ലോകത്തുള്ള മനുഷ്യൻ തന്റെ ശരീരത്തിലൂടെ വിജയമായോ, പരാജയമായോ, രോഗമായോ, മറ്റെന്തെങ്കിലുമായോ അനുഭവിക്കുന്നതാണ്. മാത്രമല്ല അവസാനം ഈ ചിന്തകൾ നമ്മുടെ ദേഹിയെ നിത്യജീവനിലേക്കോ, നിത്യമരണത്തിലേക്കോ എത്തിക്കുന്നതും ആണ്.

ഒരു ലോക മനുഷ്യൻ അവന്റെ പ്രവർത്തനം ലോകത്തിൽ നിന്നാരംഭിച്ച് ലോകത്തിൽ അവസാനിപ്പിക്കുമ്പോൾ യഥാർത്ഥ ഒരു ആത്മീയ മനുഷ്യൻ അവന്റെ പ്രവർത്തനം അദൃശ്യലോകമായ ദൈവരാജ്യത്തിൽ നിന്നാരംഭിച്ച് ലോകത്തിൽ അവസാനിപ്പിക്കുന്നു.

ദേഹിയുടെ ഈ മാറ്റത്തെക്കുറിച്ച് അടുത്ത ഭാഗത്ത് നമുക്ക് കൂടുതലായി മനസ്സിലാക്കാം.

## മൂന്ന് മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ദേഹി

കർത്താവായ യേശു ഒരു തത്വം പറഞ്ഞു. "എവിടെയാണോ ഒരുവന്റെ നിക്ഷേപമിരിക്കുന്നത് അവിടെ അവന്റെ ഹൃദയവും ഇരിക്കും".

**"നിന്റെ നിക്ഷേപം ഉള്ളേടത്ത് നിന്റെ ഹൃദയവും ഇരിക്കും."**
**(മത്തായി 6:21)**

ഉൽപ്പത്തി പുസ്തകം 2:7 ലും ***("മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു")*** 1 കൊരി 15:45 ലും ***("ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായി തീർന്നു...")*** നിന്ന് നമുക്കറിയാം മനുഷ്യൻ എന്ന് പറഞ്ഞാൽ ഒരാത്മശരീരവും ഒരു ഭൗതികശരീരവും ഉള്ള ദേഹിയാണെന്ന്. നമ്മുടെ ദേഹിയെ നമുക്ക് ദൈവരാജ്യത്തിലോ, പിശാചിന്റെ രാജ്യത്തിലോ അല്ലെങ്കിൽ ലോകത്തിലോ നമ്മുടെ ചിന്തകൾ അനുസരിച്ച് നിർത്തുവാൻ കഴിയും. നമ്മൾ 'ദൈവവചന'ത്തിനനുസരിച്ച് ചിന്തിക്കുകയോ, ധ്യാനിക്കുകയോ ചെയ്യുമ്പോൾ നാം നമ്മുടെ ദേഹിയെ ദൈവരാജ്യത്തിൽ നിർത്തുകയാണ്. അതിന്റെ ഫലമായി ലോകത്തിലുള്ള നമ്മുടെ ശരീരത്തിലൂടെ ദൈവം നമ്മുടെ ജീവിതത്തിലാഗ്രഹിക്കുന്ന പരിശുദ്ധാത്മാവിന്റെ ദിവ്യഫലങ്ങൾ പുറപ്പെടുവാനിടയാകും. ഈ ആത്മാവിന്റെ (വചനത്തിന്റെ) ചിന്തകളുടെ പരിണിതഫലമായി അവസാനം നമ്മൾ നിത്യജീവൻ അവകാശമാക്കുവാൻ ഇടയാകും.

**"യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തിൽ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവൻ, ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും." (സങ്കീ 1:2-3)**

**"ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ."**
**(റോമർ 8:6)**

ആദം അനുസരണക്കേട് കാണിച്ച് ദൈവീക ഭരണത്തിൻ കീഴിൽ നിന്ന് പിശാചിന്റെ ഭരണത്തിൻ കീഴിലായത് പോലെ നാം അനുസരണക്കേട് കാണിക്കുകയും ജഡപരമായി ചിന്തിക്കുകയും ചെയ്യുമ്പോൾ നാം നമ്മെ തന്നെ (ദേഹിയെ) ദൈവരാജ്യത്തിൽ നിന്നും പിശാചിന്റെ രാജ്യത്തിലേക്ക് കൊണ്ടു വരികയാണ്. (ഉൽപ്പത്തി 3:23, റോമർ 5:12, 1 യോഹ 5:19) ദൈവവചനം പറയുന്നു എപ്പോൾ നാം ജഡപരമായി ചിന്തിക്കുന്നുവോ അപ്പോൾ നാം ദൈവത്തെ ശത്രുവായി മാറ്റുകയാണ്.

**"ജഡത്തിന്റെ ചിന്ത ദൈവത്തോടുള്ള ശത്രുത്വം ആകുന്നു."**
**(റോമർ 8:7)**


മറ്റൊരു രീതിയിൽ പറഞ്ഞാൽ ജഡത്തിന്റെ ചിന്ത ദൈവരാജ്യത്തെ നമ്മിൽ നിന്നകറ്റുകയും പൈശാചിക രാജ്യത്തെ നമ്മിലേക്ക് അടു

പ്പിക്കുകയും ചെയ്യുന്നു. നമ്മൾ ജഡപ്രകാരം ചിന്തിക്കുമ്പോൾ നാം നമ്മുടെ ദേഹിയെ പിശാചിന്റെ രാജ്യത്തിൽ നിർത്തുകയാണ്. അതായത് നമ്മുടെ ഹൃദയം പിശാചിന്റെ സ്വാധീന വലയത്തിലായിത്തീരുകയാണ്. അതിന്റെ പരിണിതഫലം പല തിന്മകളായും രോഗങ്ങളായും നമ്മുടെ ഭൗതിക സാഹചര്യത്തിലും ശരീരത്തിലും പ്രത്യക്ഷപ്പെടും (**ഇത് രോഗത്തിന്റെ കാരണങ്ങളിൽ ഒന്നു മാത്രമാണ്**). ദൈവവചനം പറയുന്നു, അസ്ഥിദ്രവത്വത്തിന്റെ കാരണം അസൂയയാണെന്ന്. **"അസൂയയോ അസ്ഥികൾക്ക് ദ്രവത്വം" (സദൃശ 14:30).** മാത്രമല്ല ഈ ജഡചിന്തയുടെ പരിണിതഫലമെന്താണെന്ന് അറിയാമോ ? **'നമ്മുടെ നിത്യമരണമാണ്'.**

**"ജഡത്തിന്റെ ചിന്ത മരണം." (റോമർ 8:6)**

മറുഭാഗത്ത് നാം നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ സഹായത്തോടെ ലോകപരമായി മാത്രം ചിന്തിച്ച് ജീവിക്കുകയാണെങ്കിൽ, നാം കാഴ്ച പ്രകാരം ജീവിക്കുന്നവരാണ്. അങ്ങനെ '**കാഴ്ച**' പ്രകാരം ജീവിച്ചാൽ **'ദർശനം' (Vision)** ഇല്ലാത്ത ഒരു പ്രാകൃത മനുഷ്യന് തുല്യരായിത്തീരും. അതിന്റെ പരിണിതഫലവും നാശമാണെന്ന് ദൈവവചനം പറയുന്നു.

**"ദർശനമില്ലാത്തിടത്ത് ജനം നശിച്ച് പോകുന്നു."**
**(സദൃശ 29:18) (KJV Bible)**




**മനസ്സിന്റെ ചിന്തകളാൽ ദേഹിക്ക് മൂന്ന് വ്യത്യസ്ത തലങ്ങളിൽ സ്ഥിതി ചെയ്യാൻ കഴിയും**

ചിത്രം - 9

## പുതിയ വീഞ്ഞും പഴയ തുരുത്തിയും

പ്രിയ ദൈവജനമേ, ചിന്തിക്കുക നാം ഏത് രാജ്യത്തെ നിയമം അനുസരിച്ചാണ് മുന്നോട്ട് പോകേണ്ടത്. വിശ്വാസത്താൽ കാണപ്പെടാത്ത (Invisible) ദൈവരാജ്യത്തുനിന്നുകൊണ്ട് കാണപ്പെടുന്ന (visible) ലോകരാജ്യത്തെ കീഴടക്കുവാൻ കഴിയുന്ന രീതിയിൽ പോകണോ? അതോ പഴയ രീതിയിൽ പോകണോ? ഏതാണ് പഴയ രീതി? പുതിയ വീഞ്ഞ് (ദൈവരാജ്യത്തിന്റെ നിയമങ്ങൾ) പഴയ തുരുത്തിയിൽ (ലോകമനസ്സ്) പകരുന്നതാണ് പഴയരീതി. ദൈവവചനം പറയുന്നു **(2 കൊരി 5:17)** "ഇനി നിങ്ങൾ പഴയ മനുഷ്യരല്ല, ഞാൻ നിങ്ങളെ പുതിയ മനുഷ്യരാക്കിയിരിക്കുന്നു. പഴയതിനെ മാറ്റുവാൻ ഞാൻ പുതിയത് കൊണ്ടുവന്നു പഴയതിനെ മാറ്റിക്കളഞ്ഞിരിക്കുന്നു. അതായത് ഞാൻ തന്നിരിക്കുന്ന പുതിയ രാജ്യത്തിന്റെ പുതിയ വീഞ്ഞ് (ദൈവ രാജ്യത്തിന്റെ നിയമങ്ങൾ) നിങ്ങൾ കൊണ്ടുപോയി ആ പഴയ കുടത്തിൽ വയ്ക്കരുത്. വച്ചാൽ ആ പുതിയ വീഞ്ഞ് വീര്യം കൂടിയതാണ്. അത് പഴയ തുരുത്തിയെ പൊളിക്കും വീഞ്ഞ് ഒഴുകി പോകും. തുരുത്തി നശിച്ചുപോകും".

**"പുതിയ വീഞ്ഞ് പുതിയ തുരുത്തിയിലത്രേ പകർന്ന് വയ്ക്കേണ്ടത്" (മർക്കൊ 2:22).**

ഇപ്പോൾ നമ്മൾ നമ്മിലേക്ക് തന്നെ ഒന്ന് തിരിഞ്ഞു ചിന്തിക്കണം. ഏത് തലത്തിലാണ് നാം പോകുന്നത്. ഇവിടെ കർത്താവ് നമുക്ക് ഒരു സന്ദേശം തന്നിട്ടുണ്ട്. ആ സന്ദേശം ഇതാണ്; ***"നാം ഓരോരുത്തരും കേൾക്കപ്പെട്ട ദൈവവചനമനുസരിച്ച് പ്രവർത്തിക്കുവാൻ എപ്പോൾ തയ്യാറാകുന്നുവോ അപ്പോൾ ലോകത്തിന്റെ നിയമം നമുക്ക് കീഴടങ്ങും".*** പത്രോസിലൂടെ നമുക്ക് ലഭിക്കുന്ന ആദ്യ സന്ദേശം ദൈവരാജ്യത്തിന്റെ നിയമത്തിൽനിന്ന് പ്രവർത്തിച്ചാൽ താഴ്ന്ന ലോകത്തെയും ലോകനിയമത്തെയും കീഴടക്കുവാൻ നമുക്ക് കഴിയും എന്നാണ്. വീണ്ടും പത്രോസ് അടുത്ത സന്ദേശം തരികയാണ്, നാം നേരത്തേ നിക്ഷേപിച്ചിട്ടുള്ള ലോകരാജ്യചിന്തകൾ അഥവാ മാനസിക ചിന്തകൾ ഉള്ള പഴയ കുടത്തിൽ എപ്പോൾ പുതിയ വീഞ്ഞ്, അതായത് ദൈവരാജ്യത്തിന്റെ നിയമങ്ങൾ (Laws of King-

> ദൈവരാജ്യത്തിന്റെ നിയമത്തിന്റെ ചിന്തകൾ (പുതിയ വീഞ്ഞ്) നമ്മുടെ മനസ്സിൽ നേരത്തേയുള്ള ലോകരാജ്യചിന്തകളുമായി (പഴയ തുരുത്തി) താരതമ്യപ്പെടുത്തി പ്രവർത്തിക്കാൻ പോയാൽ അത് വലിയ പരാജയത്തിൽ അവസാനിക്കും.

dom of God) ഒഴിക്കുന്നുവോ അപ്പോൾ ആ പുതുവീഞ്ഞ് ഒഴുകിപ്പോവുകയും ചെയ്യും. അതായത് ദൈവരാജ്യത്തിന്റെ നിയമത്തിന്റെ ചിന്തകൾ (പുതിയ വീഞ്ഞ്) നമ്മുടെ മനസ്സിൽ നേരത്തേയുള്ള ലോകരാജ്യചിന്തകളുമായി (പഴയ തുരുത്തി) താരതമ്യപ്പെടുത്തി പ്രവർത്തിക്കാൻ പോയാൽ അത് വലിയ പരാജയത്തിൽ അവസാനിക്കും. വചനത്തിൽനിന്നും നമുക്ക് ഒന്നും ലഭിക്കുകയുമില്ല.

പ്രിയ ദൈവജനമേ, നമ്മുടെ അനുദിന ജീവിതത്തിൽ നമുക്ക് ധാരാളം പുതിയ വീഞ്ഞ് ലഭിക്കുന്നുണ്ടല്ലോ? എന്നാൽ അത് ഓരോന്നും നാം ഉപയോഗപ്രദമാക്കുന്നുണ്ടോ എന്ന് പരിശോധിക്കാം.

യേശുക്രിസ്തുവിന്റെ ജീവിതം കണ്ട് ജനം അമ്പരന്നുപോയി. ദൈവവചനം പറയുക്കയാണ്, കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നുവല്ലോ. ഇവൻ എപ്രകാരമുള്ള മനുഷ്യനാണ്? ഇവൻ ഏത് തരത്തിൽപ്പെട്ടതാണ്? ലോകം യേശുവിനെ കണ്ട് അതിശയിച്ചുപോയി **(മർക്കൊ 4:41)**. യേശുവിന്റെ ശിഷ്യന്മാരെയും കണ്ട് ജനം ഇപ്രകാരം ചോദിച്ചു. ഇവർ സാധാരണക്കാരായ മനുഷ്യരല്ലെ? **(പ്രവർത്തി 4:13).**

പ്രിയ ദൈവപൈതലേ, ഈ സന്ദേശത്തിലൂടെ ദൈവം നമ്മോട് ചോദിക്കുകയാണ്, നമ്മെ കണ്ടിട്ട് ജനം എന്തുപറയുന്നു? യേശുവിനെ വെളിപ്പെടുത്തി കൊടുക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ? അപ്രകാരം കഴിയുന്നില്ലായെങ്കിൽ നമ്മുടെ ജീവിതത്തിലേക്ക് ഒന്നു തിരിയുക, ഇന്ന് നാം മുങ്ങിപ്പോയ അവസ്ഥയിലാണോ? ഇന്ന് കർത്താവിനോട് പ്രാർത്ഥിക്കൂ, ***"കർത്താവെ അങ്ങയെപ്പോലെ ജയോത്സവമായി നടക്കുവാൻ എന്നെ പഠിപ്പിക്കണമെ, വിശ്വാസജീവിതത്തിൽ ഞാൻ മുങ്ങിപ്പോയപ്പോൾ പലപ്പോഴും വിചാരിച്ചു, അങ്ങ് എന്നെ കൈവിട്ടതാണെന്ന് ഞാൻ വിശ്വസിക്കുന്നു ഞാൻ മുങ്ങിപ്പോയ അവസരത്തിലും പത്രോസിനെ കരം പിടിച്ച് കയറ്റിയതുപോലെ എന്നെ അങ്ങ് കരം പിടിച്ച് നടത്തിയതുകൊണ്ടാണ് ഞാൻ ഇപ്പോഴും ആയിരിക്കുന്നത്."*** ഇതാ ഞാൻ അങ്ങയിൽ ശരണപ്പെടുന്നു.

നമ്മൾ പുറത്തുനിന്ന് അകത്തേക്ക് (കാഴ്ചയാൽ) ജീവിക്കാതെ, അകത്തുനിന്ന് പുറത്തേക്ക് ജീവിച്ചാൽ (വിശ്വാസത്താൽ) ജയോത്സവമായി ലോകത്തെ കീഴടക്കി മുന്നോട്ടേക്ക് പോകുവാൻ കഴിയും.

**"ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു." (1 യോഹ. 5:4)**

# പ്രധാന തത്വങ്ങൾ

1. ലോകത്തെ ജയിച്ച ജയം എന്നുപറഞ്ഞാൽ നമ്മുടെ ഓരോരുത്തരുടെയും വിശ്വാസം അത്രേ. എപ്പോഴൊക്കെ നാം വിശ്വാസത്താൽ പ്രവർത്തിക്കുന്നുവോ അപ്പോഴെല്ലാം ലോകത്തിന്റെ നിയമം നമ്മുടെ മുമ്പിൽ കീഴടങ്ങും.

2. നമ്മുടെ രീതി അകത്തെ മനുഷ്യനാൽ പുറത്തെ മനുഷ്യനെ ഉപയോഗിക്കുക എന്നതാണ്.

3. യഥാർത്ഥ ദൈവപൈതൽ പുറത്തുനിന്നും അകത്തേക്കുള്ള ജീവിതമല്ല, അകത്തുനിന്നും പുറത്തേക്കുള്ള ജീവിതരീതിയാണ് ഉപയോഗിക്കേണ്ടത്.

4. നാം എപ്പോൾ വചനപ്രകാരമുള്ള വിശ്വാസം (നമ്മുടെ ചിന്തയിലുള്ള വിശ്വാസം അല്ല) ദൈവം നമുക്കു തന്ന 'സംസാരിച്ച വചനത്തിൽ' (Rehma) നിന്നുള്ള വിശ്വാസത്തിൽ മുന്നോട്ട് കാൽ എടുത്തുവയ്ക്കുന്നുവോ, ലോകത്തിലുള്ള സകല നിയമങ്ങളും നമുക്കു കീഴടങ്ങും.

5. ദൈവരാജ്യത്തിന്റെ നിയമത്തിന്റെ ചിന്തകൾ (പുതിയ വീഞ്ഞ്) നമ്മുടെ മനസ്സിൽ നേരത്തെയുള്ള ലോകരാജ്യചിന്തകളുമായി (പഴയ തുരുത്തി) താരതമ്യപ്പെടുത്തി പ്രവർത്തിക്കാൻ പോയാൽ അത് വലിയ പരാജയത്തിൽ അവസാനിക്കും.

6. നമ്മൾ പുറത്തുനിന്ന് അകത്തേക്ക് (കാഴ്ചയാൽ) ജീവിക്കാതെ, അകത്തുനിന്ന് പുറത്തേക്ക് ജീവിച്ചാൽ (വിശ്വാസത്താൽ) ജയോത്സവമായി ലോകത്തേ കീഴടക്കി മുന്നോട്ടേയ്ക്ക് പോകുവാൻ നമുക്ക് കഴിയും.



അദ്ധ്യായം 5

# ദൈവരാജ്യത്തിലെ സുന്ദരന്മാരും സുന്ദരികളും

"നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു" (1 പത്രോ 3:3-4)

## താഴ്മയും വിലകൊടുക്കലും

താഴ്മയുള്ളവർക്കുമാത്രമേ ക്രിസ്തുവിന്റെ ആധിപത്യം സ്ഥാപിക്കാൻ കഴിയുകയുള്ളു. നമ്മുടെ ജീവിതത്തിലെ താഴ്മ ദൈവസന്നിധിയിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. എനിക്കെല്ലാം അറിയാം അല്ലെങ്കിൽ ഞാൻ എല്ലാം തികഞ്ഞവനാണെന്ന ഭാവമുള്ളവരെ കർത്താവിന് ഉപയോഗിക്കാൻ പറ്റില്ല. മത്താ 20:27 ൽ പറയുന്നു 'നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസനാകണം'.

ഒരു അടിമയെപ്പോലെ താഴ്ത്തി കർത്താവിന്റെ ദാസനായി ഏല്പിച്ചുകൊടുക്കുവാൻ ആളുകൾ തീരെ കുറവാണ്. കഴിഞ്ഞദിവസം കേരളത്തിലെ ഒരു ദൈവദാസൻ എന്നോട് ഇപ്രകാരം പറഞ്ഞു, കേരളത്തിലുള്ളവർക്ക് എല്ലാം അറിയാം അവർക്കിനി ഒരു അറിവിന്റെ ആവശ്യമില്ല എന്നാണ്. എന്നാൽ ഇവിടെ സംഭവിക്കുന്നത് എന്താണെന്നോ? നമ്മുടെ ആത്മീകതലം ഒരിക്കലും ഉയരുകയില്ല. അതുപോലെ യേശുക്രിസ്തുവിന്റെ ആധിപത്യം നമ്മളിലൂടെ നടക്കുകയുമില്ല. 'എവിടെ താഴ്മയുണ്ടോ അവിടെ കൃപ പകരുന്ന ദൈവമാണ് നമ്മുടെ ദൈവം'.

**"ദൈവം നിഗളികളോടു എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു." (യാക്കോ 4:6)**

നാം എത്ര ഉയർന്നാലും ദൈവം നമ്മെ എത്രമാത്രം ഉയർത്തിയാലും ദൈവവചനം പറയുന്ന ഒരു ആഭരണം നാം ധരിച്ചിരിക്കണം.

അതായത് സൗമ്യതയും താഴ്മയും ഉള്ള ഒരു മനസ്സിന്റെ ഉടമകൾ ആയിരിക്കണം നാം ഓരോരുത്തരും. അതാണ് അകത്തെ മനുഷ്യന്റെ "അക്ഷയഭൂഷണം" അഥവാ 'നിത്യമായ ആഭരണം'. അത് നാം എപ്പോഴും ധരിച്ചിരിക്കണം. അത് നാം ധരിക്കുമ്പോൾ ദൈവരാജ്യ ത്തിലെ സുന്ദരന്മാരും സുന്ദരികളും ആയിത്തീരുന്നു.

**"നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയു ന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യ തയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു." (1 പത്രോ. 3:3-4)**

അങ്ങനെ ഉള്ളവരെയാണ് ദൈവം ഉപയോഗിക്കുന്നത്. ദൈവം തന്റെ വചനം (വെളിപ്പാട്) നമ്മിലേക്ക് ഒഴുക്കിത്തരണമെങ്കിൽ, നാം എവിടെയായാലും താഴ്മയോടെ ഇരിക്കണം. നമുക്കുള്ളതൊന്നും നമ്മിൽനിന്ന് ഉത്ഭവിക്കുന്നതല്ല. എല്ലാം ദാനം ലഭിക്കുന്നതാണ്. ദാന മായി ദൈവം തരുന്നതിനെ നാം ദാനമായി കൊടുക്കുന്നു. കൊടുക്കു ന്തോറും കിണറ്റിലെ വെള്ളത്തിന് കുറവ് വരുന്നില്ല, പിന്നെയും പുതിയ ഉറവപൊട്ടി പുറപ്പെട്ടുകൊണ്ടിരിക്കും. കൊടുക്കുന്തോറും വർദ്ധിക്കും. ഇത് ദൈവരാജ്യത്തിലെ ഒരു പ്രവർത്തനരീതിയാണ്.

## വില കൊടുക്കുന്നതിന്റെ പ്രാധാന്യം

താഴ്മയുള്ളവർക്കു മാത്രമേ വചനത്തിന്റെ മുമ്പിൽ താഴുവാനും വിലകൊടുക്കുവാനും കഴിയൂ. ഒരു വിലകൊടുക്കുന്നവനു മാത്രമേ എന്തെങ്കിലും പ്രാപിക്കാൻ കഴിയുകയുള്ളു. കർത്താവിനുവേണ്ടി ദൈവ രാജ്യത്തിനുവേണ്ടി ലോകത്തിലെ പലതും ത്യാഗം ചെയ്യാൻ നാം തയ്യാറാകണം. പലരും ധാരാളം വചനം കേൾക്കുന്നു, ചിലർ ദൈവീ ക കുടുംബത്തിൽ ജനിച്ചിട്ടും വചനം കേട്ടുകേട്ട് ഈ വചനം പ്രയോ ജനകരമല്ലാതായിത്തീരുന്നു. ഒരിക്കൽ കർത്താവിനോടു ചോദിച്ചു: "കർത്താവേ ഇതെന്താണ് ഇങ്ങനെ?" ദൈവം മനസ്സിലാക്കി തന്നത് ഇങ്ങനെയാണ്, ഒരു സൂപ്പർമാർക്കറ്റിൽ നാം ചെന്നാൽ നമുക്ക് അവിടെ ഉള്ളതെല്ലാം കാണാം ഒരു ട്രോളിയുമായി അവിടെയെല്ലാം നടക്കാം എല്ലാറ്റിലും സ്പർശിക്കാം, പക്ഷേ നമുക്കതിലെ എന്തെങ്കിലും ഉപ യോഗിക്കണമെങ്കിൽ കൗണ്ടറിൽ അതിനുള്ള ഒരു വില (payment) കൊടുത്തെങ്കിൽ മാത്രമേ ഉപയോഗിക്കാൻ പറ്റുകയുള്ളു. ദൈവവച

നത്തിന്റെ കാര്യവും ഇതുപോലെയാണ്. കേൾക്കാം, സന്തോഷിക്കാം, ആനന്ദിക്കാം പക്ഷേ ഈ വചനങ്ങൾ ഇവിടെയും നിത്യതയിലും പ്രയോജനം ലഭിക്കണമെങ്കിൽ നാം ഒരു വില കൊടുക്കാൻ തയ്യാറായിരിക്കണം. നമ്മൾ വിചാരിക്കുന്ന ലോകത്തിലെ കറൻസിയുടെ കാര്യമല്ല ഈ പറയുന്നത് നമ്മുടെ ജീവിതത്തിൽ നാം വചനത്തിനായി ഒരു വില കൊടുക്കണം. പലരും അനുഗ്രഹിക്കപ്പെടാത്തതിന്റെ കാരണം സ്വന്തം താല്പര്യങ്ങൾക്കു മുൻഗണന നല്കി ബാക്കി വരുന്ന സമയം മാത്രമാണ് നാം ദൈവത്തിന് കൊടുക്കുന്നത്. അങ്ങനെയല്ല ആദ്യഫലവും അവസാനഫലവും ദൈവത്തിനുകൊടുക്കുവാൻ നാം തയ്യാറാകണം.

> വീണ്ടെടുക്കപ്പെട്ട ഒരു ദൈവപൈതലാണ് നാമെങ്കിൽ, നാം അനുവദിച്ചു കൊടുക്കുന്നതു വരെ നമ്മുടെ മേൽ ഒരു അവകാശവും പിശാചിന് ഇല്ല, എന്നാൽ എപ്പോൾ നാം അനുവദിച്ചു കൊടുക്കുന്നുവോ അപ്പോൾ പിശാച് നമ്മുടെ മേൽ ഭരിക്കുവാൻ ഇടയാകും.

ഒരു വ്യക്തിയോടു ഞാൻ ഇപ്രകാരം ചോദിച്ചു എന്താ ബ്രദറേ പ്രാർത്ഥനയ്ക്കു കാണാഞ്ഞത്? അത് സമയം കിട്ടിയില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. എവിടെപ്പോയിരുന്നു? ഇന്ന് സ്പെഷ്യൽ ജോലിയുണ്ടായിരുന്നു. ഒരു ചിലവും ഇല്ലാതെ സമയം കിട്ടിയാൽ, അതായത് എല്ലാം കഴിഞ്ഞ് ഫ്രീയായിട്ട് സമയം കിട്ടിയാൽ കർത്താവിന് കൊടുക്കാമായിരുന്നു. എല്ലാം കഴിഞ്ഞ് ബാക്കിയുള്ളത് നമ്മുടെ വീട്ടിൽ ആർക്കാണോ കൊടുക്കുന്നത്, ആ ഒരു സ്ഥാനം കർത്താവിന് കൊടുത്താൽ കർത്താവിൽനിന്ന് വല്ലതും കിട്ടും എന്നു പ്രതീക്ഷിക്കാമോ? കർത്താവിന്റെ വചനം പറയുകയാണ്, "നിന്റെ സകലത്തിന്റെയും ആദ്യഫലം കൊണ്ടുവേണം ദൈവത്തെ ബഹുമാനിക്കാൻ".

**"യഹോവയെ നിന്റെ ധനം കൊണ്ടും എല്ലാ വിളവിന്റെയും ആദ്യഫലം കൊണ്ടും ബഹുമാനിക്ക" (സദൃ 3:9)**

> യേശു കൊടുത്ത വിലയാണ് പിശാചിന്റെ രാജ്യത്തിൽനിന്നും നമ്മെ ദൈവരാജ്യത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നത്. ഇനി നാം വില കൊടുത്താൽ പിശാച് അടക്കിവച്ചിരിക്കുന്ന പലതും പിടിച്ചെടുക്കുവാൻ കഴിയും.

ഒരു ദിവസം ഞാൻ എന്റെ മോനെ അടിച്ചു, എന്തിനാണെന്നറിയാമോ? രാവിലെ അവനെ പഠിപ്പിച്ചിരിക്കുന്നത് എഴുന്നേല്ക്കുക, പ്രാർത്ഥിക്കുക, വചനം വായിക്കുക, ഒരു പാട്ടുപാടി കർത്താവിനെ സ്തുതിക്കുക. അതിനുശേഷമേ ജീവിതത്തിൽ മറ്റെന്തെങ്കിലും ചെയ്യാൻ പാടുള്ളൂ. അവൻ അത് എന്നും ചെയ്തിരുന്നതാണ്, പക്ഷേ ആ ദിവസം അവൻ മറന്നുപോയി.

"ബാലൻ നടക്കേണ്ടുന്ന വഴി ബാല്യത്തിലേ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനായാലും അതിൽനിന്നും മാറിപ്പോവുകയില്ല." ഇന്ന് നമ്മുടെ ദൈവം ഇതുപോലെ തന്നെയാണ് നമ്മെ ശീലിപ്പിക്കുന്നത്. നാം ഓരോരുത്തരും നമ്മുടെ ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കണമെങ്കിൽ ഒരു വില കൊടുക്കാൻ തയ്യാറായിരിക്കണം. യേശു കൊടുത്ത വിലയാണ് പിശാചിന്റെ ലോകത്തിൽനിന്നും നമ്മെ ദൈവരാജ്യത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നത്. ഇനി നാം വിലകൊടുത്താൽ പിശാച് അടക്കിവച്ചിരിക്കുന്ന പലതും പിടിച്ചെടുക്കുവാൻ കഴിയും.

## ദൈവം പ്രവർത്തിക്കണമോ?<br>പിശാച് പ്രവർത്തിക്കണമോ?

ഒരു സഹോദരി എന്നോട് ചോദിച്ചു, വീണ്ടെടുക്കപ്പെട്ട ദൈവപൈതലിനു മുകളിൽ പിശാചിന് യാതൊരു അധികാരവും ഇല്ല എന്നുപറഞ്ഞിട്ടും നാം എന്തുകൊണ്ടാണ് പിന്നെ കഷ്ടപ്പെടുന്നത്? മനസ്സിലാക്കുക, വീണ്ടെടുക്കപ്പെട്ട ദൈവപൈതലിന് മുകളിൽ ഒരു അവകാശവും പിശാചിന് ഇല്ല, എപ്പോൾ വരെ? നാം അനുവദിച്ചു കൊടുക്കുന്നതുവരെ; നാം എപ്പോൾ അനുവദിച്ചുകൊടുക്കുന്നുവോ അപ്പോൾ പിശാച് നമ്മുടെ മേൽ ഭരിക്കുവാൻ ഇടയാകും. പിശാച് ആരുടെ മേലും ചാടിക്കയറുന്നില്ല, പിന്നെ എന്താണ് ചെയ്യുന്നത്? **1 പത്രോ. 5:8** ൽ പറയുന്നത് അവൻ അലറുന്ന സിംഹം എന്നപോലെ നിങ്ങളുടെ മുകളിലേക്ക് ചാടിവീഴുന്നു എന്നല്ല, പിന്നെ ആരെയാണ് വിഴുങ്ങേണ്ടത് എന്ന് അന്വേഷിച്ചുകൊണ്ട് അവൻ ചുറ്റി നടക്കുകയാണ്. നമ്മിൽ ഓരോരുത്തരുടെ ചുറ്റും പിശാച് റോന്തുചുറ്റി നടക്കുകയാണ്. അവൻ എന്താ അന്വേഷിക്കുന്നത് തന്റെ ധനത്തിൽ (ജഡചിന്ത, ലോകസ്നേഹം) ഈ വ്യക്തി നടക്കുന്നുണ്ടോ എന്നാണ്. വീണ്ടെടുക്കപ്പെടാത്ത മനുഷ്യന്റെ ഉള്ളിൽ പിശാചിന്റെ ധനം മാത്രമേയുള്ളൂ. എന്നാൽ വീണ്ടെടുക്കപ്പെട്ട മനുഷ്യന്റ ഉള്ളിൽ പിശാചിന്റെ ധനവും (ജഡചിന്ത – റോമർ 8:7) ദൈവത്തിന്റെ ധനവുമുണ്ട് (ആത്മാവിന്റെ ഫലം – ഗലാ

ത്യർ 5:22-23, റോമർ 5:5). അതായത് വീണ്ടെടുക്കപ്പെട്ട വ്യക്തിയുടെ ആത്മാവിൽ ദൈവീക സ്വഭാവവും (ദൈവത്തിന്റെ ധനം) മനസ്സിൽ ജഡസ്വഭാവവുമാണ് (പിശാചിന്റെ ധനം) നിറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ ധനത്തിൽ പ്രവർത്തിക്കണമോ അല്ലെങ്കിൽ പിശാചിന്റെ ധനത്തിൽ പ്രവർത്തിക്കണമോ എന്ന് തീരുമാനിക്കേണ്ടത് നാം ഓരോ രുത്തരും ആണ്. അകത്തുനിന്നും പുറത്തേക്ക് പ്രവർത്തിച്ചാൽ ദൈവ രാജ്യത്തിന്റെ നായകനായ യേശുക്രിസ്തുവിനെ നമ്മുടെ ജീവിത ത്തിൽ പ്രവർത്തിക്കുവാൻ അനുവദിക്കുകയാണ്. പുറത്തുനിന്നും അക ത്തേക്ക് നാം പ്രവർത്തിച്ചാൽ ഈ ലോകത്തിന്റെ ദൈവമായ പിശാ ചിനെ നമ്മളിൽ പ്രവർത്തിക്കാൻ അനുവദിക്കുകയാണ്. അപ്പോൾ ഇതാണ് പിശാച് നമ്മിൽ പലരിലും അധികാരം എടുക്കുന്നതിന്റെ കാരണം. എങ്ങനെയാണ് നാം പ്രവർത്തിക്കുന്നത് എന്നതിനനുസരി ച്ചായിരിക്കും ദൈവവും പിശാചും നമ്മിലൂടെ പ്രവർത്തിക്കുന്നത്.

നമ്മൾ എപ്പോഴും താഴ്മയുള്ളവരും ആത്മാവിന്റെ ഫലമായ ദൈവ സ്നേഹത്തിൽ പ്രവർത്തിക്കുന്നവരും ആയിരിക്കണം. അപ്പോൾ നാം അകത്തെ മനുഷ്യനിൽ ദൈവരാജ്യത്തിന്റെ ആഭരണങ്ങൾ ധരിച്ചു നട ക്കുന്ന സുന്ദരന്മാരും സുന്ദരികളും ആയിരിക്കും **(1 പത്രോ 3:3-4).** മാത്രമല്ല ദൈവരാജ്യത്തെ നമ്മിലൂടെ ഭൂമിയിൽ പ്രവർത്തിപ്പിക്കുന്ന വരുമായിരിക്കും.

## പ്രധാന തത്വങ്ങൾ

1. സൗമ്യതയും താഴ്മയും ഉള്ള ഒരു മനസ്സിന്റെ ഉടമകൾ ആയിരിക്ക ണം നാം ഓരോരുത്തരും. അത് നാം എപ്പോഴും ധരിച്ചിരിക്കണം. ഇതാണ് ദൈവവചനം പറയുന്ന നിത്യമായ ആഭരണം (Eternal Ornaments).
2. നമ്മുടെ അവസാനഫലമല്ല, ആദ്യഫലം ദൈവത്തിന് കൊടുക്കാൻ നാം തയ്യാറാകുമെങ്കിൽ അത് അനുഗ്രഹത്തിന് ഒരു കാരണമായി ത്തീരും.
3. ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കണമെങ്കിൽ ഒരു വില കൊടുക്കാൻ തയ്യാറായിരിക്കണം. യേശു കൊടുത്ത വിലയാണ് പിശാചിന്റെ ലോകത്തിൽനിന്നും നമ്മെ ദൈവരാജ്യത്തിലേക്ക്

കൂട്ടിക്കൊണ്ടുവന്നത്. ഇനി നാം വിലകൊടുത്താൽ പിശാച് അട ക്കിവച്ചിരിക്കുന്ന പലതും പിടിച്ചെടുക്കുവാൻ കഴിയും.

4. ജഡചിന്തയിൽ നിന്നുകൊണ്ട് പ്രവർത്തിച്ചാൽ നാം പിശാചിന് നമ്മിൽ പ്രവർത്തിക്കാൻ അധികാരം കൊടുക്കുകയാണ്. അതേ സമയം ആത്മാവിന്റെ ഫലത്തിൽ പ്രവർത്തിച്ചാൽ നാം ദൈവത്തിന് നമ്മിൽ പ്രവർത്തിക്കാൻ അനുവാദം കൊടുക്കുന്നു.
5. വീണ്ടെടുക്കപ്പെട്ട ദൈവപൈതലിന് മുകളിൽ ഒരു അവകാശവും പിശാചിന് ഇല്ല, പക്ഷേ എപ്പോൾ നാം അനുവദിച്ചു കൊടുക്കു ന്നുവോ അപ്പോൾ പിശാച് നമ്മുടെ മേൽ ഭരിക്കുവാൻ ഇടയാകും.



അദ്ധ്യായം 6

# ആത്മീയ വളർച്ച എന്നാൽ എന്ത്?

"അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ കുടുങ്ങി പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും". (എഫെ 4:14-15)

## ആത്മീയ വളർച്ചയുടെ വിവിധ വശങ്ങൾ

ക്രിസ്തുവാകുന്ന തലയോളം വളരുക എന്നതാണ് ഏതൊരു വിശ്വാസിയുടെയും ആത്മീയവളർച്ചയുടെ ഏറ്റവും ഉന്നതമായ അവസ്ഥ. ഈ അവസ്ഥയിലെത്തുന്ന വ്യക്തിയുടെ സ്വയം, പൂജ്യം (zero) ആകുകയും (Self Centered) സ്വയകേന്ദ്രീകൃതമായ ജീവിതത്തിൽ നിന്ന് ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള (Christ Centred) ജീവിതത്തിലേക്ക് കടന്നുവരികയും ചെയ്യും. ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള ആ വ്യക്തിയിലൂടെ ദൈവം ഭൂമിയിൽ ഭരണം നടത്തുകയും ചെയ്യും.

**"അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ കുടുങ്ങി പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും." (എഫെ 4:14-15)**

ഈ വളർച്ചയുടെ വിവിധ വശങ്ങളെക്കുറിച്ച് തുടർന്ന് നമുക്ക് മനസ്സിലാക്കാം. ദൈവം എന്തു സൃഷ്ടിച്ചാലും അത് പൂർണ്ണതയുള്ളതാണ്. ദൈവം സൃഷ്ടിച്ചതിനെ ആരും പൂർണ്ണമാക്കേണ്ടതില്ല. സൃഷ്ടിച്ചതിന് പൂർണ്ണതയില്ലെങ്കിൽ സൃഷ്ടിച്ച വ്യക്തിക്കും പൂർണ്ണതയുണ്ടാവില്ല. ദൈവം സൃഷ്ടിച്ചതൊക്കെ നല്ലത് എന്ന് ദൈവം കണ്ടു.

**"താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നുകണ്ടു. സന്ധ്യയായി ഉഷസ്സുമായി ആറാം ദിവസം." (ഉല്പ 1:31)**

ഇവിടെ ദൈവവചനം പറയുന്നത് ഒരു കൊച്ചുകുഞ്ഞ് ജനിച്ചു, ഇനി ആ കുഞ്ഞിനെ വളർത്തിയെടുക്കണമെന്നല്ല, ഒന്നാം ആദം ദൈവത്തിന്റെ സൃഷ്ടി എന്നതുപോലെ യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടും ജനിച്ച വ്യക്തി ദൈവത്തിന്റെ ഒരു പുതിയ സൃഷ്ടിയാണ്. അവന്റെ സ്വഭാവം, വീണുപോയ (ആദം) മനുഷ്യന്റെതല്ല, ദൈവാനുരൂപമാണ്. ആ മനുഷ്യനെ ദൈവം സൃഷ്ടിച്ചതാകയാൽ ആ മനുഷ്യൻ പൂർണ്ണതയുള്ളവനാണ്. അങ്ങനെയെങ്കിൽ ആ പുതിയ സൃഷ്ടിക്ക് ഇനി ഒരു വളർച്ച ആവശ്യമില്ലല്ലോ?

**"നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ." (എഫെ 4:23, 24)**

**"അന്യോന്യം ഭോഷ്കു പറയരുത്. നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ." (കൊലോ. 3:9–10)**

**"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു." (2 കൊരി 5:17)**

പക്ഷേ മറ്റൊരു ഭാഗത്തു പറയുന്നു, ഒരു ശിശുവിനെപ്പോലെ രക്ഷയ്ക്കായി വളരണമെന്ന്.

**"ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ." (1 പത്രോ 2:1–3)**


എന്താണ് ഒരു ഭാഗത്ത് പുതിയ സൃഷ്ടിയെന്ന് പറയുമ്പോൾ, മറ്റൊരു ഭാഗത്ത് ശിശുവിനെപ്പോലെ വളരണമെന്ന് പറയുന്നത്. ഇത് മനസ്സിലാകാൻ നമുക്ക് വചനത്തിലൂടെ അല്പം ആഴത്തിലേക്ക് ഇറങ്ങാം.

ഒരു മനുഷ്യന്റെ ഘടനയിൽ ആത്മാവ്, ദേഹി, ദേഹം (ശരീരം) എന്നീ മൂന്ന് ഭാഗങ്ങൾ ആണ് ഉള്ളത്. (ചിത്രം - 2)

**"സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനന്യ മായി വെളിപ്പെടും വണ്ണം കാക്കപ്പെടുമാറാകട്ടെ." (1 തെസ്സ. 5:23)**

എന്നാൽ ദൈവവചനം ഇതിനെ വീണ്ടും രണ്ടായി വിഭജിക്കുന്നു. അകത്തെ മനുഷ്യനും പുറത്തെ മനുഷ്യനും.


1. പുറമേയുള്ള മനുഷ്യൻ : കാണുന്ന ഭൗതികശരീരവുമായി ബന്ധമുള്ള മനുഷ്യൻ
2. അകമെയുള്ള മനുഷ്യൻ : കാണാത്ത നിത്യമായ ആത്മശരീരവുമായി ബന്ധമുള്ള മനുഷ്യൻ




**മനുഷ്യന്റെ മൂന്നു ഭാഗങ്ങളെ (ആത്മാവ്, ദേഹി, ദേഹം) ദൈവവചനം രണ്ടായി ചിത്രീകരിക്കുന്നു. (അകത്തെ മനുഷ്യൻ, പുറത്തെ മനുഷ്യൻ)**


ചിത്രം - 10

ഉല്പത്തി 2:7 പ്രകാരം നമുക്കറിയാം മനുഷ്യൻ ജീവനുള്ള ദേഹിയാണ്. ഈ ദേഹിയെ അകത്തെ ആത്മാവുമായി ചേർത്ത് പറയുമ്പോൾ അകത്തെ മനുഷ്യനെന്നും പുറത്തെ ശരീരവുമായി ചേർത്ത് പറയുമ്പോൾ പുറത്തെ മനുഷ്യനെന്നും പറയുന്നു.




**ദേഹിയും, ദേഹവും ചേർന്നുള്ള പുറത്തെ മനുഷ്യൻ**

ചിത്രം – 11




**ദേഹിയും പുതിയ സൃഷ്ടിയായ ആത്മാവും ചേർന്ന അകത്തെ മനുഷ്യൻ**

ചിത്രം – 12

ഒരു യഥാർത്ഥ ദൈവപൈതലിന്റെ ജീവിതത്തിൽ അവന്റെ പുറമെയുള്ള ശരീരം ക്ഷയിക്കുന്നതോടൊപ്പം തന്നെ അവന്റെ ദേഹിയിലുള്ള(soul) ലോകജഡസ്വഭാവവും ക്ഷയിച്ചുകൊണ്ടേയിരിക്കും. ഇതിനെയാണ് പുറമേയുള്ള മനുഷ്യൻ ക്ഷയിക്കുകയെന്ന് പറയുന്നത്. എന്നാൽ അകമേയുള്ള മനുഷ്യൻ ശക്തിപ്പെടുകയെന്ന് പറയുന്നത്, പുതിയ സൃഷ്ടിയായ ആത്മാവ് മനസ്സ് പുതുക്കി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന ദേഹിയിലേക്ക്, ആത്മസ്വഭാവത്താൽ നിറയുന്നതിനെയാണ്.

ഇന്ന് അകത്തെ മനുഷ്യൻ ആരാണ്, പുറത്തെ മനുഷ്യൻ ആരാണ് എന്ന് ജനത്തിന് വ്യക്തമായി ഒരു അറിവില്ല. നമ്മുടെ ഉള്ളിൽ വീണ്ടും ജനിച്ച പുതിയ സൃഷ്ടിയായ ആത്മാവും നമ്മുടെ പഴയ ദേഹിയും [മനസ്സ് (soul)] കൂടി ചേർന്നതാണ് ഈ അകത്തെ മനുഷ്യൻ.

**"അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമേയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു."**
**(2 കൊരി 4:16)**

പുറത്തെ മനുഷ്യൻ എന്നു പറയുന്നത് ലോകത്തുള്ള പഴയ ശരീരവും (body) ദേഹിയും (soul) കൂടിച്ചേർന്നതാണ്.

ഇവിടെ അകത്തെ മനുഷ്യനും പുറത്തെ മനുഷ്യനും കൂടി പങ്കിടാൻ (share) ചെയ്യാൻ ദേഹി (soul) ഒന്നേയുള്ളൂ. ഈ രണ്ടുപേരും പിടിവലി കൂട്ടുന്നത് ദേഹിയ്ക്കു (soul) വേണ്ടിയാണ്. അതായത് ഈ ശരീരവും (body) ആത്മാവും (spirit) ദേഹിയെ (soul) അവരുടെ ഇഷ്ടം ചെയ്യുവാനായി നിർബന്ധിക്കും. ഇങ്ങനെ മനുഷ്യനെ രണ്ടായി ഭാഗിച്ചിരിക്കുന്നതായി ഇവിടെ കാണാം. ഈ പോരാട്ടത്തിൽ ദേഹിയെ ആർക്കു കിട്ടും എന്നുള്ളതാണ് ഇവിടുത്തെ വിഷയം. ഈ ദേഹിക്ക് (soul) വേണ്ടി ലോകത്തിന്റെ പ്രഭുവായ പിശാച് ഇതുവരെ വീണ്ടെടുത്തിട്ടില്ലാത്ത ശരീരത്തിലൂടെ **(റോമർ 7:23)** ലോകത്ത് നിന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു (അതായത് പുറത്തുനിന്നും അകത്തേക്ക്).

**"എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അതു എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന്നു എന്നെ**

**ബദ്ധനാക്കിക്കളയുന്നു.” (റോമർ 7:23)**

എന്നാൽ ദൈവത്തിന്റെ പ്രവർത്തനം മുഴുവൻ അകത്തു പുതിയ സൃഷ്ടിയായ നമ്മുടെ ആത്മാവിൽ വസിക്കുന്ന പരിശുദ്ധാത്മാവിലൂടെയാണ് (അതായത് അകത്തുനിന്നും പുറത്തേക്ക്).

**“ആത്മാവിനാൽ ജഡത്തിന്റെ പ്രവർത്തികളെ നിഗ്രഹിക്കുന്നുവെങ്കിൽ ജീവിക്കും.” (റോമർ 8:13)**


## പരിജ്ഞാനമില്ലാത്തതിനാൽ നശിക്കുന്ന ദൈവജനം

വളരുവാൻ ആഗ്രഹിക്കുന്ന പൈതലിനെപ്പോലെ വിശ്വാസഗോളത്തിലുള്ള ഒരു കൂട്ടം ജനവും വളരുവാൻ ആഗ്രഹിക്കുന്നു. പക്ഷേ വളർച്ചക്ക് തടസ്സമായിരിക്കുന്നത് അവരുടെ ആ പഴയ ജഡസ്വഭാവമാണ് (‘ലോകസ്നേഹമാണ്’). ഞാൻ എന്നുള്ള ഭാവം, ഞാൻ ചെയ്യുന്നതെല്ലാം ശരിയാണ്, എനിക്ക് എല്ലാം അറിയാം, ഞാൻ എല്ലാവരിലും മിടുക്കനാണ്, മറ്റുള്ളവരെല്ലാം തെറ്റാണ് എന്നീ തരത്തിലുള്ള ജഡീകസ്വഭാവമാണ് ഇക്കൂട്ടർക്കുള്ളത്. അതുകൊണ്ട് അവർ ദൈവീകപരിജ്ഞാനം നേടാൻ ശ്രമിക്കുന്നതുമില്ല. താഴ്മയില്ലാത്തവരുടെ ഹൃദയം അവരുടെ വളർച്ചയ്ക്കു തടസ്സമായിരിക്കുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ അവരുടെ സ്വയം (self or soul) വീണ്ടും ജനിച്ച പുതിയതായി സൃഷ്ടിക്കപ്പെട്ട മനുഷ്യനെ വെളിപ്പെടുത്താതെ മറയ്ക്കുന്നു.

ഇവിടെ ചിത്രത്തിൽ കാണിക്കുന്നത്, കുഞ്ഞിന് വളരണമെന്ന് ആഗ്രഹമുണ്ട് പക്ഷേ ബക്കറ്റിന്റെ ഉള്ളിലിരുന്ന് കരയുവാൻ മാത്രമേ കുഞ്ഞിന് കഴിയുന്നുള്ളൂ.

കാരണം ദൈവം താഴ്മയുള്ളവർക്കാണ് കൃപ നല്കുന്നത്. നിഗളികളോട് ദൈവം എതിർത്തുനില്ക്കുന്നു.

വളരുവാൻ തടസ്സമായിട്ട് ബക്കറ്റ് ഉണ്ട്. വളരണമെങ്കിൽ കുഞ്ഞ് ബക്കറ്റിന് പുറത്ത് ഇറങ്ങണം. ദൈവീക പരിജ്ഞാനമില്ലാതെ സ്വന്ത ബുദ്ധിയിൽ ആശ്രയിച്ചുകൊണ്ട് വളരാൻ ശ്രമിക്കുന്ന അവസ്ഥയാണ് ബക്കറ്റ് കാണിക്കുന്നത്.




**ആത്മീയമായി വളരുവാൻ താത്പര്യമുണ്ട്. എന്നാൽ പരിജ്ഞാന മില്ലാത്തതിനാലും സ്വന്ത ചിന്തകളാലും ഇപ്പോഴും ശിശുവായിരിക്കും.**

ചിത്രം - 13

**ഹോശയ്യ 4:6 ൽ "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു" എന്നുപറയുന്നു.**

ദൈവജനം കയ്യടിക്കുന്നുണ്ട്, ആരാധിക്കുന്നുണ്ട്, ഉപവസിക്കുന്നുണ്ട്, വചനം കേൾക്കുന്നുണ്ട്, ഈ കാര്യങ്ങൾ എല്ലാം ഉണ്ട്, പക്ഷേ പരിജ്ഞാനം ഇല്ല. കിടന്ന കിടപ്പ് കിടക്കുകയാണ് വളരുന്നില്ല. 'പരിജ്ഞാനം ഇല്ലാത്തവരായി എന്റെ ജനം നശിച്ചു പോകുന്നു.' ദൈവമക്കളെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത് ബക്കറ്റിനുള്ളിൽ ഇതുപോലെ ഇരിക്കുവാനല്ല പുറത്ത് വന്ന് ദൈവരാജ്യത്തിലെ ഒരു പങ്കാളിയായി വളരണം എന്നാണ്. ഈ കുഞ്ഞ് ഇപ്പോൾ ആയിരിക്കുന്ന അവസ്ഥ വിട്ട് വളർച്ച പ്രാപിക്കാൻ ബക്കറ്റിൽനിന്ന് പുറത്ത് വരേണ്ട ആവശ്യമുണ്ട്. ഈ കുഞ്ഞിനെ പുറത്ത് വിടുകയില്ല എന്ന് പറഞ്ഞുകൊണ്ട് ഒരു ചങ്ങല ദുഷ്ടനായ പിശാച് ഒരുക്കിയിരിക്കുന്നത് നിങ്ങൾക്ക് ചിത്രത്തിൽ കാണാം.

ഇവിടെ ബക്കറ്റ് പരിജ്ഞാനമില്ലാത്ത അവസ്ഥയും ചങ്ങല നമ്മുടെ സ്വയ ജഡചിന്തയിൽ എനിക്കെല്ലാം അറിയാമെന്ന ഭാവത്തിൽ പിശാച് നമ്മുടെ ചിന്തയിലൂടെ തന്നേ നാം പരിജ്ഞാനം പ്രാപിക്കാതെ നമ്മെ കെട്ടിയിട്ടിരിക്കുന്ന അവസ്ഥയുമാണ്. ഇങ്ങനെ പിശാച് ജഡചിന്തകളെ ഉണർത്തിവിടുന്നതുകൊണ്ടാണ് പലരുടെയും ചിന്തകൾ ദൈവീക ചിന്തയിലേക്ക് അടുക്കുവാൻ പറ്റാതെ നിൽക്കുന്നത്.

**"ജഡത്തിന്റെ ചിന്ത ദൈവത്തോടുള്ള ശത്രുത്വമാണ്."**
**(റോമ 7:3)**

എന്നാൽ ഈ ചങ്ങല പൊട്ടിയാൽ മാത്രമേ നമുക്ക് ദൈവീക പരിജ്ഞാനത്തിലേക്ക് കടന്നുവരാൻ പറ്റുകയുള്ളൂ.

ഈ പുസ്തകത്തിലൂടെ ദൈവത്തിന്റെ ആത്മാവ് ആഗ്രഹിക്കുന്നത് ദൈവജനത്തെ ദൈവം ആഗ്രഹിക്കുന്ന ആത്മീയ അവസ്ഥയിലേക്ക് എത്തിക്കുക എന്നതാണ്.

**"അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും."**
**(എഫേ 4:14-15)**

ഇതാണ് കർത്താവിന്റെ ആഗ്രഹം. ഈ ദൈവഹിതം നിവർത്തിക്കാൻ തക്കവണ്ണം ദൈവരാജ്യത്തിലെ ഓരോ പൗരനും അറിഞ്ഞിരിക്കേണ്ട അടിസ്ഥാന കാര്യങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## ആത്മീയ വളർച്ചയുടെ ആഴങ്ങൾ

മുൻ അദ്ധ്യായത്തിൽ മനസ്സിലാക്കിയതുപോലെ ഒരു മനുഷ്യനെ മൂന്നായിട്ട് തരംതിരിക്കുന്നു.

ആത്മാവ്, മനസ്സ് (ദേഹി), ശരീരം. മനുഷ്യൻ പാപം ചെയ്തപ്പോൾ തേജസ്സ് അവനിൽനിന്നും നഷ്ടപ്പെട്ടു (റോമ 3:23). അതായത് പരിശുദ്ധാത്മാവ് അവന്റെ ആത്മാവിൽനിന്നുപോയി, ഇരുൾ അവിടെ വ്യാപരിച്ചു അതായത് പിശാച് അവനെ പൂർണ്ണമായി സ്വാധീനിച്ചു. (ചിത്രം 5)

**"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു." (റോമ 3:23)**

മനുഷ്യന് ആത്മലോകവുമായി ബന്ധപ്പെടാൻ കഴിയാതെ വന്നു. ദൈവവുമായി ബന്ധപ്പെടാൻ കഴിയാതെയായി. പിശാച് മനുഷ്യന്റെ ആത്മാവ്, ദേഹി, ദേഹം എന്നീ മൂന്ന് അവസ്ഥകളും പൂർണ്ണമായി സ്വാധീനിക്കുകയുണ്ടായി. തുടർന്ന് മനുഷ്യൻ എപ്പോൾ വീണ്ടും ജനിക്കപ്പെട്ട അവസ്ഥയിൽ ആയോ അപ്പോൾ **എഫേ. 4:23-24** ൽ പറയുന്നതുപോലെ. **"നിങ്ങളുടെ ഉള്ളിലെ ദേഹി (soul-mind) സംബന്ധമായി പുതുക്കം പ്രാപിച്ചു, സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും 'ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട' പുതുമനുഷ്യനെ (spirit - ആത്മാവ്) ധരിച്ചുകൊൾവിൻ". (NIV)**

ഇതുതന്നെയാണ് 1 പത്രോ 2:1-3 ലും റോമർ 12:2 ലും പറയുന്നത് 'അപ്പോൾ പൂർണ്ണമായി ദൈവാനുരൂപത്തിലുള്ള മനുഷ്യൻ ആത്മാവിൽ സൃഷ്ടിക്കപ്പെട്ടു'.

പുതുതായി സൃഷ്ടിക്കപ്പെട്ട (ആത്മാവിൽ) ഈ ദൈവാനുരൂപമായ മനുഷ്യനെ, മനുഷ്യന്റെ ദേഹിയിലേക്ക് എടുത്ത് ധരിക്കുന്നതിനെയാണ് ആത്മീയ വളർച്ചയെന്നുപറയുന്നത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ 'ആദാമിനനുരൂപമായ ദേഹിയുടെ സ്വഭാവത്തെ (soul) മാറ്റി പുതിയതായി സൃഷ്ടിക്കപ്പെട്ട ക്രിസ്താനുരൂപമായ (ആത്മാവിന്റെ - spirit) സ്വഭാവത്തെ മനുഷ്യന്റെ ദേഹിയിലേക്ക് കൊണ്ടുവരികയാണ് ആത്മീയ വളർച്ച'. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായി. അതുപോലെ അവൻ ഭരിക്കുവാനാണ് ജനിച്ചത്. വെളി 1:6 ലും 5:10 ലും ഇപ്രകാരം കാണുന്നു.

പുതുതായി സൃഷ്ടിക്കപ്പെട്ട (ആത്മാവിൽ) ഈ ദൈവാനുരൂപമായ മനുഷ്യനെ, മനുഷ്യന്റെ ദേഹിയിലേക്കു എടുത്തു ധരിക്കുന്നതിനെയാണ് ആത്മീയ വളർച്ചയെന്നു പറയുന്നത്.

**"ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും (രാജാക്കന്മാരും KJV) പുരോഹിതന്മാരും ആക്കിവച്ചു."**

**“ദൈവത്തിൽനിന്നും ജനിച്ചതൊക്കയും ലോകത്തെ ജയി ക്കുന്നു.” (1 യോഹ. 5:4)**

## വീണ്ടും ജനിച്ചതാണ് പക്ഷേ കൈയ്യിലിരിപ്പ് കൊള്ളത്തില്ല ! എന്തുകൊണ്ട്?

കൊലോ 3:9–10 ൽ നമ്മുടെ ഉള്ളിൽ ദൈവാനുരൂപനായ പുതിയ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്നുകാണാം. ദൈവാനുരൂപനായി (ആത്മാവിൽ) സൃഷ്ടിക്കപ്പെട്ടിട്ടും പിന്നെ എന്തുകൊണ്ടാണ് നാം നുണപറയുന്നത്? എന്തുകൊണ്ടാണ് നമ്മൾ കോപിക്കുന്നത്? എന്തു കൊണ്ടാണ് നമ്മൾ ആ പഴയ രൂപത്തിൽ പ്രവർത്തിക്കുന്നത്?.




ചിത്രം 5 ൽ കണ്ടതുപോലെ പഴയ മനുഷ്യൻ പിശാചിനെ അനുസരിച്ച് നടന്നതിനാൽ പിശാചിനോട് ചേരുകയും പിശാച് അവനിൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. കർത്താവായ യേശു തന്റെ രക്തത്താൽ നമ്മെ ഒരു പുതിയ മനുഷ്യനായി സൃഷ്ടിച്ചപ്പോൾ നമ്മുടെ ഉള്ളിൽ സൃഷ്ടിക്കപ്പെ ട്ടത് ആത്മാവു മാത്രമാണ് (ചിത്രം 8 ൽ). അവിടെ ദേഹിയിലോ ശരീരത്തിലോ യാതൊരു സൃഷ്ടിപ്പും നടന്നില്ല. ആരോ സുവിശേഷം പറഞ്ഞപ്പോൾ ദേഹി അതിനെ അംഗീകരിച്ചുകൊണ്ട് യേശുവിനെ ഹൃദയത്തിൽ രക്ഷിതാ വായി അംഗീകരിച്ചു. ഇത് പെട്ടെന്ന് മനസ്സിലാക്കാൻ നടന്ന ഒരു സംഭവം പറയാം.

ചില വർഷങ്ങൾക്കുമുമ്പ് കുവൈറ്റിനെ ഇറാഖ് പിടിച്ചു. ഇത് തിരിച്ചു പിടിക്കാൻ ശേഷി ഇല്ലാത്തതുകൊണ്ട് കുവൈറ്റ് അമേരിക്കയുടെ സഹായം തേടി. ഇതുപോലെ പിശാച് നമ്മുടെ ആത്മാവിനെയും ദേഹിയേയും ശരീരത്തെയും പിടിച്ചു. എന്നാൽ സുവിശേഷം കേട്ട് രക്ഷിക്കപ്പെടുന്ന സമയത്ത് നാം പറഞ്ഞു, “യേശുവേ നീ എന്റെ ഉള്ളിൽ വന്ന് രാജാവായി രക്ഷകനായി വസിക്കേണമേ” എന്ന്; കുവൈറ്റ്

അമേരിക്കയുടെ സഹായം അപേക്ഷിച്ചപ്പോൾ അമേരിക്ക വന്ന് സൗദി യിലിറങ്ങി കുവൈറ്റ് തിരിച്ചുപിടിച്ചതുപോലെ, നാം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വന്ന് നമ്മുടെ ആത്മാവിൽ ഇറങ്ങി മനുഷ്യന്റെ ആത്മാവിൽ പ്രവർത്തിച്ച് പിശാചിനാൽ കീഴടക്കപ്പെട്ട ദേഹിയെ തിരിച്ചു പിടിക്കുന്നു.

ക്രിസ്തുവിനെ രക്ഷിതാവായി നാം സ്വീകരിക്കുമ്പോൾ ആദ്യം ദൈവം ആത്മാവിൽ നമ്മെ പുതു സൃഷ്ടിയാക്കുന്നു. ഇതാണ് ദൈവ ത്തിന്റെ **"നീതീകരണം"**.

**"എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്ത്യം നിത്യജീവനും ആകുന്നു." (റോമ 6:22)**

തുടർന്ന് ദൈവത്തിന്റെ ആത്മാവിനെ അനുസരിച്ച് ജീവിച്ച് ദേഹി യിൽ പിശാച് നിക്ഷേപിച്ചതായ ലോകത്തിന്റെ ജഡമോഹങ്ങ ളിൽനിന്നും വിടുവിക്കുന്നതാണ് **"വിശുദ്ധീകരണം"**.

'നീതീകരണം' യേശുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ പെട്ടെന്ന് നടക്കുന്ന സംഭവമാണെങ്കിൽ 'വിശുദ്ധീകരണം' നമ്മുടെ ലോകത്തിലെ ജീവിതകാലം മുഴുവൻ നമ്മുടെ സഹകരണത്തോടെ നമ്മുടെ ഉള്ളിൽ വന്നെത്തിയ പരിശുദ്ധാത്മാവ് ചെയ്യുന്ന പ്രക്രിയ യാണ്.

**"അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടി പ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവർക്കുവേണ്ടി ഏല്പിച്ചുകൊടുത്തു." (എഫേ 5:26-27)**

തുടർന്ന് ക്രിസ്തുവിന്റെ മദ്ധ്യാകാശ വരവിങ്കൽ നമ്മുടെ ഭൗതിക ശരീരത്തെ സ്വർഗ്ഗീയശരീരമായി ഉയർത്തെഴുന്നേല്പിക്കുകയും ചെയ്യും. അങ്ങനെ നമുക്കോരോരുത്തർക്കും **"തേജസ്കരണവും"** ലഭിക്കുന്നു (1 തെസ്സ 4:16-17). നമ്മളിൽ നടക്കുന്ന ഈ മൂന്ന് കാര്യങ്ങളെക്കുറിച്ച് ദൈവരാജ്യത്തിലെ ഓരോ പൗരനും മനസ്സിലാക്കിയിരിക്കണം.

ജഡത്തിന്റെ സ്വഭാവമെല്ലാം സംഭരിച്ചുവച്ചിരിക്കുന്നത് നമ്മുടെ ദേഹിയിലാണ് (soul). വീണ്ടും ജനിച്ചപ്പോൾ ഈ ദേഹിയല്ല, ആത്മാ

വാണ് പുതുസൃഷ്ടിയായത്. ഇതുകൊണ്ടാണ് ദൈവമക്കളെപ്പറ്റി പലരും പറഞ്ഞുകേട്ടിട്ടുള്ളത്.

***"കക്ഷത്തിൽ ബൈബിളും വച്ചാ നടക്കുന്നത് പക്ഷേ അവന്റെ കയ്യിലിരിപ്പ് കണ്ടോ? അയ്യോ! അവളുടെ ഒരു പോക്കു കണ്ടുകഴിഞ്ഞാൽ വിശുദ്ധ എന്ന ഭാവം; പക്ഷേ പുറമയുള്ള ഇക്കൂട്ടരുടെ രീതി കണ്ടാൽ പരിശുദ്ധർ തന്നെയെന്നുതോന്നും. പക്ഷേ വായ് തുറന്നാൽ ശവക്കുഴിയാണ്."***

ഇങ്ങനെ വീണ്ടും ജനിച്ചവരെക്കുറിച്ച് പലരും തിന്മ പറയുന്നത് വീണ്ടും ജനിക്കാത്തതുകൊണ്ടല്ല, വീണ്ടും ജനിച്ചിട്ടുണ്ട് പക്ഷേ ഇപ്പോഴും ഉപയോഗിക്കുന്നത് പഴയ നിക്ഷേപങ്ങളാണ്. അതായത്, പിശാച് ഇട്ടിട്ടുപോയ ജഡചിന്തകളാണ്. ഇതുകൊണ്ടാണ് ജഡപ്രകാരം പ്രവർത്തിക്കുന്ന ആ സഹോദരനിൽ അഥവാ സഹോദരിയിൽ ക്രിസ്തുവിനെ കാണാതെ പഴയ അവസ്ഥ തുടർന്നും കാണുന്നത്. ഇത് മറ്റുള്ളവർ കാണുമ്പോൾ ക്രിസ്തുവിന്റെ നാമം അവഹേളിക്കപ്പെടുന്നു. അങ്ങനെയുള്ളവർക്ക് കർത്താവിൽ നിന്നും ശിക്ഷയുമുണ്ട്.

വീണ്ടും ജനിച്ചവരെക്കുറിച്ച് പലരും തിന്മ പറയുന്നത് വീണ്ടും ജനിക്കാത്തതുകൊണ്ടല്ല, വീണ്ടും ജനിച്ചിട്ടുണ്ട് പക്ഷേ ഇപ്പോഴും ഉപയോഗിക്കുന്നത് പഴയ നിക്ഷേപങ്ങളാണ്. അതായത്, പിശാച് ഇട്ടിട്ടുപോയ ജഡചിന്തകളാണ്.

**വെളിപ്പാട് 3:15-16** പറയുന്നു, **"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു, നീ ഉഷ്ണവാനുമല്ല, ശീതവാനുമല്ല, ശീതവാനോ ഉഷ്ണവാനോ ആയിരുന്നുവെങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽനിന്നും ഉമിണ്ണുകളയും."**

## പാപം ചെയ്യാൻ കഴിയാത്ത മനുഷ്യൻ

"ദൈവത്തിൽനിന്നും ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല" (1 യോഹ 3:9) പല വിശ്വാസികൾക്കും ഈ വാക്കു പറയാൻ തന്നെ പേടിയാണ് അതുകൊണ്ട് ആരും അതു പ്രസംഗിച്ചു കേൾക്കുന്നതുമില്ല. കാരണം അവർ തങ്ങൾ ജീവിക്കുന്ന ലോകത്തിലേക്ക് നോക്കുകയാണ് അപ്പോൾ അവർ കാണുന്നത്, തങ്ങൾ പാപം ചെയ്യുന്നതായിട്ടാണ്. അപ്പോൾ പിന്നെ തർക്കത്തിനായി വിപരീതവചനം എങ്ങനെ പ്രസംഗിക്കും,

പറയും? എന്നാൽ നാം അറിയേണ്ടത് അറിയാഞ്ഞിട്ടാണ് ഇങ്ങനെയെല്ലാം ചിന്തിക്കുന്നത്.

പ്രിയ സഹോദരങ്ങളേ, നമ്മുടെ സഹോദരനോ സഹോദരിയോ തെറ്റുകൾ ചെയ്യുമ്പോൾ തിരിച്ച് നാം ജഡസ്വഭാവത്തിൽ അവരോടു പ്രവർത്തിക്കാതെ ദൈവിക സ്വഭാവത്തിൽ പ്രവർത്തിച്ചുകൊണ്ട് സൗമ്യമായി അവരെ യാഥാർത്ഥ്യം പറഞ്ഞു മനസ്സിലാക്കണം. സാധാരണ നാം ചെയ്യുന്നത്, 'എന്തായിത് ശ്ശൊ, ഇത്രയൊക്കെ പറഞ്ഞിട്ടും നിങ്ങൾക്കു മനസ്സിലാകുന്നില്ലേ? എന്തൊരു മനുഷ്യനാ അല്ലെങ്കിൽ ഇത് എന്നതാ? എന്ന രീതി ആയിരിക്കാം'. എന്നാൽ അങ്ങനെ പറയരുത് പകരം അവരെ സൗമ്യതയിൽ പറഞ്ഞ് മനസ്സിലാക്കണം. പ്രിയ സഹോദരാ സഹോദരി ***"നീ അല്ലാ അത് ചെയ്തത്, എനിക്കറിയാം, നിനക്കത് ചെയ്യുവാൻ കഴിയത്തില്ല."***

**"ദൈവത്തിൽനിന്ന് ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുവാൻ അവനു കഴിയുകയുമില്ല." (1 യോഹ 3:9)**

നീ എന്നുവച്ചാൽ ആരാ? ദൈവാനുരൂപത്തിലുള്ള മനുഷ്യനാണ് പുതിയ സൃഷ്ടിയാണ് (ആത്മാവാണ്) നീയല്ല പകരം നിന്റെ പഴയ മനുഷ്യനാണ് (ദേഹി) അത് ചെയ്തത്. അവനെ നമുക്ക് തോല്പിക്കണം.


നമ്മിലെ പഴയ മനുഷ്യനെ തോല്പിക്കണം എന്നൊരു സമീപനം നമുക്കുണ്ടെങ്കിൽ നമ്മോടു എതിർക്കുന്നവരോടു നമുക്കു തീരെ ദേഷ്യം തോന്നുകയില്ല ഏതു മനുഷ്യൻ നമുക്കെതിരെ വന്നാലും, എന്തു വന്നാലും, സഹോദരനാകട്ടെ, സഹോദരിയാകട്ടെ, പാസ്റ്ററാകട്ടെ മറ്റാരുമാകട്ടെ അവരെ സൗമ്യമായ രീതിയിൽ ഈ വചനം (1 യോഹ.3:9) പറഞ്ഞ് മനസ്സിലാകണം.

ജീവിതപങ്കാളി ആവശ്യമില്ലാതെ എതിർത്തുവരുമ്പോൾ മനസ്സിലാക്കിക്കൊള്ളുക; ജീവിതപങ്കാളി രക്ഷയുടെ മാർഗ്ഗത്തിൽ കടന്നുവന്ന വ്യക്തിയാണെങ്കിൽ പോലും ഇപ്പോൾ പ്രവർത്തിക്കുന്നത് പഴയ മനുഷ്യന്റെ ജഡസ്വഭാവത്തിലാണ്. ഇവിടെയും നാം സൗമ്യമായി അവരെ ദൈവവചനം പറഞ്ഞു മനസ്സിലാക്കുകയാണ് വേണ്ടത്.

## ദൈവാത്മാവ്, മനുഷ്യാത്മാവ്,ദേഹി, ശരീരം, ലോകം ഇവയിലുള്ള ശുശ്രൂഷയിലെ ബന്ധം

ജഡസ്വഭാവം നിറഞ്ഞു നിൽക്കുന്ന ദേഹിയുടെ (Soul)അനുവാദം കൂടാതെ ആത്മാവിന് (Spirit) ലോകത്തിലേക്ക് ഇറങ്ങി തന്റെ പ്രവൃത്തി വെളിപ്പെടുത്തൽ പറ്റുകയില്ല. അതുപോലെ ശരീരത്തെ കൂടാതെ ദേഹിക്കും (Soul) വെളിയിലേക്കിറങ്ങുവാൻ കഴിയുകയില്ല. എല്ലാം ഒന്നിനോടോന്ന് ബന്ധപ്പെട്ടുകിടക്കുന്നു.

ജഡസ്വഭാവം നിറഞ്ഞു നിൽക്കുന്ന ദേഹിയുടെ (Soul) അനുവാദം കൂടാതെ ആത്മാവിന് (Spirit) ലോകത്തിലേക്ക് ഇറങ്ങി തന്റെ പ്രവൃത്തി വെളിപ്പെടുത്തൽ പറ്റുകയില്ല. അതുപോലെ ശരീരത്തെ കൂടാതെ ദേഹിക്കും (Soul) വെളിയിലേക്കിറങ്ങുവാൻ കഴിയുകയില്ല.




**ആത്മലോകത്തിലുള്ള മനുഷ്യന്റെ ആത്മാവിൽനിന്നും പരിശുദ്ധാത്മാവ് തന്റെ ശുശ്രൂഷകളിലൂടെ ഈ ഭൗതികലോകത്തിലേക്ക് പുറപ്പെടുന്നു**

ചിത്രം - 14

ഇപ്പോൾ നിങ്ങൾക്ക് ഒരു ഗ്ലാസ്സ് വെള്ളമെടുത്ത് കുടിക്കണമെന്ന് ആഗ്രഹമുണ്ട്, പക്ഷെ കൈ അനങ്ങത്തില്ല എങ്കിൽ വെള്ളം കുടിക്കുവാൻ കഴിയുമോ? കഴിയില്ല. അപ്പോൾ ശരീരത്തെക്കൂടാതെ ദേഹിക്ക് ആഗ്രഹിക്കാം എന്നാൽ പ്രവർത്തിക്കാൻ കഴിയില്ല. അതുപോലെ തന്നെ ഈ ദേഹിയേയും ശരീരത്തെയും കൂടാതെ ആത്മാവിന് ആഗ്രഹിക്കാം പക്ഷെ ഭൗതിക മണ്ഡലത്തിൽ പ്രവർത്തിക്കാൻ പറ്റില്ല. ഇത് ഒരു രീതിയാണ്. പലതും പ്രവർത്തിക്കാൻ ആഗ്രഹമുണ്ട്, ആത്മീകമായി ശക്തിപ്പെടണം, ബലപ്പെടണം, വളരണം പക്ഷെ കഴിയുന്നില്ല. ഈ രീതി നിങ്ങൾ ഒന്നു പരിശോധിക്കുക. നിങ്ങൾക്ക് ഒരു കടലാസ് എടുത്ത് ആർക്കെങ്കിലും ഒരു കത്തെഴുതണമെന്ന് ആഗ്രഹമുണ്ടായി എന്നിരിക്കട്ടെ പേനയും, കടലാസും ഉണ്ട് പക്ഷേ നിങ്ങളുടെ കൈ അനങ്ങുന്നില്ല, നിങ്ങൾക്ക് എഴുതുവാൻ കഴിയില്ല, മറ്റാരെയെങ്കിലും കൊണ്ട് എഴുതിപ്പിക്കേണ്ടിവരും.

ദൈവം പ്രധാനമായും രണ്ടു തരം ശുശ്രൂഷയാണ് മനുഷ്യനിലും, മനുഷ്യനിലൂടെയും ചെയ്യുന്നത്. ആദ്യം ദൈവത്തിന്റെ ആത്മാവ് നമ്മിൽ ഒരു ശുശ്രൂഷയും, തുടർന്ന് നമ്മിലൂടെ ലോകത്തിൽ ഒരു ശുശ്രൂഷയും ചെയ്യുന്നു.

ഇതുപോലെ തന്നെ ആത്മാവിന്; ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട മനുഷ്യന്, എല്ലാ നന്മയും ചെയ്യുവാൻ ആഗ്രഹമുണ്ട്, പക്ഷേ ഇതിന് ദേഹി ആദ്യം സമ്മതിക്കണം. വർഷങ്ങൾക്ക് മുമ്പ് എന്നോട് ഇന്നത്തെ രീതിയിൽ പ്രസംഗിക്കുവാനോ, എഴുതുവാനോ പറഞ്ഞാൽ, രക്ഷയുടെ അനുഭവത്തിലേക്ക് വന്നശേഷവും എന്റെ ദേഹി അതിന് സമ്മതിക്കത്തില്ലായിരുന്നു. പിന്നെ കർത്താവ് ആദ്യം എന്തു ചെയ്തെന്നാൽ തന്റെ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ എന്റെ ദേഹിയെ സമ്മതിപ്പിച്ചു. ദേഹിയെ സമ്മതിപ്പിച്ച ശേഷം നന്നായിട്ട് ഒരു വാക്കുപോലും പ്രാർത്ഥിക്കാൻ അറിയാത്ത എന്റെ ഈ ശരീരത്തെ ദൈവം തന്റെ ഇഷ്ടം നിറവേറ്റുവാനായി ഉപയോഗിക്കുന്നു.

ഇവിടെ നമ്മുക്ക് ഒരു കാര്യം മനസ്സിലാക്കാം. ദൈവം പ്രധാനമായും രണ്ടു തരം ശുശ്രൂഷയാണ് മനുഷ്യനിലും, മനുഷ്യനിലൂടെയും ചെയ്യുന്നത്. ആദ്യം ദൈവത്തിന്റെ ആത്മാവ് നമ്മിൽ ഒരു ശുശ്രൂഷയും, തുടർന്ന് നമ്മിലൂടെ ലോകത്തിൽ ഒരു ശുശ്രൂഷയും ചെയ്യുന്നു. നമ്മിൽ ചെയ്യുന്ന ശുശ്രൂഷയുടെ ഉദ്ദേശ്യം ***'നമ്മുടെ ദേഹിയിലെ ലോകജഢചിന്തകളെ മാറ്റി ദൈവീക ചിന്തകളെ നിറയ്ക്കുകയും, ദൈവഹിതം നമ്മിലൂടെ ഈ ഭൂമിയിൽ നടപ്പിലാക്കുകയും ചെയ്യുക'*** എന്നതാണ്.

## പ്രധാന തത്വങ്ങൾ

1. വളരുവാൻ ആഗ്രഹിക്കുന്ന ദൈവമക്കളുടെ വളർച്ചയ്ക്ക് പ്രധാനമായും തടസ്സമായിരിക്കുന്നത് അവരുടെ പഴയ സ്വഭാവം പൂർണ്ണമായി വിട്ടുകളയാൻ മനസ്സില്ലാത്തതിനാലാണ്.
2. ദൈവമക്കളെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്ന ഒരു കാര്യമാണ് ദൈവരാജ്യത്തിലെ ഒരോ പടയാളിയായി ദൈവമക്കൾ വളരണമെന്നത്.
3. ഒരു വ്യക്തി തെറ്റിൽ അകപ്പെട്ടാൽ അഥവാ തെറ്റു ചെയ്താൽ നാം അവരോട് ജഡസ്വഭാവത്തിൽ പ്രവർത്തിക്കാതെ ദൈവിക സ്വഭാവത്തിൽ തിരിച്ച് പ്രവർത്തിക്കണം.
4. ആത്മാവിന്; ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട മനുഷ്യന് എല്ലാ നന്മയും ചെയ്യുവാൻ ആഗ്രഹമുണ്ട് പക്ഷേ ദേഹി ഇതിന് സമ്മതിച്ചാലേ ചെയ്യുവാൻ സാധിക്കുകയുള്ളു. ദേഹി ഇതിന് സമ്മതിക്കാത്തതിന്റെ കാരണം ദേഹിയിലുള്ള പഴയ ലോകജഡചിന്തകളാണ്.
5. പുതുതായി സൃഷ്ടിക്കപ്പെട്ട (ആത്മാവിൽ) ഈ ദൈവാനുരൂപമായ മനുഷ്യനെ, മനുഷ്യന്റെ ദേഹിയിലേക്ക് എടുത്ത് ധരിക്കുന്നതിനെയാണ് ആത്മീയ വളർച്ചയെന്നു പറയുന്നത്.
6. കർത്താവായ യേശു തന്റെ രക്തത്താൽ നമ്മെ ഒരു പുതിയ മനുഷ്യനായി സൃഷ്ടിച്ചപ്പോൾ നമ്മുടെ ഉള്ളിൽ സൃഷ്ടിക്കപ്പെട്ടത് ആത്മാവു മാത്രമാണ്. അവിടെ ദേഹിയിലോ, ശരീരത്തിലോ സൃഷ്ടി കർമ്മം നടന്നില്ല.
7. മനുഷ്യാത്മാവിനെ കൂടാതെ ദൈവാത്മാവിനും, ദേഹിയെ കൂടാതെ മനുഷ്യാത്മാവിനും ശരീരത്തെ കൂടാതെ ദേഹിക്കും ലോകത്തിൽ മനുഷ്യനിലൂടെ വെളിപ്പെടുവാൻ പ്രവർത്തിക്കുവാൻ കഴിയുകയില്ല. എല്ലാം ഒന്നിനോടൊന്ന് ബന്ധപ്പെട്ടു കിടക്കുന്നു.
8. ദൈവം പ്രധാനമായും രണ്ടു തരം ശുശ്രൂഷയാണ് മനുഷ്യനിലും, മനുഷ്യനിലൂടെയും ചെയ്യുന്നത്. ആദ്യം ദൈവത്തിന്റെ ആത്മാവ് നമ്മിൽ ഒരു ശുശ്രൂഷയും, തുടർന്ന് നമ്മിലൂടെ ലോകത്തിൽ ഒരു ശുശ്രൂഷയും ചെയ്യുന്നു.



അദ്ധ്യായം 7

# വിശ്വാസജീവിതത്തിൽ ആത്മാവ്, മനസ്സ്, ശരീരം എന്നിവയുടെ പ്രവർത്തനം

"ജീവിപ്പിക്കുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല: ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" (യോഹ.6:63)


## ഒരു താഴ്ചയും, ഇരട്ട ഉയർച്ചയും (Single Demotion and Double Promotion)

ദേഹിയിൽ നിന്ന് ജഡത്തിലേക്കും, ജഡത്തിൽനിന്നും ആത്മാവിലേക്കും, മറ്റൊരു രീതിയിൽ പറഞ്ഞാൽ മനുഷ്യന്റെ പാപം മൂലം 2-ാം സ്ഥാനമായ ദേഹിയിൽ നിന്ന് മനുഷ്യൻ 3-ാം സ്ഥാനമായ ജഡത്തിലേക്ക് തള്ളപ്പെട്ടു. എന്നാൽ ദൈവം മനുഷ്യനോടുള്ള സ്നേഹത്താൽ, തന്റെ പ്രവർത്തിയിലൂടെ 3-ാം സ്ഥാനമായ ജഡത്തിൽ നിൽക്കുന്ന മനുഷ്യനെ ഇരട്ട ഉയർച്ചയോടെ (Double Promotion) 1-ാം സ്ഥാനമായ ആത്മാവിലേക്കു കൊണ്ടുവരുന്നു. ഇത് മനസ്സിലാകുവാൻ നമ്മൾ പഠിച്ച അടിസ്ഥാനങ്ങളെ വീണ്ടും നമ്മുക്കൊന്നു ഓർക്കാം.

പൂർണ്ണനായ ഒരു മനുഷ്യന് മൂന്ന് ഭാഗങ്ങൾ ഉണ്ട് എന്ന് 1 തെസ്സലോ. 5:23 ൽ നമുക്ക് കാണാം. അവയാണ് ആത്മാവ്, ദേഹി, ദേഹം (Spirit,Soul,Body) ഇതിൽ ദേഹം (Body) നിൽക്കുന്നത് ഭൂമിയിലാണ്.

ഭൂമിയുടെ ഭാഗമാണ് ദേഹം, ഇതാണ് പ്രധാനമായും നമുക്കറിവുള്ള ഭാഗം. എന്നാൽ ഇതോടോപ്പം തന്നെ സ്വർഗ്ഗീയമായ ഒരു ഭാഗമുണ്ട് അതാണ് ആത്മാവ് (Spirit) ഇത് രണ്ടും കൂടി ചേർന്നപ്പോൾ പുതിയതായി ഉണ്ടായ ഭാഗമാണ് ദേഹി (Soul). ഇവ മൂന്നും തമ്മിൽ ബന്ധവും ഉണ്ട്, എന്നാൽ മൂന്നിന്റെയും ഉദ്ദേശ്യം വ്യത്യസ്തമാണ്.

**"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു." (ഉൽപ. 2:7)**




**ആത്മലോകത്തിലും ഭൗതികലോകത്തിലും ഒരുമിച്ച് ജീവിക്കുവാൻ കഴിഞ്ഞിരുന്ന ആദിമനുഷ്യനായ ആദം**

ചിത്രം – 15

ശരീരം (Body) ഭൗതിക ലോകബോധവും (ഉദാ. സ്പർശനം World Conscious) ദേഹി (Soul) സ്വയംബോധവും (ഉദാ. ഞാനെന്നുള്ള ബോധം Self Conscious) ആത്മാവ് (Spirit) ആത്മബോധവും തരുന്നു.(ഉദാ. ദൈവസാന്നിദ്ധ്യബോധം God Conscious).

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, ദൈവത്തേക്കാൾ അൽപ്പം മാത്രം താഴ്ത്തി സൃഷ്ടിച്ച മനുഷ്യന് (സങ്കീ 8:5) ഭൗതികലോകമായും, ആത്മീയലോകമായും ഒരുമിച്ചു ബന്ധപ്പെടുവാൻ കഴിഞ്ഞിരുന്നു. രണ്ട് ലോകവുമായി ബന്ധപ്പെടുന്ന Communicate) ആദത്തെയാണ് നാം ചിത്രത്തിൽ കാണുന്നത്.

പൂർണ്ണനായ ഒരു മനുഷ്യന് രണ്ട് ലോകവുമായി ഒരുമിച്ച് ബന്ധപ്പെടുവാൻ കഴിയുമെന്ന് ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയും ( A Complete man can communicate with both the world) തുടർന്ന് ദൈവം സ്വന്തം സാദൃശ്യത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചതെങ്കിലും ദൈവത്തേക്കാൾ അൽപ്പം മാത്രം താഴ്ത്തിയാണ് അവനെ സൃഷ്ടിച്ചത് (Even God created man in his own image, He never Created him equal with God) ഇതിനാധാരമായി വചനത്തിൽ ഇങ്ങനെ പറയുന്നു;

**സങ്കീ 8:5 ൽ "നീ അവനെ ദൈവത്തേക്കാൾ അൽപ്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കു ന്നു."**

**ഉല്പ. 3:22 ൽ "മനുഷ്യൻ നന്മതിന്മകളെ അറിവാൻ തക്കവണ്ണം നമ്മിൽ ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു."** എന്നും കാണാം.

മനുഷ്യൻ ദൈവസാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടതെങ്കിലും, ദൈവതുല്യമായിട്ടല്ല സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ദൈവം ആത്മരൂപിയാണ് (Spirit) മനുഷ്യനിൽ ആത്മാവുണ്ടെങ്കിലും ഉൽപത്തിയിൽ ദൈവം അവനെ നിർത്തിയിരിക്കുന്നത് ദേഹീരൂപത്തിലാണ് (Soul) (ഉല്പ.2:7, 1 കൊരി.15:45) അതായത് രണ്ടാം സ്ഥാനത്താണ്. തുടർന്ന് നാം വായി ക്കുമ്പോൾ മനസ്സിലാക്കേണ്ടത് ആത്മാവു ഒന്നാം സ്ഥാനത്തും, ദേഹി രണ്ടാം സ്ഥാനത്തും,ശരീരം അഥവ ജഡം മൂന്നാം സ്ഥാനത്തുമാണ്. മനുഷ്യൻ ജഡരൂപമായ മൂന്നാം സ്ഥാനത്തേക്ക് താഴണമെന്നല്ല പകരം തന്നെ പോലെ തന്നെ ഒന്നാം സ്ഥാനമായ ആത്മരൂപത്തിലേക്ക് വള രണമെന്നായിരുന്നു ദൈവമാഗ്രഹിച്ചത്.

പക്ഷെ നാം ഏത് ഭാഗത്തിലേക്ക് പോയെന്നോ? മൂന്നാമത്തെ ഭാഗ മായ ജഡത്തിലേക്ക് ഉല്പ.2:7ൽ മനുഷ്യൻ ജീവനുള്ള ദേഹിയാണെന്ന് പറഞ്ഞ ദൈവം ഉല്പ. 6:3ൽ മനുഷ്യൻ പാപം ചെയ്തതിനുശേഷം അവൻ ജഡം തന്നെയല്ലോ എന്ന് പറയുന്നു. ദൈവത്തിന്റെ വാക്കുക ളിലൂടെ നമുക്കു മനസ്സിലാക്കാം ദേഹിരൂപത്തിൽ സൃഷ്ടിച്ച മനുഷ്യൻ ഇപ്പോൾ ജഡരൂപത്തിലായെന്ന്. അതായത് ജഡത്തിൽ നിന്നാണ് ഇപ്പോൾ മനുഷ്യന്റെ നിയന്ത്രണം ആരംഭിക്കുന്നത്. പീന്നീടുള്ള ദൈവത്തിന്റെ പദ്ധതിയാണ് യേശുക്രിസ്തുവിനെ ഭൂമിയിലേക്ക് അയച്ച് നമ്മെ ഒന്നാം സ്ഥാനമായ ആത്മാവിലേക്ക് മാറ്റുക എന്നുള്ളത്, അത് ദൈവം ചെയ്തുകഴിഞ്ഞു. ദൈവം അവരെ സൃഷ്ടിച്ച നാളിൽ പ്രധാ നമായും രണ്ടു വൃക്ഷങ്ങളുടെ രൂപത്തിൽ ജീവനും മരണവും അവ രുടെ മുമ്പിൽ വച്ചു.

മരണത്തെ പ്രതിനിധാനം ചെയ്യുന്ന നന്മതിന്മകളെക്കുറിച്ചുള്ള അറി വിന്റെ വൃക്ഷവും, ജീവനെ പ്രതിനിധാനം ചെയ്യുന്ന ജീവന്റെ വൃക്ഷ വും. എന്നിട്ട് കർത്താവ് കൽപ്പിച്ചു, 'നീ നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലം തിന്നരുത് തിന്നുന്ന നാളിൽ നീ മരിക്കും'. അങ്ങനെ ഈ രണ്ടു വൃക്ഷങ്ങളിലൂടെ ജീവനും മരണവും ആദത്തിന്റെ മുമ്പിൽ വച്ചു. അവ

ആത്മാവ്, മനസ്സ്, ശരീരം, മനുഷ്യന്റെ മൂന്ന് ഭാഗങ്ങളും, അതോടൊപ്പം തന്നെ മൂന്ന് തലങ്ങളും കൂടിയത്.

ദൈവം ആത്മാവ് (Spirit) എന്ന തലത്തിലാണ് (Level) സ്ഥിതി ചെയ്യുന്നത്, പക്ഷേ മനുഷ്യനെ സൃഷ്ടിച്ചത് ദേഹി എന്ന തലത്തിലാണ് (Soul Level). മനുഷ്യന് ആത്മാവും (Spirit) ശരീരവും (Body) ഉണ്ട്, എന്നാൽ അവനെ നിയന്ത്രിക്കുന്ന ഭാഗം ദേഹിയാണ് (Controlling part Soul). മൃഗം ജഡത്തിന്റെ തലത്തിലാണ്. ദൈവവചനം പറയുന്നു;

**"മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്ക് തുല്യനത്രേ." (സങ്കീ 49:20)**

'മനുഷ്യന്റെ വിവേകം നഷ്ടപ്പെടുമ്പോൾ അവൻ മൃഗതുല്യനായിരിക്കും' എന്ന് നമുക്ക് മനസ്സിലാക്കാം.

ഉല്പ.2:7 ൽ മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു എന്ന് കാണാൻ കഴിയും. പിശാചിനാൽ കബളിക്കപ്പെട്ട മനുഷ്യന് നന്മതിന്മകളുടെ വൃക്ഷത്തിലേക്ക് ഒരു ചായ്വ് വന്നു. അവൻ നന്മതിന്മകളുടെ ഫലം കഴിച്ചു, അതോടുകൂടി അവന്റെ തേജസ്സും നഷ്ടപ്പെട്ടു. ദൈവം പറഞ്ഞതുപോലെ അവൻ മരിച്ചു (ആത്മാവിൽ), സ്വർഗ്ഗവുമായുള്ള അവന്റെ ബന്ധം വിച്ഛേദിക്കപ്പെട്ടു. അതോടുകൂടി ആത്മമണ്ഡലത്തെ അറിയുവാൻ അവനു കഴിയാതെയായി. ദൈവവുമായുള്ള ബന്ധവും അവന് നഷ്ടമായി, ദൈവം അവനെ ഇറക്കി കളഞ്ഞു (ഉല്പ. 3:23, 24). പിന്നെ അവന്റെ ബോധം പൂർണ്ണമായും ഭൂമിയിലേക്കായി, അങ്ങനെ അവന്റെ ചിന്തയിൽ അവന്റെ ലോകം ഭൂമിയായിത്തീർന്നു.

> അദൃശ്യ ദൈവരാജ്യത്തിൽ നിൽക്കുന്ന അവനിലൂടെ (മനുഷ്യനിലൂടെ) ദൈവത്തിന്റെ ഹിതങ്ങൾ, ദൃശ്യമായ ഭൂമിയിൽ നടപ്പിലാക്കണമെന്നായിരുന്നു ദൈവത്തിന്റെ ആഗ്രഹം.


യഥാർത്ഥത്തിൽ ദൈവം ആഗ്രഹിച്ച അവന്റെ ലോകം എന്നത് ദൈവത്തോടുകൂടെയുള്ള ഒരു ലോകമാണ്. അതായത് 'അദൃശ്യ ദൈവരാജ്യത്തിൽ നിൽക്കുന്ന മനുഷ്യനിലൂടെ ദൈവത്തിന്റെ ഹിതങ്ങൾ, ദൃശ്യമായ ഭൂമിയിൽ നടപ്പിലാക്കണമെന്നായിരുന്നു' ദൈവത്തിന്റെ ആഗ്രഹം. പക്ഷേ ഈ ബന്ധം മുഴുവൻ വിച്ഛേദിക്കപ്പെട്ടു. ഇതു കൊണ്ടാണ് ഇന്ന് രക്ഷയുടെ അനുഭവത്തിലേക്ക് കടന്ന് വന്ന ജനത്തിന് അതിനുമുമ്പ് ദൈവസാന്നിദ്ധ്യ ബോധം ഇല്ലാതിരുന്നത്. എന്ന് നാം ദൈവത്തെ അറിഞ്ഞുവോ അന്ന് ഈ ബന്ധം കൂട്ടിച്ചേർക്ക

പ്പെട്ടു. പക്ഷേ ആദ്യത്തേതിൽ നിന്ന് വ്യത്യാസമുണ്ട് ഈ ബന്ധത്തിന്, അന്ന് ആദം ദൈവവുമായി സംസാരിച്ചിരുന്നതുപോലെ ഇന്ന് നമുക്ക് സംസാരിക്കാൻ കഴിയുന്നില്ല, അതിന്റെ വ്യത്യാസം എന്താണെന്ന് തുടർന്ന് നമുക്ക് മനസ്സിലാക്കാം.

## ആദത്തിന്റെ വീഴ്ച മനുഷ്യവർഗ്ഗത്തിന്റെ വൻ നഷ്ടം

നമ്മെ ആരുടെ ഛായയിലാണ് സൃഷ്ടിച്ചത്? ആരെപ്പോലെയാണ് സൃഷ്ടിച്ചിരിക്കുന്നത്?

ദൈവത്തെപ്പോലെ. ദൈവത്തിന് ഉടുപ്പുണ്ടോ? ഇല്ല എന്നു നാം പറയും, എന്നാൽ വചനം പറയും, 'ഉണ്ടെന്ന്.' നമ്മൾ ചുരിദാറും, ഷർട്ടും ധരിച്ചിരിക്കുന്നു, ദൈവം തേജസ്സിന്റെ ഉള്ളിലാണ് വസിക്കുന്നത്. ദൈവത്തിന്റെ ഉടുപ്പാണ് തേജസ്സ് (1 തിമോ. 6:16) അടുക്കുവാൻ കഴിയാത്ത തേജസ്സിന്റെ ഉള്ളിൽ വസിക്കുന്നവനാണ് ദൈവം. ആദാമിനെ ദൈവം തന്റെ ഛായയിൽ സൃഷ്ടിച്ചപ്പോൾ ദൈവം ആദാമിനും ഇതേ തേജസ്സിന്റെ ഉടുപ്പാണ് കൊടുത്തത്.




**വീഴ്ചക്കു മുമ്പും പിമ്പുമുള്ള മനുഷ്യന്റെ തേജസ്സ്**

ചിത്രം - 16

ആദം വസിച്ചിരുന്നത് തേജസ്സിന്റെ ഉള്ളിലാണ്, എപ്പോഴാണോ ആദാം പാപം ചെയ്തത് അപ്പോൾ തേജസ്സ് നഷ്ടപ്പെട്ടു. അപ്പോൾ മുതലാണ്

ആദത്തിന് ഇലകളും മറ്റും തേടേണ്ടിവന്നത്. ആദാം പാപം ചെയ്തി ല്ലായിരുന്നെങ്കിൽ ഇന്ന് നമുക്കു തുണിയുടെയോ, തുണിക്കടയുടെയോ ആവശ്യം ഉണ്ടാകുമായിരുന്നില്ല. റോമർ 3:23 "എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു."

അനുഗ്രഹിക്കപ്പെട്ട ഒരു ഉടുപ്പാണ് ദൈവം നമുക്കു തന്നത്.എ ന്നാൽ നമ്മുടെ പൂർവ്വപിതാവ് അത് നഷ്ടപ്പെടുത്തി.

ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ ആദാമിനു ചുറ്റും പ്രകാശമാ യിരുന്നു, ദൈവത്തിന്റെ സ്വരൂപം. പ്രെട്രോമാക്സ് കത്തിക്കൊണ്ടി രിക്കുമ്പോൾ അതിന്റെ ഫിലമെന്റ് നമുക്കു കാണാൻ കഴിയില്ല. പ കരം ഒരു പ്രകാശ വലയമാണ് നാം കാണുന്നത്. ഇതുപോലെ നമ്മുടെ ദൈവവും പ്രകാശത്തിലാണ് വസിക്കുന്നത്. സൂര്യന് ഉടുപ്പ് ഇടേണ്ട ആവശ്യം ഉണ്ടോ? ഇല്ല. എന്നാൽ സൂര്യൻ കെട്ടാൽ ചന്ദ്രനിൽ കാണു ന്നതുപോലെ കുഴിയും മറ്റും സൂര്യനിലും കാണാൻ സാധിക്കും. ഇതു പോലെയാണ് ദൈവത്തിന്റെ തേജസ്സിൽ സൃഷ്ടിച്ച ആദവും. ആദ ത്തിനു ചുറ്റും ഒരു പ്രകാശമായിരുന്നു പക്ഷേ, എന്ന് ആദം പാപം ചെയ്തുവോ, ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടു, അതോടുകൂടെ ആദത്തിന്റെ ഈ തേജസ്സ് നഷ്ടപ്പെടുകയാണുണ്ടായത്. ദൈവരാജ്യം അവന് നഷ്ടപ്പെട്ടു, ദൈവതേജസ്സ് നഷ്ടപ്പെട്ട് വെറും ശരീരമായി തീർന്നു.

ഒരു ബൾബ് കെട്ടാൽ പിന്നെ നാം എന്താണ് കാണുന്നത്? അതിന്റെ ഫിലമെന്റ് മാത്രമെ കാണൂ. ഇതുപോലെയാണ് ഇന്ന് കാണുന്ന മനു ഷ്യന്റെ രൂപം ദൈവം സൃഷ്ടിച്ച അളവിലല്ല ഇപ്പോഴുള്ളത്. കർത്താ വായ യേശുക്രിസ്തു ഭൂമിയിൽ വന്നപ്പോൾ പറഞ്ഞ ഒരു കാര്യമുണ്ട് ഈ ലോകത്തിൽ ഏറ്റവും വലിയ ജ്ഞാനിയാണ് ശലോമോൻ. ഈ ലോകത്തിൽ ശലോമോന്റെ ജ്ഞാനവുമായി താരതമ്യം ചെയ്യാൻ വേറെ ആരുമില്ല. പക്ഷെ കർത്താവ് ഇവിടെ ശലോമോനെ വളരെ ഉയർത്തി കാണിക്കുന്നുവെങ്കിലും, യേശുക്രിസ്തു പറഞ്ഞ അതിശയ കരമായ ഒരു കാര്യം നാം ശ്രദ്ധിച്ചാൽ എത്രമാത്രം വലിയ നഷ്ട മാണ് ആദത്തിന്റെ ആത്മ മരണം മൂലം മനുഷ്യവർഗ്ഗത്തിനു നഷ്ടമാ യതെന്ന് നമുക്ക് മനസ്സിലാക്കാം. ശലോമോന്റെ മഹത്വം ഒരു ലില്ലി പുഷ്പം അല്ലെങ്കിൽ ഒരു പുല്ലുമായി താരതമ്യം ചെയ്താൽ ആര് ജ യിക്കും എന്നു ചോദിച്ചാൽ, ഉത്തരം പുല്ല് അഥവാ ലില്ലിപുഷ്പം ജയി ക്കും എന്നാണ് യേശുക്രിസ്തുവിന്റെ വാക്കുകളിലൂടെ നമുക്ക് മനസ്സി ലാകുന്നത്.

മത്താ. 6:29-30 ൽ 'എന്നാൽ ശലോമോൻ പോലും തന്റെ സർവ്വമഹത്വത്തിലും ഇവയിൽ (**വയലിലെ പുല്ല്**) ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.'- എന്തുകൊണ്ടാണ് ശലോമോനെക്കാളും അധികം പുല്ല് അഥവാ ലില്ലിപുഷ്പം ഉയർന്നിരിക്കുന്നു എന്നു ചിന്തിച്ചാൽ, മനുഷ്യനെ ദൈവം തന്റെ തേജസ്സിൽ സൃഷ്ടിച്ചു. പക്ഷേ മനുഷ്യൻ ആ തേജസ്സ് നഷ്ടമാക്കി. അതുപോലെ മനുഷ്യൻ ദൈവം സൃഷ്ടിച്ച ആ അളവിലല്ല ഇപ്പോൾ ആയിരിക്കുന്നത്. മനുഷ്യൻ അവിടെ നിന്ന് താഴേക്കു ഇറങ്ങി പാപം ചെയ്ത് തേജസ്സ് നഷ്ടമാക്കി. അങ്ങനെ മനുഷ്യന്റെ ഇപ്പോഴത്തെ അവസ്ഥയും പുല്ലിന്റെ ഇപ്പോഴുള്ള അവസ്ഥയും കൂടെ നോക്കുമ്പോൾ പുല്ലിന്റെ അവസ്ഥയാണ് മനോഹരമായിരിക്കുന്നത്. മനുഷ്യൻ പാപം ചെയ്ത് താഴേക്കിറങ്ങിയെങ്കിലും പുല്ല് (**ലില്ലിപുഷ്പം**) ദൈവം സൃഷ്ടിച്ച അവസ്ഥയിൽ തന്നെയിന്നും തുടരുന്നു. എന്നാൽ നമ്മൾ ദൈവം സൃഷ്ടിച്ച അളവിലേക്ക് ഉയർന്നു കഴിയുമ്പോൾ നമ്മുടെ അവസ്ഥ അനുഗ്രഹീതവുമായിരിക്കും, വളരെ വലുതും ആയിരിക്കും. ആ മഹത്വത്തിലേക്ക് ദൈവം നമ്മെ കൊണ്ടുപോകാൻ പോകുകയാണ്. ആദത്തിന്റ ആത്മീയ മരണം മനുഷ്യവർഗ്ഗത്തിനുണ്ടാക്കിയ നഷ്ടം വളരെ വലുതാണ്.

## മനുഷ്യന്റെ ഇരട്ട പ്രമോഷൻ

എപ്പോഴാണ് ജഡരൂപത്തിൽ (ഉല്പ 6:3) നിൽക്കുന്ന നമ്മൾ ആത്മരൂപത്തിലായിത്തീരുന്നത്?

1 യോഹ: 3:2 ൽ കർത്താവായ യേശുക്രിസ്തു പ്രത്യക്ഷനാകുമ്പോൾ എന്ന് കാണാം. ദൈവത്തിന്റെ വചനം 2 കൊരി 3:17 ൽ 'കർത്താവ് ആത്മാവാകുന്നു' എന്നു കാണാം (Now the Lord is the Spirit) മലയാളം തർജ്ജമയിൽ പറയുന്നതുപോലയല്ല 'ഇപ്പോൾ കർത്താവ് ആത്മാവാകുന്നു' എന്നാണ്. KJV ബൈബിളിൽ കാണുന്നത്. എന്നുപറഞ്ഞാൽ കർത്താവ് നേരത്തെ എന്തായിരുന്നു? ബൈബിളിൽ ഇങ്ങനെ കാണാൻ കഴിയും; 'മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി' (എബ്രാ. 2:14).

നമുക്ക് ഇപ്പോൾ എന്തുകൊണ്ടാണ് യേശുവിനെ കാണാൻ കഴിയാത്തത്? കാരണം കർത്താവ് ആത്മാവാണ്. നാം ജഡത്തിൽ വസിക്കുന്ന ആത്മാക്കളാണ്. ജഡത്തിൽ വസിക്കുന്നവർക്ക് ജഡത്തിൽ

വസിക്കുന്നവരെ കാണാം, ആത്മാവിൽ വസിക്കുന്നവർക്ക് ആത്മാവിൽ വസിക്കുന്നവരേയും ജഡത്തിൽ വസിക്കുന്നവരേയും കാണാം. അതു കൊണ്ടാണ് നാം പരസ്പരം കാണുന്നത് എന്നാൽ യേശുവിനെയോ, ദൂതന്മാരെയോ കാണാൻ പറ്റുന്നില്ല, കാരണം അവർ ആത്മലോക ത്തിലാണ് (Spirit world) അവർ ആത്മാക്കളാണ്.

നാം ഈ ശരീരത്തിൽ ഭൗതിക ലോകത്തിലാണ്. അപ്പോൾ ഭൗതിക ലോകത്തുള്ളവരെ കാണാൻ ഭൗതിക ശരീരം മതി എന്നാൽ,

ആത്മലോകത്തുള്ളവരെ കാണാൻ ആത്മശരീരം വേണം (Spirit Body)

ദൈവം രണ്ടാമത്തെ അവസ്ഥയിൽ അഥവാ ദേഹിയിൽ (Soul) (ഉല്പ. 2:7) സൃഷ്ടിച്ച മനുഷ്യൻ താഴ്ച (Demotion) തിരഞ്ഞെടുത്ത് മൂന്നാം അവസ്ഥയായ ജഡത്തിലേക്ക് പോയെങ്കിലും ദൈവം അവനെ ഒന്നാമത്തെ അവസ്ഥയായ ആത്മാവിലേക്ക് കൊണ്ടുവരും. എപ്പോഴാണ് അത് സംഭവിക്കുന്നത്? ദൈവത്തിന്റെ വചനം പറയുന്നത് 'അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുന്ന തുപോലെ തന്നെ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു' (1 യോഹ 3:2). അതായത് ഇപ്പോൾ ജഡരൂപത്തിലായിരിക്കുന്ന നാം കർത്താവിനോടു സദൃശ്യരായി ത്തീരും. എങ്ങനെയെന്നാൽ, മൂന്നാം സ്ഥാനത്തുനിന്ന് ഒന്നാം സ്ഥാനത്തേക്ക് ഒരു 'കയറ്റം' (Promotion) ജഡത്തിൽനിന്ന് ആത്മാവി ലേക്ക് കയറ്റം. അതായത് നാം ഇന്ന് ആയിരിക്കുന്ന ജഡരൂപത്തിൽ നിന്ന് കർത്താവ് ഇന്ന് ആയിരിക്കുന്ന ആത്മരൂപത്തിലേക്ക് മാറുകയും, അതുകൊണ്ട് നാം അപ്പോൾ ആത്മാവാകുന്ന കർത്താവിനെ താനിരി ക്കുന്നതുപോലെതന്നെ കാണും. ദൈവവചനം 1 കൊരി 15: 45-48ൽ പറയുന്നു.


ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയാണെങ്കിൽ ഒടു ക്കത്തെ ആദം (യേശു) ജീവിപ്പിക്കുന്ന ആത്മാവായി. വചനം തുട ർന്ന് പറയുകയാണ്. നമെല്ലാവരും യേശുവിനെപ്പോലെ ജീവിപ്പിക്കുന്ന ആത്മാവാണ്. അതുകൊണ്ടാണ് വചനം 'സ്വർഗ്ഗീയനെപ്പോലെ സ്വർ ഗ്ഗീയന്മാരും' എന്ന് പറഞ്ഞിരിക്കുന്നത്.

**"ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു, ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി. എന്നാൽ ആത്മീയമല്ല പ്രാകൃതമത്രേ ഒന്നാമത്തേതു, ആത്മീകം പിന്നത്തേ തിൽ വരുന്നു. ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്നു മണ്ണുകൊണ്ടു ള്ളവൻ; രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ. മണ്ണു കൊണ്ടുള്ളവനെ പോലെ മണ്ണുകൊണ്ടുള്ളവരും സ്വർഗ്ഗീയനെ പോലെ സ്വർഗ്ഗീയന്മാരും ആകുന്നു." (1കൊരി 15:45-48)**

പക്ഷേ ഇന്ന് നാം ഒരു ജഡത്തിന്റെ കവറിനുള്ളിൽ ആണെന്നു മാത്രം. ആത്മരൂപത്തിലിരിക്കുന്ന കർത്താവിനെ കാണണമെങ്കിൽ നാം ആത്മാരൂപത്തിലായി മാറണം. അതായത് ജഡരൂപത്തിലിരിക്കുന്ന നാം ആത്മരൂപിയായി മാറിക്കൊണ്ട് ആത്മാവായ കർത്താവിനെ താനിരിക്കുമ്പോലെ തന്നെ കാണും, ഇതാണ് ദൈവത്തിന്റെ പദ്ധതി.

പക്ഷേ എല്ലാവരും ഈ മാറ്റം പ്രാപിക്കുകയില്ല, ദൈവത്തിന്റെ പ്രത്യേക പ്രക്രിയയിലൂടെ കടന്ന് പോകുന്നവരാണ് ഇത് പ്രാപിക്കുന്നത്. ധാരാളം പേർ അതിനായി കാത്തിരിക്കുന്നുണ്ട്. ഈ കാത്തിരിക്കുന്നവർ എല്ലാവരും പോകണമെന്നില്ല പകരം ദൈവത്തെ അനുസരിച്ച് അവന്റെ വഴികളിൽ ജീവിക്കുന്നവർ, ആത്മാവിനെ അനുസരിച്ചു ജീവിക്കുന്നവർ, (റോമർ 8:13-14) ദൈവത്തെ പ്രസാദിപ്പിച്ചവർ, മാത്രമേ അങ്ങോട്ടു പോവുകയുള്ളു, കാരണം നമ്മുടെ സ്വന്ത നീതിപ്രവൃത്തിയോ മറ്റെന്തെങ്കിലുമോ കൊണ്ടല്ല നാം ദൈവരാജ്യം അവകാശമാക്കുന്നത്. യേശുവിനെ അംഗീകരിക്കുകയും യേശു പറഞ്ഞ പ്രകാരം നാം ജീവിക്കുകയും ചെയ്യുമ്പോഴാണ് ദൈവരാജ്യം അവകാശമാക്കുന്നത്.

## ആദത്തിന്റെ തേജസ്സും, പുതിയ സൃഷ്ടിയായ മനുഷ്യന്റെ തേജസ്സും തമ്മിലുള്ള വ്യത്യാസം




**ആദത്തിന്റെ തേജസ്സും വീണ്ടെടുക്കപ്പെട്ട വ്യക്തിയുടെ തേജസ്സും തമ്മിലുള്ള വ്യത്യാസം**

ചിത്രം - 17

## വീണ്ടും ജനിച്ചപ്പോൾ നമ്മുടെ അവസ്ഥ എന്താണ്?

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചപ്പോൾ നമുക്കു കിട്ടിയ തേജസ്സും ആദത്തിന് ഉണ്ടായിരുന്ന തേജസ്സും തമ്മിൽ വ്യത്യാസം ഉണ്ട്. രണ്ടും ദൈവത്തിന്റെ തേജസ്സാണെങ്കിലും അതിന്റെ അളവിലും പ്രത്യക്ഷതയിലും വ്യത്യാസമുണ്ട്. വീണ്ടും ജനിച്ചപ്പോൾ ആദത്തിന് ഉണ്ടായിരുന്ന അതേ തേജസ്സ് തിരിച്ച് വരുകയല്ല ചെയ്തത്. അതായത് ആദം തേജസ്സിന്റെ ഉള്ളിലാണ് വസിച്ചിരുന്നത് ആദത്തിന് തേജസ്സ് അകത്തും പുറത്തുമായിരുന്നു. ചിത്രം 17 ശ്രദ്ധിക്കുക. എന്നാൽ നാം തേജസ്സിന്റെ ഉള്ളിലല്ല, പിന്നെയോ, നമ്മുടെ ഉള്ളിലാണ് ദൈവത്തിന്റെ തേജസ്സ്. നമ്മുടെ പുറത്തല്ല, അകത്ത് ആത്മാവിലാണ്, അങ്ങനെ വീണ്ടും ജനിച്ചപ്പോൾ ദൈവരാജ്യം നമ്മുടെ ഉള്ളിൽ വീണ്ടും വെളിപ്പെട്ടു. (ചിത്രം 3 ശ്രദ്ധിക്കുക) പുറത്ത് ഇപ്പോഴും ആ പഴയ ശരീരം തന്നെയാണ് കാണുന്നത്, അതുകൊണ്ട് ശരീരത്തിന് നാണം മറയ്ക്കാൻ ഉടുപ്പ് വേണം.

ദൈവത്തിന്റെ തേജസ്സ് നമ്മുടെ ഉള്ളിലുള്ളതുകൊണ്ടാണ് നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് കർത്താവ് പറഞ്ഞത്. അതുപോലെ ഈ ലോകത്തിന് രുചി കൊടുക്കുന്നതും നാമാണ്. മത്താ 5:13 ൽ 'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു'. ദൈവരാജ്യം നമ്മുടെ ഉള്ളിലേക്ക് മടങ്ങിവന്നിരിക്കുന്നു. അതാണ് കർത്താവ് പറഞ്ഞത്.

ലൂക്കോ.17:21 ൽ **"ദൈവരാജ്യം ഇതാ ഇവിടെ എന്നും അതാ അവിടെയെന്നും പറയുകയില്ല ദൈവരാജ്യം നിങ്ങളുടെ ഉള്ളിലും നിങ്ങളുടെ ഇടയിലും ഉണ്ടല്ലോ." (Amplified Bible)**

യേശുവിനെ ഏറ്റ് പറഞ്ഞുകൊണ്ട് ദൈവരാജ്യത്തിൽ പ്രവേശിച്ച മനുഷ്യന് മഹത്വം തിരിച്ച് കിട്ടിയെങ്കിലും ആ തേജസ്സ് നാം അനുവദിക്കാതെ ലോകത്തിലേക്ക് വ്യാപരിക്കുകയില്ല കാരണം ആ തേജസ്സ് ഇന്ന് നമ്മുടെ ജഡമെന്ന ജയിലിന്റെ ഉള്ളിലാണ്. അതായത് ജഡമെന്ന ജയിലിന്റെ ഉള്ളിലാണ് പുതുതായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ (തേജസ്സോടെ) ഇരിക്കുന്നത്. എന്നാൽ ജഡമാകുന്ന ജയിലിന്റെ ഉള്ളിൽ കിടക്കുമ്പോൾ നാം എത്രത്തോളം ദൈവാത്മാവിനെ പുറത്തു വരാൻ അനുവദിക്കുന്നുവോ അത്രത്തോളം മാത്രമേ തേജസ്സ് നമ്മിലൂടെ പുറത്ത് വരികയുള്ളൂ.

നാം വീണ്ടും ജനിച്ചപ്പോൾ ദൈവം ഒരാൾക്ക് കുറച്ചു ജീവനും

മറ്റേയാൾക്ക് കൂടുതൽ ജീവനും അല്ല കൊടുത്തത്, എല്ലാവർക്കും ഒരുപോലെയാണ് ജീവൻ കൊടുത്തത്. എന്നാൽ നാം എത്രത്തോളം അനുവദിക്കുന്നുവോ അത്രത്തോളം ഈ ജീവൻ നമ്മിൽ നിന്നും പ്രസരിച്ചുകൊണ്ടിരിക്കും. നിങ്ങൾക്ക് ചില ദൈവദാസന്മാരെയും, ദാസിമാരെയും കണ്ടാൽ ഉടൻ മനസ്സിലാകും അവരിലുള്ള ആത്മ സാന്നിദ്ധ്യം. അവർ നമ്മുടെ വീട്ടിൽ വന്നുനിന്ന് പ്രാർത്ഥിച്ചാൽ അല്ലെങ്കിൽ മറ്റേതെങ്കിലും ശുശ്രൂഷയിൽ നില്ക്കുമ്പോൾ അവർ പോലും അറിയാതെ നമുക്ക് അവരിലേക്ക് ഒരു ആത്മീയ ആകർഷണം ഉണ്ടാകുന്നത് നമുക്ക് കാണാം. ആത്മാവിൽ ജനിച്ച മക്കൾക്ക് ഇത് അറിയാൻ കഴിയും, അവർക്ക് മൂക്കിന് നീളം കൂടിയിട്ടോ കൈക്ക് നീളം കൂടിയിട്ടോ ഒന്നുമല്ല പകരം നമ്മുടെ ഉള്ളിൽ സൃഷ്ടിക്കപ്പെട്ട ദൈവ രാജ്യത്തിലെ പുതിയ മനുഷ്യൻ ആ വ്യക്തിയിലൂടെ കടന്നുവരുന്ന ദൈവരാജ്യത്തിന്റെ വചനത്തെ, ആത്മാവിന്റെ തേജസ്സിനെ കൊതിക്കുന്നുണ്ട്. നമുക്ക് നമ്മുടെ വീട്ടിലെ ഇഷ്ടപ്പെട്ട കറി യോ എന്തെങ്കിലും ഉണ്ടാക്കുമ്പോൾ കൊതി വരുന്നതുപോലെ നമ്മുടെ അകത്തെ മനുഷ്യനും കൊതിയാണ്, അകത്തെ, മനുഷ്യന്റെ തേജസ്സ് എവിടെ കാണുന്നുവോ അങ്ങോട്ടൊന്ന് അടുക്കുവാൻ.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിൽ എത്രത്തോള മാണ് നമ്മൾ കടന്നുപോകുന്നത്. അത്രത്തോളം നമ്മൾ പോലും അറിയാതെ നമ്മിൽ നിന്ന് ആ തേജസ്സ് പ്രസരിച്ചുകൊണ്ടേയിരിക്കും.

## നിങ്ങൾ ലോകത്തിന്റെ വെളിച്ചം

നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു (മത്താ 5:14) എന്ന് മത്തായി എഴുതിയ സുവിശേഷത്തിൽ പറയുന്നു. നാം യഥാർത്ഥത്തിൽ ആത്മ ലോകത്തിൽ ഒരു പ്രകാശമാണ്. നാം പോകുന്ന ഇടങ്ങളിൽ അന്ധ കാരം മാറി അവിടെ പ്രകാശം നിറയും. കാരണം നാം ആത്മലോക ത്തിൽ ഒരു പ്രകാശമായിരിക്കുമ്പോൾ അതിന്റെ പ്രതിബിംബ മെന്നോണം ഈ ലോകത്തിലെ അന്ധകാരം പ്രകാശമായി മാറും. ഇത് നാം മനസ്സിലാക്കിക്കൊണ്ട് അന്ധകാരം നിറഞ്ഞ പ്രശ്നങ്ങ ളിലൂടെയോ, വീടുകളിലൂടെയോ വചനപ്രകാരം കടന്നു പോകുക യാണെങ്കിൽ, അതിനുശേഷം അവിടെയുണ്ടായ മാറ്റം അഥവാ ആ പ്രശ്നം മാറിയിരിക്കുന്നുവെന്ന് നമുക്കു മനസ്സിലാകും. അനുഗ്ര ഹിക്കപ്പെട്ട ദൈവദാസന്മാർ കടന്നുപോകുമ്പോൾ നിങ്ങളുടെ വീട്ടിൽ കയറി ഒന്നു പ്രാർത്ഥിക്കാൻ പറയണം എന്തിനാണെന്നറിയാമോ?

അവരിലൂടെ വ്യാപരിക്കുന്ന തേജസ്സ് നിങ്ങളുടെ കുടുംബത്തെ പ്രകാശിപ്പിക്കും അവിടെയുള്ള അന്ധകാര ശക്തികൾ ഓടിപ്പോകും.

എന്നാൽ നാം എവിടെയെങ്കിലും ചെല്ലുമ്പോൾ ലോക ജഡചിന്ത നിറഞ്ഞ് ദേഹിയിൽ നിന്നെടുത്ത തിന്മയുടെ വാക്കുകളാണ് നാം പറയുന്നതെങ്കിൽ നമ്മൾ പുറപ്പെടുവിക്കുന്നത് (Release) പിശാചിന്റെ ശക്തിയെയാണ്. എന്നാൽ ദൈവാത്മാവു തന്നിട്ടുള്ള 'റേമ' (Rehma words, കേട്ടവചനം) വാക്കുകളിൽ നിന്നുമാണ് പറയുന്നതെങ്കിൽ നാം പരിശുദ്ധാത്മാവിന്റെ ശക്തിയെയാണ് പുറപ്പെടുവിക്കുന്നത്. ഇതു കൂടാതെ നാം വീടുകളിലും മറ്റും വെറുതെ പറയുന്ന ചില വാക്കുകൾ (പ്രയോജനമില്ലാതെ പറയുന്നവ) ഉണ്ട് ഇതിനെയാണ് 'പൊട്ടച്ചൊൽ' എന്നു പറയുന്നത്.

വാക്കുകൾ എന്ന് പറയുന്നത് വെറും ശബ്ദമല്ല, വാക്കുകൾ ആത്മാവാണ് (Spirit) ദൈവത്തിന്റെ വചനം പറയുന്നു, ഞാൻ നിങ്ങളോടു സംസാരിച്ച വചനം ആത്മാവും, ജീവനും ആണ്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ആത്മാവാണ് ജീവൻ തരുന്നത് (യോഹ 6:63). ഈ മർമ്മം ക്രിസ്തീയ സഭയിലെ പലർക്കും ഇന്ന് മറഞ്ഞുകിടക്കുകയാണ്. വാക്കുകൾ പുറപ്പെടുവിക്കുമ്പോൾ (Release) നാം എന്താണ് ചെയ്യുന്നതെന്നറിയാമോ?

ആത്മാവിനെയാണ് നാം പുറത്തേക്കു കൊണ്ടുവരുന്നത്. നമുക്ക് പരിശുദ്ധാത്മാവിനെയും, അശുദ്ധാത്മാവിനെയും വാക്കുകളിലൂടെ പുറപ്പെടുവിക്കാം. (Release ചെയ്യാം).

ഒരു നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നും നല്ലത് പുറത്തുകൊണ്ടുവരും (മത്താ 12:35) ഒരു ചീത്തമനുഷ്യൻ ചീത്തയായത് പുറത്ത് കൊണ്ടുവരുന്നു.

ദൈവവചനപ്രകാരം ഒരു മനുഷ്യനെ രണ്ടായി ഭാഗിച്ചിരിക്കുന്നു. കാഴ്ചയിൽ നാം നോക്കുമ്പോൾ ഒരു മനുഷ്യനാണ്, വചനപ്രകാരം നോക്കുമ്പോൾ നമ്മൾ രണ്ടു മനുഷ്യരാണ്.

**2 കൊരി 4:16; "ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു. എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു."**

ആത്മലോകം, ഭൗതികലേകം, എന്നിങ്ങനെ രണ്ടു ലോകവും,

ആത്മവെളിച്ചം, ഭൗതിക വെളിച്ചം എന്നിങ്ങനെ രണ്ടു വെളിച്ചവും ഉണ്ട്. വെളിച്ചത്തിന്റെ തുടക്കം ഒന്നാം ദിവസം അല്ല. ദൈവം വെളിച്ചം ഉണ്ടാക്കുന്നതിനുമുമ്പ് വെളിച്ചം ഉണ്ടായിരുന്നു. കാരണം ദൈവം വെളിച്ചമാകുന്നു. വെളിച്ചമാകുന്ന ദൈവം ആത്മലോകത്തിലുള്ള തന്റെ വെളിച്ചത്തെ വായ് തുറന്ന് ഭൗതികലോകത്തെ നോക്കി കല്പിച്ചപ്പോൾ ആത്മലോകത്തിലുള്ള തന്റെ വെളിച്ചം ഭൗതിക വെളിച്ചമായിത്തീർന്നു. ഭൗതിക വെളിച്ചത്തിന്റെ ഉത്ഭവമാണ് ഉല്പത്തിയിൽ കാണുന്ന ഒന്നാം ദിവസം (ഉല്പ 1:3) അത് ആത്മീക വെളിച്ചത്തിന്റെതല്ല.

## ദൈവരാജ്യം എവിടെയുണ്ട്?

**നമ്മുടെ ഉള്ളിലുണ്ട്.** എന്നാൽ ദൈവരാജ്യം ഇന്ന് നമ്മടെ ഉള്ളിൽ നമ്മളാൽ തന്നെ മറഞ്ഞു കിടക്കുകയാണ്. നാം അനുവദിച്ചാൽ മാത്രമേ നമ്മുടെ ഉള്ളിലെ ദൈവരാജ്യത്തിലെ പരിശുദ്ധാത്മാവിന് നമ്മിലൂടെ പ്രവർത്തിക്കാൻ പറ്റുകയുള്ളു.

നമ്മുടെ ശരീരം വീണ്ടെടുക്കപ്പെടുമ്പോഴുണ്ടാകുന്ന അവസ്ഥയാണ് റോമ 8:23ലും 1 കൊരി 15:52 ലും കാണുന്നത്. അതായത് ആത്മാവിന്റെ നിയന്ത്രണത്തിലുള്ള തേജസ്സിന്റെ ശരീരം (Spirit Controlled body) ആ അവസ്ഥയിലേക്ക് നമ്മൾ ഇതുവരെ എത്തിയിട്ടില്ല. ഈ അവസ്ഥയിലേക്ക് നാം ഇനി എത്തും. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുന്നതുപോലെ തന്നെ കാണുമ്പോൾ, അവനോടു സദൃശ്യന്മാർ ആകുമ്പോൾ (1 യോഹ. 3:2) മൂന്നാം സ്ഥാനക്കാരൻ (ജഡമയൻ) ഒന്നാം സ്ഥാനക്കാരനായി (ആത്മ രൂപിയായി) ഉയർത്തപ്പെടും.

## പ്രധാന തത്വങ്ങൾ

1. ദേഹിരൂപത്തിൽ നിർത്തിയ മനുഷ്യൻ (ഉല്പ. 2:7, 1 കൊരി 15:45) അനുസരണക്കേടിലൂടെ ജഡമയനായി താഴ്ത്തപ്പെട്ടുവെങ്കിലും (ഉല്പ 6:3) ദൈവം ക്രിസ്തുയേശുവിൽ നിർവ്വഹിച്ച പദ്ധതി യിലൂടെ വീണുപോയ മനുഷ്യനെ ഇരട്ട പ്രമോഷനോടെ ജഡരൂപത്തിൽ നിന്ന് ആത്മരൂപത്തിലേക്ക് ഉയർത്തും. (1 യോഹ 3:2)
2. അദൃശ്യ ദൈവരാജ്യത്തിൽ വിശ്വാസത്താൽ ജീവിക്കുന്ന മനുഷ്യനിലൂടെ ദൈവത്തിന്റെ ഹിതങ്ങൾ ദൃശ്യമായ ഭൂമിയിൽ നടപ്പിലാക്കണമെന്നായിരുന്നു ദൈവത്തിന്റെ ആഗ്രഹം.
3. ഇന്ന് നമ്മുടെ നീതിപ്രവർത്തിയോ മറ്റെന്തെങ്കിലും കൊണ്ടോ അല്ല നാം ദൈവരാജ്യത്തെ അവകാശമാക്കുന്നത്. യേശുവിനെ അംഗീകരിക്കുകയും യേശു പറഞ്ഞതുപ്രകാരം ജീവിക്കുകയും ചെയ്യുമ്പോഴാണ്.
4. വാക്കുകൾ നമ്മിൽ നിന്ന് പുറത്തേക്ക് പോകുമ്പോൾ ആത്മാവി നെയാണ് നാം പുറപ്പെടുവിക്കുന്നത്. പരിശുദ്ധാത്മാവിനെയും, അശുദ്ധാത്മാവിനെയും നമുക്ക് പുറപ്പെടുവിക്കുവാൻ കഴിയും.



അദ്ധ്യായം 8

# ദൈവരാജ്യത്തിലെ കണ്ണുതുറക്കാത്ത ശിശുക്കൾ

"നിന്റെ വാക്കുകളിൽ നീ നീതികരിക്കപ്പെടുവാനും, നിന്റെ ന്യായവിസ്താരത്തിൽ ജയിപ്പാനും എന്ന് എഴുതിയിരിക്കുന്നതുപോലെ ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്കു പറയുന്നവർ എന്നേ വരൂ." (റോമ 3:4)

നമ്മിൽ പലരും ദൈവരാജ്യത്തിൽ ജനിച്ചുവെങ്കിലും ജനിച്ചിട്ടും കണ്ണുതുറക്കാത്ത ശിശുക്കളെപോലെയാണ്. ദൈവരാജ്യത്തെക്കുറിച്ച് യാതൊരു ബോധവും അവർക്കില്ല. ദൈവരാജ്യത്തിന്റെ പ്രവർത്തനശൈലി എങ്ങനെയെന്നോ, താൻ ഇന്ന് എവിടെയാണെന്നോ അവർക്കറിയില്ല.

നാം പഠിച്ചിരിക്കുന്ന പലതും ചിലപ്പോൾ വചനപ്രകാരം ആയിരിക്കത്തില്ല. അത് ഒരു പക്ഷേ പാരമ്പര്യ പ്രകാരമുള്ളതായിരിക്കാം, അതുമല്ലെങ്കിൽ മറ്റാരെങ്കിലും പഠിപ്പിച്ചതായിരിക്കാം. പക്ഷേ ആരു പഠിപ്പിച്ചതാണെങ്കിലും വചനത്തിൽ ഇല്ലാത്തതാണെങ്കിൽ അത് തെറ്റാണ്. അതേ സമയം ഒരു കൊച്ച് കുഞ്ഞായാലും പ്രസംഗിക്കുന്നത് വചനത്തിലുള്ളതാണെങ്കിൽ അതാണ് ശരി.

**റോമർ 3:4 "സകല മനുഷ്യരും ഭോഷ്കു പറയുന്നു"** എന്ന് പറയുന്നു.

എന്നാൽ ദൈവവചനം സത്യമാണ്. ദൈവവചനമാണ് നമ്മുടെ അടിസ്ഥാനം. ഈ ദൈവവചനത്തിലൂടെ നാം കടന്നുപോകുമ്പോൾ മാത്രമേ ഏതാണ് ശരി, തെറ്റ് എന്ന് മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.

## പിശാചിൽ നിന്നല്ല, പിശാചിന്റെ ധനത്തിൽ നിന്നാണ് വിടുതൽ വേണ്ടത്

യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഒരു വ്യക്തി പിശാചിന്റെ കീഴിലല്ല പകരം പിശാചിനെതിരാണ്. കാരണം ആ വ്യക്തിക്ക് പിശാചിനോട് പോരാട്ടം ഉണ്ട്.

ദൈവവചനം പറയുന്ന മറ്റൊരു കാര്യം, നാം ഓരോരുത്തരും

രക്ഷയുടെ അനുഭവത്തിലേക്ക് വന്നപ്പോൾ നമ്മെ അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്ക് മാറ്റി, അതായത് (കൊലൊ. 1:13)

ദൈവം നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നും വിടുവിച്ചു, നമുക്ക് ഇനി പിശാചിൽ നിന്ന് ഒരു വിടുതൽ ആവശ്യമില്ല. ഒരിക്കൽ ഒരു ചർച്ചിൽ ഉപവാസ പ്രാർത്ഥനയ്ക്ക് എന്നെ വിളിച്ചു, ഓരോരുത്തരോടും പ്രാർത്ഥിക്കാൻ പറഞ്ഞപ്പോൾ അവർ പ്രാർത്ഥിച്ച വിഷയം എന്നെ വിടുവിക്കമേ, വിടുവിക്കണമേ എന്നാണ്. അവസാനം പ്രസംഗത്തിന്റെ സമയമായപ്പോൾ ഞാൻ അവരോടു ചോദിച്ചു നിങ്ങൾക്ക് ഏതിൽ നിന്നാണ് വിടുതൽ ആവശ്യം? അവരുടെ ചിന്ത പിശാച് അവരെ കീഴ്പ്പെടുത്തിയിരിക്കുന്നുവെന്നും അതിൽനിന്ന് വിടുതൽ വേണ മെന്നതുമാണ്.

എന്നാൽ പ്രിയ ദൈവപൈതലേ ഈ കാഴ്ചപ്പാട് നമ്മിൽ ഉള്ളിടത്തോളം കാലം ക്രിസ്തുവിന്റെ ആധിപത്യം ഭൂമിയിൽ നിറവേറ്റു വാൻ നമുക്ക് സാധിക്കുകയില്ല. നാം മനസ്സിലാക്കേണ്ട ഒരു സത്യം നാം ആരും പിശാചിന്റെ കീഴിലല്ല. കർത്താവ് നമ്മെ പിശാചിന്റെ രാജ്യത്തു നിന്നു വിടുവിച്ചു. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെ ടുക്കപ്പെട്ട ഒരു വ്യക്തി പിശാചിന്റെ കീഴിലല്ല. പകരം പിശാചി നെതിരാണ്. കാരണം ആ വ്യക്തിക്ക് പിശാചിനോട് പോരാട്ടം ഉണ്ട്. (എഫേ 6:12) ഇനി പിശാചിന്റെ കൈയ്യിൽ നിന്നും ഒരു വിടുതൽ നമുക്ക് ആവശ്യമില്ല.

**"നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നും വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത പിതാവിന് സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാ കണം." (കൊലോ. 1:13)**

അതായത് പിശാചിന്റെ അധികാരത്തിൽ നിന്നും വിടുവിക്കും എന്നല്ല, വിടുവിച്ച് എന്നാണ് എഴുതിയിരിക്കുന്നത്.

അതായത് കഴിഞ്ഞകാല സംഭവം (Past tense), അതുകൊണ്ട് ഇനിയും എന്നെ വിടുവിക്കണേ എന്നു കരയാതെ എന്റെയും നിങ്ങളുടെയും യഥാർത്ഥ അവസ്ഥ മനസ്സിലാക്കുക. പിശാചിൽ നിന്നും വിടുവിച്ച് കർത്താവ് നമ്മെ പിശാചിന്റെ രാജ്യത്തുതന്നെ നിർത്തി യിരിക്കുകയല്ല. നമ്മെ വേറെ ഒരു രാജ്യത്തിലേക്കു മാറ്റിയിരിക്കു

കയാണ്, പുത്രന്റെ രാജ്യത്തിലേക്ക് അതായത് ദൈവരാജ്യത്തിലേക്ക് മാറ്റിയിരിക്കുകയാണ്. ഉദാഹരണത്തിന്, പാക്കിസ്ഥാനിൽ തടവിലായിരുന്ന ഒരു വ്യക്തിയെ ഇൻഡ്യാ ഗവൺമെന്റ് സ്വാധീനം ചെലുത്തി വിടുവിക്കുന്നു.

ഈ സമയത്ത് ആ വ്യക്തി ഉറങ്ങുകയായിരുന്നു എന്ന് ചിന്തിക്കുക. ആ വ്യക്തി ഉണർന്നതിനു ശേഷവും കണ്ണ് അടച്ചിരിക്കുകയാണെങ്കിൽ അയാൾ വീണ്ടും പാക്കിസ്ഥാനിൽ നിന്നും വിടുവിക്കണമേ എന്ന് പറഞ്ഞുകൊണ്ടേയിരിക്കും.

ഒരു പ്രാവശ്യമെങ്കിലും ആ വ്യക്തി കണ്ണ് തുറക്കുകയാണെങ്കിൽ അയാൾക്കു മനസ്സിലാകും താൻ ഇപ്പോൾ പാക്കിസ്ഥാന്റെ തടവിലല്ല ഇൻഡ്യയിലാണ്. പിശാചിന്റെ അടിമത്വത്തിൽ നിന്നും ദൈവം വിടുവിച്ച് സ്വതന്ത്രരാക്കി എന്ന വസ്തുത നാം ഓരോരുത്തരും മനസ്സിലാക്കിയാൽ പിന്നെ പിശാചിൽനിന്നും വിടുവിക്കാൻ വേണ്ടി പ്രാർത്ഥിക്കുന്നതിനു പകരം. ഇങ്ങിനെ പ്രാർത്ഥിക്കുവാൻ തുടങ്ങും.

'ദൈവമേ, അങ്ങ് എന്നെ പിശാചിന്റെ രാജ്യത്ത് നിന്ന് വിടുവിച്ചു ദൈവരാജ്യത്തിലാക്കി. എന്നിട്ടും വീണ്ടും എന്തുകൊണ്ടാണ് പിശാച് എന്റെ ജീവിതത്തിൽ ഇടപെടുന്നത്? എനിക്ക് മനസ്സിലാക്കി തരണമേ' എന്ന് പ്രാർത്ഥിക്കും. ഇതുതന്നയാണ് അപ്പോ.26:18ലും പറഞ്ഞി രിക്കുന്നത് യേശുക്രിസ്തുവിനെ രക്ഷിതാവായി നാം സ്വീകരിച്ചപ്പോൾ "പിശാചിന്റെ അധികാരത്തിൽ നിന്നും ദൈവത്തിന്റെ അധികാര ത്തിലേക്ക് നമ്മെ മാറ്റിക്കഴിഞ്ഞു."

**"അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കുന്നവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിനു അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽ നിന്നു വെളിച്ച ത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്ക ലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു." (അപ്പോ. 26:18)**

നാം ഒരു വസ്തുത ആദ്യം തിരിച്ചറിയണം, പിശാചിന്റെ പിടിയി ലായിരിക്കുന്ന ഒരു വ്യക്തിക്ക് പിശാചിന്റെ കയ്യിൽ നിന്നും മറ്റൊരു വ്യക്തിയെ വിടുവിക്കാൻ സാധിക്കുകയില്ല. ഇപ്പോൾ വായനക്കാരുടെ അന്തരംഗത്ത് ഒരു ചോദ്യം ഉദിക്കാം. പിന്നെ എന്തുകൊണ്ടാണ് എനിക്ക് ഈ പ്രതികൂലം പിശാച് തരുന്നത്? പ്രിയ സഹോദരാ,

സഹോദരീ, നമുക്ക് വിടുതൽ വേണ്ടത് പിശാചിൽ നിന്നല്ല, പിന്നെയോ, പിശാചിന്റെ നിക്ഷേപമായ ധനം നമ്മുടെ കൈയ്യിലുണ്ട്.

നമ്മുടെ ഉള്ളിലുള്ള പിശാചിന്റെ ധനം എത്രത്തോളം നാം പ്രവർത്തിപ്പിക്കുന്നുവോ അത്രത്തോളം നമ്മിൽ ഇടപെടാൻ നിയമപരമായി പിശാചിന് അധികാരം ഉണ്ട്. ആയതിനാൽ നമ്മുടെ ഉള്ളിലുള്ള പിശാചിന്റെ ധനത്തിൽ നിന്നാണ് നമുക്ക് വിടുതൽ വേണ്ടത്.

പ്രിയ ദൈവപൈതലേ, കൊക്കകോളാ കമ്പനിക്ക് നമ്മുടെമേൽ യാതൊരു അധികാരവും, അവകാശവും ഇല്ലെന്ന് നമുക്ക് അറിയാമല്ലോ. പക്ഷേ അവർക്ക് നിർമ്മാണാവകാശമുള്ള (Patent) കൊക്കക്കൊളാ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഫോർമുല എടുത്ത് നിങ്ങൾ കൊക്കകോളാ ഉണ്ടാക്കിയാൽ. അവർക്ക് (ആ കമ്പനിക്ക്) നിയമപരമായി നമ്മുടെമേൽ അവകാശമുണ്ടാകും. ഇതുപോലെ **നമ്മുടെ ഉള്ളിലെ പിശാചിന്റെ നിക്ഷേപമായ ജഡചിന്തയും, ലോകസ്നേഹവും നാം ഉപയോഗിക്കുമ്പോഴാണ് നമ്മുടെ തല അവന്റെ കക്ഷത്തിലാകുന്നത്.**

**"ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു."**
**(റോമർ 8:7)**

**"വ്യഭിചാരിണികളായുള്ളോരോ ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു." (യാക്കോ. 4:4)**

ദൈവത്തോടുള്ള ശത്രുത്വമെന്ന് പറഞ്ഞാൽ അതിന്റെ മറുഭാഗം അത് പിശാചിനോടുള്ള സഹിത്വമാകുന്നു. അങ്ങിനെയുള്ളവരെ ദൈവവചനം വ്യഭിചാരിണികളെന്നാണ് വിളിക്കുന്നത്.

ഇപ്പോൾ ഈ സത്യം നിങ്ങൾ മനസ്സിലാക്കിയപ്പോൾ തന്നെ വലിയ സ്വാതന്ത്ര്യം നിങ്ങൾ അനുഭവിക്കുവാൻ തുടങ്ങിക്കഴിഞ്ഞു. (യോഹ 8:32) 'സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും' ദൈവത്തോട് എന്നെ അനുഗ്രഹിക്ക്, അനുഗ്രഹിക്ക് എന്ന് ഓരോ വിശ്വാസിയും പറയേണ്ട കാര്യമില്ല.

**"സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു." (എഫെ. 1:3)**

അതെ ദൈവം നമ്മെ ആദ്യമേ അനുഗ്രഹിച്ചു കഴിഞ്ഞു.

അനുഗ്രഹിച്ചു കഴിഞ്ഞാൽ പിന്നെ ഈ ആത്മീയ അനുഗ്രഹം ഭൗതികലോകത്തിലേക്ക് (Release) കൊണ്ടുവരുവാനുള്ള പരിജ്ഞാനം ലഭിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

## ദൈവരാജ്യത്തിന്റെയും പിശാചിന്റെ രാജ്യത്തിന്റെയും ധനം വീണ്ടെടുക്കപ്പെട്ട മനുഷ്യന്റെ ഉള്ളിൽ

ആത്മീയലോകമാണ് ഭൗതിക ലോകത്തെക്കാൾ കൂടുതൽ യാഥാർത്ഥ്യം. ഭൗതിക ലോകത്തിലെ നിയമങ്ങൾ എല്ലാം ആത്മീയലോകത്തിലെ ഒരു നിഴൽ മാത്രമാണ്. സ്വർഗ്ഗത്തിന്റെ ഒരു നിഴൽ മാത്രമാണ് ഭൂമിയെന്നു പറയാം. ഭൂമിയിലെ സമാഗമന കൂടാരം എന്നു പറയുന്നത് സ്വർഗ്ഗത്തിന്റെ യഥാർത്ഥ ദേവാലയത്തിന്റെ ഒരു പകർപ്പാണ്. എബ്രാ. 9:24 വായിക്കുമ്പോൾ അതു മനസ്സിലാകും.

**"ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധമന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കു വേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേക്കത്രേ പ്രവേശിച്ചതു." (എബ്രാ. 9:24)**

പ്രിയരെ, ദൈവം നമ്മളിലൂടെ അനുഗ്രഹം ലോകത്തിലേക്ക് വെളിപ്പെടുത്തണമെങ്കിൽ അതിനു ഒരു വില നാം കൊടുക്കണം. ഭൗതിക ലോകത്തിലായാലും ആത്മീയലോകത്തിലായാലും ഒരു വില കൊടുക്കാതെ നമുക്ക് ഒന്നും ലഭിക്കത്തില്ല. നാം ഒന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. നമുക്ക് കിട്ടിയ ഈ രക്ഷയ്ക്ക് നാം എന്തു വിലയാണ് കൊടുത്തത്. ദൈവത്തിന്റെ വചനം പറയുന്നു, **രക്ഷ നമുക്ക് ദാനമായി തന്നിരിക്കുന്നു.** എന്നാൽ നമ്മൾ ചിന്തിക്കുന്നതുപോലെ രക്ഷ വെറും ദാനമല്ല, അത് വില കൊടുത്തു വാങ്ങിയതാണ്. അതായത് രണ്ടായിരം വർഷം മുമ്പ് ക്രിസ്തു വില കൊടുത്തതുകൊണ്ടാണ് നമുക്ക് ഈ രക്ഷ ദാനമായി ലഭിച്ചത്.

ദൈവം നമ്മിലൂടെ അനുഗ്രഹം വെളിപ്പെടുത്തണമെങ്കിൽ അതിനു ഒരുവില നാം കൊടുക്കണം. ഭൗതിക ലോകത്തിലായാലും ആത്മീയ ലോകത്തിലായാലും ഒരു വില കൊടുക്കാതെ നമുക്ക് ഒന്നും ലഭിക്കത്തില്ല.

കർത്താവു പറയുന്നു **'ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി എനിക്കു നല്കുവാൻ കഴിയും.'** പക്ഷേ നമ്മുടെ

ദേഹിയിലുള്ള ദൈവത്തിന്റെ ധനത്തിൽ ഒത്തവണ്ണമേ ഇത് ലഭിക്കയുള്ളു. ദൈവം ധനവാനാണ്, എന്നാൽ ഈ ദൈവത്തിന്റെ ധനം നമ്മിൽ എത്രമാത്രം ഉണ്ടോ, അത് എത്രമാത്രം നാം പ്രവർത്തിപ്പിക്കുന്നുവോ അതനുസരിച്ച് മാത്രമേ ദൈവത്തിന് നമ്മിൽ പ്രവർത്തിക്കുവാൻ കഴിയുകയുള്ളു. ദൈവത്തിന്റെ ധനം നമ്മുടെ ദേഹിയിൽ (soul) നിറയ്ക്കുന്നതിന് വേണ്ടി നാം പ്രാർത്ഥിച്ചുകൊണ്ടിരിക്കുക മാത്രമല്ല വേണ്ടത് പകരം, ദൈവത്തിന്റെ ധനം നമ്മിൽ നിറയ്ക്കുന്നതിനുവേണ്ടി, നമ്മുടെ ഉള്ളിൽ നിറഞ്ഞിരിക്കുന്നതിനെ (ലോകം, ജഡചിന്ത) ആദ്യം ഒന്ന് ഒഴിക്കണം. ഉദാഹരണത്തിന്, ഒരു കുടം നിറയെ മണ്ണും, ചെളിയും, കല്ലും നിറച്ച് വച്ചിട്ട് ഒരു വ്യക്തിയോട് അത് നിറയ്ക്കാൻ പറഞ്ഞാൽ വിവരം ഉള്ള ആളാണെങ്കിൽ അദ്ദേഹം ആദ്യം ആ കുടം ഒഴിക്കാൻ പറയും. എത്രത്തോളം കുടം ഒഴിയുന്നുവോ അത്രത്തോളം അതിനെ നിറയ്ക്കുവാൻ ആ വ്യക്തിക്ക് കഴിയും.

ഗലാ 5: 22-23 **ദൈവമക്കളേ, "നമ്മുടെ ഉള്ളിലെ പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹവും അതിന്റെ സത്ഫലങ്ങളായ സന്തോഷം, സമാധാനം, തുടങ്ങിയവ (അതായത് ആത്മാവിന്റെ ചിന്ത). നമ്മുടെ ഉള്ളിലെ ദൈവത്തിന്റെ ധനമാണ് എന്നാൽ പിശാചിന്റെ ധനമാണ് ജഡത്തിൽ വസിക്കുന്ന തിന്മ."**

**(റോമർ 7:17-20)(അതായത് ജഡത്തിന്റെ ചിന്ത)**

പൗലോസ് അപ്പോസ്തലൻ പറയും പ്രകാരം "***എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു.***" ആത്മാവിന്റെ ഫലത്തെ നാം പ്രവർത്തിപ്പിച്ചാൽ ദൈവത്തിന് നമ്മിലൂടെ പ്രവർത്തിപ്പിക്കുവാൻ സാധിക്കും. ജഡത്തിന്റെ ചിന്തയെ നാം പ്രവർത്തിപ്പിച്ചാൽ പിശാചിന് നമ്മിലൂടെ പ്രവർത്തിക്കുവാൻ സാധിക്കും. നമ്മിലൂടെ ദൈവം പ്രവർത്തിക്കണമോ അതോ പിശാച് പ്രവർത്തിക്കണമോ എന്ന് തീരുമാനിക്കേണ്ടത് നാം തന്നെയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവരാജ്യം നമ്മിലൂടെ പ്രവർത്തിക്കണമോ, പൈശാചികരാജ്യം നമ്മിലൂടെ പ്രവർത്തിക്കണമോ എന്ന് തീരുമാനി

> നമ്മിലൂടെ ദൈവം പ്രവർത്തിക്കണമോ അതോ പിശാച് പ്രവർത്തിക്കണമോ എന്ന് തീരുമാനിക്കേണ്ടത് നമ്മൾ തന്നെയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവരാജ്യം നമ്മിലൂടെ പ്രവർത്തിക്കണമോ, പൈശാചികരാജ്യം നമ്മിലൂടെ പ്രവർത്തിക്കണമോ എന്ന് തീരുമാനിക്കേണ്ടത് നാം തന്നെയാണ്.

ക്കേണ്ടത് നാം തന്നെയാണ്.

ആത്മാവിന്റെ ഫലത്തെ നാം വെളിപ്പെടുത്തിയാൽ ദൈവത്തിന് നമ്മിലൂടെ പ്രവർത്തിപ്പിക്കുവാൻ കഴിയും. ജഡത്തിന്റെ ചിന്തയെ നാം പ്രവർത്തിപ്പിച്ചാൽ പിശാചിന് നമ്മിലൂടെ പ്രവർത്തിക്കുവാൻ സധിക്കും.

വീണ്ടെടുക്കപ്പെട്ട ഒരു മനുഷ്യന്റെയുള്ളിൽ രണ്ട് ധനം ഉണ്ട്. രണ്ട് രാജ്യത്തിന്റെ സമ്പത്ത് ഉണ്ട്. ഒന്നു ദൈവരാജ്യത്തിന്റേത് മറ്റേത് പിശാചിന്റെ രാജ്യത്തിന്റെത്. ഏത് രാജ്യത്തിന്റെ സമ്പത്താണോ കൂടുതലായി നമ്മിൽ ഉള്ളത് അല്ലെങ്കിൽ ഏത് രാജ്യത്തിന്റെ സമ്പത്താണ് നാം കൂടുതലായി പ്രവർത്തിപ്പിക്കുന്നത് അതിന്റെ അടിസ്ഥാനത്തിലാണ് ദൈവരാജ്യത്തിനും പിശാചിന്റെ രാജ്യത്തിനും നമ്മിലൂടെ പ്രവർത്തിക്കുവാൻ കഴിയുന്നത്.

## ദൈവം എങ്ങനെയാണ് ദൈവരാജ്യത്തിലെ അനുഗ്രഹം നമ്മിലൂടെ പുറപ്പെടുവിക്കുന്നത് ?

**"നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നു."**
**(എഫെ. 3.20)**

**"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും."** **(ഫിലി. 4:19)**

ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി നല്കുവാൻ ദൈവം ശക്തനാണെന്ന് കർത്താവിന്റെ വചനം പറയുന്നു. (എഫെ 3:20) പക്ഷേ ഇങ്ങനെയുമുണ്ട്, 'തന്റെ ധനത്തിന് ഒത്തവണ്ണം'. ദൈവത്തിന്റെ ധനം നമ്മിൽ നിറയ്ക്കുവാൻ നാം പ്രാർത്ഥിച്ചാൽ നിറയ്ക്കുവാൻ സാധിക്കത്തില്ല. പകരം ദൈവം പറയും, **'മകനേ, നിന്നെ ഞാൻ നിറയ്ക്കണമെങ്കിൽ നിന്റെ ഉള്ളിൽ നിറഞ്ഞിരിക്കുന്നത് ആദ്യം നീ ഒഴിയ്ക്കണം'. ദൈവം ഒരു വലിയ നിധിയാണ് നമ്മുടെ ഉള്ളിൽ തന്നിരിക്കുന്നത്. പക്ഷേ അത് എങ്ങനെ റിലീസ് ചെയ്യണമെന്ന് നമുക്ക് അറിയത്തില്ല. ഈ നിധി പുറത്ത് കൊണ്ടുവരാതിരിക്കാൻ വേണ്ടി പിശാചിന്റെ നിക്ഷേപമായ ശത്രുവായ ജഡം നമ്മെ കെട്ടിപ്പിടിച്ചിരിക്കുന്ന വസ്തുത നാം തിരിച്ചറിയുന്നില്ല.** കർത്താവിന്റെ വചനം പറയുന്നതുപോലെ ആദ്യം മൺപാത്രങ്ങളിൽ തന്നിരി

ക്കുന്ന വലിയ നിധി നാം തിരിച്ചറിയണം. എങ്കിലെ ശത്രുവിനെ കീഴടക്കുവാൻ നമുക്ക് കഴിയുകയുള്ളൂ.

## പ്രധാന തത്വങ്ങൾ

1. ദൈവം സത്യമാണ്, ദൈവവചനമാണ് നമ്മുടെ അടിസ്ഥാനം. ഈ ദൈവവചനത്തിലൂടെ കടന്ന് പോകുമ്പോൾ മാത്രമേ ശരിയും തെറ്റും മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ.
2. നമുക്ക് വിടുതൽ വേണ്ടത് പിശാചിൽ നിന്നല്ല, നമ്മുടെ ഉള്ളിലുള്ള പിശാചിന്റെ നിക്ഷേപത്തിൽ നിന്നാണ്. പിശാചിന്റെ ധനമായ ലോകജഡചിന്തകൾ എത്രത്തോളം നാം പ്രവർത്തിപ്പിക്കുന്നുവോ അത്രത്തോളം, പിശാചിന് നമ്മിൽ ഇടപെടാൻ നിയമപരമായി അധികാരം ഉണ്ട്.
3. ആത്മീയലോകമാണ് ഭൗതികലോകത്തേക്കാൾ കൂടുതൽ യാഥാർത്ഥ്യം. ഭൗതികലോകത്തിലുള്ള നിയമങ്ങൾ എല്ലാം ആത്മീയ ലോകത്തിന്റെ ഒരു നിഴൽ മാത്രമാണ്.
4. ആത്മാവിന്റെ ഫലത്തെ നാം നമ്മുടെ ജീവിതത്തിൽ പ്രവർത്തിപ്പിച്ചാൽ ദൈവത്തിന് നമ്മിലൂടെ പ്രവർത്തിക്കുവാൻ കഴിയും. നാം ജഡത്തിന്റെ ചിന്തയെ പ്രവർത്തിപ്പിച്ചാൽ പിശാചിന് നമ്മിലൂടെ പ്രവർത്തിക്കുവാൻ സാധിക്കും.
5. ദൈവത്തിന്റെ ധനം നമ്മിൽ നിറയ്ക്കുവാൻ നമ്മുടെ ഉള്ളിൽ നിറഞ്ഞിരിക്കുന്നത് ആദ്യം നാം മാറ്റണം. ദൈവം ഒരു വലിയ നിധിയാണ് നമ്മുടെ ഉള്ളിൽ തന്നിരിക്കുന്നത്. അത് എങ്ങനെ പുറത്തേക്ക് കൊണ്ടുവരണമെന്ന് നാം അറിഞ്ഞിരിക്കണം.
6. രക്ഷ നമുക്ക് ദാനമായി തന്നിരിക്കുന്നു. എന്നാൽ നാം ചിന്തിക്കുന്നതുപോലെ രക്ഷ വെറും ദാനമല്ല, എങ്കിലും നമുക്ക് ദാനമായി നൽകിയിരിക്കുന്നു. അത് കർത്താവായ യേശുക്രിസ്തു വില കൊടുത്തു വാങ്ങിയതാണ്.



അദ്ധ്യായം 9

# വിശ്വാസിയിലെ പിശാചിന്റെ ബെൽറ്റ് ബോംബ്

"നിങ്ങൾ ജഡത്തെ അനുസരിച്ചു ജിവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം. ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു. എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)

ഒരു ബോംബ് പൊട്ടിയാൽ ആ പരിസരത്തുള്ള എല്ലാം തകരും; അനേകരും മരിക്കും. വിശ്വാസികളിൽ പിശാചിന്റെ ഒരു ബോംബ് ഇരിക്കുന്നുണ്ട്. ഇത് ഓരോ വിശ്വാസിയിലും മറഞ്ഞുകിടക്കുന്ന അവരുടെ 'ബലഹീനത'യാണ്. അതിനെ തിരിച്ചറിയാതെ ഉപയോഗിച്ചാൽ ആ വ്യക്തിയിൽ ആത്മീയ മരണം നടക്കും. ഓരോ വിശ്വാസിയും പ്രത്യേകിച്ച് ദൈവദാസന്മാർ മനസ്സിലാക്കിയിരിക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യമാണ്, 'അവരിലുള്ള ബലഹീനത, മറ്റൊരു രീതിയിൽ പറഞ്ഞാൽ ജഡത്തിന്റെ ചിന്ത, പിശാചിന്റെ, വിശ്വാസിയിലെ ബൽറ്റ് ബോംബ് ആണെന്നുള്ള വസ്തുത.'

വിശ്വാസികളിൽ പിശാചിന്റെ ഒരു ബോംബിരിക്കുന്നുണ്ട്. അത് പൊട്ടിയാൽ ആ വ്യക്തിയിൽ ആത്മീയ മരണം നടക്കും.

**"ഞങ്ങൾ ജഡത്തിൽ "ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങളല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നെ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചു കളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി." (2 കൊരി. 10:3-5)**

## ജഡചിന്ത എങ്ങിനെ വന്നു

ജഡത്തിന്റെ 2 വ്യാഖ്യാനങ്ങൾ (Definition)

1. ജഡം - മാംസവും രക്തവും
2. ജഡം - ദൈവവചനത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന

നമ്മുടെ മനസ്സിൽ സ്വന്തമായി തോന്നുന്ന ഒരു കൂട്ടം ചിന്തകളാണ് ജഡം എന്ന് ആത്മീകമായി പറയാം.

ഇപ്പോഴത്തെ നമ്മുടെ ഏതെങ്കിലും പ്രവൃത്തി കൊണ്ടല്ല ജഡം മനുഷ്യന്റെ ഉള്ളിൽ വന്നത്. ദൈവം ഒരിക്കലും മനുഷ്യന്റെ ഉള്ളിൽ ജഡത്തിന്റെ ചിന്ത നിക്ഷേപിച്ചിട്ടുമില്ല. പിന്നെ എങ്ങനെ ജഡചിന്ത മനുഷ്യന്റെ ഉള്ളിൽ വന്നു?

ആദം പാപം ചെയ്തപ്പോൾ ആദത്തിലൂടെ പിശാചിന് ലഭിച്ച അധികാരം ഉപയോഗിച്ച് പിശാച് മനുഷ്യന്റെ മനസ്സിനെ കുരുടാക്കുകയും, മനുഷ്യന്റെ ആത്മാവിനെ പിടിച്ചടക്കുകയും ചെയ്തു.

ഓരോ വിശ്വാസിയും പ്രത്യേകിച്ച് ദൈവദാസന്മാർ മനസ്സിലാക്കിയിരിക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യമാണ്. അവരിലുള്ള ബലഹീനത.

## മനസ്സിനെ കുരുടാക്കുന്ന ജഡചിന്ത

കൊച്ചുകുട്ടികൾ കണ്ണുകെട്ടി കളിക്കുവാൻ തുണി ഉപയോഗിച്ച് കണ്ണു കെട്ടുന്നത് നാം കണ്ടിട്ടുണ്ടാകുമല്ലോ? പലപ്പോഴും ഈ കുട്ടികൾ കളിക്കുമ്പോൾ തങ്ങളുടെ ദിശ മാറിപ്പോവുകയും താഴെ വീഴുകയും ചെയ്യും. എന്നാൽ മനുഷ്യനെ വീഴിക്കാൻ തക്കവണ്ണം പിശാച് മനുഷ്യമനസ്സിന്റെ കണ്ണു കെട്ടുന്നത് ജഡത്തിന്റെ ചിന്തകൾ കൊണ്ടാണ്.

**"ദൈവ പ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി." (2 കൊരി. 4:4)**

മനുഷ്യ മനസ്സുകളെ കുരുടാക്കി, അവരെ എന്നെന്നേക്കുമായി നശിപ്പിക്കാൻ പിശാച് ആദത്തിന്റെ ഉള്ളിൽ നിക്ഷേപിച്ച ചിന്തയാണ് ജഡത്തിന്റെ ചിന്ത. ഇത് ആദത്തിന്റെ തലമുറകളായ നമ്മിലേക്കും വ്യാപരിച്ചു. അതായത് ജഡം മനുഷ്യവർഗ്ഗത്തെ നശിപ്പിപ്പാൻ പിശാച് ആദത്തിന്റെ ഉള്ളിൽ നിക്ഷേപിച്ച ദൈവവചനത്തെ എതിർക്കുന്ന ഒരു കൂട്ടം ചിന്തകൾ (പ്രോഗ്രാം) അല്ലെങ്കിൽ വിഷമാണ്. ജഡം മനുഷ്യവർഗ്ഗത്തിന്റെ ബലഹീനതയാണ്. അതുകൊണ്ടാണ് തിരുവചനം പറയുന്നത് "ജഡത്തിന്റെ ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് സാധിക്കാത്തതിനെ സാധിക്കാൻ യേശുക്രിസ്തു വന്നുവെന്ന്."

**"ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു." (റോമ. 8:3)**

## ആദ്യം വരുന്ന ചിന്തയെ സ്വീകരിക്കുന്നത് സൂക്ഷിക്കുക

അതുകൊണ്ട് നാം ഓരോരുത്തരും മനസ്സിലാക്കണം ജഡം ദൈവവചനത്തിനെതിരായ ഒരു കൂട്ടം ചിന്തയാണെന്നും, വീണ്ടും ജനിച്ചതിനു ശേഷവും ആ ചിന്തകൾ നമ്മിൽ തന്നെ വസിക്കുന്നുവെന്നും, ജഡം നമ്മുടെ ബലഹീനതയാണെന്നും. അതുകൊണ്ട് നമ്മിലൂടെ സ്വന്തമനസ്സുകളിൽ ആദ്യം ഉദിക്കുന്ന ചിന്തകൾക്ക് നാം പ്രാധാന്യം കൊടുക്കാതെ, അത് ദൈവവചനപ്രകാരമാണോ, അല്ലയോ എന്ന് നാം പരിശോധിച്ചിട്ടുവേണം മുന്നോട്ടുപോകുവാൻ.

**"എന്നാൽ ആത്മീകമല്ല പ്രാകൃതമത്രേ ഒന്നാമത്തേത്; ആത്മീകം പിന്നത്തേതിൽ വരുന്നു." (1 കൊരി 15: 46)**

നമ്മുടെ ജഡത്തിൽ തിന്മ വസിക്കുന്നു. അതുകൊണ്ടാണ് പൗലോസ് പറയുന്നത് "എന്റെ ജഡത്തിൽ പാപം വസിക്കുന്നു."

> ഏതൊരു ഭവനത്തിനും, കെട്ടിടത്തിനും അടിസ്ഥാനം ഉള്ളതു പോലെ ഏതൊരു പ്രവർത്തിക്കും അടിസ്ഥാനമുണ്ട്. പ്രവൃത്തിയുടെ അടിസ്ഥാനമാണ് ചിന്ത.

**"ആകയാൽ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ. എന്നിൽ എന്നുവെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു. നന്മ ചെയ്യുവാനുള്ള താല്പര്യം എനിക്കുണ്ടു; പ്രവർത്തിക്കുന്നതോ ഇല്ല." (റോമ. 7: 17-18)**

തുടർന്ന് പൗലോസ് പറയുകയാണ് **"അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ, ഈ മരണത്തിനധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും." (റോമ. 7:24)**

പൗലോസിനെപ്പോലെ നമ്മുടെ ജഡത്തിലുള്ള ബലഹീനത മനസ്സിലാക്കി "അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ എന്നു പറയുവാൻ കഴിയുമോ? കഴിയണം, കഴിഞ്ഞാൽ അതു ജയത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ചവിട്ടുപടിയാണ്."

ഏതൊരു ഭവനത്തിനും, കെട്ടിടത്തിനും, അടിസ്ഥാനം ഉള്ളതു

പോലെ ഏതൊരു പ്രവർത്തിക്കും അടിസ്ഥാനമുണ്ട്. പ്രവൃത്തിയുടെ അടിസ്ഥാനമാണ് ചിന്ത. ഒരു സംഭവം കാണുമ്പോൾ, കേൾക്കുമ്പോൾ അതിനോട് പ്രതികരിക്കേണ്ടി വരുമ്പോൾ, ആദ്യം നമ്മുടെ ഉള്ളിൽ വരുന്ന ചിന്ത ജഡത്തിന്റെ ചിന്ത (പിശാചിന്റെ പ്രോഗ്രാം) ആയിരിക്കും. എന്നാൽ അതിനെ തരണം ചെയ്ത് വചനത്തിലൂടെ ആത്മാവിന്റെ ചിന്തയെ വേണം നാം സ്വീകരിക്കാൻ.

## ഗലാത്യസഭയിലെ രക്ഷിക്കപ്പെട്ട ജനം ദൈവരാജ്യം അവകാശമാക്കുമോ?!

ആത്മാവിന്റെ പ്രവൃത്തിക്ക്, ആത്മാവിന്റെ ചിന്തയും; ജഡത്തിന്റെ പ്രവൃത്തിക്ക്, ജഡത്തിന്റെ ചിന്തയും. നമ്മുടെ ഉള്ളിൽ പിശാച് നിറച്ചിട്ടുള്ള ജഡത്തിന്റെ ചിന്തയിൽ നിന്ന് ഉത്ഭവിക്കുന്ന ചില പ്രവൃത്തികൾ ഗലാത്യലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**"ജഡത്തിന്റെ പ്രവൃത്തികളോ ദുർനടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവൃത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല." (ഗലാ. 5: 19-21)**

വിശ്വാസികളെ, ദൈവവചനം പറയുന്നു, ഈ വക പ്രവർത്തിക്കുന്നവർ രക്ഷിക്കപ്പെട്ടുവെങ്കിലും ദൈവരാജ്യം അവകാശമാക്കുകയില്ല.

ഗലാത്യസഭയിലെ എല്ലാവരും രക്ഷിക്കപ്പെട്ട് തിരുവത്താഴ ശുശ്രൂഷയെടുത്ത് നമ്മെപ്പോലെ ദൈവത്തെ ആരാധിക്കുന്ന വീണ്ടും ജനിച്ചവരായിരുന്നു. അവരോട് ദൈവവചനം പറയുന്നു, ജഡത്തെ അനുസരിച്ച് ജീവിച്ചാൽ നിങ്ങൾ രക്ഷിക്കപ്പെട്ടവരെങ്കിലും ദൈവരാജ്യം അവകാശമാക്കുകയില്ല.

ഈ പ്രവൃത്തികളുടെ അടിസ്ഥാനമായ ചിന്തകൾ നമ്മുടെ ഉള്ളിലുള്ളത്, നാം പോലുമറിയാതെ പ്രവർത്തിച്ചു കൊണ്ടിരിക്കും. ഉദാഹരണത്തിന് നാം പാട്ടുകാരനോ, പ്രാസംഗികനോ, പ്രാർത്ഥനാവീരനോ ആണെന്ന് ചിന്തിക്കുക. നമ്മുടെ സഭയിൽ പുതുതായി വന്ന ഒരു വ്യക്തി നമ്മേക്കാൾ നന്നായി പാടുകയും പ്രസംഗിക്കുകയും പ്രാർത്ഥിക്കുകയും ചെയ്താൽ ജനങ്ങൾ അവരെ പുകഴ്ത്തിയാൽ നമ്മുടെ

ഉള്ളിൽ നാം പോലുമറിയാതെ അവർക്കെതിരെ ജഡത്തിന്റെ ചിന്തയായ അസൂയ ഉയരും. അസൂയ ഉയരുന്നതോടുകൂടി, അസൂയയുടെ കൂടെപ്പിറപ്പെന്നവണ്ണം പകയുടെ ചിന്ത ഉയരും, ഇതിനെ മറ്റു ജഡചിന്തകളും പിന്താങ്ങുകയും (Support)ചെയ്യും. തുടർന്ന് നമ്മൾക്ക് അവരുടെ നന്മ ഒന്നും കാണുവാൻ കഴിയില്ല കാരണം ഇപ്പോൾ നമ്മൾ അവരെ നോക്കുന്നത് "ജഡത്തിന്റെ ചിന്തയെന്ന" കണ്ണാടിയിലൂടെയാണ്. കറുത്ത കണ്ണാടിയിലൂടെ നോക്കിയാൽ എല്ലാം കുറത്തതായേ കാണുകയുള്ളു. തുടർന്ന് നമ്മൾക്ക് ആ സഭയിൽ എന്തെങ്കിലും സ്ഥാനമോ, അധികാരമോ ഉണ്ടെങ്കിൽ തങ്ങളെക്കാൾ നന്നായി ശോഭിച്ചവരെ, ജനം പുകഴ്ത്തി പറഞ്ഞവരെ നമ്മുടെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും അമ്പ് എയ്യുകയും, കഴിയുമെങ്കിൽ തുടർന്ന് അവർക്കൊരവസരം കൊടുക്കാതിരിക്കുകയും ചെയ്യും. ഇത് നമ്മളെ തകർക്കുവാൻ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ജഡത്തിന്റെ ചിന്തയുടെ പരിണിതഫലമാണ്. ഇത് നമ്മുടെ ബലഹീനതയാണെന്ന് മനസ്സിലാക്കി നാം പ്രവർത്തിച്ചിട്ടില്ലായെങ്കിൽ ദൈവവചനപ്രകാരം നമ്മുടെ ഭാവി അപകടത്തിലാകും. കാരണം ദൈവവചനം പറയുന്നു,

**"ജഡത്തെ അനുസരിച്ചു ജീവിച്ചാൽ നീ മരിക്കും, നിശ്ചയം." (റോമ. 8:13)**

**"ജഡത്തിന്റെ ചിന്ത മരണം." (റോമ. 8:6)**

ഭൗതിക ലോകത്ത് നമ്മിൽ ഒരു ബോംബ് പൊട്ടിയാൽ നാം മരിക്കും, അതുപോലെ തന്നെ ആത്മീയമായി നാം ജഡത്തിന്റെ ചിന്തക്കനുസരിച്ച് ജീവിച്ചാൽ മരിക്കാനിടയാകും.

പഴയ നിയമത്തിൽ നാം വായിക്കുമ്പോൾ മനസ്സിലാകും ശൗൽ പിശാച് തന്നെ തകർക്കുവാൻ തന്റെ ഉള്ളിൽ നിക്ഷേപിച്ചിട്ടുള്ള ജഡത്തിന്റെ ചിന്തയെന്ന ബോംബിനാൽ തകർക്കപ്പെട്ടു. 'ശൗൽ ആയിരത്തെയും, ദാവീദ് പതിനായിരത്തേയും കൊന്നുവെന്ന്' ജനങ്ങൾ പാടിയപ്പോൾ ശൗലിന്റെയുള്ളിൽ പിശാച് മനുഷ്യരെ തകർക്കുവാൻ അവരുടെ ഉള്ളിൽ നിക്ഷേപിച്ചിട്ടുള്ള ജഡചിന്തകൾ ഉണർന്നു. ദാവീദിനോട് അസൂയയും പകയും ഉയർന്ന്, തന്നോട് ഒരു കുറ്റവും ചെയ്യാത്ത, തന്റെ പ്രതികൂല സമയത്ത് ഗോലിയാത്തിനെ കൊല്ലാൻ തന്നെ സഹായിച്ച, തന്നെ

> ഭൗതിക ലോകത്ത് നമ്മിൽ ഒരു ബോംബ് പൊട്ടിയാൽ നാം മരിക്കും. അതുപോലെ തന്നെ നാം ജഡത്തിന്റെ ചിന്തക്കനുസരിച്ച് ജീവിച്ചാൽ ആത്മീയമായി മരിക്കുവാനിടയാകും.

ബഹുമാനിക്കുന്ന, തന്റെ അധികാരത്തെ അംഗീകരിക്കുന്ന ദാവീദിനെ കൊല്ലുവാനായി ശൗൽ ഒരുങ്ങി. തന്റെ മരുമകൻ എന്ന സ്ഥാനമൊന്നും ജഡത്തിന്റെ ചിന്തയ്ക്ക് ഒരു പ്രശ്നമായിരുന്നില്ല. ഇത് അവസാനം ശൗലിന്റെ നാശത്തിൽ ചെന്നവസാനിച്ചു. ഇന്ന് ക്രിസ്തീയ സഭകൾ ഇതുപോലെ പിളരാൻ പ്രധാനപ്പെട്ട ഒരു കാരണം ജഡചിന്തയെന്ന ഈ ബെൽറ്റ് ബോംബാണ്.

## ഉണരുക ദൈവജനമേ,
## ഇനിയും സ്വയം വഞ്ചിക്കപ്പെടല്ലേ!

പല ദൈവദാസന്മാരും നല്ലവരാണ്, വചനം അനുസരിക്കുന്നവരാണ്, മറ്റുള്ളവരുടെ മുമ്പിൽ നല്ല സാക്ഷ്യമുള്ളവരാണ്. പക്ഷേ, പിശാചിന്റെ ഈ ബോംബിനെ കുറിച്ച് അറിവില്ലാത്തതുകൊണ്ടായിരിക്കാം മിക്കവരും ഈയൊരു വിഷയത്തിൽ പരാജയപ്പെട്ടു പോകുന്നത്.

> ഇനിയെങ്കിലും നമ്മൾ ഉണരണ്ടേ? പരസ്പരമല്ല നമ്മൾ എതിർക്കേണ്ടത് യേശുക്രിസ്തുവിൽ ഒറ്റക്കെട്ടായി, ഒരു ശരീരമായി പിശാചിനോടാണ് നാം എതിർക്കേണ്ടത്.

ഒരിക്കൽ ഞാനൊരു പിതാവിനെ കുറിച്ചു കേട്ടു. അദ്ദേഹം ഒരു ദൈവദാസനാണ്, പലതിലും നല്ല മാതൃകയാണ്. ജനത്തിനെല്ലാം വളരെ ഇഷ്ടമാണ്. തന്റെ മരുമകനോട് അദ്ദേഹത്തിന് വളരെ താൽപര്യമാണ്. മരുമകനും ഒരു ദൈവദാസനാണ്. തന്റെ ശുശ്രൂഷകളിലെല്ലാം (Ministry) മരുമകൻ സഹായിക്കും, തുടർന്ന് മരുമകനെ ജനങ്ങൾ പുകഴ്ത്തി പറയാൻ തുടങ്ങി. അദ്ദേഹത്തിന്റെ പ്രസംഗം നല്ലതാണെന്നും, ലേഖനങ്ങൾ നല്ലതാണെന്നും തുടർന്ന് എന്തു സംഭവിച്ചുവെന്നോ, ഈ മാതൃകായായിരുന്ന പിതാവിൽ പിശാചിന്റെ ബോംബ് (Poison) പ്രവർത്തിക്കാൻ തുടങ്ങി. ഈ പിതാവ് തന്റെ മരുമകനെ ശുശ്രൂഷയുടെ മുൻനിരയിൽ നിന്ന് പിന്നോട്ടുവലിച്ചു. എന്തു സംഭവിക്കും? സഭ പിളരുവാൻ ഇതു വഴിയൊരുക്കും. ഇങ്ങനെ അനേക ദൈവദാസന്മാരുടെ ഉള്ളിൽ പിശാചിന്റെ ഈ വിഷം പ്രവർത്തിക്കാൻ അവർ തന്നെ അനുവദിക്കുന്നതു കൊണ്ട് ഇപ്പോഴത്തെ കണക്കനുസരിച്ച് 33000ത്തിലധികം സഭാവിഭാഗങ്ങൾ (Denomination) ആക്കി ക്രിസ്തുവിന്റെ സഭയെ പിശാചു മാറ്റിക്കഴിഞ്ഞു. ഇനിയെങ്കിലും നാം ഉണരേണ്ടേ? പരസ്പരമല്ല നാം എതിർക്കേണ്ടത്. യേശുക്രിസ്തുവിൽ ഒറ്റക്കെട്ടായി, ഒരു ശരീരമായി പിശാചിനോടാണ് നാം എതിർക്കേണ്ടത്. പിശാച് നമ്മുടെ അരയ്ക്ക് കെട്ടിയിരിക്കുന്ന ഒരു ബെൽറ്റ് ബോംബ് പോലെയാണ് ജഡം. അല്ലെങ്കിൽ ജഡത്തിന്റെ ചിന്ത. പിശാച് സാഹ

ചര്യങ്ങളിലൂടെ അതിനെ ഉണർത്തുമെങ്കിലും നമുക്കാണ് അതിനെ സ്വിച്ച് ഓൺ (Switch on) ചെയ്യാനും, ചെയ്യാതിരിക്കാനും അധികാരമുള്ളത്. ഓൺ ചെയ്താൽ നമ്മൾ നശിക്കും. ഈ ചിന്തകൾ എപ്പോഴും പ്രവർത്തിക്കാൻ ശ്രമിച്ചു കൊണ്ടേയിരിക്കും. നാം അതിനോടു സഹകരിച്ചാൽ നാം സ്വിച്ച് ഓൺ ചെയ്യുകയായി. പകരം ദൈവവചനം പറയുന്നതു പോലെ നാം ദൈവാത്മാവിനാൽ ജഡത്തിന്റെ ചിന്തയെ, പ്രവൃത്തിയെ മരിപ്പിക്കുന്നുവെങ്കിൽ നാം വിജയിക്കും, ജീവിക്കും. ഇനിയും നാം ജഡചിന്തകൾക്ക് കീഴടങ്ങി നമ്മെത്തന്നെ വഞ്ചിക്കരുത്. ദൈവവചനം തരുന്ന ഉറപ്പ് നോക്കുക.

> നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; എന്നാൽ ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും

**‘‘നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം, ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.’’ (റോമ. 8:13)**

## പുതുക്കാത്ത മനസ്സാണ് ഇപ്പോൾ ജഡം

വീണ്ടും ജനിച്ച ഒരു വ്യക്തിയോട് ദൈവവചനം ആവശ്യപ്പെടുന്നത് ആ വ്യക്തിയുടെ മനസ്സ് പുതുക്കാനാണ്. ഇത് ചെയ്തില്ലെങ്കിൽ നാം അപകടത്തിലാകും. നമ്മുടെ മനസ്സ് നിറച്ച് പിശാച് നിക്ഷേപിച്ച ജഡചിന്തകളാണ്. അതുകൊണ്ട് നാം എങ്ങനെയെല്ലാം നല്ല ഫലം കൊടുക്കുവാൻ നോക്കിയാലും, നമ്മുടെ പ്രവൃത്തിയുടെ ഫലം വരുന്നത് നമ്മുടെ ചിന്തകളുടെ അടിസ്ഥാനത്തിലായിരിക്കും.

**“ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലതു ഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ.’’ (കൊലോ. 3:1–2)**

അതുകൊണ്ടാണ് ദൈവവചനം, മനസ്സ് പുതുക്കി രൂപാന്തരപ്പെടുവാൻ ആഹ്വാനം ചെയ്യുന്നത്.

**“ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു**

**മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.” (റോമ. 12:2)**

ഈ ജഡചിന്തകളാണ്, പല വഴക്കുകൾക്കും, കുടുംബ തകർച്ചയ്ക്കും, സ്ഥാപനങ്ങളുടെ തകർച്ചകൾക്കും, സഭയുടെ ഭിന്നിപ്പിനും, മറ്റു പല തിന്മ പ്രവൃത്തികൾക്കും കാരണം. ഭൂമിയിലെ ഒന്നാമത്തെ കുടുംബം ആദം, ഹവ്വ ദമ്പതിമാരുടെതായിരുന്നു. അവരുടെ മക്കൾ കയീനും ഹാബേലും. കയ്യിനെതിരെ ഹാബേൽ യാതൊന്നും ചെയ്തില്ല. പക്ഷേ കയിൻ ഹാബേലിനോട് അസൂയയും, പകയും വെച്ച് ഹാബേലിനെ കൊന്നു. കാരണം, ജഡം. തന്റെ അനുജന്റെ പ്രവൃത്തി ദൈവസന്നിധിയിൽ പ്രീതികരമായി; തന്റേത് ആയതുമില്ല.

> നമ്മോട് ഒരുമിച്ച് നിൽക്കുന്നവർ, നമുക്ക് കീഴിലുള്ളവർ നമ്മളേക്കാൾ പ്രവർത്തനത്തിൽ ശോഭിക്കുന്നത് നാം അറിഞ്ഞാൽ നമുക്ക് അവരോട് അസൂയ തോന്നും എന്നുള്ളത് ജഡത്താലുള്ള നമ്മുടെ ബലഹീനതയാണ്.

പിശാചാണ് നിഗളത്തിന്റെ ഉത്ഭവസ്ഥാനം. അവനിൽ നിന്ന് തന്നെയാണ് ജഡം ആദത്തിൽ ജനിക്കപ്പെട്ടതും. സ്വർഗ്ഗീയ കുടുംബം തകർക്കപ്പെടുവാൻ കാരണം പിശാചിൽ നിഗളം ഉദിച്ചതാണ്. നിഗളത്തിന്റെ ഒരു സന്താനമാണ് ജഡമെന്ന് വേണമെങ്കിൽ പറയാം. ജഡത്തിൽ നിന്ന് മത്സര ബുദ്ധിയുള്ള പല പ്രവൃത്തികളും ഉദിക്കുന്നു. ദൈവവചനം അതിനെ ഇങ്ങനെ സമർത്ഥിക്കുന്നു.

**“സകല പ്രയത്നവും സാമർത്ഥ്യമുള്ള പ്രവൃത്തി ഒക്കെയും ഒരുവനു മറ്റവനോടുള്ള അസൂയയിൽ നിന്നുളവാകുന്നു എന്നു ഞാൻ കണ്ടു; അതും മായയും വൃഥാ പ്രയത്നവും അത്രേ.” (സഭാ 4:4)**

ഓരോ ദൈവപൈതലിന്റെയും പ്രവൃത്തി ആരംഭിക്കേണ്ടത് ആത്മാവു എടുത്തു തരുന്ന വചനത്തിൽ നിന്നും, ദൈവസ്നേഹത്തിൽ നിന്നുമായിരിക്കണം. ജഡത്തിൽ നിന്നും ആയിരിക്കരുത്. യേശുക്രിസ്തുവിന്റെ ജീവിതം പഠിച്ചാൽ, താൻ ഒന്നും ജഡത്തിൽ നിന്നല്ല പ്രവർത്തിച്ചത്. എല്ലാം ദൈവവചനത്തിൽ നിന്ന് അതായത് ദൈവേഷ്ടത്തിൽ നിന്നും, ദൈവസ്നേഹത്തിൽ നിന്നുമാണ് പ്രവർത്തിച്ചത്. തന്നെ

> എന്നാൽ ഓരോ ദൈവപൈതലിന്റെയും പ്രവൃത്തി ആരംഭിക്കേണ്ടത് ജഡത്തിൽ നിന്ന് ആയിരിക്കരുത്. പകരം ആത്മാവു എടുത്തു തരുന്ന വചനത്തിൽ നിന്നുമായിരിക്കണം.

കുത്തിയവരോടും, തുപ്പിയവരോടും, പച്ചശരീരത്തിൽ ആണിയടിച്ചവരോടും പിറുപിറുക്കാതെ, ശകാരിക്കാതെ, പകരം “ഇവർ ചെയ്യുന്നതെന്ന് ഇവർ അറിയുന്നില്ല, പിതാവേ ഇവരോട് ക്ഷമിക്കണമേ” എന്ന് പറഞ്ഞ യേശു നമുക്ക് എത്ര നല്ല മാതൃകയാണ്! അതിനാൽ ഓരോ വിശ്വാസിയും ജഡം നമ്മെ തകർക്കുവാൻ, തിന്മയായി പ്രവർത്തിക്കുവാൻ പിശാച് ആദത്തിലൂടെ നിക്ഷേപിച്ച പിശാചിന്റെ പ്രോഗ്രാം ആണെന്നു മനസ്സിലാക്കി ദൈവാത്മാവിന്റെ സഹായത്തോടെ ജഡത്തിൽ പ്രവർത്തിക്കാതെ അതിനെ മരിപ്പിക്കേണം. ദൈവം നമ്മുടെ ഉള്ളിൽ പുതിയ സൃഷ്ടിയായ മനുഷ്യനിൽ നിക്ഷേപിച്ചിട്ടുള്ള ആത്മാവിന്റെ ഫലമായ സ്നേഹത്തെയും അതിന്റെ സത്ഫലങ്ങളേയും പ്രവർത്തിപ്പിക്കേണ്ടത് എങ്ങനെയാണെന്ന് വചനത്തിൽ നിന്ന് മനസ്സിലാക്കി പ്രവർത്തിപ്പിക്കുന്നു. എങ്കിൽ നാം ഈ ഭൂമിയിൽ ക്രിസ്തുവിന്റെ മാതൃകയായിരുന്നുകൊണ്ട് ദൈവേഷ്ടം ചെയ്യുകയും, ദൈവത്തോടൊപ്പം നിത്യജീവിതത്തിൽ കടക്കുകയും ചെയ്യും.

തന്നെ കുത്തിയവരോടും, തുപ്പിയവരോടും, പച്ചശരീരത്തിൽ ആണിയടിച്ചവരോടും പിറുപിറുക്കാതെ, ശകാരിക്കാതെ, പകരം “ഇവർ ചെയ്യുന്നതെന്ന് ഇവർ അറിയുന്നില്ല, പിതാവേ ഇവരോട് ക്ഷമിക്കണമേ” എന്ന് പറഞ്ഞ യേശു നമുക്ക് എത്ര നല്ല മാതൃകയാണ്!

## ആത്മാവിന്റെ ചിന്ത നിത്യജീവൻ
## ജഡത്തിന്റെ ചിന്ത മരണം

**“ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ.”**

**(റോമ. 8:6)**

തുടർന്ന് നമുക്ക് ദൈവത്തിന്റെ കോളേജിൽ പരിശുദ്ധാത്മാവിന്റെ പരിശീലനത്തിലൂടെ ഈ ജഡചിന്തകളെ എങ്ങിനെ തകർക്കാമെന്ന് പഠിക്കാം.

### പ്രധാന തത്വങ്ങൾ

1. വിശ്വാസികളിൽ പിശാചിന്റെ ഒരു ബോംബിരിക്കുന്നുണ്ട്. അതിനെ ഉപയോഗിച്ചാൽ (പൊട്ടിയാൽ) ആ വ്യക്തിയിൽ ആത്മീയ മരണം നടക്കും.

2. ജഡം മനുഷ്യവർഗ്ഗത്തെ നശിപ്പിപ്പാൻ പിശാച് ആദത്തിന്റെ ഉള്ളിൽ നിക്ഷേപിച്ച ദൈവവചനത്തെ എതിർക്കുന്ന ഒരു കൂട്ടം ചിന്തകൾ (പ്രോഗ്രാം) അല്ലെങ്കിൽ വിഷമാണ്. ജഡം മനുഷ്യവർഗ്ഗത്തിന്റെ ബലഹീനതയാണ്.

3. ജഡം ദൈവവചനത്തിനെതിരായ ഒരു കൂട്ടം ചിന്തായാണെന്നും, വീണ്ടും ജനിച്ചതിനു ശേഷവും ആ ചിന്തകൾ നമ്മിൽ തന്നെ വസിക്കുന്നുവെന്നും, അത് നമ്മുടെ ബലഹീനതയാണെന്നും നാം മനസ്സിലാക്കണം. അതുകൊണ്ട് നമ്മുടെ മനസ്സിൽ ആദ്യം ഉദിക്കുന്ന ചിന്തകൾക്ക് നാം പ്രാധാന്യം കൊടുക്കാതെ, അത് ദൈവവചനപ്രകാരമാണോ, അല്ലയോ എന്ന് പരിശുദ്ധാത്മാവ് എടുത്തുതരുന്ന വചനപ്രകാരം ഉറപ്പാക്കിയിട്ടുവേണം മുന്നോട്ടുപോകുവാൻ.

4. നമ്മോട് ഒരുമിച്ച് നിൽക്കുന്നവർ, നമുക്ക് കീഴിലുള്ളവർ നമ്മളേക്കാൾ പ്രവർത്തനത്തിൽ ശോഭിക്കുന്നത് നാം അറിഞ്ഞാൽ നമുക്ക് അവരോട് അസൂയ തോന്നും എന്നുള്ളത് ജഡത്താലുള്ള നമ്മുടെ ബലഹീനതയാണ്.

5. ഏതൊരു ഭവനത്തിനും, കെട്ടിടത്തിനും അടിസ്ഥാനം ഉള്ളതുപോലെ ഏതൊരു പ്രവൃത്തിക്കും അടിസ്ഥാനമുണ്ട്. പ്രവൃത്തിയുടെ അടിസ്ഥാനമാണ് ചിന്ത.

6. ഗലാത്യസഭയിലെ എല്ലാവരും രക്ഷിക്കപ്പെട്ട് തിരുവത്താഴത്തിൽ പങ്കെടുത്ത് നമ്മെ പോലെ ദൈവത്തെ ആരാധിക്കുന്ന വീണ്ടും ജനിച്ചവരായിരുന്നു. അവരോട് ദൈവവചനം പറയുന്നു, ജഡത്തെ അനുസരിച്ച് ജീവിച്ചാൽ നിങ്ങൾ രക്ഷപ്പെട്ടുവെങ്കിലും ദൈവരാജ്യം അവകാശമാക്കുകയില്ല.

7. ഭൗതിക ലോകത്ത് നമ്മിൽ ഒരു ബോംബ് പൊട്ടിയാൽ നാം മരിക്കും, ആത്മലോകത്ത് നാം ജഡത്തിന്റ ചിന്തക്കനുസരിച്ച് ജീവിച്ചാലും മരിക്കുവാനിടയാകും.

8. ഇനിയെങ്കിലും നാം ഉണരണം. നാം എതിർക്കേണ്ടത് ശത്രുവിനോടാണ്; പരസ്പരമല്ല. യേശുക്രിസ്തുവിൽ ഒറ്റക്കെട്ടായി, ഒരു ശരീരമായി പിശാചിനോടാണ് നാം എതിർക്കേണ്ടത്.

9. ഓരോ ദൈവപൈതലിന്റെയും പ്രവൃത്തി ആരംഭിക്കേണ്ടത് ജഡത്തിൽ നിന്ന് ആയിരിക്കരുത്. പകരം ആത്മാവ് എടുത്തു തരുന്ന വചനത്തിൽ നിന്നും, ദൈവസ്നേഹത്തിൽ നിന്നുമായിരിക്കണം.

# ഭാഗം 2

# ദൈവത്തിന്റെ കോളേജും പരിശുദ്ധാത്മാവിന്റെ ട്രെയിനിംഗും





അദ്ധ്യായം 10

# പരിശുദ്ധാത്മാവിന്റെ ഒരു മനുഷ്യനിലെ ശുശ്രൂഷ

"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ" (മത്താ. 11:29)

അനുസരണക്കേടിലൂടെ രണ്ടാം സ്ഥാനമായ ദേഹിയിൽ നിന്ന് മൂന്നാം സ്ഥാനമായ ജഡരൂപത്തിലേക്ക് വീണുപോയ മനുഷ്യനെ, ഇരട്ട സ്ഥാനക്കയറ്റത്തോടെ ഒന്നാം ഭാഗമായ ആത്മാവിലേക്ക് എങ്ങനെയാണ് ദൈവം കൊണ്ടുവരുന്നതെന്ന് തുടർന്ന് പഠിക്കാം.

"ഇരട്ട സ്ഥാനക്കയറ്റം വീണുപോയ മനുഷ്യർക്കു നൽകുവാൻ ദൈവത്തിന്റെ സ്വഭാവം നമ്മുടെ ദേഹിയിലേക്ക് വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്."

## പിതാവ് നട്ടിട്ടില്ലാത്ത തൈകൾ

മനുഷ്യന്റെ ദേഹിയിൽ കാണുന്ന ജഡചിന്തയൊന്നും പിതാവ് നട്ടതല്ല. പകരം പിശാച് നിറച്ചതാണ് അല്ലെങ്കിൽ പിശാച് നട്ട തൈകളാണ്. ഇനിയാണ് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ ആരംഭിക്കുന്നത്. ദൈവത്തിന്റെ വചനം, മത്താ15:13 ൽ ഇപ്രകാരം കാണുന്നു, എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈയൊക്കെയും അത് ഇടയ്ക്കുവച്ച് മുറിക്കത്തില്ല, പകരം വേരോടെ പറിച്ചു കളയും. ഇത് ദൈവം നമ്മിൽ ആരംഭിച്ചിരിക്കുന്ന ശുശ്രൂഷയാണ്. ഇത് പലർക്കും അറിയാൻ കഴിയാത്തതുകൊണ്ട് ശുശ്രൂഷയോട് മറുത്ത് നാം നമ്മുടെ പഴയ ആത്മനിലയിൽ തന്നേ നിൽക്കുന്നു. കർത്താവിന്റെ ശുശ്രൂഷയ്ക്ക് നാം ഏല്പിച്ചു കൊടുക്കണം

മനുഷ്യന്റെ ദേഹിയിൽ കാണുന്ന ജഡചിന്തയൊന്നും പിതാവ് നട്ടതല്ല. പകരം പിശാച് നിറച്ചതാണ് അല്ലെങ്കിൽ പിശാച് നട്ട തൈകളാണ്.

**"സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞു പോകും." (മത്താ. 15:13)**

പരിശുദ്ധാത്മാവു വസിക്കുന്ന നമ്മുടെ ആത്മാവിനെ ആത്മീയ ശുശ്രൂഷയ്ക്ക് ദൈവത്തിന് ഉപയോഗിക്കണമെങ്കിൽ ആദ്യം തന്നെ ദേഹിയിൽ പിശാച് നട്ട തൈകൾ ഒക്കെയും പറിച്ചു കളയണം, അല്ലെങ്കിൽ പരിശുദ്ധാത്മാവിനു വീണ്ടും ജനിക്കപ്പെട്ട മനുഷ്യന്റെ ഉള ളിൽ നിന്ന് ലോകത്തിലേക്കിറങ്ങാൻ പറ്റില്ല. ആത്മാവ് പുറത്തിറ ങ്ങാതെ ആത്മ ശുശ്രൂഷ വെളിപ്പെടുകയില്ല.

ഒരു മനുഷ്യനെ ദൈവം ഉപയോഗിക്കണമെങ്കിൽ ആദ്യം ആ മനു ഷ്യനിൽ പരിശുദ്ധാത്മാവിന്റെ ഒരു ശുശ്രൂഷ നടക്കണം. ഈ ശുശ്രുഷ നടന്നാൽ തുടർന്ന്, ആ മനു ഷ്യനിലൂടെ പരിശുദ്ധാത്മാവ് ശുശ്രൂഷകൾ നടത്തും.

> ഒരു മനുഷ്യനെ ദൈവം ഉപയോ ഗിക്കണമെങ്കിൽ, ആദ്യം ആ മനുഷ്യനിൽ പരിശുദ്ധാത്മാവിന്റെ ഒരു ശുശ്രൂഷ നടക്കണം തുടർന്ന്, ആ മനുഷ്യനിലൂടെ പരിശുദ്ധാത്മാവ് ശുശ്രൂഷകൾ നടത്തും.


ജഡചിന്തകൾ സാധാരണ ഗതിയിൽ മനുഷ്യനിൽ ഒളിച്ചിരിക്കുന്നു. അങ്ങനെ മറ ഞ്ഞിരിക്കുന്ന സമയത്ത് ഈ ജഡചിന്തയെ അഥവാ പിതാവ് നടാത്ത തൈകളെ പറിച്ച് കളയു ന്നത് അസാദ്ധ്യമാണ്. (ഗലാ. 5:19–21). അതിനാൽ നമ്മുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന ജഡചിന്തയെ പുറത്തു കൊണ്ടുവരാൻ തക്കവ ണ്ണമുള്ള ഒരു സാഹചര്യം ദൈവം നമ്മുടെ മുമ്പിൽ അനുവദിക്കും.

നാം ഒരു സഹോദരനെയോ സഹോദരിയെയോ കാണുമ്പോൾ അവർ ജഡചിന്തയാൽ പ്രവർത്തിക്കുന്നവരാണ് എന്ന് നമുക്കു തോന്നുമോ? ഇല്ല.

'എന്താ ബ്രദറെ താങ്കൾക്ക് സുഖമാണോ?' എന്നൊക്കെ ചോദി ക്കുമ്പോൾ, നാം ആ വ്യക്തിയെ വളരെ തങ്കപ്പെട്ട മനുഷ്യൻ എന്നു പറയും. ഈ തങ്കപ്പെട്ട മനുഷ്യനിലേക്കു ശുശ്രൂഷിക്കാൻ പോയിക്ക ഴിഞ്ഞാൽ കർത്താവിന്റെ ഒരു പദ്ധതിയും ആ വ്യക്തിയിൽ നടക്കില്ല. ആ മനുഷ്യന്റെ ഉള്ളിൽ മുഴുവൻ ജഡസ്വഭാവം ഒളിച്ചുകിടക്കുകയാണ്. ഈ ഒളിപട്ടാളം എഴുന്നേൽക്കുന്ന സമയത്ത്, വേണം അവരെ പിടി ക്കാൻ ദൈവം അതനുസരിച്ചുള്ള സാഹചര്യം നമുക്ക് ഓരോരു ത്തർക്കും നമ്മുടെ ജീവിതത്തിൽ അനുവദിക്കും.

നമുക്ക് അറിയാവുന്നതുപോലെ നമ്മുടെ ശരീരം ഈ ലോകത്തി ലാണ്, താഴെ ചിത്രം 18 ൽ അത് കാണിച്ചിരിക്കുന്നു.

ആത്മാവ് ദൈവരാജ്യത്തിലാണ്. ഇത് നാം മനസ്സിലാക്കുന്നത്, നമ്മുടെ ശുശ്രൂഷ വെളിപ്പെടുവാൻ വളരെ സഹായിക്കും. ഈ ലോക ത്തിൽ കർത്താവ് പല തരത്തിലുള്ള നീറുന്ന സാഹചര്യങ്ങൾ നമ്മുടെ മുൻപിൽ അനുവദിക്കും. അത് എന്തിനുവേണ്ടിയാണെന്ന് അറിയാമോ? നമ്മുടെ ദേഹിയുടെ ഉള്ളിലുള്ള ഒളിപ്പട്ടാളത്തെ (ജഡസ്വഭാവത്തെ) വെളിപ്പെടുത്തി എടുക്കുവാനാണ്.




വീണ്ടെടുക്കപ്പെട്ട വ്യക്തിക്കെതിരെ ശത്രു കടന്നുവരുന്നു.

ചിത്രം - 18

ഇങ്ങനെ വെളിപ്പെടുന്ന സമയമാണ് കർത്താവ് ജഡചിന്തയെ തന്റെ ആത്മാവിനാൽ കൊല്ലുവാൻ നമ്മെ സഹായിക്കുന്നത്. (റോമർ 8:13)

## പരിശുദ്ധാത്മാവിന്റെ പരിശീലനം (മുൻകോപത്തെ പറിച്ചുമാറ്റുന്നു)

'നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നുവെങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു

എങ്കിലോ നിങ്ങൾ ജീവിക്കും.' (റോമ: 8:13) ജഡസ്വഭാവത്തെ വേരോടെ പിഴുതു കളയുമ്പോൾ നമ്മുടെ സ്വഭാവത്തിനു ഓരോ നിമിഷവും മാറ്റം വന്നു കൊണ്ടെയിരിക്കും. ഇത് പെട്ടെന്ന് മനസ്സിലാക്കാൻ എന്റെ ജീവിതത്തിൽ നടന്ന ഒരു സംഭവം വിവരിക്കാം.

ജഡചിന്തയാൽ ജീവിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു ഞാൻ. അതുപോലെ ഭയങ്കര മുൻകോപിയും ആയിരുന്നു. എന്റെ ജീവിതത്തിൽ ഈ ഒരു തൈ പറിച്ചുമാറ്റുന്നത് എങ്ങനെയെന്ന് നിങ്ങൾ പഠിച്ചാൽ നിങ്ങളുടെ ജീവിതത്തിലും ഈ വക തൈകൾ ദൈവാത്മാവ് നമ്മിളിലൂടെ എങ്ങിനെയാണ് പറിച്ചു മാറ്റുന്നതെന്ന് മനസ്സിലാക്കുവാൻ എളുപ്പം സാധിക്കും.

ഈ തൈ എന്നിൽ നിന്ന് പറിച്ചുമാറ്റുന്നതിനുമുമ്പ് ഭയങ്കര മുൻകോപമായിരുന്നു എനിക്കുണ്ടായിരുന്നത്. അപ്പോൾ എന്റെ സ്ഥാപനത്തിൽ ഒരു വ്യക്തി ജോലിക്കു കടന്നുവന്നു. എന്നോട് വളരെ സ്നേഹം പുലർത്തേണ്ട ഒരു വ്യക്തി എന്റെ കുഞ്ഞിനെപ്പോലെ ഞാൻ വളർത്തിയ ഒരു പൈതൽ ഈ വ്യക്തിയെ ദൈവസ്വഭാവത്തിൽ വളർത്തിയെടുക്കണമെന്ന വലിയ ആഗ്രഹത്തോടെ ഞാൻ ആയിരിക്കുമ്പോൾ, പതിവില്ലാത്ത രീതിയിൽ വളരെ മോശമായി ഈ വ്യക്തി എന്നോടു പെരുമാറാൻ തുടങ്ങി. എന്നാൽ ഇതെല്ലാം സഹിച്ച് മുന്നോട്ടു പോകുമ്പോൾ ഒരു ദിവസം അദ്ദേഹത്തെ ഒരു വലിയ യന്ത്രവുമായി 100 കി.മീ. അകലെയുള്ള ഒരു ഇടപാടുകാരന്റെ (Customer) അടുത്തേക്കു പോകാൻ പറഞ്ഞു. ഇടയ്ക്ക് അദ്ദേഹം എവിടെ വരെയായി എന്നറിയാൻ വേണ്ടി ഞാനൊന്നു ഫോൺ വിളിച്ചു. നീ പോയോ? എവിടെ വരെയായി? എന്നൊക്കെ ഞാൻ "അന്വേഷിച്ചപ്പോൾ" പൊയ്ക്കൊണ്ടിരിക്കുകയാണ് എന്ന് മറുപടി പറഞ്ഞു. മിഷ്യൻ കയറ്റിയോ? "ആ കയറ്റി." അത് കെട്ടിയോ? "കെട്ടിയൊന്നുമില്ല" അവര് വണ്ടിയിൽ കയറ്റിത്തന്നു. ഞങ്ങൾ പൊയ്ക്കൊണ്ടിരിക്കുകയാണ്. യാതൊരു ഉത്തരവാദിത്വവുമില്ലാത്ത രീതിയിൽ ഏകദേശം 300 കിലോയുള്ള ടയറുകളിൽ ഓടുന്ന ആ യന്ത്രം വണ്ടിയിൽ ശരിയായി കെട്ടാതെയാണ് കൊണ്ടുപോകുന്നതെന്നും ഓരോ വളവു തിരിയുമ്പോഴും യന്ത്രം അവിടെയും ഇവിടെയും ഇടിക്കുന്നുണ്ടെന്നും എനിക്കു മനസ്സിലായി. പണം മുടക്കിയത് ഞാനായതുകൊണ്ട്, ആ വ്യക്തിയുടെ അനുസരണമില്ലാത്ത അഹങ്കാരത്തോടെയുള്ള സംസാരം എന്റെയുള്ളിൽ ഒളിഞ്ഞുകിടന്ന ക്രോധത്തെ ഉണർത്തി. ഒരു അണക്കെട്ട് തുറന്നുവിടുന്നതുപോലെ എന്റെ ഉള്ളിൽനിന്ന് ക്രോധവാക്കുകൾ ആ

വ്യക്തിക്കെതിരെ ഞാൻ തൊടുത്തുവിട്ടു. ഞാനെന്താ ചെയ്തതെന്ന റിയാമോ എന്റെ ദുർനിക്ഷേപത്തിൽനിന്നാണ് ഞാൻ വാക്കുകൾ പുറപ്പെടുവിച്ചത്. അത് പറഞ്ഞ ഉടനെ പിശാചിന് എന്റെ മേൽ അവകാശമായി. ഉടനെ വർഷങ്ങളോളം രോഗം വരാതിരുന്ന എനിക്ക് ഒരു ശ്വാസം മുട്ടൽ ആരംഭിച്ചു (എനിക്കറിയാം നിയമപരമായി പിശാചിന് എന്റെ മേൽ യാതൊരു അവകാശവും ഇല്ല. പക്ഷേ, ഇവിടെ ഞാൻ പിശാചിനെ എന്റെ ജീവിതത്തിൽ അനുവദിച്ചത് എന്റെ വാക്കുകൾ വഴിയായിരുന്നു).

**സഭാപ്രസംഗി 5:6** ൽ പറയുന്നു., **"നിന്റെ വായ് നിന്റെ ദേഹത്തിനു പാപകാരണമാകരുത്, അബദ്ധവശാൽ വന്നുപോയി എന്നു നീ ദൂതന്റെ സന്നിധിയിൽ പറയുകയും അരുത്. ദൈവം നിന്റെ വാക്കു നിമിത്തം കോപിച്ചു നിന്റെ കൈകളുടെ പ്രവൃത്തിയെ നശിപ്പിക്കുന്നത് എന്തിന്?"**

'ഞാൻ കർത്താവിനോട് നിലവിളിച്ചു. കർത്താവേ എന്റെ തെറ്റ് ഞാൻ മനസ്സിലാക്കുന്നു. ഞാൻ ജഡത്തിൽനിന്നാണ് പ്രവർത്തിച്ചത്, എന്നോട് ക്ഷമിക്കണമെ'. എന്റെ ഉള്ളിൽ ഒളിഞ്ഞു കിടക്കുന്ന മുൻകോപത്തെ വെളിയിൽ കൊണ്ടുവന്ന് വെളിയിൽ വന്ന, മുൻകോപമാകുന്ന "പിതാവ് നട്ടിട്ടില്ലാത്ത "തൈയ്യ്" പറിച്ചുകളയാനാണ് ഈ സാഹചര്യം എന്റെ മുമ്പിൽ അയച്ചത്. പക്ഷേ ആദ്യം എനിക്കത് മനസ്സിലായില്ല.

"കഴുകൻ തന്റെ കുഞ്ഞിനെ പറക്കാൻ പഠിപ്പിക്കുന്നതുപോലെയാണ് ദൈവം നമ്മെ പഠിപ്പിക്കുന്നത്."

"കഴുകൻ തന്റെ കുഞ്ഞിനെ പറക്കാൻ പഠിപ്പിക്കുന്നതുപോലെയാണ് ദൈവം നമ്മെ പഠിപ്പിക്കുന്നത്."

ആ കഴുകൻ കുഞ്ഞ് താഴേക്ക് വീഴുമ്പോൾ വീണ്ടും വീണ്ടും താഴേക്കു വീണുകൊണ്ടിരിക്കുവാനല്ല, മറിച്ച് അതിൽനിന്ന് ഒരു സന്ദേശം കഴുകൻകുഞ്ഞ് മനസ്സിലാക്കണം. "എന്റെ മാതാവ് താൻ പറക്കുന്നതുപോലെ എന്നെ പറക്കാൻ പഠിപ്പിക്കുകയാണ്".

ആദ്യത്തെ പ്രാവശ്യം ജഡസ്വഭാവം ഉയരുമ്പോൾ ഒരു പക്ഷേ നാം വീണുപോകും. ഉടനെ അതിൽനിന്ന് സന്ദേശം കിട്ടി. ദൈവം ആ മുൻകോപം ആകുന്ന തൈ എന്നിൽനിന്ന് പറിച്ചുകളയുവാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു ദിവസം ഇതെ വ്യക്തി കടന്നുവന്നു കൈയ്ക്കു വളരെ വേദനയാ ഒന്നും എടുക്കാൻ പറ്റുന്നില്ല എന്നുപറഞ്ഞു. തുടർന്ന്

ഞാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചു. ആ നിമിഷം തന്നെ ദൈവം കൊടുത്ത സൗഖ്യം കണ്ട് ആ വ്യക്തി അതിശയിച്ചു.

മറ്റൊരു ദിവസം എന്തോ കാലിലേക്ക് വീണിട്ട് കാൽ മുഴച്ചിരിക്കുകയാണ് എന്നുപറഞ്ഞ് ആരാധനയ്ക്ക് ചർച്ചിലേക്ക് കയറിവന്നു. എന്നാൽ പ്രാർത്ഥിച്ച് ഉടനെ കർത്താവ് സൗഖ്യം കൊടുക്കുകയും അവിടെ സാക്ഷ്യം പറയുകയും ചെയ്തു. അങ്ങനെയിരിക്കെ ആ സഹോദരന്റെ മറ്റേതോ ആവശ്യത്തിനുവേണ്ടി പ്രാർത്ഥിച്ചതിനുശേഷം ഞാനൊരു പ്രാർത്ഥനായോഗം നടത്തുവാൻ പോവുകയായിരുന്നു. ആ സമയം ഈ വ്യക്തിയിൽനിന്ന് എനിക്ക് ടെലിഫോൺ സന്ദേശം കിട്ടി. ഞാൻ ആരാധനക്കോ പ്രസംഗത്തിനോ പോകുമ്പോൾ ആര് വിളിച്ചാലും ടെലിഫോൺ എടുക്കാറില്ല. പിശാച് ഏത് രീതിയിലും പ്രവർത്തിക്കാൻ അവസരം നോക്കി നടക്കുകയാണല്ലോ. ശുശ്രൂഷയ്ക്കുപോകുമ്പോൾ ആരെയും വന്ദനം ചെയ്യരുതെന്നാണ് ഞാൻ വചനത്തിൽ നിന്ന് മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ ഞാൻ ഈ ഫോൺ ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു സാക്ഷ്യമാണെന്ന ചിന്തയിൽ എടുത്തു. ഉടനെ മറുഭാഗത്തുനിന്നും വല്ലാത്ത രീതിയിലുള്ള വർത്തമാനം. ഞാൻ മറുപടിയായി ചോദിച്ചു. അതു ചെയ്തോ? 'ഇല്ല.' ഇതു ചെയ്തോ? 'ഇല്ല,' 'എനിക്കു മനസ്സില്ല അത് ചെയ്യാൻ വേണമെങ്കിൽ വേറെ വല്ലവരെയും വിട്'. ഇത്രയും പറഞ്ഞ് അദ്ദേഹം ഫോൺ കട്ട് ചെയ്തു.

ഒരു തൊഴിലാളി തനിക്ക് തൊഴിൽ കൊടുത്ത യജമാനനോട് അപമര്യാദയായി കയർത്തു പറയുകയാണ്. എനിക്ക്, വേണമെങ്കിൽ ഉടനെ തന്നെ സ്വയമായ രീതിയിൽ ഈ ലോകപ്രകാരം ജീവിക്കുന്ന വ്യക്തികളെപ്പോലെ ആ വ്യക്തിയെ പറഞ്ഞുവിടാം. എന്നാൽ കർത്താവു പറഞ്ഞു, മോനേ നീ അതു ചെയ്യരുത്. നിന്റെ മേൽ ഞാൻ വെച്ചിരിക്കുന്ന നുകമാണിത്. നുകം തട്ടിക്കളയരുത്. അത് വഹിക്കണം. വളരെ വേദനയോടുകൂടിയാണ് അന്ന് എനിക്ക് ശുശ്രൂഷയിൽ പങ്കെടുക്കാൻ കഴിഞ്ഞത്. മറ്റൊരു ദിവസം അതായത് മൂന്നാമത്തെ പ്രാവശ്യം ഞാൻ ഓഫീസിൽ നിൽക്കുമ്പോൾ എല്ലാ ജോലിക്കാരും എന്റെ ഭാര്യയുമുണ്ട്. എല്ലാവരുടെയും മുമ്പിൽ വച്ച് ഇതേ വ്യക്തി എന്നെ വീണ്ടും അപമാനിക്കുകയാണ്. ആ സമയം ശക്തമായ കോപം വരേണ്ടതാണ്. എന്നെ ഒറ്റയ്ക്ക് വല്ലതും പറഞ്ഞാൽ അത് എങ്ങനെയെങ്കിലും സഹിക്കാം. പക്ഷേ മറ്റുള്ള എന്റെ കീഴ്ജീവനക്കാരുടെ മുന്നിൽവച്ച് കുറ്റം

പറയുമ്പോൾ സഹിക്കാൻ വളരെ പ്രയാസമാണ്. പക്ഷേ ആ സമയം എന്റെ ദൈവം എന്നെക്കൊണ്ട് പറയിപ്പിച്ചത് ഇതാണ്. "എന്റെ ദൈവമേ, എന്റെ ദൈവമേ, ഇത്രയധികം എന്നെ അനുഗ്രഹിക്കാൻ ഞാൻ എന്തുചെയ്തു". ആ സമയം എന്നുപറയുന്നത് എന്റെ അകത്തുള്ള ദൈവാത്മാവ് ഏറ്റവും കൂടുതൽ എന്നിലൂടെ ലോകത്തിലേക്ക് പ്രദർശിപ്പിക്കപ്പെട്ട (Release) സമയമാണ്.

കുറച്ചുകൂടി ഭംഗിയായി പറഞ്ഞാൽ ദൈവം മനുഷ്യനിലൂടെ ലോകത്തെ ഭരിക്കുന്ന സമയം. ആ സമയമാണ് ദൈവത്തിന്റെ ആത്മാവ് എന്റെ ദേഹിയിൽ (soul) വസിക്കുന്ന പിശാച് നട്ട മുൻകോപം എന്ന ആ തൈ പറിച്ചെടുത്ത് കളഞ്ഞത്.

***ഇത് പരിശുദ്ധാത്മാവിന്റെ കളരിയാണ്. ഇവിടെ പരിശുദ്ധാത്മാവ് ദൈവരാജ്യത്തിൽ വീണ്ടും ജനിച്ചവർക്ക് പരിശീലനം കൊടുക്കുകയാണ്. നാം ഈ ശുശ്രൂഷയിൽ നമ്മുടെ സ്വന്ത ഇഷ്ടത്തെ തകർത്ത് ദൈവഹിതത്തിന് ഏല്പിച്ചു കൊടുക്കുമ്പോൾ, സഹനത്തിലൂടെ പോകേണ്ടിവരുമെങ്കിലും ആ സമയം ദൈവം, പിശാച് നട്ട എല്ലാ തൈകളും നമ്മുടെ ഉള്ളിൽനിന്ന് ഓരോന്നോരോന്നായി പറിച്ചു കളയാൻ ഇടയാകും. എന്നാൽ ഇന്ന് കർത്താവ് തന്റെ വചനത്തിൽ പറഞ്ഞ ഈ ശുശ്രൂഷ അതായത്,***

**"ഞാൻ സൌമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ." (മത്താ 11:29)**

എന്നുള്ള ദൈവത്തിന്റെ പരിശീലനം ഇന്ന് ക്രിസ്തീയ സഭകളിൽ പഠിപ്പിച്ച് കേൾക്കുന്നത് ചുരുക്കമാണ്. ഇത് പരിശുദ്ധാത്മാവിന്റെ കലാലയത്തിലെ പ്രവർത്തന ശൈലിയാണ്. ഈ പ്രവർത്തനശൈലി ദൈവരാജ്യത്തിലേക്ക് വീണ്ടും ജനിച്ച വ്യക്തികൾ കടന്നുവരുമ്പോൾ, അവർ ലോകരാജ്യത്തിൽ നിന്ന് ദൈവരാജ്യത്തിന്റെ സംസ്കാരത്തിലേക്ക് വരുവാൻ ഇടയാകും. ഇന്ന് ഇത് സംഭവിക്കാത്തതിനാൽ ക്രിസ്തീയ സഭയിൽ ഭൂരിഭാഗവും ലോകരാജ്യ സംസ്കാരമാണ് കാണുന്നത്. അതു കൊണ്ട് ക്രിസ്തീയ സഭ ബലഹീനമാണ് കർത്താവ്

> എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ എന്നുള്ള ദൈവത്തിന്റെ പരീശീലനം ഇന്ന് ക്രിസ്തീയസഭകളിൽ പഠിപ്പിച്ച് കേൾക്കുന്നില്ല. ഇത് പരിശുദ്ധാത്മാവിന്റെ പരിശീലനമാണ്.

പറഞ്ഞ വാക്കുകൾ ഇവിടെ ഞാൻ ഓർക്കുകയാണ്.

**“വെളിച്ച മക്കളെക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയേറിയവരല്ലോ.” (ലൂക്കോ:16:8)**

ഇതൊരു മർമ്മമാണ് ദൈവം അനുവദിക്കുന്നുവെങ്കിൽ തുടർന്നുള്ള ‘ദൈവത്തിന്റെ കുടുംബം’ എന്ന പുസ്തകത്തിൽ അത് രേഖപ്പെടുത്തുന്നുണ്ട്.

ഈ ലോകത്തിൽ നമുക്ക് അനുവദിക്കപ്പെട്ട ഈ സമയത്ത് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ നാം കടന്നുപോകേണ്ടത് വളരെ അത്യാവശ്യമാണ്. ദൈവം ആഗ്രഹിക്കുന്ന പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ നാം കടന്നുപോകുന്നില്ലായെങ്കിൽ നമ്മുടെ ആത്മീയ അവസ്ഥ അതുപോലെ തന്നെ ഇരിക്കും. ദൈവം അനുവദിക്കുന്നതാണ് ഈ ശുശ്രൂഷകൾ ഓരോന്നും.

നമ്മുടെ കുഞ്ഞുങ്ങൾ രാവും പകലും കഷ്ടപ്പെട്ട് പഠിക്കുമ്പോൾ അവർ കഷ്ടപ്പെടണമെന്ന് നമുക്ക് ആഗ്രഹമുണ്ടോ? ഇല്ല. പക്ഷേ നാം കഷ്ടപ്പെടുത്തുകയാണ്. കാരണം, മകനേ, മകളേ ഇപ്പോൾ കഷ്ടപ്പെട്ടാലേ നിന്റെ ഭാവി പിന്നത്തേതിൽ നല്ലതാകയുള്ളൂ. തല്കാല ഭാവിക്കുവേണ്ടി നമ്മുടെ ലോകത്തിലെ അപ്പനും അമ്മയും ഇത്രയധികം കഷ്ടപ്പെടുന്നുവെങ്കിൽ (ശ്രദ്ധിക്കുന്നുവെങ്കിൽ) നമ്മുടെ പിതാവ് സ്വർഗ്ഗീയ ഭാവിക്കുവേണ്ടി എത്രമാത്രം നമുക്കുവേണ്ടി കരുതുന്നു.

നമുക്ക് ആ സ്നേഹനിധിയായ പിതാവിന് വീണ്ടും മഹത്വം കൊടുക്കുകയും പരിശുദ്ധാത്മാവിന്റെ ഈ ശുശ്രൂഷ വിജയകരമായി നമ്മിൽ നടത്തണമെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് താഴ്മയോടെ ദൈവത്തിന്റെ സന്നിധിയിൽ ഏല്പിച്ച് കൊടുക്കുകയും ചെയ്യാം.

## പ്രധാന തത്വങ്ങൾ

1. മനുഷ്യന്റെ ദേഹിയിൽ കാണുന്ന ജഡചിന്തയൊന്നും പിതാവ് നട്ട തല്ല. പകരം പിശാച് നിറച്ചതാണ് അഥവാ പിശാച് നട്ട തൈകളാണ്.
2. ദൈവത്തിന് പരിശുദ്ധാത്മാവ് വസിക്കുന്ന നമ്മുടെ ആത്മാവിനെ ഉപയോഗിക്കണമെങ്കിൽ ആദ്യം തന്നെ ദേഹിയിലുള്ള പിശാച് നട്ട തൈകൾ പറിച്ചുകളയണം. ഈ തൈകൾ പറിച്ചുകളയാതെ ആത്മാവിന് പുറത്തിറങ്ങുവാൻ കഴിയില്ല. ആത്മാവ് പുറത്തിറങ്ങാതെ ആത്മ ശുശ്രൂഷ വെളിപെടുകയില്ല.
3. ഒരു മനുഷ്യനെ ദൈവം ഉപയോഗിക്കണമെങ്കിൽ ആദ്യം ആ മനുഷ്യനിൽ പരിശുദ്ധാത്മാവിന്റെ ഒരു ശുശ്രൂഷ നടക്കണം. ആ ശുശ്രൂഷ നടന്നാൽ, പരിശുദ്ധാത്മാവ് ആ മനുഷ്യനിലൂടെ ശുശ്രൂഷ നടത്തും.
4. നാം ജഡത്തെ അനുസരിച്ച് ജീവിക്കുന്നുവെങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ ജീവിക്കും.
5. 'എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ' എന്നുള്ള ദൈവത്തിന്റെ പരിശീലനം ഇന്ന് ക്രിസ്തീയ സഭകളിൽ പഠിപ്പിച്ച് കേൾക്കുന്നില്ല. ഇത് പരിശുദ്ധാത്മാവിന്റെ കലാലയത്തിലെ പരിശീലനമാണ്.
6. ദൈവം ആഗ്രഹിക്കുന്ന വിധമുള്ള പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ നാം കടന്നുപോകുന്നില്ലായെങ്കിൽ നമ്മുടെ ആത്മീയ അവസ്ഥ വളരുകയില്ല.



അദ്ധ്യായം 11

# വീണ്ടെടുക്കപ്പെട്ട മനുഷ്യനിലെ രണ്ടു ജീവനുകൾ

“മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവനുണ്ടാകുവാനും, സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്.” (യോഹ. 10:10)

## ദേഹിയ്ക്കുവേണ്ടിയുള്ള പിടിവലി

പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ നമ്മിൽ വ്യാപരിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട ഒരു പ്രധാനകാര്യം ദൈവവചനം ഒരു മനുഷ്യനെ അകത്തെ മനുഷ്യനെന്നും പുറത്തെ മനുഷ്യനെന്നും രണ്ടായി തരം തിരിക്കുന്നു എന്നാണ്.

**“ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു.”** *(2കൊരി.4:16)*

അകത്തെ മനുഷ്യനെന്നു പറയുന്നത്, ആത്മാവും (spirit) ദേഹിയും (soul) ചേരുന്നതാണ്. പുറത്തെ മനുഷ്യനെന്നു പറയുന്നത്, ശരീരവും (body) ദേഹിയും (soul) കൂടെ ചേരുന്നതാണ്. ഉല്പത്തി 2:7 ൽ ദേഹിയാണ് മനുഷ്യൻ എന്നു നമുക്ക് മനസ്സിലായി. 1 കൊരി. 15:45 ൽ ഇതിനെ ഉറപ്പാക്കുകയും ചെയ്യുന്നു. ഈ ദേഹിയെ ഭൗതിക ശരീരമായി ബന്ധപ്പെടുത്തി പറയുമ്പോൾ പുറമേയുള്ള മനുഷ്യനെന്നും, ഈ ദേഹിയെ ആത്മാവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ അകമേയുള്ള മനുഷ്യനെന്നും പറയുന്നു. പുറമേയുള്ള മനുഷ്യൻ ക്ഷയിക്കുന്നു എന്നു പറഞ്ഞാൽ ഭൗതിക ശരീരം ക്ഷയിക്കുന്നതോടൊപ്പം തന്നെ ദേഹിയിലുള്ള ജഡസ്വഭാവം, വചനത്താലും, ദൈവാത്മാവിനാലും നിർവ്വീര്യമാക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. അകമെ

> അകത്തെ മനുഷ്യനെന്നു പറയുന്നത്, ആത്മാവും (spirit) ദേഹിയും (soul) ചേരുന്നതാണ്. പുറത്തെ മനുഷ്യനെന്നു പറയുന്നത്, ശരീരവും (body) ദേഹിയും (soul) കൂടെ ചേരുന്നതാണ്.

യുള്ള മനുഷ്യൻ നാൾക്കുനാൾ ശക്തിപ്പെടുന്നു എന്നു പറയുന്നത് നാം മനസ്സു പുതുക്കി രൂപാന്തരപ്പെടുമ്പോൾ ആത്മസ്വഭാവം ഓരോ നിമിഷവും നമ്മുടെ ദേഹിയിൽ തള്ളിക്കയറി ആത്മാവ് ദേഹിയിലേക്ക് ബലപ്പെടുന്നതാണ്.

(കൂടുതലായി മനസ്സിലാക്കുവാൻ 6, 7 അദ്ധ്യായങ്ങൾ വായിക്കുക.)

പുറത്തെ മനുഷ്യനും, അകത്തെ മനുഷ്യനും കൂടെ പങ്കിടാൻ ഒരു ദേഹിയേയുള്ളൂ. അതിനുവേണ്ടി രണ്ടുപേരും കൂടെ പിടിവലിയാണ്. ഒന്നു രണ്ടു ചോദ്യങ്ങൾ മനസ്സിലാക്കിയെങ്കിൽ മാത്രമേ, തുടർന്നുള്ള കാര്യങ്ങൾ മനസ്സിലാകുകയുള്ളൂ.

അതായത്;

ചോദ്യം : ഭൂമിയിൽ മനുഷ്യന്റെ ഘടനയ്ക്ക് (Structure) ആരാണ് ഉത്തരവാദി?

ഉത്തരം : ഉത്തരവാദി ദേഹിയാണ്. (Soul)

ചോദ്യം : എന്തുകൊണ്ട് ആത്മാവും (Spirit) ശരീരവും (Body) ഉത്തരവാദി ആയില്ല?

ഉത്തരം : മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു എന്നാണ് വചനത്തിൽ കാണുന്നത് (ഉല്പ; 2:7)

ചോദ്യം : ദൈവവചനപ്രകാരം മനുഷ്യന് എത്ര ശരീരമാണുള്ളത്? അത് എതൊക്കെയാണ്?

ഉത്തരം : രണ്ട്, അകത്തെ മനുഷ്യനും, പുറത്തെ മനുഷ്യനും,

അതായത് നമുക്ക് കാണാൻ കഴിയാത്ത ആത്മശരീരവും (Spiritual Body) കാണാൻ കഴിയുന്ന ഭൗതിക ശരീരവും (Physical Body)

ഭൗതികശരീരത്തിലാണ് നാം ഷർട്ടും പാന്റും ചുരിദാറുമൊക്കെ ധരിക്കുന്നത്. എന്നാൽ ആത്മീയ ശരീരത്തിലാണ് ദൈവം കല്പിച്ചിരിക്കുന്ന (എഫെ 6:13-17) ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിക്കുന്നത്.

ഭൗതിക ശരീരത്തിലാണ് നാം ഷർട്ടും, പാന്റും, ചുരിദാറുമൊക്കെ ധരിക്കുന്നത്. എന്നാൽ ആത്മീയ ശരീരത്തിലാണ് ദൈവം കല്പിച്ചിരിക്കുന്ന ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിക്കുന്നത്.

യേശു ക്രിസ്തു ഭൂമിയിൽ വന്നപ്പോൾ ദൈവവചനത്തെ സംശയി

പ്പിക്കുന്ന (Contradict) ഒരു കാര്യം പറയുവാനിടയായി. അതായത് ലേവ്യ. 17:11 ൽ ദൈവത്തിന്റെ വചനം പറയുന്നുണ്ട്. ശരീരത്തിന്റെ ജീവൻ രക്തത്തിലാണ് അടങ്ങിയിരിക്കുന്നത് എന്ന്. എന്നാൽ കർത്താവ് അതിന് എതിരെ തികച്ചും വിപരീതമായി പറയുന്നു. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ആത്മാവത്രേ ജീവൻ തരുന്നത് (യോഹ 6:63). അപ്പോൾ പഴയ നിയമ പുസ്തകത്തിൽ രക്തമാണ് ജീവൻ തരുന്നത് എന്ന് കാണുന്നു.

## അപ്പോൾ രക്തമാണോ?
## ആത്മാവാണോ ജീവൻ തരുന്നത്?

ബൈബിൾ തെറ്റാണോ എന്ന ധാരണ പെട്ടെന്ന് നമുക്ക് ഉണ്ടാകാം ഒരിക്കലും ബൈബിൾ തെറ്റല്ല. ബൈബിൾ ശരിയായിട്ടുള്ളതാണ്. നാം ഇത് രണ്ടായിട്ട് തരം തിരിച്ച് പഠിച്ചെങ്കിൽ മാത്രമേ കർത്താവ് പറഞ്ഞത് സ്പഷ്ടമാകുകയുള്ളൂ. അങ്ങനെ ഇത് നമുക്ക് മനസ്സിലാകുന്നത് നമ്മുടെ ആത്മീയ വളർച്ചക്ക് കാരണമായിത്തീരും.

കർത്താവ് പറഞ്ഞ ദൈവരാജ്യത്തിന്റെ നിയമങ്ങൾ പലതും മറഞ്ഞുകിടക്കുകയാണ്. അത് എന്താണെന്നുപോലും അറിയാതെ വിശ്വാസികൾ ബലഹീന വിശ്വാസികളായിരിക്കുകയാണ്.

കർത്താവു പറഞ്ഞു ‘വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; അവർ രോഗികളെ സൗഖ്യമാക്കും, മാരകമായത് കുടിച്ചാലും ഒന്നും സംഭവിക്കുകയില്ല’ (മർക്കോ 16:17–18)

ഇത് നമുക്ക് മനസ്സിലാകണമെങ്കിൽ ഈ രണ്ടും ജീവനും, അതായത് രക്തം തരുന്ന ജീവനും, കർത്താവ് പറയുന്ന ആത്മാവ് തരുന്ന ജീവനും മനസ്സിലായിരിക്കണം

## രണ്ടു ജീവനുകൾ (Psuche & Zoe)

**രക്തം തരുന്ന ജീവൻ എന്നു പറയുന്നത് ശരീരത്തിന്റെ ജീവനാണ് അഥവാ പുറത്തെ മനുഷ്യന്റെ ജിവനാണ്.**

**പക്ഷേ ആത്മാവു തരുന്ന ജീവൻ എന്നു പറയുന്നത് പുറത്തെ മനുഷ്യന്റെ ജീവനല്ല. അത് അകത്തെ മനുഷ്യന്റെ ജീവനാണ്.** ഇത് രണ്ടും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു മലയാളം ബൈബിളിലും, ഇംഗ്ലീഷ്

ബൈബിളിലുമെല്ലാം ജീവൻ, എന്നു പറയുന്നതുകൊണ്ട് നമുക്ക് അത് എന്താണെന്ന് വേണ്ടത്ര ഗ്രഹിക്കാൻ കഴിയുന്നില്ല. എന്നാൽ ഇതിന്റെ യഥാർത്ഥ ഗ്രീക്ക് വിവർത്തനത്തിലേക്ക് പോകുമ്പോൾ ഈ രണ്ടു ജീവനും വേറെ വേറെയാണ് കൊടുത്തിരിക്കുന്നത്. അതായത് രക്തത്തിലുള്ള ജീവനെ പറയുന്നത് സൂക്കേ എന്നാണ് (ജൌരവല) ഇതാണ് ശരീരത്തിന്റെ ജീവൻ. യേശു നമുക്കുവേണ്ടി കാൽവറിയിൽ കൊടുത്തത് സൂക്കേയാണ്. അത് ഈ ശരീരത്തിലുള്ള ജീവനാണ്. എന്നാൽ യേശു നമുക്ക് തന്നത്. സ്വയേ (ദീല) ആണ്. ഇതാണ് ആത്മാവിലുള്ള അഥവാ അകത്തെ മനുഷ്യന്റെ ദൈവിക ജീവൻ. ഇപ്രകാരം രണ്ടു ജീവനാണ് ഇന്നു വീണ്ടെടുക്കപ്പെട്ട നമുക്കുള്ളത്.

സൂക്കേ (Psuche) = മനുഷ്യന്റെ ജീവൻ

സ്വയേ (Zoe) = ദൈവത്തിന്റെ ജീവൻ

ഞാൻ നിങ്ങൾക്ക് സൂക്കേ തരാനല്ല വന്നത് സ്വയേ (ദൈവത്തിന്റെ ജീവൻ) തരുവാനും സ്വയേ സമൃദ്ധമായി തരുവാനുമാണ് വന്നിരിക്കുന്നത് (യോഹ 10:10)

**'സൂക്കേ'** എന്നു പറയുന്നത് രക്തത്തിലുള്ള മനുഷ്യന്റെ ജീവനും **'സ്വയേ'** എന്നു പറയുന്നത് ദൈവത്തിന്റെ അതേ ജീവനുമാണെന്ന് ഇവിടെ നമുക്ക് കാണാം. ഭൗതികലോകവുമായി ബന്ധപ്പെടാൻ ഭൗതികശരീരം വേണ്ടതുപോലെ തന്നെ ആത്മലോകവുമായി ബന്ധപ്പെടാൻ ആത്മശരീരവും ആവശ്യമാണ്.

ഭൗതികലോകവുമായി ബന്ധപ്പെടാൻ ഭൗതികശരീരം വേണ്ടതുപോലെ തന്നെ ആത്മലോകവുമായി ബന്ധപ്പെടാൻ ആത്മശരീരവും ആവശ്യമാണ്.

1 കൊരി 15:40-44 ൽ സ്വർഗ്ഗീയ ശരീരങ്ങളെക്കുറിച്ചും, ഭൗമിക ശരീരങ്ങളെക്കുറിച്ചും പറയുന്നുണ്ട്. "സ്വർഗീയ ശരീരങ്ങളുടെ തേജസ്സ് വേറെ, ഭൗതിക ശരീരങ്ങളുടെ തേജസ്സ് വേറെ, സൂര്യന്റെ തേജസ്സ് വേറെ, ചന്ദ്രന്റെ തേജസ്സ് വേറെ നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ട് ഭേദമുണ്ടല്ലോ?" വാക്യം 44 ൽ രക്തം ജീവൻ കൊടുക്കുന്ന പ്രാകൃതശരീരം വിതയ്ക്കപ്പെടുന്നു.

ആത്മാവ് ജീവൻ കൊടുക്കുന്ന (ആത്മാവാൽ നിയന്ത്രിക്കപ്പെടുന്ന

1 കൊരി 15:44) ആത്മ ശരീരം കൊയ്യപ്പെടുന്നു. ഒന്നുകൂടി പറഞ്ഞാൽ സൂക്കേ (മനുഷ്യന്റെ –ജീവൻ) വിതയ്ക്കപ്പെടുന്നു. സ്വയേ ശരീരം (ദൈവത്തിന്റെ ജീവൻ) ഉയർക്കപ്പെടുന്നു.

അതുകൊണ്ട് കർത്താവ് 'എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാൽ ഉയർത്തെഴുന്നേല്പ്പിക്കും എന്നല്ല പറഞ്ഞത് പിന്നെയോ, അവൻ മരിച്ചാലും ജീവിക്കും എന്നാണ് പറഞ്ഞത്. (യോഹ. 11:25) ഭൂമിയിൽ നമ്മൾ പറയുന്ന മരണത്തിൽ മനുഷ്യന്റെ മണ്ണുകൊണ്ടുള്ള ഉടുപ്പ് മാറുന്നെന്നേ ഉള്ളൂ. പിന്നെ ആ മനുഷ്യൻ എന്തു ചെയ്യുന്നു? തുടർന്നും ജീവിക്കുന്നു.

ഒരു യഥാർത്ഥ ദൈവപൈതലിനെ സംബന്ധിച്ചു താഴ്ന്ന ലോകത്തിൽ നിന്ന് ഉയർന്ന ലോകത്തിലേക്ക് പോകുന്ന (Promotion) ഉയർച്ചയാണ് ഈ ലോകത്തിലെ ഭൗതികമരണം. ആത്മീയ മനുഷ്യന്റെ ജീവൻ ആത്മാവിലാണ്.

ഒരു യഥാർത്ഥ ദൈവപൈതലിനെ സംബന്ധിച്ചു താഴ്ന്ന ലോകത്തിൽ നിന്ന് ഉയർന്ന ലോകത്തിലേക്ക് പോകുന്ന (Promotion) ഉയർച്ചയാണ് ഈ ലോകത്തിലെ ഭൗതികമരണം.


## സൂക്കേയും, സ്വയേയും തമ്മിലുള്ള വ്യത്യാസം

ഗ്രീക്ക് അറിയാൻ പാടില്ലാതെ ഇംഗ്ലീഷെങ്കിലും അറിയാവുന്നവർക്ക് ഗ്രീക്കിലെ അർത്ഥം മനസ്സിലാക്കാൻ ഒരു ബൈബിൾ ഉണ്ട്. അതിന്റെ പേരാണ് – interlinear Bible. ഇവിടെ പറഞ്ഞിട്ടുള്ള സ്വയേയും (Zoe) സൂക്കേയും (Psuche) ഈ ബൈബിളിൽ നിന്നും ഉദ്ധരിച്ചതാണ്.)

ഭൗതിക മനുഷ്യന്റെ ജീവൻ രക്തത്തിലാണ്. അതിന്റെ പേരാണ് സൂക്കേ. അതിന് ആധാരമാക്കി പറയുന്ന വാക്യമാണ് (1 യോഹ 3:16)

"അവൻ നമുക്കു വേണ്ടി തന്റെ **പ്രാണനെ (സൂക്കേ)** വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്നതു എന്നു അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കു വേണ്ടി **പ്രാണനെ (സൂക്കേ)** വെച്ചുകൊടുക്കേണ്ടതാകുന്നു." (1 യോഹ 3:16)

സൂക്കേ (Psuche) എന്നു പറഞ്ഞാൽ ശരീരത്തിന്റെ ജീവൻ (മനുഷ്യ ജീവൻ), സ്വയേ (Zoe) എന്നു പറഞ്ഞാൽ ദൈവത്തിന്റെ അതെ ജീവൻ




**ആത്മാവിൽ വസിക്കുന്ന ദൈവത്തിന്റെ ജീവനായ സ്വയേയും, ദേഹിയിൽ വസിക്കുന്ന മാനുഷിക ശരീരത്തിന്റെ ജീവനായ സൂക്കേയും**
ചിത്രം – 19

ഈ വാക്യത്തിൽ രണ്ടു പ്രാവശ്യം 'ജീവൻ' എന്നു പറയുന്നുണ്ട്. ഇത് രണ്ടും സൂക്കേയെന്നാണ്. അവൻ നമുക്കുവേണ്ടി സൂക്കേ തന്നു എന്നു പറഞ്ഞാൽ ശരീരത്തിന്റെ ജീവൻ നമുക്കുവേണ്ടി കൊടുത്തതു കൊണ്ട് നാമും എന്തുവേണം? നമ്മുടെ ജീവനെയും (സൂക്കേ) സഹോദരന്മാർക്കുവേണ്ടി കൊടുക്കണം.

**"തന്റെ ജീവനെ (സൂക്കേ) കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ (സൂക്കേ) കളഞ്ഞവൻ അതിനെ കണ്ടെത്തും." (മത്താ. 10:39)**

**"എങ്കിലും ധൈര്യത്തോടിരിപ്പാൻ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു; കപ്പലിനു അല്ലാതെ നിങ്ങളിൽ ആരുടെയും പ്രാണനു (സൂക്കേ) ഹാനി വരികയില്ല." (അപ്പൊ 27:22)**

**ലൂക്കോ. 12:22 ൽ "ആകയാൽ എന്തു തിന്നും എന്നു ജീവന്നായി (സൂക്കേ)ക്കൊണ്ടും എന്ത് ഉടുക്കും എന്നും ശരീരത്തിന്നായിക്കൊണ്ടും വിചാരപ്പെടരുത് എന്നു ഞാൻ നിങ്ങളോടു പറയു**

**ന്നു."**

വേറെയും ധാരാളം വചനങ്ങളുണ്ട്. ഇതെല്ലാം നോക്കിയാൽ നമ്മൾ കാണുന്നത് ശരീരത്തിലെ ജീവനായ സൂക്കേയാണ്. എന്നാൽ തുടർന്ന്,

**യോഹ. 1:4 ൽ "അവനിൽ ജീവൻ (സ്വയേ) ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു."**

**യോഹ. 10:10 ൽ "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു."**

ഈ വാക്യങ്ങളെല്ലാം നോക്കുമ്പോൾ നാം കാണുന്നത് സൂക്കേയല്ല. സ്വയേ (Zoe) ദൈവത്തിന്റെ **ജീവൻ**) ആണ്.

സ്വയേ - പുതിയ സൃഷ്ടിയായ ആത്മാവിലുള്ള ദൈവത്തിന്റെ ജീവൻ (പുതിയ സ്വയം)

സൂക്കേ (Psuche) എന്നു പറഞ്ഞാൽ ശരീരത്തിന്റെ ജീവൻ (മനുഷ്യ ജീവൻ), സ്വയേ (Zoe) എന്നു പറഞ്ഞാൽ ദൈവത്തിന്റെ അതേ ജീവൻ.

അവനിൽ (യേശുവിൽ) ജീവൻ (സ്വയേ) ഉണ്ടായിരുന്നു. യോഹ:1:4 ൽ പറയുന്ന ജീവൻ സ്വയേക്കുറിച്ചാണ്. കർത്താവ് പറയുകയാണ്, 'ഞാൻ നിങ്ങൾക്ക് ജീവൻ തരുവാനും അത് സമൃദ്ധിയായി തരുവാനും വന്നിരിക്കുന്നു.' യോഹ. 10:10 ഇത് സൂക്കേയല്ല സ്വയേയാണ്. (ചിത്രം 19ൽ) അതായത്, ഞാൻ നിങ്ങൾക്ക് സ്വയേ (Zoe) തരുവാനും (ദൈവത്തിന്റെ ജീവൻ) സ്വയേ സമൃദ്ധയായി തരുവാനും വന്നിരിക്കുന്നു. തുടർന്നു ബൈബിൾ നാം വായിക്കുമ്പോൾ മനസ്സിലാക്കുക അവിടെ ദൈവത്തിന്റെ ജീവൻ എന്നു പറയുന്നിടത്തെല്ലാം (സ്വയേ) (Zoe)യായിരിക്കും കാണുന്നത്. മാനുഷിക ജീവൻ പറയുന്നിടത്തെല്ലാം (സൂക്കേ)(Psuche)യായിരിക്കും കാണുന്നത്.

## പ്രധാന തത്വങ്ങൾ

1. ദൈവം കല്പിച്ചിരിക്കുന്ന ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കേണ്ടത് ആത്മീയ ശരീരത്തിലാണ്.
2. രക്തം തരുന്ന ജീവൻ എന്നു പറയുന്നത്, ഈ ശരീരത്തിന്റെ ജീവനാണ് അഥവാ പുറത്തെ മനുഷ്യന്റെ ജീവനാണ്. എന്നാൽ ആത്മാവ് തരുന്ന ജീവൻ എന്നു പറയുന്നത് പുറത്തെ മനുഷ്യന്റെ ജീവനല്ല, അത് അകത്തെ മനുഷ്യന്റെ ജീവനാണ്.
3. ഒരു യഥാർത്ഥ ദൈവപൈതലിനെ സംബന്ധിച്ച് താഴ്ന്ന ലോകത്തിൽ നിന്ന് ഉയർന്ന ലോകത്തിലേക്ക് ലഭിക്കുന്ന ഉയർച്ചയാണ് (Promotion) ഈ ലോകത്തിലെ ഭൗതിക മരണം.
4. ഭൗതിക മനുഷ്യന്റെ ജീവൻ രക്തത്തിലാണ്. എന്നാൽ ആത്മീയ മനുഷ്യന്റെ ജീവൻ ആത്മാവിലാണ്.
5. ഭൗതിക ശരീരത്തിലാണ് നാം ഷർട്ടും പാന്റും, ചുരിദാറുമൊക്കെ ധരിക്കുന്നത്. എന്നാൽ ആത്മീയ യുദ്ധത്തിൽ ശത്രുവിനെ തോല്പിക്കണമെങ്കിൽ ദൈവം കല്പിച്ചിരിക്കുന്ന (എഫെ, 6: 13–17) ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ആത്മശരീരത്തിൽ നാം ധരിക്കണം.



അദ്ധ്യായം 12

# ഞാനിന്നൊരു രൂപാന്തരപ്പെടലിലാണ് (I am in a Process)

"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; ഗോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. തന്റെ ജീവനെ പകയ്ക്കുന്നവനോ അതിനെ നിത്യജീവനായി സൂക്ഷിക്കും."
(യോഹ12:24-25)

## ഗോതമ്പുമണി ചാകണം (ജഡസ്വഭാവം തകരണം)

ഇന്ന് വീണ്ടെടുക്കപ്പെട്ടവരായ നാം ഭൂമിയിൽ ജീവിക്കുമ്പോൾ സ്വയേയും, സൂക്കേയും നമ്മുടെ ഉള്ളിലുണ്ട്. സൂക്കേയുടെ ജീവിതശൈലി പുറത്തുനിന്നും അകത്തേക്കുള്ളതാണ്. അതായത് കാഴ്ചയാലുള്ളതാണ്. സ്വയേയുടെ ജീവിതശൈലി വചനത്തിൽനിന്ന് ഉത്ഭവിക്കുന്ന വിശ്വാസത്താൽ അതായത് അകത്തുനിന്നും പുറത്തേക്കുള്ളതാണ്. പുറത്തെ മനുഷ്യന്റെ ജീവനെ (സൂക്കേ) നാം ഈ ഭൂമിയിൽ കൊടുക്കാനുള്ളതാണ്.

സ്വയേ-ദൈവീക ജീവൻ
സൂക്കേ-മാനുഷിക ജീവൻ

യേശുക്രിസ്തു തന്റെ സൂക്കേയെ കൊടുത്തതുപോലെ നാമും നമ്മുടെ സൂക്കേയെ കൊടുക്കേണ്ടതാണ്. ഒരു വിശ്വാസിയെ സംബന്ധിച്ച് ഒരു ഗോതമ്പുമണിയുടെ പുറമാണ് സൂക്കേ, എന്നാൽ ഗോതമ്പുമണിയുടെ അകമാണ് സ്വയേ (Zoe). **ഗോതമ്പുമണി അങ്ങനെ തന്നെ ഇരുന്നാൽ ഒരു പ്രയോജനവുമില്ല, എന്നാൽ അത് നിലത്തുവീണ് ചാകുന്നു എങ്കിൽ വളരെ ഫലം പുറപ്പെടുവിക്കാൻ ഇടയാകും** (യോഹ 12:24-25).

അത് ചത്താൽ മാത്രമേ അതിന്റെ അകത്തുനിന്നും ജീവൻ

(സ്വയേ) വെളിയിൽ വരികയുള്ളൂ. ഇതുപോലെ തന്നെ നമ്മുടെ ജഡസ്വഭാവം നിറഞ്ഞിരിക്കുന്ന നമ്മുടെ (self) 'സ്വയം' എന്ന സൂക്കേ (Psuche) തകർക്കപ്പെട്ടെങ്കിൽ മാത്രമേ നമ്മുടെ ഉള്ളിൽ നിന്ന് സ്വയേ (Zoe) (ദൈവീക ജീവൻ) വെളിയിൽ വരികയുള്ളൂ. ഇതിനാണ് കർത്താവ് തന്റെ പരിശുദ്ധാത്മ ശുശ്രൂഷ (റോമ 8:13) നമ്മിൽ ആരംഭിച്ചിരിക്കുന്നത്.

> രക്ഷിക്കപ്പെട്ട നാൾ മുതൽ ഈ ഭൗതിക ലോകത്തിൽ നിന്ന് മാറ്റപ്പെടുന്നതുവരെ നാം ഒരു രൂപാന്തരപ്പെടുന്ന ശുശ്രൂഷയിലാണ്

ഞാനിന്നൊരു രൂപാന്തരപ്പെടൽ ശുശ്രൂഷയിലാണെന്ന് (I am in a process) വീണ്ടെടുക്കപ്പെട്ട ഓരോ വ്യക്തിയും മനസ്സിലാക്കണം.

> നമ്മുടെ ആത്മാവിൽ പരിശുദധാത്മാവ് വന്ന് ഇറങ്ങിക്കഴിഞ്ഞു. ദൈവം തന്നെ ഇനി നമ്മെ ഓരോ നിമിഷവും ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

രക്ഷിക്കപ്പെട്ട നാൾമുതൽ ഈ ഭൗതിക ലോകത്തിൽനിന്ന് മാറ്റപ്പെടുന്നതുവരെ ഓരോ വിശ്വാസിയും ഒരു രൂപാന്തരപ്പെടൽ ശുശ്രൂഷയിലാണ്.

എന്നെ രൂപാന്തരപ്പെടുത്തുന്നത് ആരാണ്?

ദൈവം തന്നെ എന്നെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ആത്മാവിൽ പരിശുദ്ധാത്മാവ് വന്ന് ഇറങ്ങിക്കഴിഞ്ഞു (2 കൊരി 5:5, റോമ 8:23). തുടർന്ന് നമ്മെ ഓരോ നിമിഷവും ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

ഞാനിന്നൊരു രൂപാന്തരപ്പെടൽ പ്രക്രിയയിലാണെന്ന് ഹൃദയത്തിൽ എഴുതുക.

ജഡചിന്തകൾ മാറി ആത്മാവിന്റെ ചിന്തകളിലേക്കുള്ള ഒരു മാറ്റമാണത് (Psuche thoughts to zoe thoughts).

## ജഡചിന്തകളിൽനിന്ന് ആത്മാവിന്റെ ചിന്തകളിലേക്കുള്ള മാറ്റം എന്ത് പ്രക്രിയയാലാണ്?

ജഡത്തിന്റേതായ എല്ലാ ഫയലുകളും നമ്മുടെ ഉള്ളിൽനിന്ന് എടു

ത്തുമാറ്റി പകരം ആത്മാവിന്റെ (വചനത്തിന്റെ) ഫയലുകൾ നിറയ്ക്കുക എന്ന പ്രക്രിയയിലാണ് നാം ഇന്ന് ആയിരിക്കുന്നത്.

അതിന് ദൈവം നമുക്ക് ചെയ്യുന്ന ചില ക്രമീകരണങ്ങൾ നോക്കാം.

നമ്മിൽ ചിലർ ഇപ്രകാരം ചിന്തിക്കാറുണ്ട്, രക്ഷയുടെ അനുഭവത്തിലേക്ക് വരുന്നതിനുമുമ്പ് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല. വന്നതിനുശേഷം ആകെ പ്രശ്നങ്ങളാണ്. എന്തുകൊണ്ടാണ് ഇത്? രക്ഷയുടെ അനുഭവത്തിൽ വരുന്നതിനുമുമ്പ് വെളിയിൽ പേടിയില്ലാതെ ചുറ്റി നടക്കാമായിരുന്നു. ആരും തല്ലാൻ ഇല്ല. എന്നാൽ ഇപ്പോൾ എനിക്കൊരു പിതാവുണ്ട്!

ധൂർത്ത പുത്രന്റെ ഉപമയിൽ ഇളയപുത്രൻ തിരിച്ചുവന്നപ്പോൾ കുളിപ്പിച്ച് പുതിയ ഉടുപ്പ് ഇടുവിച്ചതുപോലെ കർത്താവ് നമ്മെ വിളിച്ച് ദൈവീക കുടുംബത്തിൽ കയറ്റി. തുടർന്ന് കർത്താവിന്റെ ശുശ്രൂഷയാണ് നമ്മിൽ നടക്കുന്നത്.

വിളിച്ച് അകത്തേക്ക് കയറ്റിക്കഴിഞ്ഞാൽ കർത്താവിന്റെ ശുശ്രൂഷ എങ്ങനെയെന്ന് നമുക്ക് അറിയാത്തതുകൊണ്ടാണ് – 'അന്നെനിക്ക് പ്രശ്നമൊന്നും ഉണ്ടായില്ല. ഇന്നെനിക്ക് മൊത്തം പ്രശ്നമാണ് എന്ന് പറയുന്നത്.' ഇപ്പോൾ നാം മനസ്സിലാക്കണം നാം ദൈവത്താലുള്ള രൂപാന്തരപ്രക്രിയയിലാണ്. ഒരുക്കം നമ്മിൽ നടന്നുകൊണ്ടിരിക്കുകയാണ്.

## കർത്താവ് എങ്ങനെയാണ് ഒരുക്കുന്നത്? (രണ്ടുതരം നടീൽ) (Two kind of Plantation)

**"സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും." (മത്താ 15:13)**

ഈ ശുശ്രൂഷയ്ക്കുവേണ്ടി കർത്താവ് ഉപയോഗിക്കുന്നത് ദൈവരാജ്യത്തിന്റെ നിയമങ്ങളാണ്. അവ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സഭായോഗത്തിന് ദൈവദാസൻ സാധാരണ അധികമാരും പഠിപ്പിക്കാത്ത മത്താ 5, 6, 7 എന്നു തുടങ്ങിയ ദൈവരാജ്യത്തിലെ നിയമങ്ങൾ പഠിപ്പിക്കാൻ തുടങ്ങി. ഇത് പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ അന്നു പഠിച്ചത് നിന്റെ ശത്രുവിനെ നീ സ്നേഹിക്കണം. നിന്റെ ഒരു കരണത്ത് അടിച്ചാൽ മറ്റേ കരണം കൂടി കാണിച്ചുകൊടുക്കണം (മത്താ

5:39, 44) എന്നതായിരുന്നു. ഇത് സൂക്കേക്കാർക്ക് (ജഡത്തിൽ പ്രവർത്തിക്കുന്നവർക്ക്) ദഹിക്കുകയില്ല. അവർക്ക് ഇത് അറിയുകയില്ല. പിന്നെ എന്താണ് അറിയാവുന്നതെന്നാൽ അവന്റെ ഒരു കരണത്ത് അടിച്ചാൽ മറ്റവന്റെ രണ്ടു കരണത്തും അടിക്കണം എന്നതാണ്. ഇതാണ് ഈ ലോകത്തിന്റെ നിയമം.

ഈ ലോകത്തിന്റെ നിയമത്തിൽ ഇതുവരെ പ്രവർത്തിച്ച ഒരു വ്യക്തിയാണ് ദൈവരാജ്യത്തിന്റെ വചനം കേൾക്കാൻ വന്നിരിക്കുന്നത്. (ദൈവം) ഈ വ്യക്തി വന്നതറിഞ്ഞ് പാസ്റ്ററുടെ ചിന്തയിൽ പ്രവർത്തിച്ച് ***"ശത്രുക്കളെ സ്നേഹിക്കണം എന്ന വചനം പ്രസംഗിപ്പിച്ചു."*** ഈ വചനം കേട്ട് ആദ്യം ആ വ്യക്തിക്ക് ഒട്ടും ദഹിച്ചില്ല. കുറച്ച് കേട്ടുകഴിഞ്ഞപ്പോൾ ആ വ്യക്തിക്ക് തോന്നി എന്നാൽ ഈ കേട്ട വചനം ഒന്ന് പ്രാവർത്തികമായി (Practical) നോക്കിയാലോ?

> ദൈവം നട്ടിട്ടില്ലാത്ത തൈയ്യാകുന്ന ജഡചിന്തകൾ എല്ലാം പറിച്ചുകളഞ്ഞ് തന്റെ തൈയ്യാകുന്ന ആത്മാവിന്റെ ചിന്തകൾ അവിടെ നട്ടുകൊണ്ടാണ് ദൈവം നമ്മെ ഒരുക്കുന്നത്.

അദ്ദേഹം തീരുമാനം എടുത്തു പുറത്തിറങ്ങി ചുറ്റും നോക്കി, ആരാണെന്റെ ശത്രു. കുറേ കഴിഞ്ഞിട്ടും അദ്ദേഹത്തിന് "ശത്രുവിനെ സ്നേഹിച്ച് വചനം പ്രാവർത്തികമാക്കാൻ തക്കവണ്ണം ഒരു ശത്രുവിനെയും കാണാൻ കഴിഞ്ഞില്ല." അദ്ദേഹത്തിന് ശത്രുക്കൾ ആരും ഇല്ല. പിന്നെങ്ങനെ താൻ കേട്ട വചനം പരിശീലിക്കും? ആരെയാ സ്നേഹിക്കേണ്ടത്? ശത്രുക്കളെ സ്നേഹിക്കണം. ഈ സഹോദരന്റെ കരണത്തടിക്കാൻ ഒരു ശത്രുവുമില്ല. അപ്പോൾ ആ വചനം അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി കൊടുക്കുക എന്നുള്ളത് ദൈവത്തിന്റെ പദ്ധതിയാണ് അഥവാ ഉത്തരവാദിത്വമാണ്. അതുകൊണ്ട് ദൈവവചനം കേട്ട ഒരു മനുഷ്യന് ആ ശത്രുവിന് അനുവദിക്കുക മാത്രമല്ല, ആ ശത്രു ഈ മനുഷ്യന്റെ കരണത്തിനടിയും കൊടുക്കണം. ഇതിനെയാണ് മത്തായി 13:21 ൽ "വചനം നിമിത്തം നേരിടുന്ന ഉപദ്രവങ്ങൾ" എന്നുപറയുന്നത്. ഈ ശുശ്രൂഷ തന്നെ ആവർത്തനം 8:2-3 ലും നമുക്ക് കാണാം. ഇത് ദൈവം അനുവദിക്കുന്നതാണ്, നമ്മുടെ തിന്മയ്ക്കല്ല നന്മയ്ക്കാണ്. വചനം കേട്ട വ്യക്തിയുടെ ഭാഗം ഇത്രയെ ഉള്ളൂ. ഒരു അടികിട്ടിയാൽ മറ്റേ കരണം കാണിച്ച് കൊടുക്കുക. പക്ഷേ ഇതാണ് ഏറ്റവും പ്രയാസമുള്ളത്.

**“വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു.” (മത്താ 13:21)**

## ദേഹിയെ പിടിച്ചുകെട്ടുക


ബലം എന്ന് പറയുന്നത് പുറത്തെ ഭൗതിക ശരീരത്തിന്റെ ബലമല്ല, അകത്തെ മനുഷ്യന്റെ ദേഹിയുടെ ബലമാണ്. ശരീരത്തിന്റെ ബലമല്ല, അത് നിസ്സാരമാണ്. ചിലർ പറയുന്നത് കേട്ടിട്ടില്ലേ, എനിക്ക് ഒന്നും പറ്റിയില്ലെങ്കിലും മണ്ണുവാരി കണ്ണിൽ എറിഞ്ഞിട്ട് ഞാൻ ഓടും. കാരണം അദ്ദേഹത്തിന്റെ ശരീരത്തിന് ബലം ഇല്ലെങ്കിലും ദേഹിക്ക് ബലമുണ്ട്. അതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. ഈ ദേഹിയെയാണ് ആത്മാവ് നല്കുന്ന വചനത്തിന്റെ ചിന്തയാൽ പിടിച്ചുകെട്ടേണ്ടത്.

നമ്മളെ അടിക്കുന്നവനെ തിരിച്ചടിക്കുവാൻ വലിയ ബലമൊന്നും വേണ്ട. നമ്മൾ പോലും അറിയാതെ നമ്മുടെ കൈ പൊങ്ങിപ്പോകും. പക്ഷേ നമ്മളെ അടിക്കുന്നവനെ അടിക്കാതെ ഇരിക്കുവാൻ വളരെയധികം ബലം വേണം.

അപ്പോൾ നമ്മെ അടിക്കുന്നവനെ തിരിച്ചടിക്കാൻ ഒത്തിരി ബലം ഒന്നും വേണ്ട. യാന്ത്രികമായി അത് സംഭവിച്ചിരിക്കും. ഒരുവൻ ദൈവ വചനം കേട്ടു, ആ വ്യക്തിയെ അടിക്കാനായിട്ട് ആരും ഇല്ല. ശത്രുവിനെ സ്നേഹിക്കണം എന്നാണ് കേട്ടത്, പക്ഷേ ഒറ്റ ശത്രുവും ഇല്ല. അപ്പോൾ ദൈവം ഈ വചനം പ്രാവർത്തികമാക്കാനായിട്ട് ഒരു ശത്രുവിനെ അനുവദിക്കും. അപ്പോഴാണ് പലരും പറയുന്നത് ഈ വചനം കേട്ട് തീരുമാനവും എടുത്ത് ചെല്ലുമ്പോഴാണ് ഭർത്താവ് കോപിക്കുന്നത് ഭാര്യ ഭദ്രകാളിയെപ്പോലെ നിൽക്കുന്നത്. നിങ്ങൾപോലും അറിയുന്നില്ല ഇവൾ (ഭാര്യ) എന്താ ഇങ്ങനെ പെരുമാറുന്നത്? ചിലപ്പോൾ ഇങ്ങനെ പറയുന്നതു കേട്ടിട്ടില്ലേ, ‘ഞാൻ ആരാധന കഴിഞ്ഞ് വന്നപ്പോൾ അതിയാൻ കലി തുള്ളി നിൽക്കുകയാ’.

കലിതുള്ളി നിന്നതല്ല നിർത്തിയതാണ്, പക്ഷേ ദൈവീക ശുശ്രൂഷ എങ്ങനെയെന്ന് അറിയാതിരുന്നതുകൊണ്ട് നാം തോറ്റുപോയി . അത് നമ്മുടെ മടയത്തരമാണ് അല്ലെങ്കിൽ അജ്ഞാനമാണ്. ദൈവീക ശുശ്രൂഷയിൽ കടന്നുവരുമ്പോൾ നമ്മെയൊന്ന് ഒരുക്കിയെടുത്തു ദൈവത്തിന്റെ സ്വഭാവത്തിലേക്കു കൊണ്ടുവരുവാൻ നമ്മുടെ ജോലി സ്ഥലത്തോ മറ്റെവിടെയെങ്കിലും ഒരു പ്രതിയോഗിയെ അനുവദിച്ചിട്ടുണ്ടാകും. ഇദ്ദേഹത്തെ അനുവദിച്ചത് എന്തിനാണ്? അടിക്കാനാണ്. അദ്ദേഹം

അദ്ദേഹത്തിന്റെ ജോലി വിശ്വസ്തതയോടെ ചെയ്യും. നമ്മൾ ആരോടും പരാതി പറഞ്ഞിട്ട് കാര്യമില്ല. ആ പ്രവൃത്തി ആ പ്രതിയോഗി തന്റെ വായ് കൊണ്ടോ കൈ കൊണ്ടോ മറ്റേതെങ്കിലും രീതിയിൽ നമുക്ക് എതിരെ ചെയ്യും.



**വചനം നിമിത്തം നേരിടുന്ന ഉപദ്രങ്ങൾ (മത്താ. 13:21)**

ചിത്രം - 20

ആദ്യം ഒരാൾ അടിക്കുമ്പോൾ നമ്മൾ എന്താണ് ചെയ്യുന്നത്. നമ്മൾപോലും അറിയത്തില്ല. നമ്മുടെ കൈ അവന്റെ കരണത്ത് ഇരിക്കുന്നത്. വല്ല ബലവും വേണ്ടി വന്നോ? ഇല്ല. അതോടെ ദൈവവചനം കേട്ട ഈ വ്യക്തി വീണുപോയി. എന്താണ് അവന്റെ പിതാവ് ഈ പ്രശ്നത്തിലൂടെ തന്ന സന്ദേശമെന്ന് അവൻ അറിഞ്ഞില്ല.

പ്രശ്നങ്ങളുടെ നടുവിൽ ഒരു സന്ദേശവും ഒരു സന്ദേശവാഹകനും ഉള്ള കാര്യം നമ്മൾ ചിന്തിക്കുന്നതേയില്ല. നമ്മൾ എപ്പോഴും പ്രശ്നം മാറ്റുവാനാണ് ഓടുന്നത്. എന്തുകൊണ്ടാണ് പ്രശ്നം വന്നത് എന്ന് ചിന്തിക്കുന്നില്ല.

പക്ഷേ ഇപ്പോൾ ഈ പുസ്തകം വാങ്ങിക്കാനും വായി ക്കാനും സന്നദ്ധത കാണിച്ച നിങ്ങൾ ഇപ്പോൾ ഇതറിഞ്ഞു. ദൈവത്തിനു നിങ്ങളോടു സംസാരിക്കാൻ കഴിഞ്ഞു. പ്രശ്നങ്ങളുടെ നടുവിൽ ഒരു സന്ദേശവും, ഒരു സന്ദേശവാഹകനും ഉള്ള കാര്യം നമ്മൾ ചിന്തിക്കുന്നതേയില്ല. നാം എപ്പോഴും പ്രശ്നം മാറ്റുവാനാണ് ഓടുന്നത്. എന്തുകൊണ്ടാണ് പ്രശ്നം വന്നത് എന്ന് ചിന്തിക്കുന്നില്ല.

> രണ്ടു ചിന്തകൾ തമ്മിലുള്ള യുദ്ധം നടക്കുന്നത് നമ്മുടെ മനസ്സിലാണ്, അകത്തെ മനുഷ്യനിലുള്ള ദൈവാത്മാവ് പറയും നീ അടിക്കരുത്, ശത്രുവിനെ നീ സ്നേഹിക്കണം. എന്നാൽ ജഡം പറയും നീ അടിക്ക്, തിരിച്ചടിക്ക്.

ഇപ്പോൾ ദൈവവചനപ്രകാരം നടക്കാൻ ശ്രമിക്കുന്നവൻ വീണു. ശരിയാണ് ആദ്യം കുഞ്ഞ് നടക്കാൻ പഠിക്കുമ്പോൾ വീഴും., അതുകൊണ്ട് കുഴപ്പവുമില്ല. പക്ഷേ കുഞ്ഞ് അവിടെ തന്നെ കിടന്നാലാണ് തോറ്റുപോകുന്നത്. കുഞ്ഞ് വീണ്ടും എഴുന്നേറ്റ് നടക്കുവാൻ ശ്രമിച്ചാൽ നടക്കാൻ തുടങ്ങും.

നമ്മെ നമ്മുടെ കർത്താവ്, അപ്പനും അമ്മയുമായ പിതാവായ ദൈവം, നമ്മുടെ ആത്മാവിൽ പാളയമിറങ്ങി ഒരു കൊച്ചുകുഞ്ഞ് നടക്കുവാൻ പഠിക്കുന്നതുപോലെ ആത്മീകലോകത്തും ഭൗതികലോകത്തും എങ്ങനെ പ്രവർത്തിക്കണമെന്ന് പഠിപ്പിക്കുകയാണ്.

**നാം തുടക്കത്തിൽ വീണു സത്യമാണ്. എന്നാൽ രണ്ടാമതും അടിക്കാൻ ഈ വ്യക്തിയെ ദൈവം നിയോഗിക്കുമ്പോൾ പരിശുദ്ധാത്മാവ് തന്റെ ശുശ്രൂഷ തുടർന്നുകൊണ്ടേയിരിക്കും.** നാം അടിക്കാൻ കൈ ഉയർത്തുമ്പോഴൊക്കെ പരിശുദ്ധാത്മാവ് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്, 'അടിക്കരുത്'. ഈ സമയം തന്നെ കുറേശ്ശെ വചനം കേൾക്കുന്നുണ്ട്, അനുസരിക്കുന്നുണ്ട്; ആദ്യം പരിശുദ്ധാത്മാവ് സംസാരിച്ചെങ്കിലും നാം സ്വരമൊന്നും കേട്ടില്ല. നാം വീണ്ടും നടക്കാൻ തുടങ്ങുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ ചിന്തിച്ച് തുടങ്ങും, കാരണം ആത്മാവിൽ (spirit) നിന്നും ദേഹിയിലേക്ക് (soul) ഇന്ന് കേട്ട വചനം പരിശുദ്ധാത്മാവ് ഓർമ്മിപ്പിച്ച് തരും "നീ നിന്റെ ശത്രുവിനെ സ്നേഹിക്കുക".

## രണ്ടുചിന്തകൾ തമ്മിലുള്ള യുദ്ധം മനസ്സിൽ

നാം യഥാർത്ഥ ഒരു ദൈവപൈതൽ ആണെങ്കിൽ നാം പാപം ചെയ്ത ശേഷം നമുക്ക് ഒരു സ്വസ്ഥതയും കിട്ടുകയില്ല. 'സ്നേഹിക്കണം', 'നിന്നെ അടിക്കുന്നവനെ തിരിച്ചടിക്കരുത്' 'വലതുകരണം

ഇതിന്റെ അർത്ഥം ലോകരാജ്യപ്രകാരം നീ എതിർക്കരുത്; പകരം ദൈവരാജ്യപ്രകാരം അതിനെ നേരിടണം, ദൈവവചനപ്രകാരം അതിനെ നേരിടണം എന്നുള്ള സന്ദേശം നമ്മുടെ ആത്മാവിൽനിന്നും വന്നു കൊണ്ടിരിക്കും തോറും ചിന്തകൾ തമ്മിൽ പരസ്പരം ഏറ്റുമുട്ടാൻ തുടങ്ങും. അതായത് നമ്മുടെ അകത്തുനിന്ന് പരിശുദ്ധാത്മാവ് തരുന്ന വചനത്തിന്റെ ചിന്തയും നമ്മുടെ ദേഹിയിൽ ദുഷ്ടൻ നിക്ഷേപിച്ചിരിക്കുന്ന ലോക(ജഡ)ചിന്തയും തമ്മിൽ ഏറ്റുമുട്ടും. എത്രത്തോളം നാം ദൈവവചന ചിന്തക്ക് അനുസൃതമായി അനുസരിക്കാൻ ഏൽപ്പിച്ചു കൊടുക്കുന്നുവോ, അപ്പോൾ നാം സഹനത്തിലൂടെ കടന്നുപോവുകയും ദേഹിയിൽ പിശാച് നിക്ഷേപിച്ച ജഡചിന്തകൾ തകരുകയും നമ്മുടെ അകത്തെ മനുഷ്യൻ വളർന്നു കൊണ്ടിരിക്കുകയും ചെയ്യും.

> രക്ഷിക്കപ്പെട്ട സമയം നാം കഴിഞ്ഞ കാലങ്ങളിലുള്ള എല്ലാ പാപത്തിന്റെ ശിക്ഷയിൽ നിന്നും വിടുതൽ പ്രാപിച്ചുവെങ്കിലും,നമ്മുടെ ദേഹിയിലുള്ള പാപത്തിന്റെ സ്വഭാവത്തിൽ നിന്ന് വിടുതൽ പ്രാപിച്ചിട്ടില്ല.

എത്രത്തോളം ആത്മാവിന്റെ ചിന്തകൾക്ക് നാം കീഴടങ്ങുന്നുവോ അത്രത്തോളം ജഡസ്വഭാവം നിറഞ്ഞു നിൽക്കുന്ന ദേഹിയെ (പഴയ സ്വയത്തെ) പിടിച്ചുകെട്ടാൻ ദൈവാത്മാവിനാൽ ശക്തിപ്പെട്ടു നിൽക്കുന്ന അകത്തെ മനുഷ്യനു കഴിയും. (നമ്മുടെ ആത്മാവിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിച്ച് നമ്മെ സകല സത്യത്തിലും വഴിനടത്തുന്നു. (യോഹ 16:13.)


**"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?"**

(1 കൊരി 3:16)

എന്നാൽ ഈ സമയം നമ്മെ വീണ്ടും അടിക്കാനായി ദൈവം അനുവദിക്കും. വീണ്ടും അടിക്കാനായി അനുവദിക്കുമ്പോൾ നമ്മുടെ ഉള്ളിൽ വളർന്നു നിൽക്കുന്ന അകത്തെ മനുഷ്യൻ ദൈവാത്മാവു തരുന്ന വചനത്തിന്റെ ചിന്തകളിൽ അടിച്ചവനെ തിരിച്ചടിക്കാതെ നമ്മുടെ ജഡത്തെ പിടിച്ചുകെട്ടും.

പഴയ സൂക്കേ രീതി (System) അടിക്കാൻ വേണ്ടി കുതറും. അടിക്കാൻ വേണ്ടി കുതറുമ്പോൾ ഈ അകത്തെ ശക്തനായ മനുഷ്യൻ ജഡത്തെ വീണ്ടും വചന ചിന്തകളാൽ അമർത്തി പിടിക്കും. നമ്മുടെ അകത്ത് ഇതു കാണുന്നത് രണ്ടു ചിന്തകൾ തമ്മിലാണ്. രണ്ടു

ചിന്തകൾ തമ്മിലുള്ള യുദ്ധം നടക്കുന്നത് നമ്മുടെ മനസ്സിലാണ് അഥവാ ദേഹിയിലാണ് (Soul) (ചിത്രം 21 ൽ). ഈ മനസ്സിൽ, അകത്തെ മനുഷ്യനിലുള്ള ദൈവാത്മാവ് പറയും നീ അടിക്കരുത്, അടിക്കരുത്, ശത്രുവിനെ നീ സ്നേഹിക്കണം.




**വീണ്ടെടുക്കപ്പെട്ട വ്യക്തിയുടെ മനസ്സിൽ ചിന്തകളാൽ നടക്കുന്ന യുദ്ധം**

ചിത്രം - 21

എന്നാൽ ജഡം പറയും നീ അടിക്ക്. തിരിച്ചടിക്ക്, ഈ രണ്ടു ചിന്തകളും കൂടി കടന്ന് വന്ന് യുദ്ധം നടത്തുന്നത് മനസ്സിലാണ്. നാം എത്രത്തോളം ആത്മാവിന്റെ ചിന്തയെ ദേഹിയിലേക്ക് വളർത്തുന്നുവോ അത്രത്തോളം അകത്തെ മനുഷ്യൻ ബലപ്പെടും. എത്രത്തോളം ബലപ്പെട്ടുവോ അത്രത്തോളം ഈ മനുഷ്യന് ജഡത്തെ പിടിച്ചുകെട്ടാൻ സാധിക്കും. വളർന്ന അകത്തെ മനുഷ്യന്റ ജോലി എന്നു പറയുന്നത്, "തന്റെ ഉള്ളിലുള്ള ദൈവാത്മാവിനാൽ നമ്മുടെ മനസ്സിനെ ദൈവ വചനം ഓർമ്മിപ്പിക്കുകയും, അതിനെ അനുസരിക്കാൻ തക്കവണ്ണം അതിൽ ഉറപ്പിച്ച് നിർത്തുകയും ചെയ്യുക എന്നതാണ്. 'നീ അടിക്കരുത്', കേട്ട വചനപ്രകാരം നടക്കുക."

അതായത് പഴയ ജഡസ്വഭാവം ശരീരത്തെ നിയന്ത്രിക്കാൻ അനുവദിക്കാതെ ആത്മാവ് ഉപദേശിച്ചു തന്ന ആത്മീയ ചിന്തകളാൽ മനസ്സ് ശരീരത്തെ നിയന്ത്രിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ ആത്മാവിനാൽ നടത്തപ്പെടുന്നു. (റോമ:8:14) അപ്പോൾ അകത്തെ മനുഷ്യൻ ബലപ്പെട്ടു നിൽക്കും. പഴയ പ്രേരണ അനുസരിച്ച് ജഡത്തിന് തന്നെ അടിക്കുന്നവനെ തിരിച്ചടിക്കാനാണ് തോന്നുന്നത്. അങ്ങനെയായാൽ ശരീരം അടിക്കുക തന്നെ ചെയ്യും.

നാം എത്രത്തോളം ആത്മാവിന്റെ ചിന്തയെ നമ്മുടെ മനസ്സിലേക്ക് വളർത്തുന്നുവോ അത്രത്തോളം അകത്തെ മനുഷ്യൻ ബലപ്പെടും. എത്രത്തോളം ബലപ്പെട്ടുവോ അത്രത്തോളം ഈ മനുഷ്യന് ജഡത്തെ പിടിച്ചു കെട്ടാൻ സാധിക്കും

നമ്മുടെ ഉത്തരവാദിത്വമാണ് ദൈവാത്മാവ് തരുന്ന വചനത്തിന്റെ ചിന്തയാൽ ജഡത്തെ പിടിച്ചു കെട്ടുക എന്നത്.

**“നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.” (റോമർ 8:13)**

ഇങ്ങനെ ജഡത്തിന്റെ പ്രവൃത്തികളെ ആത്മാവിനാൽ മരിപ്പിക്കണം. ഇതുപോലെയുള്ള പ്രവർത്തനം നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. കർത്താവ് നടത്തിക്കൊണ്ടിരിക്കുകയാണ്.

## പാപക്ഷമയും, പാപസ്വഭാവവും

നാം ഈ പ്രക്രിയയിലൂടെ കടന്നുപോകുമ്പോൾ നമുക്ക് എന്താണ് സംഭവിക്കുന്നതെന്നറിയാമോ? **നാം പാപം മുഴുവനായി വിട്ടൊഴിയും.** മറ്റൊരു തരത്തിൽ പറഞ്ഞാൽ പാപസ്വഭാവം മുഴുവൻ നമ്മിൽ നിന്ന് പിഴുതു മാറ്റപ്പെടും. യേശുക്രിസ്തുവിന്റെ രക്തം നമ്മുടെ സകല പാപങ്ങളും പോക്കി നാം ആത്മാവിൽ പുതിയ സൃഷ്ടിയായി. പക്ഷേ പാപത്തിന്റെ സ്വഭാവം നമ്മുടെ ദേഹിയിൽ (Soul) നിന്നും പോയിട്ടില്ല.

രക്ഷിക്കപ്പെട്ട സമയം നാം കഴിഞ്ഞ കാലങ്ങളിലുള്ള എല്ലാ പാപത്തിന്റെ ശിക്ഷയിൽ നിന്നും (Penalty of Sin) വിടുതൽ പ്രാപിച്ചുവെങ്കിലും, നമ്മുടെ ദേഹിയിലുള്ള (Soul) പാപത്തിന്റെ സ്വഭാവത്തിൽ നിന്ന് (Character of Sin) വിടുതൽ പ്രാപിച്ചിട്ടില്ല.

നാം പലപ്പോഴും കേട്ടിട്ടുള്ള ഒരു തെറ്റാണ് യേശുക്രിസ്തുവിന്റെ രക്തം നമ്മുടെ പാപസ്വഭാവം മുഴുവനായി കഴുകി കളഞ്ഞു, ഇനി ആ പാപസ്വഭാവം നമുക്ക് ഇല്ല എന്നത്. പക്ഷേ പാപസ്വഭാവം ഇപ്പോഴും നമ്മുടെ (വീണ്ടെടുക്കപ്പെട്ടവരുടെ) ഉള്ളിൽ ഉണ്ട്. അതുകൊണ്ടാണ് നം ഇപ്പോഴും നുണ പറയുന്നത്. അതുകൊണ്ടാണ് വീണ്ടും കുറ്റം പറയുന്നത്. യേശുക്രിസ്തുവിന്റെ ക്രൂശ് നമ്മുടെ പാപസ്വഭാവത്തെ എടുത്തുകളയും. യേശുവിന്റെ രക്തം നമ്മുടെ പാപങ്ങളെ കഴുകി ശുദ്ധീകരിക്കുമ്പോൾ യേശുവിന്റെ ക്രൂശ് നമ്മുടെ പാപസ്വഭാവത്തെ എടുത്തുകളയും.

## പുതിയ ആത്മീയ ആയുധം

***"ക്രിസ്തു കഷ്ടം അനുഭവിച്ചതുകൊണ്ട് നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിപ്പിൻ."*** നമ്മെ സംബന്ധിച്ച് ഒരു പുതിയ ആയുധമാണ് ഇത്. വചനം പറയുന്ന ഈ ആയുധം ധരിക്കാൻ ഇന്ന് വിശ്വാസികൾക്ക് മനസ്സുണ്ടാവുകയില്ല. ഈ ആയുധം കഷ്ടം അല്ല, കഷ്ടം അനുഭവിക്കാനുള്ള മനോഭാവം (Ready to Accept) ആണ്. (1 പത്രോസ് 4:1).എന്ന ആയുധമാണ്.

പാപസ്വഭാവം ഇപ്പോഴും നമ്മുടെ (വീണ്ടെടുക്കപ്പെട്ടവരുടെ) ഉള്ളിൽ ഉണ്ട്. അതുകൊണ്ടാണ് നാം ഇപ്പോഴും നുണ പറയുന്നത്. അതുകൊണ്ടാണ് വീണ്ടും കുറ്റം പറയുന്നത്.

പലപ്പോഴും ഈ ആയുധം ഇല്ലാത്തതുകൊണ്ട് വീണ്ടും ജനിച്ചവർ ഇന്നും ആത്മീയ ശിശുക്കളായി തന്നെ ഇരിക്കുന്നത്, അവർ വളരുന്നില്ല. ദൈവത്തിന്റെ വചനം പറയുന്നത് അങ്ങനെയല്ല, കഷ്ടത അനുഭവിക്കുവാനുള്ള മനോഭാവം നാം ആയുധമായി എടുക്കണം.

കർത്താവേ, അങ്ങയുടെ ഈ ഒരുക്കിയെടുക്കുന്ന ശുശ്രൂഷയ്ക്കു മുമ്പിൽ ഞാൻ നിൽക്കുകയാണ്, കഷ്ടം സഹിക്കുവാൻ ഞാൻ തയ്യാറാണ്, അങ്ങയുടെ ഹിതംപോലെ എന്നെയിതാ ഒരുക്കിയെടുത്താട്ടെ. ഇങ്ങനെ ഒരു മനോഭാവം ആയുധമായി എടുക്കണം. നമുക്കറിയാവുന്ന ആയുധം ഏതൊക്കെയാണ്?

## ദൈവവചനം?

ആക്രമിക്കാനുള്ള (Attack) ആയുധമായിട്ട് ദൈവവചനമാണ്

ഉപയോഗിക്കുന്നത്. അതുപോലെ തടുക്കുവാനുള്ള (Defense) ആയുധമാണ് വിശ്വാസം എന്ന കവചം. ഇതൊക്കെ ധരിക്കാനായിട്ട് നമുക്ക് വലിയ ആഗ്രഹമാണ്(എഫെ. 6:17) എന്നാൽ ഇതുപോലെ കഷ്ടം സഹിക്കുവാനുള്ള മനോഭാവം ആയുധമായി ധരിക്കണം.

> യേശുവിന്റെ രക്തം നമ്മുടെ പാപങ്ങളെ കഴുകി ശുദ്ധീകരിക്കുമ്പോൾ യേശുവിന്റെ ക്രൂശ് നമ്മുടെ പാപസ്വഭാവത്തെ എടുത്തുകളയും.

ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നിങ്ങളുടെ എല്ലാ പാപങ്ങളും കഴുകി ദൈവരാജ്യത്തിൽ വീണ്ടും ജനിച്ചു. സത്യമാണ്. പക്ഷേ അതുകൊണ്ട് പാപത്തിന്റെ സ്വഭാവം നമ്മുടെ ജീവിതത്തിൽ നിന്ന് പോയിട്ടില്ല. എന്നാൽ ക്രിസ്തുവിനുവേണ്ടി, **ക്രിസ്തു അനുവദിച്ച കഷ്ടം** സഹിക്കുമ്പോൾ, (പല തരത്തിലുള്ള കഷ്ടങ്ങൾ ഉണ്ട്) പാപം നമ്മിൽ നിന്ന് പോയതുപോലെ പാപത്തിന്റെ സ്വഭാവം നമ്മിൽ നിന്ന് പറിച്ച് മാറ്റപ്പെടും.

> ക്രിസ്തുവിനെ വിശ്വസിക്കുമ്പോൾ പാപം മുഴുവൻ പോയി. എന്നാൽ യേശുവിന്റെ ക്രൂശിൽ നാം കീഴ്പ്പെടുത്തി കൊടുക്കുമ്പോൾ നമ്മുടെ പാപസ്വഭാവങ്ങളും പോകും.

യേശു വന്നത് വെറും ജീവൻ (സ്വയേ zoe) തരാൻ മാത്രമല്ല, സ്വയേ ആദ്യം തന്നെ തന്നു. പക്ഷേ അവിടെ നിർത്തുന്നില്ല. അടുത്ത പടിയാണ്. സ്വയേ സമൃദ്ധമായി തരികയെന്നത്.

മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കും ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു. (യോഹ. 10:10)

വിശ്വസിക്കുമ്പോൾ നമുക്ക് സ്വയേ (ദൈവത്തിന്റെ ജീവൻ) കിട്ടും, തുടർന്ന് ദൈവീക ജീവനായ സ്വയേ ആത്മാവിൽ നിന്ന് ദേഹിയിലേക്ക് വ്യാപരിച്ചു കൊണ്ടേയിരിക്കും. ക്രമേണ ജഡചിന്തകൾ ദേഹിയിൽ നിന്ന് തകർക്കപ്പെടുകയും ദേഹി ആത്മചിന്തകളാൽ നിറയുകയും ചെയ്യും. ക്രിസ്തുവിനെ വിശ്വസിക്കുമ്പോൾ പാപം മുഴുവൻ പോയി. എന്നാൽ യേശുവിന്റെ ക്രൂശിൽ നാം കീഴ്പ്പെടുത്തി കൊടുക്കുമ്പോൾ നമ്മുടെ പാപസ്വഭാവങ്ങളും പോകും.

ദൈവചനം പറയുന്നു ശ്രദ്ധിക്കുക:

**"ജഡത്തിൽ കഷ്ടമനുഭവിച്ചവർ ജഡത്തിൽ ശേഷിക്കും കാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല, ദൈവത്തിന്റെ ഇഷ്ടത്തിനത്രേ ജീവിക്കേണ്ടതിനു പാപം വിട്ടൊഴിഞ്ഞിരിക്കുന്നു." (1 പത്രോ. 4:2)**

ഇതിന്റെ, ഫലമായി ദൈവഹിതപ്രകാരം ജഡത്തിൽ കഷ്ടമനുഭവിച്ചവൻ ഭൂമിയിൽ ജീവിക്കുന്നിടത്തോളം കാലം ആ പാപത്തിന് അവന്റെ മേൽ ഇനി അധികാരമില്ല.

ഇപ്പോൾ പാപം മാത്രമല്ല പോയത് പാപസ്വഭാവവും പറിച്ചുകളയപ്പെട്ടു. അതൊടൊപ്പം തന്നെ മനുഷ്യന്റെ പ്രവർത്തനത്തിന് വരുന്ന മാറ്റം ശ്രദ്ധിക്കാം.

## മാനുഷികേഷ്ടത്തിൽ നിന്നും ദൈവേഷ്ടത്തിലേക്ക്

അതോടൊപ്പം നാം വോറൊരു ജോലി കൂടി ചെയ്യാൻ പോവുകയാണ്. ഇനി അവൻ മനുഷ്യന്റെ ഇഷ്ടമല്ല, അതായത് സൂക്കേയുടെ ഇഷ്ടമല്ല (സ്വയത്തിന്റെ ഇഷ്ടമല്ല) പിന്നെ അവൻ ദൈവത്തിന്റെ ഇഷ്ടം ചെയ്യാൻ തുടങ്ങും.

**അപ്പോൾ ഈ ശുശ്രൂഷയിലൂടെ കടന്നുപോകാത്തവർ ആരുടെ ഇഷ്ടമാണ് ചെയ്യുന്നത്?**

അവനവന്റെ ഇഷ്ടമാണ് ചെയ്യുന്നത്. ചിലർ പറയും. "എനിക്ക് അവിടെ ചെന്ന് പ്രസംഗിക്കാനും വേല ചെയ്യാനും തോന്നി."

***നമുക്ക് തോന്നുന്നത് അഥവാ നമ്മുടെ ഇഷ്ടപ്രകാരം ചെയ്യുന്നത് അല്ല ദൈവത്തിന് പ്രസാദം.***

***നാം നൂറു നല്ല കാര്യങ്ങൾ നമ്മുടെ ഇഷ്ടപ്രകാരം ചെയ്യുന്നത് അല്ല ദൈവത്തിന് പ്രസാദം.***

നാം നൂറു നല്ല കാര്യങ്ങൾ നമ്മുടെ ഇഷ്ടമനുസരിച്ച് ചെയ്യുന്നതിനേക്കാൾ, ദൈവത്തിനു പ്രസാദം ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന ഒരു കാര്യം ചെയ്യുന്നതിലാണ്. കാരണം ***യജമാനൻ നമ്മുടെ കൂട്ടുവേലക്കാരനല്ല പകരം നാം യജമാനന്റെ കൂട്ടുവേലക്കാരാണ്.*** ദൈവത്തിന്റെ ഇഷ്ടമാണ് നാം ചെയ്യേണ്ടത്.


നാം നൂറു നല്ല കാര്യങ്ങൾ നമ്മുടെ ഇഷ്ടമനുസരിച്ച് ചെയ്യുന്നതിനേക്കാൾ, ദൈവത്തിനു പ്രസാദം, ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന ഒരു കാര്യം ചെയ്യുന്നതിലാണ്.

**"ഞങ്ങൾ ദൈവത്തിന്റ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷി; ദൈവത്തിന്റെ ഗൃഹനിർമ്മാണം." (1 കൊരി. 3:9)**

യജമാനന്റെ ആഗ്രഹം നിവർത്തിക്കുക എന്നതാണ് നമ്മുടെ ഭൂമിയിലെ പദ്ധതി. പക്ഷെ നമ്മുടെ സൂക്കോയെ തകർക്കാതെ, നമുക്ക

ഒരിക്കലും ജഡത്തിലിരുന്ന് ആത്മാവിന്റെ ചിന്തയിലേക്ക് ഉയരാനും ദൈവേഷ്ടം ചെയ്യുവാനും കഴിയുകയില്ല.

പ്രിയ സഹോദരാ, സഹോദരി, നമുക്കറിയാം നാം ഇപ്പോൾ ഏതു രീതിയിലാണ് പോകുന്നത് എന്ന്. ദൈവത്തിന്റെ ദാസൻ അനുഗ്രഹീതമായ വചനം പ്രസംഗിച്ചു. വചനം പ്രസംഗിച്ച് എല്ലാം കഴിഞ്ഞ് നാം വെളിയിലേക്കിറങ്ങി പിന്നെ നാം സംസാരിക്കുന്നത് ദൈവദാസൻ പറഞ്ഞത് വല്ലതും ആണോ? ഉടനെ നമ്മുടെ ചിന്ത (സംസാരം) ഉയർന്ന തലത്തിൽ നിന്ന് താഴേക്കു പോകും ആത്മാവിന്റെ ശുശ്രൂഷയിലൂടെ കടന്നുപോയവരാണെങ്കിൽ വചനം കേട്ടതിനു ശേഷം ഈ വചനത്തെക്കുറിച്ച് ധ്യാനിക്കുകയും, സംസാരിക്കുകയും ചെയ്യും. എന്നിട്ട് അവർ ആ വചനത്തെ വളർത്തിയെടുക്കും. നമുക്ക് അറിയാം നാം ഏത് നിലയിലാണെന്ന് നിൽക്കുന്നതെന്ന്. ഈ നില മാറ്റുവാൻ കർത്താവ് തയ്യാറാണ്. കർത്താവിന്റെ സ്കൂളിൽ നാം എല്ലാവരെയും ചേർത്തിരിക്കുകയാണ്. വളർച്ചയ്ക്ക് നമ്മൾ തയ്യാറായാൽ എന്തു സംഭവിക്കും? (ചിത്രം 22)




ജഡപ്രകാരം എതിർക്കുന്നതുകൊണ്ട് ആത്മീയ വളർച്ച നടക്കുന്നില്ല

ചിത്രം - 22

ഉദാ: ഒരു മനുഷ്യൻ വാളുമായി (വഴക്കുമായി) നമുക്കെതിരെ കടന്നുവരികയാണ്. അതായത് പിശാചിനെ ദൈവം അതിന് അനുവദിച്ചു. ഈ തരത്തിലുള്ള പരീക്ഷ (Test) ഒക്കെ നടത്തുന്നത് കർത്താവല്ല, പിശാചാണ്. ദൈവം തന്റെ ഉദ്ദേശത്തിനായി ദൈവജനത്തെ യഥാസ്ഥാനപ്പെടുത്താൻ പിശാചിനെ ഇതിന് അനുവദിക്കുന്നു എന്നേയുള്ളു. പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവു മരുഭൂമിയിലേക്കു നടത്തിയെന്നും തുടർന്ന് പരീക്ഷകനായി പിശാച് പരീക്ഷിക്കാനായി അടുത്തുവന്നുവെന്നും വചനത്തിൽ കാണുന്നു (മത്താ.4:1) ഇതേ പിശാച് തന്നെയാണ് നമ്മുടെ ചുറ്റുമുള്ളവരിലൂടെ നമ്മളെ ഉപദ്രവിക്കുന്നത്. ചിത്രത്തിൽ നോക്കിയാൽ പിശാച് ഒരു മനുഷ്യപ്രതിയോഗിയിലൂടെ പ്രവർത്തിക്കുന്നത് കാണാം.

ഒരു കൈയ്യിൽ വാളുമായിട്ട് ആ വ്യക്തി യുദ്ധത്തിന് വരുകയാണ് അപ്പോൾ നമ്മുടെ പഴയ രീതിയനുസരിച്ച് നാം എന്തു ചെയ്യും. നീ ഒരു കൈയ്യിൽ വാളെടുത്താൽ ഞാൻ രണ്ടു കൈയ്യിലും വാളെടുക്കും. ഇതിന്റെ ഫലം എന്താണെന്ന് അറിയാമോ?

നാം ജഡപ്രകാരം അഥവാ ലോകപ്രകാരം പ്രവർത്തിച്ചാൽ ആത്മീയ വളർച്ചയില്ല (No Spiritual Grouth) (ചിത്രം 24). ഒരു വളർച്ചയുമില്ല അപ്പോൾ പിന്നെ ഈ വ്യക്തിക്ക് ആരായിട്ട് തുടരാം. ഒരു ജഡികനായ ദൈവപൈതലായി സഭയിൽ കയ്യടിച്ച് പാട്ടും പാടി പോകാമെന്നല്ലാതെ ഈ വ്യക്തിയെക്കൊണ്ട് കർത്താവിന്റെ രാജ്യത്തിന് ഒരു പ്രയോജനവും ഇല്ല, മാത്രമല്ല അപമാനവുമാണ്. ഈ വ്യക്തി ഇതിൽ തുടരുന്നിടത്തോളം കാലം സഭയിൽ പല പ്രശ്നങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കും. ദൈവത്തിന്റെ ദാസന്മാർ ആദ്യം ഇതു മനസ്സിലാക്കി സഭയിലെ വിശ്വാസികളെ ഈ ദൈവരാജ്യത്തിന്റെ നിയമം പഠിപ്പിച്ച്, മുകളിൽ എഴുതിയിട്ടുള്ള പരിശുദ്ധാത്മാവിന്റെ പരിശീലനത്തിലേക്ക് അവരെയും കൂടെ കൊണ്ടുവരണം അല്ലെങ്കിൽ സഭയ്ക്കു തന്നെ ഇവർ ഒരു ഭാരമായി തീരും.

നമ്മുടെ അകത്തെ പുതുതായി ജനിച്ച മനുഷ്യൻ ദൈവാനുരൂപനാണെന്ന് വചനത്തിലൂടെ നമുക്ക് കാണാൻ സാധിക്കും. (എഫേ4:24; കൊല.3:10)

വീണ്ടും ജനിക്കപ്പെട്ട വ്യക്തി പൂർണ്ണനായ ഒരു മനുഷ്യനാണ്. ദൈവത്തിന്റെ സൃഷ്ടിയാണ് (ചിത്രം 8). ഇനി ഒരു കുറവു തീർക്കലും

പുതിയ സൃഷ്ടിയിലില്ല കാരണം അത് ദൈവത്തിന്റെ സൃഷ്ടിയാണ്. പക്ഷേ അതേ സമയം തന്നെ,

**1 പത്രോസ് 2:1** ൽ പറയുന്നു;

**"ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ."**

ഇവിടെ പറയുന്നത്, ഒരു കൊച്ചുകുഞ്ഞിനെപ്പോലെ വളരണം എന്നാണ്.

**"സത്യത്തിന്റെ ഫലമായ നീതിയിലും, വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ." (എഫെ 4:24)**

**"ഒരുത്തൻ ക്രിസ്തുവിലായൻ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയത് കഴിഞ്ഞുപോയി, ഇതാ, അത് പുതിയതായി തീർന്നിരിക്കുന്നു." (2 കൊരി 5:17)**

മുകളിൽ പറഞ്ഞിരിക്കുന്ന ഈ രണ്ടു വചനങ്ങളും 1 പത്രോസ് 2:1-2 ൽ പറഞ്ഞിരിക്കുന്ന വചനവും തമ്മിൽ ഒക്കുന്നില്ല കാരണം എന്താണ്?

അപ്പൊസ്തലനായ പൗലോസ് 2 കൊരി. 4:16ൽ പറയുന്നു. ഞങ്ങളുടെ പുറമേയുള്ള മനുഷ്യൻ നാൾക്കുനാൾ ക്ഷയിക്കുന്നു എന്നാൽ അകമേയുള്ള മനുഷ്യൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു, അഥവാ ശക്തിപ്പെട്ടുവരികയാണ്. അപ്പോൾ ഇവിടെയും ഒരു വളർച്ച നമുക്ക് കാണാൻ സാധിക്കും. ഇത് വ്യക്തമായി മനസ്സിലാക്കണമെങ്കിൽ അകത്തെ മനുഷ്യനാരാണെന്നും, പുറത്തെ മനുഷ്യനാരാണെന്നും നാം മനസ്സിലായിരിക്കണം. നമ്മുടെ ഉള്ളിൽ

> പിശാച് നമ്മുടെ ശരീരത്തിലൂടെ ദേഹി യുടെ ജഡസ്വഭാവം നിലനിർത്താൻ ശ്രമിക്കു മ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിൽ വസിച്ച് വചനത്തിലൂടെ ദേഹിയെ ആത്മസ്വ ഭാവത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നു.

പുതിയതായി സൃഷ്ടിക്കപ്പെട്ട നമ്മുടെ ആത്മാവാണ് പുതിയ സൃഷ്ടി. അത് ദൈവം ചെയ്തതാകയാൽ ആത്മാവിന് ഇനി ഒരു മാറ്റം ആവശ്യമില്ല. എന്നാൽ നമ്മുടെ ദേഹിയിൽ ജഡസ്വഭാവം നിറഞ്ഞിരി

ക്കുന്നതിനാൽ ദേഹിയ്ക്കാണ് വചനപ്രകാരം ജഡസ്വഭാവം മാറി ആത്മ രൂപത്തിലേക്കുള്ള മാറ്റം ആവശ്യമായിരിക്കുന്നത്.

ആത്മാവും ദേഹിയും (Spirit & Soul) കൂടി ചേർന്നതാണ് അകത്തെ മനുഷ്യൻ എന്നു നാം പഠിച്ചല്ലോ. ശരീരവും ദേഹിയും കൂടി ചേർന്ന താണ് പുറത്തെ മനുഷ്യൻ. (ചിത്രം 11,12 ശ്രദ്ധിക്കുക) ദേഹിയെ രണ്ടു പേരും വലിക്കുകയാണ് അതായത് ശരീരം ദേഹിയെ വിട്ട് കൊടു ക്കാതിരിക്കാൻ നോക്കുമ്പോൾ ആത്മാവ് ദേഹിയെ പിടിച്ചെടുക്കാൻ നോക്കുകയാണ്.

## ശിശുക്കളെ പോലെ വളരുക

തുടർന്ന് നമുക്ക് മനസ്സിലാക്കാം, അകത്തെ മനുഷ്യൻ നാൾക്കു നാൾ ശക്തിപ്പെടുന്നു എന്ന് പറയുന്നതിന്റെ അർത്ഥം എന്താണ്?

നാം ഒരു കൊച്ചുകുഞ്ഞിനെപ്പോലെ വളരുമ്പോൾ എന്തൊക്കെ യാണ് നമുക്ക് സംഭവിക്കുന്നത്? എന്തൊക്കെയാണ് നമ്മിൽ നിന്നും മാറിപ്പോകുന്നത്?

1 പത്രോസ് 2:1 ൽ നമുക്ക് കാണാൻ സാധിക്കും; കൊച്ചുകുഞ്ഞിനെ പ്പോലെ വളരുമ്പോൾ ദുഷ്ടത മാറിപ്പോകും, ചതിവ് മാറിപ്പോകും, എല്ലാ ജഡസ്വഭാവങ്ങളും മാറിപ്പോകും. ഇതൊക്കെ മാറുമ്പോൾ എന്താണ് സംഭവിക്കുന്നതെന്നോ?

അകത്തെ മനുഷ്യൻ വളരുകയാണ്. ദൈവത്തിന്റെ ആത്മാവ് പത്രോസിന്റെ ലേഖനം എഴുതിയിരിക്കുന്നത് ജാതികൾക്കാണോ?


അല്ല. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർക്കു വേണ്ടി യാണ്. അവരുടെ പാപമെല്ലാം പോയെങ്കിലും പാപസ്വഭാവം മനുഷ്യന്റെ ദേഹിയിൽ (Soul) തന്നെയുണ്ട്. ഇതിനെ പിഴുതുകളയണം എന്നാണ് ദൈവ വചനം പറയുന്നത്, എങ്കിലേ വളരുവാൻ പറ്റുകയുള്ളൂ. അപ്പോൾ എങ്ങനെയാണ് ഈ വളർച്ച നടക്കുന്നതെന്ന് നമുക്ക് നോക്കാം.

ദേഹിയിൽ ആണ് ദൈവത്തിന്റെ പ്രവൃത്തികളെല്ലാം നടക്കുന്നത്, ശരീരം സ്വതന്ത്രമാണ്. ശരീരത്തോട് ദേഹി (Soul) എന്തു പറഞ്ഞാലും ശരീരമത് അനുസരിക്കും. ആത്മാവ് പ്രസംഗിക്കാൻ പറഞ്ഞാൽ പ്രസംഗിക്കും. ശരീരം എന്തു കേൾക്കുന്നുവോ അതനുസരിച്ച് ചെയ്യും. പക്ഷേ ശരീരം ആത്മാവിന്റെ സ്വരം കേൾക്കുന്നില്ല എന്നുള്ളതാണ് വിഷയം. കാരണം ആത്മാവ് ശരീരത്തിന് നിർദേശം കൊടുക്കുന്നത് ദേഹി വഴിയാണ്. ജഡസ്വഭാവം നിറഞ്ഞു നിൽക്കുന്ന ദേഹി അതിന് സമ്മതിക്കുകയില്ല. ചിത്രം 23 ൽ നക്ഷത്രം ഇട്ടിരിക്കുന്ന ഭാഗത്ത് അത്

കാണിച്ചിരിക്കുന്നു. ആത്മാവിൽ നിന്ന് പോകുന്ന നിർദ്ദേശമെല്ലാം ജഡസ്വഭാവം (ദേഹിയിൽ കറുത്തു കാണിച്ചിരിക്കുന്നു) ഉള്ള ദേഹിയിൽ സ്വീകരിക്കപ്പെടാതെ മടങ്ങുന്നു. കാരണം. "ജഡം" മനുഷ്യന്റെ "സ്വയത്തിലെ" (ദേഹിയിലെ) നിക്ഷേപിക്കപ്പെട്ടിരിക്കുന്ന പിശാചിന്റെ പ്രോഗ്രാമാണ്. തുടർന്ന് ദൈവാത്മാവിന് നമ്മുടെ ശരീരത്തെ ഉപയോഗിക്കണമെങ്കിൽ നമ്മുടെ ജഡസ്വഭാവമുള്ള (പിശാചിന്റെ സ്വഭാവമുള്ള) ദേഹിയെ ആത്മസ്വഭാവമുള്ളതാക്കി, (ദൈവത്തിന്റെ പ്രതിനിധിയാക്കി) മാറ്റണം. ഈ പ്രവർത്തിയാണ് 'ശിശുക്കളെപ്പോലെ വളരുക' എന്നത്.


ദൈവവചനം (1 പത്രോ 2:1-2) പറയുന്നത്, മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഇതാണ് ആത്മീയ വളർച്ച. ഈ ശുശ്രൂഷയിലൂടെ എത്രത്തോളം നാം കടന്നുപോകുന്നുവോ അത്രത്തോളം നാം ആത്മീകമായി വളരുവാൻ ഇടയാകും.

**ആത്മീയവളർച്ച നടക്കാത്ത സാഹചര്യങ്ങൾ**




**ആത്മാവിന്റെ സന്ദേശത്തിന് ദേഹിയിലെ ജഡമനസ്സ് തടവറ തീർത്തിരിക്കുന്നു**

ചിത്രം - 23




**ശരീരം ലോകാനുരൂപമായ ദേഹി പറയുന്നത് അനുസരിക്കുന്നു**

ചിത്രം – 24

ചിത്രം (23) ശ്രദ്ധിച്ചാൽ ശരീരം അടുത്തു നിൽക്കുന്നത് ദേഹിയുമായിട്ടാണ്. ദേഹിയുമായി വിവാഹം കഴിച്ചതുപോലെയുള്ള ബന്ധമാണ്. ഭാര്യാഭർത്താക്കന്മാരെപോലെ, ഒരു ശരീരം പോലെയിരുന്നാണ് ജീവിക്കുന്നത്. അതുകൊണ്ട് ശരീരം എന്നു പറഞ്ഞാൽ ദേഹിയുമായിട്ട് ഒരുമിച്ച് ഒന്നായി ഇരിക്കുന്നതിനാൽ നമുക്ക് വേർപെടുത്താൻ പറ്റാത്ത അവസ്ഥയാണ്. അതിനാൽ ഈ ശരീരം ദേഹിയിൽ നിന്ന് കിട്ടുന്ന സന്ദേശമാണ് അനുസരിക്കുന്നത്. അതായത് ജഡപ്രവൃത്തി ചെയ്യുകയാണ്. ചിത്രം 24 ൽ നക്ഷത്രം കൊടുത്തിരിക്കുന്ന ഭാഗത്ത് ശ്രദ്ധിച്ചാൽ ജഡസ്വഭാവമുള്ള ദേഹിയുടെ നിർദ്ദേശമാണ് ശരീരം അനുസരിക്കുന്നത്. പക്ഷേ എപ്പോഴെങ്കിലും ആത്മാവിന്റെ സന്ദേശം കിട്ടിയാൽ ശരീരം അത് അനുസരിക്കും. നമ്മുടെ ആത്മീയ വളർച്ചയുടെ അവസാന അവസ്ഥയിലാണ് അത് പൂർണ്ണമായും സംഭവിക്കുന്നത്. അവസാന അവസ്ഥ വരുമ്പോൾ ജഡസ്വഭാവമുള്ള ദേഹി

(soul) മാറ്റപ്പെട്ട് ആത്മസ്വഭാവത്താൽ നിറയും. മറ്റൊരു രീതിയിൽ പറഞ്ഞാൽ ആത്മാവ് ദേഹിയെ വിഴുങ്ങും. തുടർന്ന് ഈ ആത്മീയ ജീവൻ (സ്വയേ) ദേഹിയെ മാത്രമല്ല നമ്മുടെ ശരീരത്തേയും വിഴുങ്ങുന്നു.

ആത്മീയ വളർച്ചയുടെ അവസാന അവസ്ഥ വരുമ്പോൾ ആത്മാവ് ദേഹിയെ വിഴുങ്ങും, തുടർന്ന് പുനരുത്ഥാനത്തിൽ ഈ ആത്മീയ ജീവൻ (സ്വയേ) ദേഹിയെ മാത്രമല്ല നമ്മുടെ ശരീരത്തെയും വിഴുങ്ങും.

**"ഉരിവാനല്ല മർത്യമായതു ജീവനാൽ (സ്വയേ) നീങ്ങിപ്പോകേണ്ടതിനു മീതെ ഉടുപ്പാൻ ഇച്ഛിക്കയാൽ ഞങ്ങൾ ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം ഭാരപ്പെട്ടു ഞെരങ്ങുന്നു." (2 കൊരി. 5:4)**

അപ്പോൾ ശരീരം പൂർണ്ണമായും ആത്മാവിന്റെ നിയന്ത്രണത്തിലായിരിക്കും. ഇപ്പോൾ ദേഹിയും ആത്മാവും കൂടെ ചേർന്ന അകത്തെ മനുഷ്യൻ വളരുക എന്നു പറയുന്നത്, ആത്മസ്വഭാവം ദേഹിയിലെ ജഡസ്വഭാവത്തെ നീക്കി അവിടേക്ക് നിറയുന്നതിനെയാണ്. ആത്മാവിന്റെ ചിന്തകളൊന്നും ഈ ജഡസ്വഭാവം നിറഞ്ഞ ദേഹി അംഗീകരിക്കുകയില്ല. ഈ ദേഹിയുടെ ചിന്തകളൊന്നും ആത്മാവും അംഗീകരിക്കുകയില്ല.

**"ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നതു ചെയ്യാതവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ." (ഗലാ 5:17)**

ജഡത്തിന്റെ ചിന്തയെല്ലാം നിറയപ്പെട്ടിരിക്കുന്നത് ദേഹിയിലാണ്. ആത്മാവിന്റെ ചിന്ത ക്രിയാത്മകം (Positive) ആണെങ്കിൽ ജഡത്തിന്റെ ചിന്ത നിഷേധാത്മകം (Negative) ആണ്. ഇതു രണ്ടും കൂടെ ചേർന്ന് ആണ് അകത്തെ മനുഷ്യൻ.

## ആത്മീയ വളർച്ചയുടെ സാങ്കല്പിക രൂപരേഖ

ഉദാ: ദൈവാനുരൂപനായി, പുതിയതായി സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ആത്മാവിന്റെ മൂല്യം റാങ്ക് (10) ആണെന്ന് വയ്ക്കുക. ദേഹിയുടെ മൂല്യം (-9). കാരണം ദേഹി (-9) ആയിരുന്നില്ലായിരുന്നെങ്കിൽ ഒരിക്കലും കർത്താവ് നമ്മളിലേക്ക് വരികയില്ലായിരുന്നു, എന്നാൽ സുവിശേഷം കേട്ടപ്പോൾ ഒന്നും മറുത്തു പറയാതെ നാം (ദേഹി) 'യേശുവെ അങ്ങേ ഞാൻ എന്റെ കർത്താവായി അംഗീ

കരിക്കുന്നു, എന്റെ ഹൃദയത്തിലേക്ക് കടന്നുവരേണമേ' എന്നു പറഞ്ഞു. അങ്ങനെ നമ്മുടെ ദേഹി അംഗീകരിച്ചപ്പോഴാണ്, നമ്മുടെ ആത്മാവിൽ നാം പുതിയ ഒരു സൃഷ്ടിയായി തീരുകയും ആ പുതിയ ആത്മാവിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിക്കുകയും ചെയ്തത്.

എന്നാൽ നമ്മുടെ ഒരു അംഗീകാരം മാത്രമേ കർത്താവിന് അപ്പോൾ കിട്ടിയിട്ടുള്ളു. ഓരോ നിമിഷവും നാം നമ്മുടെ ഉള്ളിൽ കടന്ന് വന്ന ദൈവത്തിന്റെ ആത്മാവിനെ അനുസരിക്കുന്നുവെങ്കിൽ, നാം ആത്മീയമായി വളരുവാൻ തുടങ്ങും. അത് എങ്ങിനെയെന്ന് നമുക്ക് ഏകദേശം മനസ്സിലാക്കാനുള്ള ഒരു സങ്കല്പ മൂല്യം മാത്രമാണ് താഴെ കൊടുത്തിരിക്കുന്നത്.

ആത്മാവിന്റെ മൂല്യം (Spirit Value) = +10

ദേഹിയുടെ മൂല്യം (Soul Value) = −9

ഇവരുടെ രണ്ടുപേരുടെയും കൂടി ശക്തി എത്രയുണ്ട്?

(അതായത്, അകത്തെ മനുഷ്യന്റെ ശക്തി)

(+10)+(−9)=1

ഫലം എത്രയാണ്? ഒന്ന്

ഗലാ:5:17- ജഡാഭിലാഷം ആത്മാവിനും, ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. ഒന്ന് ക്രിയാത്മകം (Plus) ആണെങ്കിൽ ഒന്ന് നിഷേധാത്മകം (Minus). അപ്പോൾ രണ്ടുപേരുടെയും ചിന്തകളുടെ ഫലം (Result Value) ആണ്, നമ്മുടെ അകത്തെ മനുഷ്യന്റെ ശക്തി എന്നു പറയുന്നത്. ഇപ്പോഴത് 1 ആണ്.

ആത്മാവ് + ദേഹി = അകത്തെ മനുഷ്യന്റെ ശക്തി

+10 + −9 = 1

തുടർന്ന് നാം ഓരോ നിമിഷവും ദൈവാത്മാവിനെ അനുസരിച്ച് മുന്നോട്ടുപോകുമ്പോൾ നമ്മുടെ ദേഹിയിൽ പിശാചിനാൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ലോകജഡ ചിന്തകൾ തകർക്കപ്പെടുകയും നമ്മുടെ അകത്തെ മനുഷ്യൻ ക്രമേണ ശക്തിപ്പെടുവാൻ തുടങ്ങുകയുമായി.

2 കൊരി. 5:17 ൽ പുതുതായി സൃഷ്ടിക്കപ്പെട്ട ആത്മ മനുഷ്യന്റെ മൂല്യം എപ്പോഴും +10 ആയിത്തന്നെ കാണുന്നതിന്റെ കാര്യം ആ വ്യക്തി

ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ടതാണ് ദൈവത്തിൽ നിന്ന് ജനിച്ച ഈ വ്യക്തിക്ക് ഒരു കുറവുമില്ല. ഇനി ഒരു വളർച്ചയും വേണ്ട. കാരണം ആ വ്യക്തി ദൈവാനുരൂപത്തിലുള്ള വ്യക്തിയാണ്.

| | പുതിയതായി സൃഷ്ടിക്കപ്പെട്ട ആത്മാവിന്റെ മൂല്യം | ലോക ജഡചിന്ത നിറഞ്ഞ് നിൽക്കുന്ന ദേഹിയുടെ മൂല്യം | അകത്തെ മനുഷ്യന്റെ ശക്തി |
|---|---|---|---|
| രക്ഷയുടെ സമയത്ത് | +10 | −9 | 1 |
| പരിശുദ്ധാത്മാവിനെ അല്പമായി അനുസരിക്കാൻ തുടങ്ങിയപ്പോൾ | +10 | −7 | 3 |
| അനുസരിച്ച് മുന്നോട്ട് പോയപ്പോൾ | +10 | −4 | 6 |
| അനുസരണത്തിൽ തുടർന്നപ്പോൾ | +10 | 0 | 10 ക്രിസ്തുവാകുന്ന തലയോളം വളർന്നത് |

**2 കൊരി 5:17 – "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയത് കഴിഞ്ഞ് പോയി, ഇതാ, അതു പുതിയതായി തീർന്നിരിക്കുന്നു."**

നമ്മുടെ അകത്തെ മനുഷ്യന്റെ ശക്തി കൂടുവാനുള്ള കാരണം (1, 3, 6, 10) ദേഹി (സ്വയം) തകരുന്നതുകൊണ്ടാണ്. ഈ ദേഹിയാണ് നമ്മുടെ ലോകത്തിലെ സ്വയം. നമ്മുടെ സ്വയത്തിൽ ലോക ചിന്തകൾ നിറഞ്ഞിരിക്കുകയാണ്. കർത്താവായ യേശു പറഞ്ഞു;

**"ഒരുവൻ എന്നെ അനുഗമിക്കാൻ ഇച്ഛിച്ചാൽ അവൻ തന്റെ സ്വയത്തെ ത്യജിക്കണം." (മത്താ.16:24)**

ക്രിസ്തീയ ജീവിതത്തിൽ ആത്മീയ വളർച്ചയുടെ ഏറ്റവും ഉന്നതമായ നിലയാണ് ഒരുവന്റെ സ്വയം പൂജ്യം (Zero) ആകുക എന്നുള്ളത്.

ആ സമയമാണ്, ആ വ്യക്തിയുടെ ഉള്ളിൽ നിന്ന് ക്രിസ്തു അനുരൂപമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള പുതുമനുഷ്യൻ പൂർണ്ണമായി വെളിപ്പെടുന്നത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ക്രിസ്തുവാകുന്ന തലയോളം വളർന്നത്. ഇതുകൊണ്ടാണ് ദൈവത്തിന്റെ വചനം പറയുന്നത് നമ്മുടെ സ്വയത്തിന്റെ മുഖംമൂടി മാറ്റി നമ്മുടെ അകത്തുള്ള ക്രിസ്തുവിന്റെ തേജസ്സിനെ ഒരു കണ്ണാടിയിലൂടെ എന്നപോലെ നാം ലോകത്തിലേക്ക് പ്രകാശിപ്പിക്കുന്നവരായിരിക്കണം.


**"എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ**

**തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു." (2 കൊരി.3:18)**

ദൈവം വെളിച്ചമാണ് (1 യോഹ.1:5) ദൈവവചനം പറയുന്നു; ഈ ദൈവം വസിക്കുന്ന നമ്മൾ ഈ ലോകത്തിന്റെ വെളിച്ചമാണ്.

**"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല." (മത്താ. 5:14)**

നമ്മുടെ വെളിച്ചം ഇനിയും നമ്മുടെ ലോകജഡ ചിന്തകൾ നിറഞ്ഞ ദേഹിയാകുന്ന മുഖംമൂടി കൊണ്ട് മറയ്ക്കാതെ അതിനെ വലിച്ചു മാറ്റി ലോകത്തിലേക്ക് പ്രകാശിപ്പിക്കുന്നവരായിരിക്കണം നാം.




**ആത്മാവിന്റെ നിർദ്ദേശങ്ങൾ ശരീരമനുസരിക്കാൻ തുടങ്ങിയിരിക്കുന്നു**

ചിത്രം - 25

ആത്മീയ ജീവിതത്തിന്റെ തുടക്കത്തിൽ വീണ്ടെടുക്കപ്പെട്ട പൈതലിന് ശിശുവിനെപ്പോലെ മാത്രമേ പ്രവർത്തിക്കാൻ പറ്റുകയുള്ളു.

എന്നാൽ ഈ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ നാം കടന്നു പോകുമ്പോൾ പുറത്തെ മനുഷ്യന്റെ ശക്തി, അതായത് ജഡത്തിന്റെ സ്വഭാവം നമ്മിൽ നിന്ന് അല്പാല്പമായി മാറ്റപ്പെട്ടുകൊണ്ടിരിക്കും. അത് ഒരു നിമിഷം കൊണ്ടല്ല, വളർച്ച എന്നു പറയുന്നത് സാവധാന മാണ്. ഈ വളർച്ചയിൽ ലോകജഡസ്വഭാവങ്ങൾ നമ്മുടെ ദേഹിയിൽ നിന്ന് മാറ്റപ്പെട്ട് ദൈവഹിതം ചെയ്യേണ്ടതിനാണ് വചനമെന്ന മായ മില്ലാത്ത പാൽ കുടിക്കേണ്ടത്.

വചനം കേൾക്കേണ്ടതും, വായിക്കേണ്ടതും, ധ്യാനിക്കേണ്ടതും വളരെ അത്യാവശ്യമാണ്. വചനം കേട്ടില്ലായിരുന്നുവെങ്കിൽ ശത്രു വിനെ സ്നേഹിക്കണം എന്നുള്ളത് നാം അറിയുകയില്ല, അപ്പോൾ അത് കേട്ടതുകൊണ്ടാണ് നമ്മൾ അതിനെ അനുസരിച്ചത്. അനുസരിച്ചു കഴിഞ്ഞപ്പോൾ ജഡചിന്ത (കറുത്ത് കാണിച്ചിരിക്കുന്നു) നിറഞ്ഞിരിക്കുന്ന ദേഹി (Soul) സാവധാനം ജഡചിന്തയിൽ നിന്നും മാറ്റം അനുഭവിക്കാൻ തുടങ്ങി. ചിത്രം 25 ൽ വൃത്തം ഇട്ടിരിക്കുന്നത്. (കറുത്ത കളർ മാറി വെളുത്തു തുടങ്ങിയതായി കാണിച്ചിരിക്കുന്നു).

ദേഹിയുടെ ജഡചിന്ത അത്രത്തോളം കുറഞ്ഞു. അതിനുമുമ്പ് ആത്മ മനുഷ്യൻ (പുതിയ സൃഷ്ടി) പല സന്ദേശങ്ങളും ദേഹി വഴി ശരീരത്തിന് കൊടുക്കുന്നുണ്ട്. (ചിത്രം 23).

എല്ലാം അങ്ങോട്ട് പോകാതെ മടങ്ങി വരികയായിരുന്നു. ദേഹി സമ്മതിക്കാതെ ദേഹിയെ മറികടക്കാൻ ആത്മാവിന് കഴിയത്തില്ല. കാരണം ദൈവം ദേഹിയ്ക്കാണ് ഈ ഭൂമിയിൽ അധികാരം കൊടു ത്തിട്ടുള്ളത്.

### ‘മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു.’ (ഉല്പ 2:7)


‘അവർ ഭൂമിയെ അടക്കി വാഴട്ടെ’. (ഉല്പ 1:26)

ആത്മാവിന്റെ പ്രവർത്തനത്തിന് മുന്നോട്ടേക്ക് പോകുവാൻ കഴിയാതെയിരിക്കുന്ന അവസരത്തിലാണ് നാം വചനം അനുസരിച്ചത്, വചനത്തിന് കീഴ്പ്പെട്ട് കൊടുത്തത് ഇതുവരെ ഇവിടെ ഒരു ആത്മീയ വളർച്ചയും നടക്കാതെ ഇരിക്കുമ്പോൾ, അതായത് ആത്മാവിന്റെ ഒരു ചിന്തയും മുന്നോട്ട് പോകുവാൻ കഴിയാതെ ഇരിക്കുമ്പോൾ, നാം ആ വചനത്തിന് കീഴ്പ്പെട്ടു കൊടുത്തപ്പോൾ വീണ്ടും (കറുത്ത നിറം കുറഞ്ഞു), ജഡസ്വഭാവം നമ്മിൽ നിന്ന് കുറയുവാനായിട്ട് ഇടയായി

(ചിത്രം 26). അപ്പോൾ പൂർണ്ണമായിട്ടില്ലെങ്കിലും വചനത്തിന്റെ ചിന്തകൾ കുറെയെങ്കിലും ശരീരത്തിലേക്ക്, ആത്മസ്വഭാവത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ദേഹി വഴി, എത്തിക്കുവാൻ ആത്മാവിനു കഴിഞ്ഞു. ഇപ്പോൾ ആത്മാവിൽ നിന്ന് വന്ന സന്ദേശങ്ങൾ ശരീരത്തിലേക്ക്, പോകാൻ തുടങ്ങി. ജഡചിന്തകളെ വിട്ടിട്ട് ആത്മ ചിന്തകളാൽ ദേഹി നിറയാൻ തുടങ്ങി.

**ആത്മീയ മനുഷ്യൻ ആത്മാവിനെ**

**അനുസരിച്ച് ആത്മീയമായി വളരുന്നു**




**ആത്മാവിന്റെ നിർദ്ദേശങ്ങൾ കൂടുതലായി ശരീരം അനുസരിക്കുന്നു.**

ചിത്രം - 26

അതായത് നമ്മുടെ ദേഹി ലോകജഡചിന്തകളെ കീഴടക്കി പുതുക്കം പ്രാപിച്ച് ആത്മാവിന്റെ ചിന്തകളാൽ നിറയാൻ തുടങ്ങി. [ചിത്രത്തിൽ (25, 26) ദേഹിയിലെ കറുത്ത കളർ മാറി വെളുത്തുവരുന്നതായി കാണാം.]

മൂന്ന് തരത്തിലുള്ള മാറ്റങ്ങൾ ചിത്രങ്ങളിൽ ദേഹിക്ക് കൊടുത്തിട്ടുണ്ട്, അവ അർത്ഥമാക്കുന്നത്.

| | | | |
|---|---|---|---|
| 1. | ദേഹിയുടെ വലിപ്പം കുറയുന്നു | = | സ്വയം ത്യജിക്കുന്നു. |
| 2. | ദേഹിയിലുള്ള കറുത്ത നിറം കുറയുന്നു | = | ജഡസ്വഭാവം കുറയുന്നു. |
| 3. | ദേഹി ആത്മാവോട് അടുക്കുന്നു | = | ദേഹി ആത്മസ്വഭാവത്താൽ നിറയപ്പെടുന്നു. |

തന്നത്താൻ ത്യജിച്ച് ദേഹി (Soul) ശൂന്യമാക്കി കൊടുത്താൽ മാത്രമേ നമ്മെ നിറയ്ക്കാനായിട്ട് ദൈവാത്മാവിന് പറ്റുകയുള്ളൂ. നിറയ്ക്കണേ, നിറയ്ക്കണേ എന്നാണ് നാം പ്രാർത്ഥിക്കുന്നത്. കർത്താവ് നിറയ്ക്കാൻ വേണ്ടി വാതില്ക്കൽ വന്നു നിൽക്കുകയാണ്. പക്ഷേ നിറയ്ക്കുവാനായിട്ട് പറ്റുന്നില്ല കാരണം ദേഹിയുടെ ഉള്ളിൽ മുഴുവൻ ലോകജഡചിന്ത നിറഞ്ഞിരിക്കുകയാണ്. പിന്നെ എങ്ങനെയാണ് നിറയ്ക്കുന്നത്. നാം ഒഴിച്ചുകൊടുത്താൽ മാത്രമേ നിറയ്ക്കാനായിട്ട് പറ്റുകയുള്ളു.

കഷ്ടം സഹിക്കാനുള്ള ആയുധം കയ്യിൽ ഉണ്ടോ? സ്വയത്തെ ത്യജിച്ച് കഷ്ടം സഹിക്കാനുള്ള മനോഭാവം നാം ആയുധമായി ധരിയ്ക്കണം. (1 പത്രോ.4:1-2 ) എങ്കിൽ മാത്രമേ നമുക്കിത് ഒഴിക്കാൻ പറ്റുകയുള്ളു. അല്ലെങ്കിൽ ലോകജഡചിന്തകൾ ഒഴിയുകയില്ല. ഒഴിയാതെ കർത്താവിന് നിറയ്ക്കാനും പറ്റത്തില്ല. നമ്മൾ നിറയ്ക്കണേ, പിന്നെയും ഒഴിക്കുമ്പോഴാണ് അത് കവിഞ്ഞ് പുറത്തേക്ക് പോകുകയും, മറ്റുള്ളവർക്ക് അനുഗ്രഹമായി തീരുകയും ചെയ്യുന്നത്. ആത്മീയ വളർച്ച പ്രാപിക്കുന്നതിനനുസരിച്ച് ആത്മനദി അവരിൽ നിന്ന് വെളിയിലേക്കൊഴുകുവാൻ തുടങ്ങും (യോഹ.7:38).

ആദ്യം നമ്മിൽ നിറയണം, പിന്നെയാണ് കർത്താവൊഴിക്കുമ്പോൾ നിറഞ്ഞ് കവിഞ്ഞ് ഒഴുകേണ്ടത്. ആദ്യം നാം നമ്മുടെ ഹൃദയമാകുന്ന കുടം കാലിയാക്കാതിരുന്നാൽ കർത്താവിന് അത് നിറയ്ക്കാനായിട്ട് കഴിയത്തില്ല.

> പ്രായോഗിക ജീവിതത്തിൽ ആത്മാവു തരുന്ന വചനത്തിന്റെ ചിന്തയാൽ ആണ് നമ്മൾ നമ്മുടെ സ്വയത്തെ പിടിച്ചു കെട്ടുന്നത്.

അപ്പോൾ നിറയ്ക്കണേ എന്ന് പ്രാർത്ഥിക്കുന്നതിന് മുമ്പ് കർത്താവ് നമ്മളെ ഒഴിച്ചെടുക്കുവാൻ വച്ചിരിക്കുന്ന ശുശ്രൂഷ നാം ഏറ്റെടുക്കണം. നമുക്ക് ആ ശുശ്രൂഷയിൽ വേണമെങ്കിൽ പങ്കെടുക്കാം. വേണ്ടെങ്കിൽ

പങ്കെടുക്കണ്ട. ദൈവമാഗ്രഹിക്കുന്നത് നാം പങ്കെടുക്കണമെന്നും, നമ്മുടെ ദേഹിക്ക് ആശ്വാസം ലഭിക്കണമെന്നുമാണ്. (മത്താ. 11:29)

## പാപത്തിന്റെ നുകവും, യേശുവിന്റെ നുകവും

കർത്താവ് പറയുന്നത്. നിങ്ങൾ എന്നെ ഗുരു ആക്കാൻ ആഗ്രഹിച്ചാൽ എന്റെ നുകം ഏൽക്കണം.

**"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ." (മത്താ. 11:29)**

ഒരുപക്ഷേ ചിലപ്പോൾ നാം കേട്ടത് യേശുവിന്റെ അടുക്കലേക്ക് ചെന്നാൽ എല്ലാ നുകവും നീങ്ങിപോകും എന്നായിരിക്കും. എന്നാൽ യേശു പറയുന്നത് അങ്ങനെയല്ല, നിങ്ങൾ എന്റെ അടുത്തു വരുമ്പോൾ ഒരു നുകം മാറ്റി വേറൊന്നു തരും. പാപത്തിന്റെ നുകം നിങ്ങളിൽ നിന്ന് എടുത്ത് മാറ്റി, പകരം എന്റെ നുകം നിങ്ങളിൽ വെച്ചു തരുകയാണ് ചെയ്യുന്നത്. ദൈവഹിതപ്രകാരം കഷ്ടം സഹിക്കാനുള്ള മനോഭാവം നാം ഏൽക്കണം. ജഡസ്വഭാവം നിറഞ്ഞു നിൽക്കുന്ന ദേഹിയെ (സൂക്കേയെ) നാം നോക്കരുത്. സാധാരണ നാം അതേ ചെയ്യുകയുള്ളൂ.

> യേശു തന്റെ അടുക്കൽ വരുന്നവരുടെ പാപത്തിന്റെ നുകം എടുത്തുമാറ്റി തന്റെ നുകം അവരുടെ മേൽ വച്ച് അവരെ പഠിപ്പിക്കുന്നു.

എന്റെ ജീവിതത്തിൽ ഒരുവൻ എന്നെ അടിച്ചപ്പോൾ ഞാൻ ആദ്യം ലോകത്തിലേക്ക്, എന്റെ ജഡത്തിലേക്ക് നോക്കി. ഞാൻ പോലും അറിയാതെ പഴയ രീതിയിൽ (Programme ൽ) തിരിച്ചടിച്ചു. എന്നാൽ തുടർന്ന് ഞാൻ കർത്താവിലേക്ക് നോക്കിയപ്പോൾ, വചനത്തിലേക്ക് നോക്കിയപ്പോൾ തിരിച്ചടിക്കയല്ല ചെയ്തത് പകരം ആത്മാവിന്റെ ചിന്തയാൽ തിരിച്ചടിക്കാൻ ആഗ്രഹിച്ച എന്നെ പിടിച്ചുകെട്ടുകയാണ് ചെയ്തത്. ഇനിയും കർത്താവ് നമ്മളെ വീണ്ടും വളർത്താൻ പോവുകയാണ്. ആദ്യം ഞാനവനെ തിരിച്ചടിച്ചു, രണ്ടാമത് അടിച്ചപ്പോൾ വളരെ പ്രയാസത്തോടുകൂടെ, ദൈവാത്മാവിനെ അനുസരിച്ച് തിരിച്ചടിക്കാതെ കടന്നുപോകുവാൻ ഇടയായി. പ്രായോഗിക ജീവിതത്തിൽ ദൈവാത്മാവു തരുന്ന വചനത്തിന്റെ ചിന്തയാൽ ആണ് നമ്മൾ നമ്മുടെ സ്വയത്തെ പിടിച്ചു കെട്ടുന്നത്.

ലോകം പറയുന്നത് അടിക്കണം, വചനം, പറയുന്നു അടിക്കരുത്. കൂട്ടുകാരൻ പറയുന്നു. നീ ആണാണോടാ? സഹിക്കാൻ വയ്യ. രണ്ടു

ചിന്തകളും കൂടി അതിയായ സംഘർഷമാണ് ദേഹിയിൽ (മനസ്സിൽ). ഈ അവസ്ഥയിൽ കർത്താവ് നമ്മെ സ്വതന്ത്രനായിട്ട് വിടും.

ആ സമയം കൊണ്ട് നമ്മൾ അനുവദിച്ചു കൊടുക്കുന്നുവെങ്കിൽ (സ്വയം ത്യജിക്കുന്നുവെങ്കിൽ) കർത്താവിന്റെ വചനത്തിന്റെ വേരൊക്കെ അകത്തോട്ടങ്ങിറങ്ങും, അതായത് നമ്മുടെ ദേഹിയിലോട്ട് ഇറങ്ങും. ഇറങ്ങി കഴിഞ്ഞാൽ നമ്മുടെ ദേഹി (Soul) കൂടുതൽ ആത്മാവിന്റെ ചിന്തയാൽ നിറയും. അതായത് പുതിയ സൃഷ്ടിയായ ആത്മാവ് (Spirit) ദേഹിയെ (Soul) കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഒരു യുദ്ധത്തിൽ ഒരു സൈന്യം വേറൊരു രാജ്യത്തെ കീഴ്പ്പെടുത്തുന്നതുപോലെ ആത്മാവ് ദേഹിയിലുള്ള ജഡചിന്തകളോട് യുദ്ധം ചെയ്തുകൊണ്ടിരിക്കും. ആത്മാവ് ദേഹിയെ കീഴ്പ്പെടുത്തി ശരീരത്തെ ഉപയോഗിക്കാൻ തുടങ്ങും. ഇത്രയൊക്കെ ചെയ്തു കഴിയുമ്പോൾ നാം ചിന്തിക്കും, നാം വലിയ ആത്മീകരാണെന്ന്. തുടർന്ന് നാം മറ്റുള്ളവരോട് പറയും "അവനെന്നെ അടിച്ചിട്ടുപോലും സഹോദരാ, സഹോദരീ ഞാൻ ഒന്നും ചെയ്തില്ല കേട്ടോ."

അപ്പോൾ നമ്മുടെ ഇപ്പോഴത്തെ നിലവാരം വെച്ച് നാം വലിയ ആത്മീയനെന്നാണ് തോന്നുന്നത്. എത്തിയിട്ടില്ല, ഇനിയും വളരാനുണ്ട്. ശത്രു അടിച്ചാൽ അടിയ്ക്കാതിരുന്നാൽ മാത്രം പോരാ. ഇനി അതിലും വലിയ സഹനം കാത്തു നിൽക്കുന്നു. "അടുത്ത കവിളും കൂടി കാണിച്ചുകൊടുക്കുക."

ഈ സമയത്ത് വായനക്കാരായ ചിലർക്ക് വല്ലാത്ത ഒരു ചിന്തയുണ്ടാകും. ആരും പ്രയാസപ്പെടരുത്. കാരണം ഈ പ്രയാസം എന്നു പറയുന്നത് സൂക്കേയുടെ (ജഡസ്വഭാവം നിറഞ്ഞ ദേഹിയുടെ) ചിന്തയാണ്.

"ഇതൊക്കെ ആരെക്കൊണ്ട് പറ്റും?"

ഇതു ആരെക്കൊണ്ടാണ് പറ്റുന്നത്. ആ വ്യക്തി ദൈവരാജ്യത്തിന് പ്രയോജനമുള്ളവനായിത്തീരും. ആ വ്യക്തിയിലൂടെ ദൈവരാജ്യം വ്യാപരിക്കും. അടുത്ത പ്രാവശ്യം ഈ വ്യക്തി അടിക്കാൻ വരുമ്പോൾ നേരത്തെ അടിച്ചതുപോലെ തിരിച്ചടിക്കയല്ല, അനങ്ങാതിരിക്കുകയുമല്ല. പകരം മറ്റേ കവിളും കൂടെ തിരിച്ചു കാണിച്ചു കൊടുക്കണം. ഇങ്ങനെ ചെയ്യാൻ ഈ ദേഹിക്ക് എത്രമാത്രം ബലം വേണമെന്നറിയാമോ? അതായത് ആത്മാവിനാൽ അത്രത്തോളം നമ്മുടെ

ദേഹിയെ കീഴടക്കിയില്ലെങ്കിൽ, നമുക്ക് തിരിച്ച് മറ്റേ കവിൾ കാണിക്കാനായിട്ട് പറ്റില്ല. അപ്പോൾ എന്താണ് സംഭവിക്കുന്നത്?

ഓരോ പ്രാവശ്യം ദൈവം നമ്മുടെ ആത്മീയ അവസ്ഥ വളർച്ചയിലേക്ക് മാറ്റിക്കൊണ്ടിരിക്കും ഈ നടക്കുന്ന പരിശുദ്ധാത്മാവിന്റെ പരിശീലനത്തിൽ യഥാർത്ഥമായി പങ്കെടുക്കുന്ന വ്യക്തികൾ ഒരു കാര്യം അറിയും. അവരുടെ ഉള്ളിൽ അവർ പോലും അറിയാതെ ആത്മാവിന്റെ തേജസ്സ് വളരുന്ന ഒരു കാഴ്ച അവർക്ക് കാണാൻ പറ്റും. ഇതാണ് പൗലോസ് അപ്പോസ്തലൻ പറയുന്നത്,

**"നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു." (2 കൊരി 4:17)**

**"ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവു നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലോ."**
**(1 പത്രോ. 4:14)**

തുടർന്ന് ക്രിസ്തുവിന്റെ തേജസ്സ് നമ്മിലൂടെ വ്യാപരിക്കുന്നു.

**"എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു." (2 കൊരി. 3:18)**

പരിശുദ്ധാത്മാവിന്റെ പരിശീലനത്തിലൂടെ നമ്മുടെ ദേഹി തകരുമ്പോഴും, കർത്താവിന്റെ വേലയിൽ കഷ്ടങ്ങൾ നാം അനുഭവിക്കുമ്പോഴും, നമ്മുടെ ആത്മീയ തേജസ്സ് (ദൈവസാന്നിദ്ധ്യം) വർദ്ധിക്കുവാൻ ഇടയാകും. ഈ ദൈവസാന്നിദ്ധ്യം നമുക്ക് എന്നെന്നും നിലനിൽക്കുന്ന ഏറ്റവും വലിയ സമ്പത്താണ്.

'എത്ര നല്ല ദൈവമാ നമ്മുടെ ദൈവം. ഈ സ്നേഹനിധിയായ ദൈവത്തിന്റെ മുമ്പിൽ, തന്ന വചനത്തിന് നന്ദി പറഞ്ഞുകൊണ്ട്, കർത്താവേ ഇനിയും ആത്മീയമായി എന്നെ വളർത്തണേ എന്ന് നമുക്ക് താഴ്മയായി അപേക്ഷിക്കാം.'

# പ്രധാനതത്വങ്ങൾ

1. നാമിന്നൊരു രൂപാന്തരപ്പെടൽ പ്രക്രിയയിലാണ്. ജഡചിന്ത മാറി ആത്മാവിന്റെ ചിന്ത നിറയ്ക്കുക എന്ന പ്രക്രിയയിലാണ് നാം ഇന്ന് ആയിരിക്കുന്നത്. പരിശുദ്ധാത്മാവാണ് നമ്മുടെ സഹകരണ ത്തോടെ ഈ ശുശ്രൂഷ ചെയ്യുന്നത്.
2. നമ്മെ അടിക്കുന്നവനെ തിരിച്ചടിക്കാൻ വലിയ ബലമൊന്നും വേണ്ട, നാം പോലും അറിയാതെ നമ്മുടെ കൈ പൊങ്ങിപ്പോകും. പക്ഷേ നമ്മെ അടിക്കുന്നവനെ തിരിച്ച് അടിക്കാതെ ഇരിക്കുവാൻ വളരെയധികം ബലം ആവശ്യമാണ്.
3. പ്രശ്നങ്ങളുടെ നടുവിൽ ഒരു സന്ദേശവാഹകനും ഒരു സന്ദേശവും ഉള്ള കാര്യം നമ്മൾ ചിന്തിക്കുന്നതേയില്ല. നാം നമ്മെ എപ്പോഴും പ്രശ്നം മാത്രമേ കാണുന്നുള്ളൂ, എന്നാൽ ഇനി മുതൽ സന്ദേശ വാഹകനേയും, സന്ദേശത്തെയും കാണണം.
4. രക്ഷിക്കപ്പെട്ട സമയം, നാം കഴിഞ്ഞ കാലങ്ങളിലുള്ള എല്ലാ പാപ ത്തിന്റെ ശിക്ഷയിൽ നിന്നും (Penalty of sin) വിടുതൽ പ്രാപിച്ചു വെങ്കിലും, ദേഹിയിലുള്ള പാപസ്വഭാവത്തിൽ നിന്നും (Character of sin) വിടുതൽ പ്രാപിച്ചിട്ടില്ല.
5. പാപസ്വഭാവം ഇപ്പോഴും നമ്മുടെ (വീണ്ടെടുക്കപ്പെട്ടവരുടെ) ഉള്ളിൽ ഉണ്ട്. അതുകൊണ്ടാണ് നാം ഇപ്പോഴും നുണ പറയുന്നത്. അതുകൊണ്ടാണ് വീണ്ടും കുറ്റം പറയുന്നത്.
6. യേശുവിന്റെ രക്തം നമ്മുടെ പാപങ്ങളെ കഴുകി ശുദ്ധീകരി ക്കുമ്പോൾ, യേശുവിന്റെ ക്രൂശ് നമ്മുടെ പാപസ്വഭാവത്തെ നമ്മളിൽ നിന്നും എടുത്തുകളയും.
7. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നമ്മുടെ പാപം മുഴുവൻ പോയി (ക്ഷമിക്കപ്പെട്ടു) എന്നാൽ യേശുവിന്റെ ക്രൂശിൽ നാം കീഴ്പ്പെടുത്തി കൊടുക്കുമ്പോൾ നമ്മുടെ പാപസ്വഭാവങ്ങളും പോകും.
8. നമ്മൾ നൂറു നല്ല കാര്യങ്ങൾ നമ്മുടെ ഇഷ്ടമനുസരിച്ച് ചെയ്യുന്ന തിനേക്കാൾ, ദൈവത്തിനു പ്രസാദം, ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന ഒരു കാര്യം ചെയ്യുന്നതിലാണ്.
9. ക്രിസ്തു നമ്മുടെ കൂട്ടുവേലക്കാരനല്ല പകരം നാം ക്രിസ്തുവിന്റെ

കൂട്ടുവേലക്കാരാണ്.

10. രക്ഷിക്കപ്പെട്ട നാൾമുതൽ ഈ ഭൗതിക ലോകത്തിൽ നിന്ന് മാറ്റപ്പെടുന്നതുവരെ ഓരോ വിശ്വാസിയും ഒരു രൂപാന്തരപ്പെടൽ ശുശ്രൂഷയിലാണ്.
11. ആത്മീയ വളർച്ചയിൽ ആത്മചിന്തയും ജഡചിന്തയും തമ്മിലുള്ള യുദ്ധം നടക്കുന്നത് നമ്മുടെ അകത്ത് മനസ്സിൽ അഥവാ ദേഹിയിലാണ് (Soul).
12. നാം എത്രത്തോളം ആത്മാവിന്റെ ചിന്തയെ വളർത്തുന്നുവോ അത്രത്തോളം അകത്തെ മനുഷ്യൻ ബലപ്പെടും. എത്രത്തോളം ബലപ്പെട്ടുവോ അത്രത്തോളം ഈ മനുഷ്യന് ജഡത്തെ പിടിച്ചുകെട്ടാൻ സാധിക്കും.
13. ക്രിസ്തീയ ജീവിതത്തിൽ ആത്മീയ വളർച്ചയുടെ ഏറ്റവും ഉന്നത മായ നിലയാണ് ഒരുവന്റെ സ്വയം പൂജ്യം (Zero) ആകുക എന്നുള്ളത്. ആ സമയമാണ്, ആ വ്യക്തിയുടെ ഉള്ളിൽ നിന്ന് ക്രിസ്തു അനുരൂപമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള പുതുമനുഷ്യൻ പൂർണ്ണമായി വെളിപ്പെടുന്നത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ക്രിസ്തുവാകുന്ന തലയോളം വളർന്നത്.
14. പ്രായോഗിക ജീവിതത്തിൽ ദൈവാത്മാവ് തരുന്ന വചനത്തിന്റെ ചിന്തകളാലാണ് നമ്മൾ നമ്മുടെ സ്വയത്തെ പിടിച്ചു കെട്ടുന്നത്.



അദ്ധ്യായം 13

# നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു

"നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു;
മലമ്മേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല."
(മത്തായി 5:14)

കർത്താവായ യേശു തന്റെ പരസ്യ ശുശ്രൂഷയിൽ തന്നെ അനുഗമിച്ച ജനത്തെ നോക്കി ഇങ്ങനെ പറഞ്ഞു. "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു." നാം ലോകത്തിന്റെ വെളിച്ചമാണ് എന്ന് പറഞ്ഞിട്ട് എന്തുകൊണ്ടാണ് അത് വെളിപ്പെടാതിരിക്കുന്നത്?


## വെളിച്ചം തടയുന്നത് നാം തന്നെ

നാം നമ്മുടെ ജഢചിന്തകളെ കൊല്ലുന്നുവെങ്കിൽ മാത്രമേ നമ്മുടെ അകത്തുള്ള കർത്താവിന്റെ തേജസ്സിന് പ്രകാശിക്കാൻ കഴിയുകയുള്ളു. ഇത് എളുപ്പത്തിൽ മനസ്സിലാക്കാൻ ഒരു ഉദാഹരണം എഴുതട്ടെ. നാം നക്ഷത്രം (Star) ഉണ്ടാക്കുന്ന കടലാസ് എടുക്കുക. അതിനുശേഷം ഒന്നിൽ ഇങ്ങനെ എഴുതുക. 'കോപം' എന്നിട്ട് നന്നായി കത്തുന്ന ഒരു ബൾബിനെ മൂടികെട്ടിയാൽ ബൾബിന്റെ പ്രകാശം കൂടുമോ? കുറയുമോ? കുറയും.

മറ്റൊരു കടലാസ് എടുത്തിട്ട് അസൂയ എന്നെഴുതുക, എന്നിട്ട് വീണ്ടും ചുറ്റുക ആദ്യം ചുറ്റിയതിന് മുകളിൽ ലൈറ്റിന്റെ പ്രകാശം കുറയുന്നതായിട്ട് കാണാം. ഇങ്ങനെ ജഢത്തിന്റെ ഓരോ പ്രവൃത്തിയും ഈ നക്ഷത്ര കടലാസിൽ എഴുതി ബൾബിനെ പൊതിഞ്ഞാൽ, ബൾബിന്റെ പ്രകാശം നമുക്ക് അവസാനം ലഭിക്കാതിരിക്കുകയും, പൂർണ്ണമായും ഇരുട്ടാകുകയും ചെയ്യും. ബൾബ് കത്താഞ്ഞിട്ടല്ല, അത് കത്തുന്നുണ്ട്, പക്ഷേ പ്രകാശം വെളിയിലോട്ട് വിടാതെ ആ കടലാസുകൾ ഈ പ്രകാശത്തെ മറച്ചിരിക്കുകയാണ്. ഇതുപോലെ തന്നെ നമ്മുടെ ഉള്ളിലുള്ള ക്രിസ്തുവിന്റെ പ്രകാശത്തെ, നമ്മുടെ ജഢത്തിന്റെ ചിന്തകൾ മൂടിക്കെട്ടുകയാണ്. ഈ ഒരു വിവരം നമുക്ക് അറിഞ്ഞുകൂടാ.

അറിഞ്ഞാലെ എന്തെങ്കിലും ഒരു പ്രതിവിധി ചെയ്യുവാൻ കഴിയുകയുള്ളു. ഇതു കൊണ്ടാണ് ദൈവവചനം പറയുന്നത് ജഡത്തിന്റേതായ, സ്വയത്തിന്റേതായ ഈ മൂടുപടം നാം മാറ്റണം. ക്രിസ്തുവിന്റെ തേജസ്സിനെ നാം പ്രകാശിപ്പിക്കണം.

**"എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു. അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു." (2 കൊരി.3:18)**




**വീണ്ടെടുക്കപ്പെട്ട മനുഷ്യരുടെ ജഡചിന്തകൾ ക്രിസ്തുവിന്റെ പ്രകാശത്തെ (സ്വഭാവത്തെ) ലോകത്തിലേക്ക് കടന്നുവരാതെ തടയുന്നു**

ചിത്രം - 27

ഈ പ്രകാശത്തിനെ തടയുന്നതിനെയെല്ലാം തകർത്ത് മാറ്റി ആത്മീയ പ്രകാശത്തെ നമ്മിലൂടെ വെളിയിൽ കൊണ്ടുവരിക എന്നത് ഇനി ദൈവത്തിന്റെ പദ്ധതിയാണ്. ദുഷ്ടൻ നട്ട അനേക തൈകളാണ് (ലോക ജഡചിന്തകൾ) ഈ ദൈവീക പ്രകാശത്തെ തടയുന്നത്. ഈ

തൈയൊന്നും പിതാവ് നട്ടതല്ല നാം സഹകരിച്ചാൽ നമ്മുടെ സഹകരണത്തോടെ പിതാവ് തന്റെ പരിശുദ്ധാത്മ ശുശ്രൂഷയിലൂടെ ഇത് ഓരോരോന്നോരോന്നായി നമ്മിൽ നിന്ന് പറിച്ച് കളയും. നാം സഹ കരിച്ചാൽ മാത്രമേ ഈ പ്രവൃത്തി നടക്കുകയുള്ളു, ഇല്ലായെങ്കിൽ നടക്കുകയില്ല. അപ്പോൾ ഒരു വിശ്വാസി വീണ്ടും ജനിച്ച നാൾ മുതൽ ആ വ്യക്തിയുടെ ഈ ലോകത്തിലെ ശരീരത്തിൽ നിന്നുള്ള (മണ്ണു കൊണ്ടുള്ള ഉടുപ്പ്) വേർപാടിന്റെ സമയം വരെ ആ വ്യക്തിയെ ദൈവം രൂപാന്തരപ്പെടുത്തുകയാണ് അഥവാ ഒരുക്കുകയാണ്. അപ്പോൾ പ്രിയ ദൈവപൈതലേ നീ പറയണം ഞാൻ ഇന്ന് ഒരുക്കപ്പെട്ടുകൊണ്ടി രിക്കുകയാണ്. (I am not a finished product. I am in a process) ഞാൻ പൂർണ്ണനായിട്ടില്ല, ഇന്നും എന്നിൽ ദൈവ പ്രവർത്തി നടക്കുകയാണ്.

## കഷ്ടതകളിന്മേൽ ദൈവീക മനുഷ്യന്റെ കാഴ്ചപ്പാട്

കഷ്ടതകളോ വിഷയങ്ങളോ ജീവിതത്തിൽ വന്നാൽ, ഉടനെ ലോകമക്കളെപ്പോലെ അതെങ്ങനെ മാറും എന്നല്ല ചിന്തിക്കേണ്ടത്.

***"കർത്താവേ, ഈ കഷ്ടത എന്റെ ജീവിതത്തിൽ വന്നത് അങ്ങ് അറിയാതെയല്ല. എന്റെ ശരീരത്തിൽ നിന്ന് ഒരു രോമം താഴെ വീഴണമെങ്കിൽ അത് അങ്ങ് അറിഞ്ഞുകൊണ്ടേ***

***സംഭവിക്കുകയുള്ളൂ. അപ്പാ അങ്ങ് എന്നോട് എന്താ ഇതിലൂടെ പറയാൻ ആഗ്രഹിക്കുന്നത്? എന്താ ഞാൻ ചെയ്തു തരേണ്ടത്?''*** ഇത് കർത്താവിനോട് ചോദിച്ചു കഴിഞ്ഞാലുടൻ തന്നെ മറുപടി കർത്താവ് തരും മറുപടി അനുസരിച്ച് നാം മാറിയാൽ പെട്ടെന്ന് നമ്മുടെ കഷ്ടത മാറും, പിന്നെ അത് പുറകെ വരത്തില്ല. ജയിക്കുവാൻ വേണ്ടിയാണ് പരീക്ഷ വച്ചത് നാം കഷ്ട പ്പാടാണ് എന്ന് ചിന്തിച്ച് പരീക്ഷയിൽ നിന്ന് ഒഴിഞ്ഞു മാറിയാൽ വീണ്ടും അതേ ക്ലാസ് തന്നെ എഴുതിക്കൊണ്ടിരിക്കേണ്ടിവരും. പല

> ജയിക്കുവാൻ വേണ്ടിയാണ് പരീക്ഷ വെച്ചത്, നാം കഷ്ടപ്പാടാണ് എന്ന് ചിന്തിച്ച് പരീക്ഷയിൽ നിന്ന് ഒഴിഞ്ഞു മാറിയാൽ വീണ്ടും അതേ ക്ലാസ് തന്നെ എഴുതിക്കൊണ്ട് ഇരിക്കേണ്ടിവരും.

പരീക്ഷകൾ എഴുതിയിട്ടും പാസ്സാകാത്തവരായിരിക്കാം ഒരു പക്ഷേ നമ്മിൽ പലരും.

പലപ്പോഴും കഷ്ടം പോകാത്തതിന്റെ കാരണം കഷ്ടം ഒഴിഞ്ഞു പോകാൻ വേണ്ടിയുള്ള പ്രാർത്ഥനയാണ്. ഒഴിഞ്ഞുപോകുവാൻ വേണ്ടിയല്ല നാം പ്രാർത്ഥിക്കേണ്ടത്. പരീക്ഷയിൽ ജയത്തോടെ കടന്നു പോകാൻ വേണ്ടിയാണ് നാം പ്രാർത്ഥിക്കേണ്ടത്. പരീക്ഷയിലൂടെ നാം വിജയകരമായി അപ്പുറത്ത് പോകേണ്ടിയിരിക്കുന്നു. എന്നാലേ നമുക്ക് ഉയർച്ച (പ്രൊമോഷൻ) ലഭിക്കുകയുള്ളു. അഞ്ചാം ക്ലാസ്സിൽ നിന്നും ആറാം ക്ലാസ്സിലേക്ക് ഉയർച്ച ലഭിക്കുന്നതുപോലെ

***'പരീക്ഷ ജയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ'*** **(യാക്കോ 1:12)**

## പരീക്ഷയും പ്രലോഭനവും തമ്മിലുള്ള വ്യത്യാസം എന്ത്?

ദൈവം പരീക്ഷ നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്നത് നാം കേട്ടതും മനസ്സിലാക്കിയതുമായ ദൈവവചനം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും, നമ്മെ ഉയർത്തുവാനും വേണ്ടിയാണ്. (മത്തായി 13:21, യാക്കോബ് 1:12) എന്നാൽ കൂടുതൽ ജനങ്ങൾക്കും പരീക്ഷ സമയത്ത് തങ്ങൾ കേട്ട വചനം പ്രാവർത്തികമാക്കുന്നതിനെക്കാൾ താല്പര്യം **(1 കൊരി 3:3, യാക്കോബ് 1:22, റോമർ 12:2)** തങ്ങളുടെ പഴയ ജഡചിന്തകൾ പ്രകാരം പ്രവർത്തിക്കുന്നതാണ്. അങ്ങനെ ഒരു പ്രേരണ നമ്മുടെ ഉള്ളിൽ വരുമ്പോൾ പരീക്ഷ പ്രലോഭനമായി മാറുന്നു. **(യാക്കോബ് 1:13-14)** എന്നാൽ ഈ പ്രലോഭനങ്ങളെ ദൈവാത്മാവ് എടുത്ത് തരുന്ന വചനങ്ങളാൽ നമുക്ക് കീഴടക്കേണ്ടതായിട്ടുണ്ട്. (റോമർ 8:13, ഗലാ 5:16)

## എന്തിനാണ് പരീക്ഷ?

നാം കൊള്ളാവുന്നവരായി മാറേണ്ടതിനാണ് പരീക്ഷ. എങ്കിലേ നമുക്ക് പ്രതിഫലമുള്ളു. പരീക്ഷ (Test) നമ്മെ തകർക്കുവാൻ വേണ്ടിയല്ല ഉയർത്തുവാൻ വേണ്ടിയാണ്. ദൈവത്തിന്റെ വചനം പറയുന്നു, 'സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപ്പാർക്കും, ഉഷസ്സിലോ ആനന്ദഘോഷം വരുന്നു' **(സങ്കീ 30:5).** പരീക്ഷ(രാത്രി) അധികനേരം ഉണ്ടാവുകയില്ല ഉടനെ നേരം വെളുക്കും. അപ്പോൾ നാം പഴയ ദിവസത്തിൽ ആയിരിക്കില്ല ഒരു പുതിയ പ്രഭാതത്തിൽ ഒരു പ്രമോഷനോടുകൂടെ ആയിരിക്കും. പരിശുദ്ധാത്മാവ് നമ്മെ ഒരുക്കുന്ന

(Process) ശുശ്രൂഷയിലൂടെ നാം കടന്നുപോയെങ്കിൽ മാത്രമേ; നാം മുമ്പ് വായിച്ചതുപോലെ, ആ ബൾബിന്റെ മുകളിലുള്ള ഓരോ കടലാസുകളും ഓരോന്നായി പൊളിച്ചു മാറ്റുമ്പോൾ ആ പ്രകാശം പുറത്തേക്ക് വന്ന് നമുക്കും, നമ്മിലൂടെ മറ്റുള്ളവർക്കും അനുഗ്രഹമായി തീർന്നതുപോലെ ക്രിസ്തുവിന്റെ പ്രകാശത്തെ മറയ്ക്കുന്ന നമ്മിലെ ജഡത്തിന്റെ ചിന്തകളെ ദൈവാത്മാവിനാൽ നാം നിഗ്രഹിക്കുന്നുവെങ്കിൽ ദൈവത്തിന്റെ ഇഷ്ടം ഭൂമിയിൽ ചെയ്യുവാൻ കഴിയുകയുള്ളു. ദൈവാത്മാവിന്റെ സഹായത്തോടെ നമുക്ക് ക്രിസ്തുവിന്റെ തേജസ്സിനെ കണ്ണാടിയിൽ എന്നപോലെ പ്രതിബിംബിപ്പിക്കുന്നവരായി ലോകത്തിനുതന്നെ ഒരനുഗ്രഹമായിത്തീരാം.

**ദൈവം ഇതിനായി നമ്മെ ഒരുക്കുകയും സഹായിക്കുകയും ചെയ്യട്ടെ. ഇതിനായി നമുക്ക് താഴ്മയോടെ ദൈവസന്നിധിയിൽ ഏല്പിച്ചുകൊണ്ട് പ്രാർത്ഥിക്കാം.**

## പ്രധാനതത്വങ്ങൾ

1. നാം നമ്മുടെ ജഡ ചിന്തകളെ ദൈവാത്മാവിനാൽ മരിപ്പിക്കുന്നുവെങ്കിൽ മാത്രമേ നമ്മുടെ അകത്തുള്ള കർത്താവിന്റെ തേജസ്സിനെ ലോകത്തിലേക്ക് പ്രകാശിപ്പിക്കാൻ കഴിയുകയുള്ളു.
2. ഒരു വിശ്വാസി വീണ്ടും ജനിച്ച നാൾ മുതൽ ആ വ്യക്തിയുടെ ഈ ലോകത്തിലെ ശരീരത്തിൽ നിന്നുള്ള (മണ്ണുകൊണ്ടുള്ള ഉടുപ്പ്) വേർപാടിന്റെ സമയം വരെ ആ വ്യക്തിയെ ദൈവം രൂപാന്തരപ്പെടുത്തുകയാണ് അഥവാ ഒരുക്കുകയാണ്.
3. ജയിക്കുവാൻ വേണ്ടിയാണ് പരീക്ഷ വച്ചത്. നാം കഷ്ടപ്പാടാണ് എന്ന് ചിന്തിച്ച് പരീക്ഷയിൽ നിന്ന് ഒഴിഞ്ഞു മാറിയാൽ വീണ്ടും അതേ ക്ലാസ് തന്നെ എഴുതിക്കൊണ്ടിരിക്കേണ്ടിവരും.
4. പരീക്ഷ (Test) നമ്മെ തകർക്കുവാൻ വേണ്ടിയല്ല ഉയർത്തുവാൻ വേണ്ടിയാണ്.
5. പരീക്ഷ (രാത്രി) അധികനേരം ഉണ്ടാവുകയില്ല ഉടനെ നേരം വെളുക്കും. അപ്പോൾ നാം പഴയ ദിവസത്തിൽ ആയിരിക്കില്ല ഒരു പുതിയ പ്രഭാതത്തിൽ ഒരു പ്രമോഷനോടുകൂടെ ആയിരിക്കും.



അദ്ധ്യായം 14

# സ്വയേ മനുഷ്യരുടെ (ദൈവപുത്രന്മാരുടെ) ഈ ലോകത്തിലെ വെളിപ്പെടൽ

വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: "എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കും ഹാനി വരികയില്ല; രോഗികളുടെ മേൽ കൈ വച്ചാൽ അവർക്കും സൗഖ്യം വരും."

(മർക്കോസ് 16:17-18)

## ദൈവപുത്രന്മാർ (സ്വയേ മനുഷ്യർ)

ഒരു ജീവൻ മറ്റൊരു ജീവനെ കീഴടക്കുന്നത് എങ്ങനെയാണ്? അതായത് സ്വയേ (zoe) സൂക്കേയെ (Psuche) കീഴടക്കുന്നത് എങ്ങനെയാണ്?

സ്വയേ-
ദൈവീക ജീവൻ
സൂക്കേ-
മാനുഷിക ജീവൻ

നമ്മുടെ ഉള്ളിൽ തന്നെ രണ്ടു ജീവനും, രണ്ടു സ്വയവും ഉണ്ടെന്നും വീണ്ടെടുക്കപ്പെട്ട നാം ഒരു സമയത്ത് രണ്ട് രാജ്യത്തിലാണ് ജീവിക്കുന്നതെന്നും നാം മനസ്സിലാക്കി. ഇതെല്ലാം ദൈവരാജ്യവും ലോകരാജ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു.

## നാം രാജ്യം മാറുന്നത് എങ്ങനെയാണ്?

പത്രോസിന്റെ വെള്ളത്തിലൂടെയുള്ള യാത്രയിലൂടെ നമുക്കു മനസ്സിലാക്കാവുന്ന കാര്യമാണ്, നമ്മുടെ ചിന്തയിലൂടെ രാജ്യം അങ്ങോട്ടുമിങ്ങോട്ടും മാറാമെന്ന്. നാം ഏത് രാജ്യത്തിലാണോ ആ രാജ്യത്തിലെ നിയമങ്ങൾക്ക് നാം അധീനരാണ്. ദൈവരാജ്യത്തിലാണെങ്കിൽ ദൈവീക നിയമങ്ങൾക്ക് നാം അധീനരാണ്. അപ്പോൾ ലോകരാജ്യത്തിന്റെ നിയമം നമുക്ക് കീഴടങ്ങും. ആത്മീയമായി പറഞ്ഞാൽ നാം നമ്മുടെ ചിന്തയിൽ ഏത് രാജ്യത്തിലാണോ ആ രാജ്യത്തിന്റെ നിയമങ്ങൾ നമ്മെ ഭരിക്കും.

നമ്മുടെ ചിന്തയിലുള്ള രാജ്യത്തിന്റെ നിയമങ്ങൾ നമ്മെ ഭരിക്കും.

അപ്പോൾ ദൈവരാജ്യത്തിന്റെ നിയമത്തിൽ നാം പ്രവർത്തിച്ചാൽ ലോകനിയമത്തിന് നമ്മുടെമേൽ

അവകാശമില്ല. ലോകരാജ്യത്തിൽ നാം ജീവിച്ചാൽ സകല ലോക നിയമങ്ങളും നമ്മെ കീഴടക്കും.

ദൈവരാജ്യത്തിന്റെ നിയമത്തിൽ നാം പ്രവൃത്തിച്ചാൽ ലോകനിയമത്തിന് നമ്മുടെമേൽ അവകാശമില്ല. ലോക രാജ്യത്തിൽ നാം ജീവിച്ചാൽ സകല ലോക നിയമങ്ങളും നമ്മെ കീഴടക്കും.

വിസയും പാസ്പോർട്ടുമൊക്കെയെടുത്ത് ഫ്ളൈറ്റിൽ മറ്റൊരു രാജ്യത്തിറങ്ങി അവരുടെ അനുവാദം (Immigration) വാങ്ങിച്ചതിനു ശേഷമാണ് നാം രാജ്യം മാറുന്നത്.

അകത്ത് നിന്ന് പുറത്തേക്കുള്ള ജീവിതമാണെങ്കിൽ നമ്മൾ ജീവിക്കുന്നത് ദൈവരാജ്യത്തിലും, പുറത്ത് നിന്ന് അകത്തേക്കുള്ള ജീവിതമാണെങ്കിൽ നാം ലോകരാജ്യത്തിലുമാണ്.

എന്നാൽ ആത്മലോകത്തിലേക്ക് നാം മാറുന്നത് നമ്മുടെ ചിന്തയിലൂടെയാണ്. നമ്മുടെ അകത്ത് ദേഹി (Soul) യുടെ ചിന്തയിലൂടെ ആണ് രാജ്യമാറ്റം നടക്കുന്നത്. രണ്ടു രാജ്യങ്ങൾ ഭൗതിക ലോകവും ദൈവരാജ്യവും നമ്മുടെ ദേഹിക്ക് (Soul) അപ്പുറവും ഇപ്പുറവും ഉണ്ട്. (ചിത്രം 7) അകത്ത് നിന്ന് പുറത്തേക്കുള്ള ജീവിതമാണെങ്കിൽ (വചനത്തിലൂടെ അദൃശ്യലോകത്തെ കണ്ടുകൊണ്ട് ദൃശ്യലോകത്ത് ജീവിക്കുകയാണെങ്കിൽ) നാം ജീവിക്കുന്നത് ദൈവരാജ്യത്തിലാണ്. പുറത്ത് നിന്ന് അകത്തേക്കുള്ള ജീവിതമാണെങ്കിൽ (ഭൗതിക ലോകത്തെ മാത്രം കണ്ടു കൊണ്ടുള്ള കാഴ്ചയാലുള്ള ജീവിതം) നാം ജീവിക്കുന്നത് ലോകരാജ്യത്തിൽ മാത്രമാണ്. ദൈവരാജ്യമാണ് ലോകരാജ്യത്തെ സൃഷ്ടിച്ചത്. കർത്താവ് പറഞ്ഞ ചില കാര്യങ്ങൾ നമുക്ക് പലപ്പോഴും മനസ്സിലാവാത്തത് വചനം ഈ രണ്ടു തലത്തിൽ വിവേചിക്കാത്തതു കൊണ്ടാണ്.

## മാനുഷിക ജീവനിൽ നിന്ന് ദൈവിക ജീവനിലേക്കുള്ള മാറ്റം (സൂക്കേയിൽ നിന്നും സ്വയേയിലേക്കുള്ള മാറ്റം)

**റോമ:8:19 ൽ "സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംഷയോടെ കാത്തിരിക്കുന്നു."**

വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ സംഭവിക്കുമെന്ന് മർക്കോ. 16:17-18 ൽ പറയുന്നത്, വിശ്വസിക്കുന്നവരാൽ ഈ അടയാള

ങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല;

രോഗികളുടെ മേൽ കൈ വച്ചാൽ അവർക്കു സൗഖ്യം വരും ഇത് പുതിയ സൃഷ്ടിയിൽ വിശ്വസിച്ചു പ്രവർത്തിക്കുന്നവരെക്കുറിച്ചാണ്. പരിശുദ്ധാത്മാവിന്റെ കൃപാവാരങ്ങളെക്കുറിച്ചുള്ള കാര്യമാണ് ഇവിടെ പറയുന്നത് എന്ന് നമുക്കു തോന്നിപ്പോകും. സഭയിൽ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ ഇന്നും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ ഭാഗം അതുമായി യാതൊരു ബന്ധവുമില്ല.

ഒരു പക്ഷേ, നമുക്ക് ഒരു ചോദ്യം ഉണ്ടാവാം, മർക്കോ. 16:17 – 18 ൽ പറഞ്ഞിരിക്കുന്നതായ അസാധാരണ പ്രവർത്തികൾ ഈ പുതിയതായി സൃഷ്ടിക്കപ്പെട്ട ദൈവപുത്രന്മാരെ കുറിച്ചുള്ളതാണെങ്കിൽ, എന്തുകൊണ്ട് ഇന്നത്തെ വീണ്ടും ജനിക്കപ്പെട്ട ക്രിസ്ത്യാനിയിലൂടെ അത് വെളിപ്പെടുന്നില്ല?

കാരണം മറ്റൊന്നുമല്ല, ഇന്ന് വീണ്ടും ജനിച്ചവർ ഒട്ടുമിക്കവരും ദൈവപുത്രന്മാരായല്ല ഈ ലോകത്തിൽ വെളിപ്പെടുന്നത്. ദൈവത്തിന്റെ കുഞ്ഞുങ്ങളും (Children of God) ശിശുക്കളുമായാണ്. (babies of God) വെളിപ്പെടുന്നത്.

ശിശുക്കൾക്ക് സ്വന്ത ആവശ്യങ്ങൾക്ക് വേണ്ടി കരയാമെന്നല്ലാതെ പിതാവ് ചെയ്യുന്ന പ്രവർത്തിയൊന്നും തന്നിലൂടെ വെളിപ്പെടുത്താൻ കഴിയാത്തതുപോലെ ആത്മീയശിശുക്കൾ ആകുന്ന ക്രിസ്ത്യാനികൾക്ക്, ഈ അസാധാരണ പ്രവർത്തികളെക്കുറിച്ച് വായിക്കാമെന്നല്ലാതെ തങ്ങളുടെ ജീവിതത്തിൽ ഇത് അനുഭവസ്ഥമാക്കാൻ കഴിയുകയില്ല, അതുകൊണ്ടാണ് ദൈവത്തിന്റെ വചനം പറയുന്നത്. നമുക്ക് ആത്മീയമായി ഒരു വളർച്ച ആവശ്യമാണ്.

**“ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാനുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ.” (1 പത്രോ 2:1–2)**

ഒരു പക്ഷേ ഇപ്പോൾ വായനക്കാരുടെ ഉള്ളിൽ ഒരു ചോദ്യം ഉദിക്കാം, ദൈവാനുരൂപമായ ശിശുവല്ലല്ലോ, ദൈവാനുരൂപമായി ഒരു മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്നു പറയുമ്പോൾ പിന്നെയെന്തിനാണ് ആ മനുഷ്യൻ ശിശുവിനെപോലെ വളരേണ്ടത്? ദൈവം ആദത്തെ

സൃഷ്ടിച്ചപ്പോഴും ഒരു ശിശുവിനെ സൃഷ്ടിച്ചു വളർത്തിയെടുക്കുക യല്ലല്ലോ ചെയ്തത്? പകരം ഒരു പൂർണ്ണമനുഷ്യനെയല്ലോ സൃഷ്ടിച്ചത്. അതു പോലെതന്നെയല്ലോ ഒരുവൻ പുതുമനുഷ്യനായി, ദൈവ പൈതലായി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടപ്പോൾ സംഭവിച്ചത്.

തീർച്ചയായും ദൈവത്താൽ നാം പുതിയ മനുഷ്യനായപ്പോൾ ക്രിസ്താനുരൂപിയായ ഒരു മനുഷ്യനാണ് നമ്മുടെ ഉള്ളിൽ ജനിച്ചത്.

**"നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ." (എഫേ.4:23-24)**

ആ വ്യക്തി ഒരു ശിശുവല്ല, ദൈവത്തിന്റെ സൃഷ്ടിയായതിനാൽ പൂർണ്ണതയുള്ളതാണ്. ആ വ്യക്തി ജനിച്ചത് ദൈവരാജ്യത്തിലാണ്, ജയിക്കാനാണ് ജനിച്ചിരിക്കുന്നത്.

**"ദൈവത്തിൽ നിന്നും ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ" (1 യോഹ 5:4)**

ആ വ്യക്തി ഒരു ദൈവപുത്രനാണ്.

**"അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചതു." (യോഹ 1:13)**

ദൈവത്തിന്റെ അവകാശിയും, ക്രിസ്തുവിന്റെ കൂട്ടവകാശിയും (റോമ 8:17) ആണ്. പക്ഷേ ഇവിടെ വിഷയം പുതിയ സൃഷ്ടിയുടെ യാതൊരു കുഴപ്പവും കൊണ്ടല്ല, പകരം പുതിയ സൃഷ്ടിയെ പൊതിഞ്ഞിരിക്കുന്ന, ലോകരാജ്യത്തിലെ ജഡസ്വഭാവം നിലനിൽക്കുന്ന നമ്മുടെ ഈ ലോകത്തിലെ പഴയ സ്വയം (Self) അഥവാ ദേഹിയാണ്.

**"നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്നു അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ." (റോമ 8:17)**

ഭൗതിക ലോകരാജ്യത്തിൽ ജനിച്ച നമ്മുടെ പഴയ മനുഷ്യനായ ദേഹി അല്ലെങ്കിൽ സ്വയം (സൂക്കേ -Psuche) ലോകജഡപ്രകാരം

ചിന്തിക്കുന്നതുകൊണ്ട് ആ ചിന്തകൾ ആത്മീയ ദൈവരാജ്യത്തിൽ ജനിച്ച പുതിയ സൃഷ്ടിയായ, ക്രിസ്താനുരൂപിയായ, ആത്മീയമായി ചിന്തിക്കുന്ന ആത്മമനുഷ്യന് എതിരാണ്. ദൈവത്തിന്റെ വചനം പറയുന്നത് ആത്മാവിന്റെ ചിന്ത ജഡത്തിനും, ജഡത്തിന്റെ ചിന്ത ആത്മാവിനും എതിരാണ്, എന്നത്രെ.

**"ജഡാഭിലാഷം ആത്മാവിനും, ആത്മാവിന്റെ ആത്മാഭിലാഷം ജഡത്തിന്നും വിരോധമായിരിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നതു ചെയ്യാതവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ." (ഗലാ. 5:17)**

## ദൈവപുത്രന്മാർ വെളിപ്പെടുവാനുള്ള തടസ്സം.

ലോകത്തിൽ പ്രവർത്തിക്കാൻ ദൈവം അധികാരപ്പെടുത്തിയിരിക്കുന്നത്. മനുഷ്യനെയാണ്. അതായത് മനുഷ്യന്റെ ദേഹിയെയാണ്. എന്നാൽ ദേഹി ലോകജഡചിന്തകളാൽ നിറഞ്ഞു നിൽക്കുകയാണ്. ഈ ദേഹി മുൻപിൽ നിൽക്കുന്നതുകൊണ്ടാണ് ജയിക്കുവാൻ മാത്രം ജനിച്ച (1 യോഹ 5:4) ക്രിസ്താനുരൂപിയായ മനുഷ്യന് ദേഹിയെ മറികടന്ന് (Bypass) പ്രവർത്തിക്കുവാൻ കഴിയാത്തത്. കാരണം ദേഹിക്കാണ് ലോകത്തിൽ അധികാരം, ദേഹി തകർന്നെങ്കിൽ മാത്രമേ ഈ ജയിക്കാനായി മാത്രം ജനിച്ച പുതിയ സൃഷ്ടിക്ക് പുറത്തിറങ്ങി മർക്കോ. 16:17-18 ൽ പറഞ്ഞിരിക്കുന്ന തന്റെ സ്വന്തം സ്വഭാവവും, പ്രത്യേകതകളും വെളിപ്പെടുത്തുവാൻ കഴിയുകയുള്ളു. ഇന്ന് ദൈവമക്കളുടെ ദേഹി പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയാൽ തകർക്കപ്പെട്ട് ദൈവാനുരൂപിയായ  മനുഷ്യൻ വെളിപ്പെടാത്തതുകൊണ്ടാണ്, ഈ പുതു മനുഷ്യന്റെ (ദൈവപുത്രന്മാരുടെ) അത്ഭുതമാം പ്രത്യേകതകൾ വെളിപ്പെടാത്തത്.

**"വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെ മേൽ കൈ വച്ചാൽ അവർക്കു സൗഖ്യം വരും."**
**(മർക്കോ 16:17-18)**

നമ്മുടെ സ്വയം (സൂക്കേ) ത്യജിക്കുന്നതനുസരിച്ച് ദൈവീക ജീവൻ (സ്വയേ) നമ്മിലൂടെ വെളിപ്പെടും.

1 പത്രോ. 2:1-2 ൽ ദൈവത്തിൽ നിന്ന് ജനിച്ച ശിശു വളരണമെന്നല്ല പറഞ്ഞിരിക്കുന്നത്, ഒരു ശിശുവിനെപ്പോലെ വളര

പറയുന്നത് പുതിയതായി സൃഷ്ടിക്കപ്പെട്ട ആത്മാവ് (പുതിയസൃഷ്ടി) ദേഹിയും കൂടിചേർന്നതാണ്.

| | | | | |
|---|---|---|---|---|
| **ദൈവത്തിൽനിന്ന് ജനിച്ച പുതു സൃഷ്ടിയായ ദൈവാനുരൂപമായ ആത്മാവ്** | + | **ആദത്തിൽ നിന്ന് ജനിച്ച് പഴയ ജഡസ്വഭാവം നിറഞ്ഞു നിൽക്കുന്ന ദേഹി** | = | **അകത്തെ മനുഷ്യൻ** |

ഈ അകത്തെ മനുഷ്യൻ ദേഹിയിൽ നിറഞ്ഞു നിൽക്കുന്ന ലോക ജഡചിന്തകൾ (വീണുപോയ ആദത്തിന്റെ സ്വഭാവം) കാരണം ബലഹീനമാണ്. അതുകൊണ്ടാണ് ദൈവവചനം പറയുന്നത്, ദൈവവചനത്തിന്റെ പാലുകുടിച്ച്, അസൂയ, ചതി, കാപട്യം, തുടങ്ങിയ എല്ലാ ജഡസ്വഭാവങ്ങളെയും ഓരോന്നായി മാറ്റിക്കളയുക. അതായത് നമ്മുടെ പഴയ സൂക്കേയുടെ (Psuche) സ്വഭാവത്തെ, ദൈവാത്മാവ് തരുന്ന ദൈവവചനത്താൽ തകർക്കുക. അങ്ങനെ നാം ഏല്പിച്ചു കൊടുക്കുകയും ദൈവീക പരിജ്ഞാനം പ്രാപിക്കുകയും ചെയ്താൽ സ്വർഗ്ഗരാജ്യത്തിൽ പൗരത്വം (Citizenship) ഉള്ള (ഫിലി 3:20) പുതിയ സൃഷ്ടി, നമ്മുടെ ഉള്ളിൽ നിന്ന് വെളിപ്പെടുകയും, അമാനുഷിക പ്രവർത്തികൾ അതായത് സ്വർഗ്ഗരാജ്യത്തിലെ ഒരു പൗരന്റെ പ്രവർത്തികൾ, യേശുവിലൂടെ നടന്നതുപോലെ നമ്മിലൂടെ പ്രാവർത്തികമാക്കപ്പെടുകയും ചെയ്യും.

**"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തുരക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു." (ഫിലി 3:20)**

നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്ന രണ്ട് ജീവനെക്കുറിച്ച് നാം പറഞ്ഞു അതിൽ രണ്ടാമത് പറഞ്ഞ ജീവനായ സ്വയേ നമുക്ക് ലഭിച്ചത് വിശ്വാസത്താലാണ്. ആ ജീവൻ നമ്മുടെ ആത്മാവിൽ ഉണ്ട്. ആ ജീവന്റെ പേരാണ് ദൈവത്തിന്റെ അതേ ജീവൻ (zoe) അതുകൊണ്ടാണ് ദൈവവചനം പറയുന്നത്.

**"പ്രിയ മക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ."**
**(എഫെ 5:1)**

## പുതിയ സൃഷ്ടിയാലുള്ള ഭരണം

**"അവർ രക്തത്തിൽ നിന്നല്ല ജഡത്തിന്റെ ഇഷ്ടത്താലല്ല പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചതു." (യോഹ 1:13)**

അവർ ജനിച്ചത് ജഡത്തിന്റെ ഇഷ്ടത്താലുമല്ല, രക്തത്തിൽ നിന്നുമല്ല. രക്തത്തിൽ നിന്നുള്ള ജീവന് (സൂക്കേ-Psuche) ഈ ലോകത്തിലുള്ള എല്ലാ നിയമങ്ങളും ബാധകമാണ്. എന്തെങ്കിലും അല്പം ഭക്ഷണം പഴകിപ്പോയാൽ മതി അത് അവരെ ബാധിക്കാൻ ഇടയാകും. എന്നാൽ ദൈവമക്കളായ നമുക്ക് യേശുക്രിസ്തു തന്നെ പുതിയ സൃഷ്ടിയിൽ വിശ്വസിക്കുന്നവർക്ക് ഈ ലോകത്തിലെ നിയമങ്ങളെ ദൈവരാജ്യത്തിലെ നിയമങ്ങളാൽ കീഴടക്കി ജീവിക്കുവാൻ കഴിയും. ദൈവത്തിൽ നിന്ന് ജനിക്കപ്പെട്ട വചനപ്രകാരം, ഈ ലോകത്തിന്റെ വ്യവസ്ഥകളുടെ മേൽ ഭരണം നടത്തുവാൻ ഇടയാകും അഥവാ ജയിക്കുവാൻ ഇടയാകും.

പുതിയ സൃഷ്ടിയായവർ അവർ ആത്മാവിൽ ദൈവത്തെപ്പോലെ തന്നെയാണ് ഇരിക്കുന്നത്. (എഫെ 4:23) എല്ലാകാര്യത്തിലും ദൈവത്തെപ്പോലെ തന്നെ ഇരിക്കുന്നവർ. പിതാവിനെ പോലെയിരിക്കുന്ന മക്കൾ, ഈ ലോകത്തിലും കുഞ്ഞുങ്ങൾക്ക് മാതാപിതാക്കന്മാരുടെ ഛായയാണല്ലോ ഉള്ളത്. അതുപോലെ തന്നെ ആത്മാക്കളുടെ പിതാവിന്റെ ഛായയാണ് പുതിയ സൃഷ്ടിക്ക്.

**''നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നുവല്ലോ; ആത്മാക്കളുടെ പിതാവിന്നു ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ?'' (എബ്രാ. 12:9)**

**അതുകൊണ്ടാണ് ദൈവം, പറയുന്നത്. ''ആകയാൽ പ്രിയ മക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ.'' (എഫെ. 5:1)**

യേശുക്രിസ്തു, ഒന്നാം ആദത്തിൽ നിന്ന് നമ്മെ വിച്ഛേദിച്ചു. അതിനുശേഷം ഒടുക്കത്തെ ആദവുമായി (ക്രിസ്തുവുമായി തന്നെ) നമ്മെ കൂട്ടിച്ചേർത്തു.

എന്നു പറഞ്ഞാൽ നമ്മുടെ രീതി ആദത്തെപ്പോലെയായിരുന്നു. എന്നാൽ യേശു ക്രിസ്തു, ഒന്നാം ആദത്തിൽ നിന്ന് നമ്മെ വിച്ഛേദിച്ചു. അതിനുശേഷം ഒടുക്കത്തെ ആദവുമായി (ക്രിസ്തുവുമായി തന്നെ) നമ്മെ കൂട്ടിച്ചേർത്തു. ഒടുക്കത്തെ ആദം ആയ യേശുക്രിസ്തു വിനോടുകൂടി പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു. പിന്നെ ജീവന്റെ പുതുക്കത്തിൽ വിശ്വാസത്തിൽ യേശുക്രിസ്തുവിൽ ഉയർത്തെഴുന്നേറ്റു.

**"പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ? അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ." (റോമർ. 6:2-4)**

ഇനി നാം യേശുക്രിസ്തുവിന്റെ രീതിയിലാണ് അതായത് ജീവന്റെ (സ്വയേ) പുതുക്കത്തിലാണ് നടക്കേണ്ടത്. പക്ഷേ നമ്മുടെ മനസ്സിലുള്ളത് പഴയ ആദത്തിന്റെ രീതിയാണ്. എന്നാൽ കർത്താവിന്റെ വചനം പറയുന്നു നമ്മുടെ രീതി മാറി, രാജ്യം മാറി പുതിയ സൃഷ്ടിയായ ആത്മാവ് നമ്മുടെ ഉള്ളിൽ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു.(യെഹ. 36:26) (2 കൊരി 5:17). ഇനി നമ്മുടെ ഈ മനസ്സിനെ പുതുക്കി പുതിയ രീതി നമ്മുടെ മനസ്സിൽ നിറയ്ക്കണം (റോമ 12:2). കാരണം ഇനി നാം പുതിയ ആദത്തിന്റേതാണ് പുതിയ രീതി നമ്മുടെ മനസ്സിൽ നിറച്ചു കഴിഞ്ഞാൽ മാത്രമേ നമുക്ക് പുതിയ രീതിയിൽ പ്രവർത്തിക്കാൻ കഴിയുകയുള്ളു. കാരണം മനസ്സ് (Mind) കൊണ്ടാണ് നാം ദൈവത്തെ സേവിക്കുന്നത് (റോമ.7:25)

അതുകൊണ്ടാണ് 1 യോഹ. 4:17 ൽ കർത്താവ് പറഞ്ഞത്, ഞാൻ ആയിരിക്കുന്നതുപോലെ നിങ്ങളും ആയിരിക്കുക.

ദൈവം തന്ന പുതിയ സൃഷ്ടിയിൽ (പുതിയ ജീവനിൽ Zoe) വിശ്വസിക്കുന്നവരെപ്പറ്റിയാണ് മർക്കോ 16:18 ൽ പറഞ്ഞിരിക്കുന്നത്. അവർ ഉയർന്ന ജീവനായ സ്വയേ (Zoe) ഉള്ളവർ മാത്രമല്ല, അവർ തങ്ങളുടെ ചിന്തയിൽ ദൈവരാജ്യത്തിലേക്ക് രാജ്യം മാറിക്കൊണ്ട് ദൈവപദ്ധതിക്കായി അവിശ്വസനീയമായ പ്രവർത്തികൾ ചെയ്യുന്ന വരായിരിക്കും. കർത്താവ് പറയുന്നു പുതിയ സൃഷ്ടിയിൽ നാം വിശ്വസിക്കുന്നുവെങ്കിൽ നാം കൈവച്ചാൽ ഉയർന്ന ജീവൻ (സ്വയേ ജീവൻ) താഴ്ന്ന രാജ്യത്തിലേക്ക് (ലോകത്തിലേക്ക്) വരികയാണ്. ഇത് പരിശുദ്ധാത്മാവിന്റെ വരങ്ങളുടെ കാര്യമല്ല പറയുന്നത്. അതും ഇതുമായി യാതൊരു ബന്ധവുമില്ല. ഇത് യഥാർത്ഥ പുതിയ സൃഷ്ടിയുടെ നിയമമാണ്. പരിശുദ്ധാത്മാവിന്റെ വരങ്ങൾ നമ്മുടെ

മേൽ വരുന്ന പരിശുദ്ധാത്മാവിനാൽ (അപ്പൊ.1:8) അഭിഷേകം ലഭിച്ച ഒരു വ്യക്തിയിൽ പ്രവർത്തിക്കുമ്പോൾ (മർക്കോ.16:18) പറഞ്ഞിരിക്കുന്ന അസാധാരണ പ്രവർത്തികൾ, രക്ഷിക്കപ്പെട്ട സമയത്ത് നമ്മുടെ ഉള്ളിൽ വന്ന പരിശുദ്ധാത്മാവിനെ നമ്മുടെ പഴയ സ്വയം തകർത്തു. ലോകത്തിലേക്ക് പുറപ്പെടുവിക്കുമ്പോൾ (Release) പ്രവർത്തിക്കുന്നതാണ്.

പരിശുദ്ധാത്മാവിന്റെ വരങ്ങൾ നമ്മുടെ മേൽ വരുന്ന പരിശുദ്ധാത്മാവിനാൽ (അപ്പൊ.1:8) അഭിഷേകം ലഭിച്ച ഒരു വ്യക്തിയിൽ പ്രവർത്തിക്കുമ്പോൾ (മർക്കോ.16:18) പറഞ്ഞിരിക്കുന്ന അസാധാരണ പ്രവർത്തികൾ, രക്ഷിക്കപ്പെട്ട സമയത്ത് നമ്മുടെ ഉള്ളിൽ പരിശുദ്ധാത്മാവിനാൽ വന്ന ദൈവീക ജീവനെ (Zoe) നമ്മുടെ പഴയ സ്വയം തകർത്ത് ലോകത്തിലേക്ക് പുറപ്പെടുവിക്കുമ്പോൾ (Release) പ്രവർത്തിക്കുന്നതാണ്.

പുതിയ സൃഷ്ടിയെ പ്രവർത്തിക്കുന്നവർ കൈവച്ചാൽ രോഗം മാറും, ഭൂതങ്ങൾ വിട്ടുപോകും. അവർ സർപ്പങ്ങളെ പിടിച്ചെടുക്കും. സർപ്പം എന്തിനെയാണ് പ്രതിനിധീകരിക്കുന്നത്. ദൈവം സൃഷ്ടിച്ചതിൽ ഏറ്റവും കൗശലമേറിയത് സർപ്പമാണ്. അതായത് അതിന്റെ സൂക്ഷ്മ ബുദ്ധിയെയാണ് ഇവിടെ കാണിക്കുന്നത്. പുതിയ സൃഷ്ടിയിൽ ജീവിക്കാൻ തുടങ്ങിയാൽ പിശാചിന്റെ ഏതു തന്ത്രത്തേയും അവർ കീഴടക്കും. മാത്രമല്ല, സർപ്പം മുതൽ ബുദ്ധിയിൽ കീഴിലേക്കുള്ള ഒരു ജന്തുക്കളും അവരെ ഉപദ്രവിക്കുകയില്ല. കാരണം സർവ്വസൃഷ്ടികളും കാത്തിരിക്കുന്നതാണ് പുതിയ സൃഷ്ടിയിൽ പ്രവർത്തിക്കുന്നവർ അവരുടെ ജീവിതത്തിലൂടെ യാഥാർത്ഥ്യമാക്കുന്നത്.

**"സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു." (റോമ. 8:19)**

ശലോമോനേക്കാളും മഹത്വമുള്ളതാണ് ലില്ലിപുഷ്പം, പുല്ല് എന്ന് കർത്താവ് പറഞ്ഞപ്പോൾ (മത്താ. 6:28–29). നാം ചിന്തിക്കുന്നവരാണെങ്കിൽ നമുക്ക് പലപ്പോഴും ഈ വാക്കിൽ അതിശയം തോന്നും. ലോകത്തിലെ സകല സൃഷ്ടികളും ദൈവപുത്രന്മാരുടെ വെളിപ്പാടിനായി കാത്തിരിക്കുകയാണ്.

ആദം ദൈവപുത്രനായി നിലനിന്നിരുന്നപ്പോൾ തന്റെ കീഴിലുള്ള

സകല വന്യമൃഗങ്ങൾക്കും ആദം തന്നെ പേരിട്ടു. ഒന്നും ആദമിനെ ഉപദ്രവിച്ചില്ല, താൻ എന്തു പേർ ഇട്ടോ അത് അവർക്ക് പേരായി. പക്ഷേ ആദം പാപം ചെയ്തു കഴിഞ്ഞപ്പോൾ പിന്നെ മനുഷ്യന് ഈ മൃഗങ്ങളുമായി അടുക്കുവാൻ നിവൃത്തിയില്ലാതായി. എന്നാൽ വചനം പറയുന്നു, ആ ദൈവപുത്രന്മാരുടെ രീതിയിലേക്ക് നാം ഉയർന്നാൽ ഇവ നമ്മെ ഉപദ്രവിക്കുകയില്ല.

സൃഷ്ടിക്ക് ഒരു ദോഷമേ സംഭവിച്ചിട്ടുള്ളു. അവരുടെ യജമാനനായി ദൈവം ഭൂമിയിൽ ആക്കിവച്ച മനുഷ്യൻ പാപം ചെയ്ത് (ദൈവത്തെ ധിക്കരിച്ച്) തന്റെ തേജസ്സിൽ നിന്ന് താഴേക്കു വീണു. അതുകൊണ്ട് സകല സൃഷ്ടികളും ദ്രവത്വത്തിന്റെ ദാസ്യത്വത്തിന്റെ കീഴിലായി. പക്ഷേ മനുഷ്യൻ ശ്രേഷ്ഠകരമായ ദൈവപുത്രൻ എന്ന അളവിലേക്ക് കടന്നുവരുമ്പോൾ, ദൈവം ആഗ്രഹിച്ച ജീവിതം ഈ ഭൂമിയിൽ തന്നെ തുടങ്ങുമ്പോൾ സകല സൃഷ്ടികളും സന്തോഷിക്കും കാരണം “സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു.” എന്നു നാം വായിച്ചുവല്ലോ.

## എതിർക്കാത്ത പാമ്പുകൾ

എന്റെ ജീവിതത്തിൽ കാണുവാനിടയായ ഒരു സംഭവം എഴുതട്ടെ. ഒരിക്കൽ ഞാൻ യു.എ.ഇ ൽ റാസൽ ഖൈമ എന്ന സ്ഥലത്ത് താമസിക്കുമ്പോൾ, ഞാൻ എന്റെ വീടിന്റെ മുമ്പിൽ കാർ നിർത്തി (രാത്രി 8-9 മണിയായി കാണും), വീടിന്റെ അകത്തേക്ക് കയറുമ്പോൾ ഗേറ്റിൽ നിൽക്കുന്ന എന്റെ കുഞ്ഞിന്റെ അടുത്ത് ഒരു പാമ്പ് കിടക്കുന്നു. പക്ഷേ ആ പാമ്പിനെ എന്റെ ഭാര്യയും കുഞ്ഞും കാണുന്നില്ല. ചെറുപ്പത്തിൽ എന്റെ ചില സുഹൃത്തുക്കൾ ഒരു പാമ്പിനെ കൊല്ലാൻ ശ്രമിച്ചപ്പോൾ അത് തിരിച്ച് പത്തിവിടർത്തി കൊത്താൻ ശ്രമിച്ചത് എന്റെ ഓർമ്മയിലുണ്ട്. ആദ്യം ഭയം തോന്നി. ഞാൻ അടുത്തു വന്നപ്പോഴാണ് ഇവരും ആ പാമ്പിനെ കാണുന്നത്. കർത്താവ് ഒരു അലുമിനിയത്തിന്റെ വടി എനിക്കു കാണിച്ചു തന്നു. ഈ സമയത്ത് ഞാൻ നോക്കിയപ്പോൾ എനിക്കെതിരെ വരേണ്ട ഈ പാമ്പ് ഇഴഞ്ഞുമാറി തന്റെ തല മതിലിലേക്ക് വച്ച് ‘‘എന്നെ കൊന്നോ’’ എന്നുള്ള രീതിയിൽ അനങ്ങാതെയിരിക്കുകയാണ്. അതിനെ ‘ഞാൻ മതിലിനോട് ചേർത്ത് കുത്തികൊന്നു. രണ്ട് ദിവസം കഴിഞ്ഞു വരുമ്പോൾ അടുത്ത പാമ്പിനെ അവിടെ തന്നെ കണ്ടു. അതിനെയും കൊന്നു. അതിനുശേഷം എനിക്കൊരു സംശയം. ഇത് കടിക്കത്തില്ലയോ? എന്താ കൊല്ലാൻ

വേണ്ടി അനങ്ങാതെ കിടന്നു തരുന്നത് എന്ന്. എന്നാൽ അടുത്ത ദിവസം എന്റെ സംശയം മാറ്റുവാൻ എന്നു തോന്നിക്കുന്ന വിധത്തിൽ ഇതേ പോലെത്തെ മറ്റൊരു പാമ്പ് അടുത്ത വീട്ടിൽചെന്ന് പത്തി വിടർത്തി ചീറ്റി ചെന്നുവെന്ന്, അടുത്ത വീട്ടിലെ (Al Khaleej Enterprices) എന്ന കമ്പനിയിലെ മാനേജരായ അജയനിൽ നിന്ന് കേൾക്കുവാൻ ഇടയായി. അപ്പോൾ എനിക്കു മനസ്സിലായി, ഈ പാമ്പ് ചീറ്റും മാത്രമല്ല കടിക്കുകയും ചെയ്യും. എന്നാൽ നമ്മൾ പുതിയ സൃഷ്ടിയിൽ പ്രവർത്തിച്ച് ദൈവപുത്രന്മാരായി വെളിപ്പെടുന്നതിന്റെ അളവനുസരിച്ച് സൃഷ്ടികളും നമുക്ക് കീഴ്പ്പെട്ടിരിക്കും എന്ന് മനസ്സിലാക്കാൻ ഈ സംഭവം എനിക്കുപകരിച്ചു. ഇതേ തരത്തിലുള്ള രണ്ട് പാമ്പുകൾ വീണ്ടും അവിടെ വരുകയും ദൈവം എന്നെ മനസ്സിലാക്കി തന്നതുപോലെ തന്നെ കൊന്നുകളയുകയും ചെയ്തു ഇതെല്ലാം എന്റെ ആത്മീയ പരിശീലനത്തിന്റെ ഒരു ഭാഗമായിരുന്നു എന്ന് എനിക്കു പിന്നീട് മനസ്സിലായി.

## കുത്താത്ത തേനീച്ചകൾ

നാം ദൈവത്തെ അനുസരിക്കുന്നവരെങ്കിൽ ദൈവം സൃഷ്ടിച്ച സൃഷ്ടി ജന്തുക്കൾ നമ്മെയും അനുസരിക്കും. മറ്റൊരു സംഭവം ഞാൻ എഴുതട്ടെ. ഒരിക്കൽ റാസ്സൽ ഖൈമയിൽ ഞങ്ങളുടെ വർക്ക്ഷോപ്പിന്റെ ഗോഡൗൺ വാതിലിന്റെ ഭാഗത്ത് വളരെ. വലിപ്പമേറിയ ഒരു തേനീച്ചക്കൂടും അതു നിറയെ തേനീച്ചകളും കണ്ടു. വർക്കഷോപ്പിന്റെ ഇൻചാർജ്ജ് ആയിരുന്ന എന്റെ കസിൻ ബ്രദർ എന്നെ വിളിച്ചു ഇപ്രകാരം പറഞ്ഞു, ആരും ഗോഡൗണിലേക്ക് പോയി ഒരു സാധനവും എടുക്കുന്നില്ല, എല്ലാവർക്കും പേടിയാണ്. വലിയൊരു തേനീച്ചക്കൂടാണ്. മനുഷ്യനാണെങ്കിൽ മാറിപ്പോകാൻ പറയാം. പാമ്പാണെങ്കിൽ തല്ലിക്കൊല്ലാം ഇത് എന്തു ചെയ്യും?

നാം ദൈവത്തെ അനുസരിക്കുന്നവരെങ്കിൽ ദൈവം സൃഷ്ടിച്ച സൃഷ്ടി ജന്തുക്കൾ നമ്മെയും അനുസരിക്കും.

എന്റെ സ്നേഹിതൻ യു.എ.ഇ ൽ - ഉമ്മൽഖൊയിൻ എന്നദേശത്തിലുള്ള സാജൻ ബ്രദർ തന്റെ വീടിന്റെ മുറ്റത്തുള്ള തേനീച്ചകളെ ഓടിക്കാൻ ശ്രമിച്ചപ്പോൾ അതെല്ലാം കൂടി തന്നെ കുത്തി. ഏകദേശം നാലഞ്ചു ദിവസം ആശുപത്രിയിൽ ആയിരുന്നു, എന്ന് ഞാൻ അവിടെ ചെന്നപ്പോൾ കേട്ടത് ഓർമ്മ വന്നു, ഇനിയെന്തു ചെയ്യും? ചില

ദിവസങ്ങൾ ഈ ചിന്തയിൽ കടന്നുപോയി. അപ്പോഴാണ് ദൈവ രാജ്യത്തിന്റെ നിയമം എനിക്ക് അകത്ത് ഓർമ്മവന്നത്. ഇത് എന്നെ ഒന്നും ചെയ്യുകയില്ലെന്നും, ഞാൻ പറഞ്ഞാൽ ഇവ എന്നെ അനുസരിച്ച് സ്ഥലം മാറിപ്പോകുമെന്നും മനസ്സിലുറച്ച് ഞാൻ അവിടെ ആ ഗോഡൗണിൽ ചെന്നു. ആ തേനീച്ചകളോട് പറഞ്ഞു: **"തേനീച്ചകളെ എനിക്ക് നിങ്ങളോട് യാതൊരു വഴക്കുമില്ല, പക്ഷേ നിങ്ങൾ ഇവിടെ ഇരുന്നാൽ നിങ്ങളെ പേടിച്ച് എന്റെ ജോലിക്കാർ ആരും ഇതിനകത്ത് കയറുകയില്ല. അതുകൊണ്ട് നിങ്ങൾ ഇവിടെ നിന്ന് മാറി മറ്റെവിടെയെങ്കിലും കൂട് അന്വേഷിച്ച് പോകുക. ഇവിടെ ഇരിക്കരുത്.''** അത് പറഞ്ഞ് ദൈവരാജ്യത്തിലെ നിയമം പ്രാവർത്തികമാക്കി, ഞാൻ കടന്നുപോയി. എന്നാൽ കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് ഞാൻ അവിടെ ചെല്ലുമ്പോൾ, ഒരിക്കലും പോകത്തില്ല, അപകടമാണ് എന്ന് എന്റെ ജോലിക്കാർ പറഞ്ഞ സ്ഥാനത്ത് ഈ തേനീച്ചകൾ സ്ഥലം മാറിപ്പോയതായി ഞാൻ കണ്ടു. അവിടെ തേനീച്ച ഉണ്ടായിരുന്നു എന്നതിന് തെളിവായിട്ട് അതിന്റെ കൂട് മാത്രം അവിടെ ഉണ്ടായിരുന്നു.

## ഉപദ്രവിക്കാത്ത കടന്നലുകൾ

ഒരിക്കൽ ഞാൻ ഇൻഡ്യയിൽ എറണാകുളത്ത് ശുശ്രൂഷയ്ക്ക് വരുമ്പോൾ വീടിന്റെ മുകളിൽ ചിലന്തിവല പിടിച്ചിരിക്കുന്നത് കണ്ടിട്ട് അത് അടിക്കുവാൻ വേണ്ടി ഒരു ചൂലും കൊണ്ട് മുകളിലേക്ക് കയറി. അടിച്ചടിച്ച് ഒരു ഭാഗത്ത് എത്തിയപ്പോൾ അവിടെ ഒരു ദ്വാരം കണ്ടു. ആ ദ്വാരം നന്നായി ചുറ്റിയടിച്ചു. ഞാൻ അറിഞ്ഞില്ല, അതൊരു കടന്നൽ കൂടായിരുന്നുവെന്ന്. കടന്നലുകളെല്ലാം വൈകുന്നേരം, സന്ധ്യാസമയം ആയതിനാൽ കൂട്ടിൽ കയറിയിരിക്കുന്ന സമയമാണ് ഞാൻ ഇത് ചെയ്തത്. ആ കടന്നലിന്റെ കൂട് ഇളകി താഴെ വീണു കടന്നലുകളെല്ലാം പൊങ്ങി പറന്നു. കടന്നലുകൾ വളരെ അപകട കാരികളാണ് "എന്നെ തൊടരുത്, എന്നെ ഒന്നും ചെയ്യരുത്". യേശു വിന്റെ നാമത്തിൽ ഞാൻ അവയോടു പറഞ്ഞു. ചുറ്റും പറന്നല്ലാതെ അവ എന്നെ ഒന്നും ചെയ്തില്ല. ഞാൻ ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് താഴേക്കിറങ്ങി. എന്നാൽ ഞാൻ അവിടെ നിന്നും അടിച്ചുവാരുന്ന കോരി എടുക്കാൻ മറന്നുപോയിരുന്നു. ഞാൻ

ദൈവത്തോടു ചോദിച്ചു. 'പപ്പാ ഞാൻ എന്തു ചെയ്യും?' ആ സമയം എന്റെ അകത്തു നിന്ന് ഇങ്ങനെ പറയുന്നത് ഞാൻ ശ്രദ്ധിച്ചു. 'നീ പോയി. അത് എടുത്തുകൊള്ളുക, അവ നിന്നെ ഒന്നും ചെയ്യുകയില്ല'. ഞാൻ കടന്നലുകളുടെ മദ്ധ്യത്തിൽ കൂടി ചെന്ന് ആ 'കോരി' എടുത്തു കടന്നലുകൾ എന്നെ ഒന്നും ചെയ്തില്ല. ദൈവത്തിന് നന്ദി പറഞ്ഞു കൊണ്ട് വീണ്ടും ഞാൻ താഴെയിറങ്ങി. ഞാൻ അമ്മയോടു പറഞ്ഞു, അമ്മേ ഇങ്ങനെ ഒരു സംഭവം നടന്നു. അപ്പോഴാണ് അമ്മ പറയുന്നത് അതിന് ഒരാഴ്ച മുമ്പ് അവിടെ അടുത്ത് മരട് എന്ന സ്ഥലത്ത് ഒരു വ്യക്തി കടന്നൽ കുത്തേറ്റു മരിച്ചെന്ന്. അതിന് ചില നാളുകൾക്കു മുമ്പ് എന്റെ പിതാവ് ഉണങ്ങാൻ ഇട്ടിരുന്ന ഒരു ചാക്ക് എടുത്തു, പിതാവ് ചാക്ക് എടുത്തതും അതിന്റെ കീഴിലുണ്ടായിരുന്ന ഒരു കടന്നൽ എന്റെ പിതാവിനെ കുത്താൻ ഓടിച്ചു, പിതാവ് ഓടി, കടന്നലും പിറകെ ഓടി. അവസാനം കടന്നൽ പിതാവിനെ കുത്തി, അദ്ദേഹത്തിന് ആ വേദന ചില ദിവസങ്ങളോളം സഹിക്കാൻ കഴിഞ്ഞില്ലായെന്ന് ഞാൻ കേൾക്കുവാൻ ഇടയായി.

> സൃഷ്ടി വസ്തുക്കൾ എല്ലാം ദൈവപുത്രന്മാരുടെ വെളിപ്പാടിനായി കാത്തിരിക്കുകയാണ്.

സൃഷ്ടി വസ്തുക്കൾ എല്ലാം അല്ലെങ്കിൽ ജീവജന്തുക്കളെല്ലാം ദൈവപുത്രന്മാരുടെ വെളിപ്പാടിനായി കാത്തിരിക്കുകയാണ്. നാം എപ്പോൾ സൂക്കെയുടെ രീതി വിട്ട് വീണുപോയ ആദത്തിന്റെ രീതി വിട്ട് ദൈവത്തിന്റെ, സ്വയേയുടെ രീതിയിലേക്ക് കയറുന്നുവോ അപ്പോൾ, സൃഷ്ടിജാലങ്ങൾ സന്തോഷിക്കുകയും, നാം ഈ ലോകത്തിന്റെ നിയമങ്ങളെ വിട്ട് ദൈവരാജ്യത്തിന്റെ നിയമങ്ങളിലേക്ക് കയറുകയും ചെയ്യും.

അതായത് ഒന്നാം ആദത്തിന്റെ രീതി വിട്ട് ഒടുക്കത്തെ ആദത്തിന്റെ (യേശുവിന്റെ) രീതിയിലേക്ക് കടന്നുവരണം. ഒന്നുകൂടി വ്യക്തമാക്കിയാൽ പഴയ സൃഷ്ടിയുടെ രീതി വിട്ട്, വീണ്ടും ജനിച്ചപ്പോൾ ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ സൃഷ്ടിയിലേക്ക് കടന്നു (ദൈവപുത്രനിലേക്ക്) വരണം.

> സ്വയേ - ദൈവീക ജീവൻ
>
> സൂക്കേ - മാനുഷിക ജീവൻ

ഇനി പരിശുദ്ധാത്മാവിന്റെ സ്കൂളിൽ നാം ചേർന്ന് വീണ്ടും ദൈവവചനം അനുസരിച്ച് ലോകജഢചിന്തകളാൽ നിറഞ്ഞു നിൽക്കുന്ന സൂക്കേയെ തകർക്കുന്നുവെങ്കിൽ ആ ഭാഗങ്ങളിൽ സ്വയേ (Zoe), എന്നുവച്ചാൽ ദൈവീക

ജീവൻ വർദ്ധിച്ചുകൊണ്ടേയിരിക്കും, 1 പത്രോ. 2:1 ൽ പറയുന്നു.

**"ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും, വ്യാജഭാവവും, അസൂയയും, എല്ലാ നുണയുംനീക്കികളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെ പ്പോലെ രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ."**

**(1 പത്രോ. 2:1)**

സകല മാലിന്യങ്ങളും പോകുമ്പോൾ അകത്തെ മനുഷ്യന്റെ ആത്മാവിന്റെ ശക്തി ദേഹിയിലേക്ക് വളരും. 'സൂക്കേ' മനുഷ്യൻ തകർക്കപ്പെടുന്നതിനനുസരിച്ച് 'സ്വയേ' മനുഷ്യൻ ദേഹിയിലേക്ക് വളരും.

നാം അറിഞ്ഞതുപോലെ ഇറാഖ്, കുവൈറ്റ് പിടിച്ചെടുത്തപ്പോൾ നിസ്സഹായരായ കുവൈറ്റ് അമേരിക്കയോടു അഭ്യർത്ഥിച്ചു. അമേരിക്ക സൗദിയിൽ വന്നു താവളമടിച്ചു. ഓരോ നിമിഷവും യുദ്ധം ചെയ്തു കുവൈറ്റിന്റെ ഓരോരോ ഭാഗം ഇറാഖിൽ നിന്ന് പിടിച്ചടക്കി, പിടിച്ചടക്കി പൂർണ്ണമായും കുവൈറ്റിനെ ഇറാഖിൽ നിന്ന് മോചിപ്പിച്ചു.

അതുപോലെ നമ്മെ പൂർണ്ണമായും ജഡികമായ ചിന്തകളിൽ നിന്ന് പ്രവൃത്തികളിൽ നിന്ന് ദൈവത്തിന്റെ പരിശുദ്ധാത്മാവ്, അതായത് നമ്മുടെ ആത്മാവിൽ ഇറങ്ങിയ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പൂർണ്ണമായും മോചിപ്പിക്കും. നാം സഹകരിക്കുന്നു എങ്കിൽ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ സ്വയേ സൂക്കേയെ തകർത്ത് ദേഹിയിലേക്ക് നിറച്ചുകൊണ്ടേയിരിക്കും. അപ്പോൾ സൂക്കേയുടെ ചിന്തകളാൽ നിറഞ്ഞു നിൽക്കുന്ന ദേഹി (Soul) സ്വയേ ജീവനുള്ള പുതിയ സൃഷ്ടിയായ ആത്മാവിലേക്ക് അടുത്തുകൊണ്ടേയിരിക്കും. അതായത് സ്വയേ സൂക്കേയേ കീഴടക്കുകയാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ദൈവീക ജീവൻ മനുഷ്യജീവനെ കീഴടക്കുകയാണ്. കീഴടക്കി വരുമ്പോൾ, ദേഹിയിൽ മുഴുവൻ സ്വയേ, (ദൈവീക ജീവൻ) നിറയുകയാണ്. ആത്മീയ മനുഷ്യൻ (പുതിയ സൃഷ്ടി) ദേഹിമനുഷ്യനെ വിഴുങ്ങുകയാണ്.

## മാരകമായത് കുടിച്ചാലും, കടിച്ചാലും ഒന്നും സംഭവിക്കുകയില്ലേ?

**"സർപ്പങ്ങളെ പിടച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെമേൽ**

**കൈ വച്ചാൽ അവർക്കും സൗഖ്യം വരും." (മർക്കോ. 16:18)**

ഈ ശുശ്രൂഷയിലൂടെ നാം എത്രത്തോളം കടന്നുപോകുന്നുവോ അത്രത്തോളം ദൈവരാജ്യത്തിലെ പ്രവർത്തനങ്ങളിൽ നാം ശക്തരാ യിരിക്കും. ഈ പുതിയ സൃഷ്ടിയിൽ വിശ്വസിക്കുന്ന വ്യക്തി സർപ്പങ്ങളെ കൈയ്യിലെടുക്കും എന്നുമാത്രമല്ല മാരകമായ എന്തു കുടിച്ചാലും ഒരു ഹാനിയും വരികയില്ല. കാരണം ആ വ്യക്തി പുതിയ സൃഷ്ടിയിൽ വിശ്വസിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. പ്രവർത്തി ക്കേണ്ടത് സൂക്കേയിലല്ല, ദൈവീകജീവനിലാണ് (Zoe). സൂക്കേയിൽ മുന്നോട്ട് പോയിക്കൊണ്ട്, നാം ഈ വക പ്രവൃത്തി ചെയ്യുന്നുവെങ്കിൽ ആ നിമിഷം ഈ ലോകത്തിലെ നിയമങ്ങൾ നമ്മെ ബാധിക്കും

എന്നാൽ ഈ വ്യക്തിയുടെ ജീവൻ ഇപ്പോൾ താഴ്ന്ന ജീവനായ രക്തത്തിൽ നിന്ന്, ഉയർന്ന ജീവനായ ആത്മാവിലേക്ക് മാറിയി രിക്കുന്നു. അതായത് 15 വാൾട്ട് ബൾബിന്റെ പ്രകാശത്തിൽ വായിച്ചു കൊണ്ടിരിക്കെ, പെട്ടെന്ന് അവിടെ സൂര്യൻ ഉദിച്ചാൽ പിന്നെ 15 വാൾട്ട് ബൾബിന്റെ പ്രാധാന്യം നഷ്ടപ്പെടുകയാണ്. ഇതുപോലെയാണ് സൂക്കേ ജീവനിൽ നിന്ന് സ്വയേ ജീവനിലേക്കുള്ള നമ്മുടെ മാറ്റം എന്റെ ജീവിതത്തിൽ മനപ്പൂർവ്വം ഞാൻ വിഷം കഴിക്കാൻ ശ്രമിച്ചിട്ടില്ല. അറി യാതെ, ഞാൻ വളരെ പഴയ, ദ്രവിച്ച വസ്തുക്കൾ കിടന്ന വെള്ളം എടുത്തു കുടിച്ചു. ഒരിക്കൽ ഷിപ്പിൽ വന്നിരുന്ന കുറച്ചു യന്ത്രങ്ങൾ എടുക്കാനായി ഷാർജ ഫ്രീസോണിലേക്ക് ഞാൻ കടന്നു പോയി. അവിടേക്ക് ഞാൻ പോകുമ്പോൾ കുടിക്കുവാനായി വെള്ളം കരുതിയിരുന്നില്ല. ഉച്ചതുടങ്ങി വെള്ളമോ ഭക്ഷണമോ കഴിച്ചിട്ടില്ല. അങ്ങനെ രാത്രി ഏഴരയായി നല്ല ഇരുട്ടുമുണ്ട്. അപ്പോൾ എനിക്ക് തോന്നി വാനിന്റെ പുറകിൽ വെള്ളം കാണുമല്ലോ എന്ന്. ഞാൻ അവിടെ നോക്കിയപ്പോൾ ഒരു കുപ്പിയിൽ

> പുതിയ സൃഷ്ടിയിൽ വിശ്വസിക്കുന്ന വ്യക്തി സർപ്പങ്ങളെ കൈയ്യിലെടുക്കും എന്നു മാത്രമല്ല മാരകമായ എന്തു കുടിച്ചാലും ഒരു ഹാനിയും വരികയില്ല.

> 15 വാൾട്ട് ബൾബിന്റെ പ്രകാശത്തിൽ വായിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് അവിടെ സൂര്യൻ ഉദിച്ചാൽ പിന്നെ ആ ബൾബിന്റെ പ്രാധാന്യം നഷ്ടപ്പെടുകയാണ്. ഇതുപോലെയാണ് സൂക്കേ ജീവനിൽ നിന്ന് സ്വയേ ജീവനിലേക്കുള്ള നമ്മുടെ മാറ്റവും.

പകുതിയോളം വെള്ളമുണ്ട്. കിട്ടിയ ഉടൻ വെള്ളം എടുത്തു കുടിച്ചു, നല്ല രുചി. ഒരു കുഴപ്പവുമില്ല. ദാഹവും മാറി സാധനങ്ങൾ വണ്ടിയിൽ നിറച്ച് ആ രാത്രി വണ്ടി റാസൽ-ഖൈമയിലുള്ള ഓഫീസിന്റെ മുമ്പിൽ കൊണ്ട് ഇട്ടു. പിറ്റേദിവസം പകൽ ആ കുപ്പി നോക്കിയപ്പോൾ അത് വളരെ നാളുകൾക്ക്മുമ്പ് ആരോ ഉപയോഗിച്ചിട്ട് ബാക്കി വച്ചിരുന്ന വെള്ളമാണെന്ന് മനസ്സിലായി. കുപ്പിയ്ക്കകം പൂപ്പൽ പിടിച്ച് കളർ മാറി, മഞ്ഞയായിരുന്നു. കർത്താവിന്റെ വലിയ കൃപയാൽ വയർ അസ്വസ്ഥമായില്ല മറ്റു കുഴപ്പമൊന്നും ഉണ്ടായില്ല. അനുഗ്രഹമായി മുന്നോട്ടു പോയി. ദൈവത്തിനു നന്ദി.

## ദൈവിക ജീവൻ മാനുഷിക ജീവനെ വിഴുങ്ങുന്നു. (സ്വയേ, സൂക്കേയെ വിഴുങ്ങുന്നു)

സ്വയേയിൽ നാം മുന്നോട്ടുപോകുമ്പോൾ സൂക്കേയുടെ നിയമങ്ങളും, ലോകത്തിന്റെ നിയമങ്ങളും നമുക്ക് മുമ്പിൽ കീഴടങ്ങും. സ്വയേ സൂക്കേയെ പൂർണ്ണമായി കീഴടക്കുന്ന അവസ്ഥയിലാണ് ദൈവമക്കളുടെ പൂർണ്ണമായ വെളിപ്പാട് നടക്കുന്നത്. അപ്പോൾ ദൈവപൈതൽ നടത്തപ്പെടുന്നത് തന്റെ സ്വയത്താലല്ല, തന്റെ സ്വന്ത ഇഷ്ടത്താലല്ല, ദൈവാത്മാവിന്റെ ഇഷ്ടത്തിലാണ്. വചനം പറയുന്നു; **'ദൈവാത്മാവ് നടത്തുന്നവരാണ് ദൈവമക്കൾ'** (റോമ.8:14) അപ്പോൾ യേശുക്രിസ്തു മനുഷ്യരിലൂടെ ലോകത്തിൽ വെളിപ്പെടുകയാണ് ചെയ്യുന്നത്.

സ്വയേ (Zoe)
ദൈവീക ജീവൻ


സ്വയേ സൂക്കേയെ പൂർണ്ണമായി കീഴടക്കുന്ന അവസ്ഥയിലാണ് ദൈവമക്കളുടെ പൂർണ്ണമായ വെളിപ്പാട് നടക്കുന്നത്.

ദൈവപുത്രന്മാരുടെ വെളിപ്പാടിനായി സൃഷ്ടി കാത്തിരിക്കുകയാണ്. റോമർ 8:19; ആരാണ് ദൈവമക്കൾ? ആരെയാണ് ദൈവപുത്രന്മാർ എന്ന് പറയുന്നത്.

## 'ദൈവാത്മാവിനാൽ നടത്തപ്പെടുന്നവരത്രേ ദൈവമക്കൾ?' (റോമർ 8:14).

(റോമ.8:14) സൂക്കേയെ തകർക്കുമ്പോൾ സ്വന്ത ഇഷ്ടങ്ങൾ തകർന്നുപോകും. തുടർന്ന് വളരെ എളുപ്പത്തിൽ ദൈവാത്മാവിനാൽ നടത്തപ്പെടുവാൻ കഴിയും. അങ്ങനെ നാം ദൈവപുത്രന്മാരായി ഈ സമയം തന്നെ ഈ ലോകത്തിൽ വെളിപ്പെടാൻ തുടങ്ങും.

1 പത്രോസ് 4:1-2 ൽ **"ക്രിസ്തു ജഡത്തിൽ കഷ്ടം സഹിച്ചതുകൊണ്ട് നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിപ്പിൻ. ജഡത്തിൽ കഷ്ടമനുഭവിച്ചവൻ ജഡത്തിൽ ശേഷിക്കും കാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല, ദൈവത്തിന്റെ ഇഷ്ടത്തിനത്രേ ജീവിക്കേണ്ടതിനു പാപം വിട്ടൊഴിഞ്ഞിരിക്കുന്നു."**





**സ്വയത്തെ ത്യജിച്ച് ദൈവാത്മാവിനാൽ നടത്തപ്പെടുന്ന മനുഷ്യൻ**

ചിത്രം – 28

(ചിത്രം 28)ലൂടെ നാം മനസ്സിലാക്കുന്നത്, ഇപ്പോൾ നേരിട്ട് ആത്മാവ് ശരീരത്തെ നിയന്ത്രിക്കുന്ന അവസ്ഥയിൽ എത്തിപ്പെട്ടു. ഇതാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ദൈവമക്കൾക്ക് ദൈവരാജ്യത്തിലെ വചനം പലപ്പോഴും ലഭിക്കാത്തതുകൊണ്ട് ഇങ്ങനെ വളർച്ച പ്രാപിക്കുന്നവർ വളരെ ചുരുക്കം. ഇങ്ങനെയുള്ളവർ ഇനി മാനുഷിക ഇഷ്ടങ്ങൾക്കല്ല ദൈവേഷ്ടത്തിന് ജീവിക്കേണ്ടതിനു തന്നേ. കഷ്ടം സഹിക്കാൻ വചനപ്രകാരമുള്ള മനോഭാവം മാനുഷിക ഇഷ്ടത്തെ കൊല്ലുന്നു. കഷ്ടത്തിലൂടെ കടക്കുമ്പോൾ ദൈവവചനം അനുസരിക്കാനുള്ള നമ്മുടെ മനോഭാവം, കൈവെടിയാതെ നാം വചനം അനുസരിച്ച് അതിലൂടെ കടക്കുമ്പൾ ദൈവാനുരൂപമായ

പുതിയ സൃഷ്ടി നമ്മുടെ സ്വന്തം ഇഷ്ടം നിറഞ്ഞു നിൽക്കുന്ന ദേഹിയിലേക്ക് (സൂക്കേ) നിറയുകയും, സ്വന്തം ഇഷ്ടം തകർക്കപ്പെടുകയും നമ്മൾ ആത്മീയമായി ഒരു പടി കൂടെ വളർന്ന് ദൈവേഷ്ടം ചെയ്യുവാനും തുടങ്ങും. മറ്റൊരു രീതിയിൽ പറഞ്ഞാൽ ആത്മാവ് ദേഹിയെ വിഴുങ്ങും. ദൈവീക ചിന്തകൾ മാനുഷിക ചിന്തകളെ വിഴുങ്ങി. മനുഷ്യൻ മനസ്സ് പുതുക്കി ദൈവാനുരൂപത്തിലേക്ക് കടന്നു വരും.

കഷ്ടം സഹിക്കുവാനുള്ള മനോഭാവം ആയുധമായി ധരിച്ച് അതിലൂടെ മുന്നോട്ടേക്കു പോകുമ്പോൾ മാനുഷിക ഇഷ്ടങ്ങൾ മാറ്റപ്പെട്ട് ദൈവേഷ്ടം നമ്മിലൂടെ നടത്തപ്പെടുന്നു.




**സ്വയത്തെ ത്യജിച്ച് ദൈവാത്മാവിനാൽ നടത്തപ്പെടുന്ന മനുഷ്യൻ**

ചിത്രം - 28

ഇപ്പോൾ നേരിട്ട് ആത്മാവ് ശരീരത്തെ നിയന്ത്രിക്കുന്ന അവസ്ഥയിൽ എത്തിപ്പെട്ടു. ഇതാണ് ദൈവം നമ്മിൽ ആഗ്രഹിക്കുന്നത്. ഇത് പലരിലും പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിൽ ഏല്പിച്ചു കൊടുക്കുന്നതിനനുസരിച്ച് ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരിക്കും. പൂർണ്ണമായും ദൈവീക ജീവൻ (സ്വയേ) മാനുഷിക ജീവനെ (സൂക്കേ) വിഴുങ്ങു


ന്നത് നമ്മുടെ ഭൂമിയിലെ മരണസമയത്ത് മാത്രമാണ്. തുടർന്ന് പുനരുദ്ധാനത്തിൽ സ്വയേ ജീവൻ ശരീരത്തെയും വിഴുങ്ങുവാൻ ഇടയാകും.

**"ഉരിവാനല്ല മർത്യമായതു ജീവനാൽ നീങ്ങിപ്പോകേണ്ടതിനു മീതെ ഉടുപ്പാൻ ഇച്ഛിക്കയാൽ ഞങ്ങൾ ഈ കൂടാരത്തിൽ ഇരിക്കുന്നേടത്തോളം ഭാരപ്പെട്ടു ഞരങ്ങുന്നു." (2 കൊരി.5:4)**

അതായത് നമ്മുടെ ഭൗതിക മരണത്തോടെ ആത്മീയജീവൻ ദേഹിയെ വിഴുങ്ങുവാൻ ഇടയാകുന്നു (മത്താ.16:25, 27:51) പുനരുദ്ധാനത്തിൽ ആത്മീയ ജീവൻ ശരീരത്തേയും വിഴുങ്ങുന്നു.

(2 കൊരി. 5:4, 1 കൊരി. 15:52-53, 1 തെസ്സ. 4:16)

പൂർണ്ണമായും ദൈവീക ജീവൻ (സ്വയേ) മാനുഷിക ജീവനെ (സൂക്കേ) വിഴുങ്ങുന്ത് നമ്മുടെ ഭൂമിയിലെ മരണ സമയത്ത് മാത്രമാണ്. തുടർന്ന് പുനരുദ്ധാനത്തിൽ സ്വയേ ജീവൻ ശരീരത്തെയും വിഴുങ്ങുവാൻ ഇടയാകും.




**ഭൗതിക മരണത്തിൽ ആത്മാവ് ദേഹിയെ വിഴുങ്ങുന്നു.**

**അല്ലെങ്കിൽ (ജീവനെ നേടുന്നു) മത്താ. 16:25**

ചിത്രം - 29

ഇതാണ് 1000 വർഷത്തിലെ ഭരണത്തിൽ സംഭവിക്കുന്നത്, നമ്മുടെ ഈ ദ്രവിക്കുന്ന ഭൗതിക ശരീരം രൂപാന്തരപ്പെട്ട് പുതുശരീരത്തോടെ (ആത്മശരീരത്തോടെ) നാം ആത്മാവിനാൽ നയിക്കപ്പെടുന്നവരായിരിക്കും. ഇപ്പോൾ മുതൽ, നാം ഇങ്ങനെ ആത്മാവിനാൽ നയിക്കപ്പെടുന്നുവെങ്കിലാണ് നമ്മുടെ തിരഞ്ഞെടുപ്പ് ഉറപ്പാകുന്നത്.

**"ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു." (റോമ 8:14)**

**"നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നുവെങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ ജീവിക്കും." റോമ 8:13**

## സമാഗമനകൂടാരവും, മാനുഷീക ഘടനയും

ഈ വിഷയം സമാഗമനകൂടാരത്തിൽ കാണാം. ആത്മാവ് ദേഹിയെ വിഴുങ്ങി, ആത്മീയ രൂപമാകുന്ന കാഴ്ച നമുക്ക് സമാഗമന കൂടാരത്തിൽ കാണാം. പഴയ നിയമം നിഴലും, പുതിയ നിയമം പൊരുളുമാണ്. സമാഗമനകൂടാരത്തിലേക്ക് നാം കടന്നുവരുമ്പോൾ സമാഗമന കൂടാരത്തിന് 3 ഭാഗങ്ങൾ ഉണ്ട്.

**പ്രാകാരം, വിശുദ്ധസ്ഥലം, അതി വിശുദ്ധസ്ഥലം**


പ്രാകാരത്തിൽ യാഗപീഠവും, താമ്ര തൊട്ടിയും.

വിശുദ്ധ സ്ഥലത്ത് നിലവിളക്ക്, കാഴ്ചയപ്പത്തിന്റെ മേശ, കാഴ്ചയപ്പം. അതിവിശുദ്ധസ്ഥലത്ത് പൊന്നുകൊണ്ടുള്ള ധൂപകലശവും, കെരൂബുകളും, നിയമപെട്ടകവും ഉണ്ട്.

അതിവിശുദ്ധ സ്ഥലത്തിനും വിശുദ്ധസ്ഥലത്തിനുമിടയിൽ കട്ടിയുള്ള ഒരു തിരശ്ശീലകൊണ്ട് മറച്ചിരിക്കുന്നു. സമാഗമനകൂടാരത്തിന് 3 ഭാഗമുള്ളതുപോലെ മനുഷ്യന്റെ ഘടനയ്ക്കും 3 ഭാഗങ്ങളുണ്ട്. ഇതിൽ 'പ്രാകാരം' (Outer court) പ്രതിനിധാനം ചെയ്യുന്നത് മനുഷ്യന്റെ 'ശരീരമാണ്' (Body). വിശുദ്ധസ്ഥലത്തെ കാണിക്കുന്നത് മനുഷ്യന്റെ 'ദേഹിയാണ്' (Soul). 'അതിവിശുദ്ധസ്ഥലം' (Most Holy Place) 'ആത്മാവിനെയാണ്' കാണിക്കുന്നത്. (ചിത്രം 30)

> സൂക്ഷ്മ തകരുന്നതിനനുസരിച്ച് ആത്മാവ് (സ്വയേ) ശരീരത്തെ നേരിട്ട് നിയന്ത്രിക്കുവാൻ തുടങ്ങും.

'വിശുദ്ധസ്ഥലത്തിനും' 'അതിവിശുദ്ധസ്ഥലത്തിനും' ഇടയിൽ ഒരു തിരശ്ശീല ഉണ്ട്. ദൈവം വസിക്കുന്നത് അതിവിശുദ്ധസ്ഥലത്താണ്. മനുഷ്യർക്ക് പ്രാകാരം വരെ വരാം, പുരോഹിതന്മാർക്ക് വിശുദ്ധസ്ഥലം വരെയും, മഹാപുരോഹിതന് ആണ്ടിൽ





ചിത്രം - 30

ഒരിക്കൽ കാലിൽ ഒരു ചങ്ങല കെട്ടി അതിവിശുദ്ധസ്ഥലത്തിൽ ശുശ്രൂഷക്കായി പ്രവേശിക്കാം.

ഈ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിൽ യേശുക്രിസ്തു തന്റെ സൂക്കേയെ (ജീവനെ) കാൽവറിയിൽ വച്ച് നമുക്ക് തന്നു. യേശു പിതാവിന്റെ ഇഷ്ടത്തിന് ഏൽപ്പിച്ചു കൊടുത്തപ്പോൾ സൂക്കേ തകർന്നു. അതായത് തന്റെ പ്രാണനെ വിട്ടു. ആ സമയം ദൈവാലയത്തിന്റെ തിരശ്ശീല മുകൾതൊട്ട് താഴേക്ക് രണ്ടായി കീറിപ്പോയി.

**"അപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയി; ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയർത്തെഴുന്നേറ്റു." (മത്താ. 27:51–52)**

നമ്മുടെ സൂക്കേ തകരുമ്പോൾ ദേഹിക്കും (Soul) ആത്മാവിനും (Spirit) ഇടയിലുള്ള മറ (Seperation) തകർന്നു മാറും. ഈ സൂക്കേ തകർന്നു കഴിഞ്ഞപ്പോൾ ദൈവാലയത്തിന്റെ തിരശ്ശീല മുകൾ തുടങ്ങി താഴെവരെ രണ്ടായി മുറിഞ്ഞു. അതിനുശേഷം വിശുദ്ധസ്ഥലം ഇല്ല. വിശുദ്ധസ്ഥലം അതിവിശുദ്ധസ്ഥലത്തേക്ക് ലയിച്ചുപോയി. പകരം മുഴുവൻ അതിവിശുദ്ധസ്ഥലം ആയി (Most Holy Place). (ചിത്രം 31




**യേശുക്രിസ്തുവിന്റെ മരണത്താൽ അതിവിശുദ്ധ സ്ഥലം**

**വിശുദ്ധസ്ഥലത്തെ വിഴുങ്ങുന്നു.**

ചിത്രം – 31

ൽ) ദേഹി (Soul) ആത്മാവിലേക്ക് (Spirit) ലയിച്ചുപോയി. തുടർന്ന് യേശുവിന്റെ പുനരുദ്ധാനസമയത്ത് യേശുവിന്റെ ശരീരവും കൂടി ആത്മാവിലേക്ക് ലയിച്ച് മർത്യശരീരം ആത്മശരീരമായി മാറി, പുനരുദ്ധാനം ചെയ്തു. ഈ ആത്മാവിനാൽ നിയന്ത്രിതമായ ഈ ശരീരത്തിന് എവിടെ വേണമെങ്കിലും പ്രത്യക്ഷപ്പെടാൻ കഴിയും. ശിഷ്യന്മാരുടെ നടുവിൽ അടച്ചിട്ടിരുന്ന മുറിയിൽ യേശു പ്രത്യക്ഷപ്പെടുകയാണല്ലോ ചെയ്തത് (യോഹ.20:26, മർക്കൊ.16:9, 16:14)

കുറച്ചു ദിവസമേ നമ്മൾ ഈ ഭൂമിയിൽ ഉള്ളൂ. ഈ സമയം കർത്താവിന്റെ ശുശ്രൂഷയിൽ നാം നമ്മെത്തന്നെ ഏൽപ്പിച്ചു കൊടുക്കുന്നു എങ്കിൽ ഈ ഒരു അവസ്ഥയിലേക്ക്,

അതായത് സൂക്കേ തകരുന്ന ഒരു അവസ്ഥയിലേക്ക് നമുക്ക് കടന്നു വരാൻ കഴിയും. സൂക്കേ തകരുന്നതനുസരിച്ച് പുതിയ സൃഷ്ടിയിൽ ജീവനായി (സ്വയേ) വസിക്കുന്ന ദൈവാത്മാവ് ശരീരത്തെ നേരിട്ട് നിയന്ത്രിക്കുവാൻ തുടങ്ങും. അതിനിടയിലുള്ള തടസ്സങ്ങൾ കുറയും.

മുമ്പ് ഞാൻ പ്രസംഗിക്കുവാൻ നിൽക്കുമ്പോൾ പലപ്പോഴും ആത്മാവിൽ നിന്ന് ദൈവാത്മാവ്  എന്റെ ദേഹിയിലേക്ക് തരുന്ന പല ചിന്തകളും തടസ്സപ്പെട്ടുകൊണ്ടേയിരുന്നു. കാരണം എന്റെ ഉള്ളിലിരിക്കുന്ന ജഡചിന്തകളാണ്, എന്റെ സ്വയത്തിന്റെ (സൂക്കേയുടെ) ഇഷ്ടം പലതും തകർക്കപ്പെട്ടില്ല. എന്നാൽ ദൈവത്തിന്റെ ശുശ്രൂഷയിലൂടെ കടന്നുപോകുവാൻ തുടങ്ങിയപ്പോൾ തടസ്സങ്ങളുടെ അളവ് കുറഞ്ഞു. ഇപ്പോൾ പഴയതിലും വളരെയധികമായി പരിശുദ്ധാത്മാവ് എന്റെ ആത്മാവിന്റെ സാഹചര്യത്തിൽ നിന്നുകൊണ്ട് എന്റെ ശരീരത്തെ എന്റെ പുതുക്കപ്പെട്ട മനസ്സിലൂടെ നിയന്ത്രിക്കുകയാണ് ചെയ്യുന്നത്. തടസ്സങ്ങൾ തീരെ ഇല്ല എന്നു പറയുന്നില്ല. പലപ്പോഴും പല തടസ്സങ്ങളും ഉണ്ട് എന്നാൽ കർത്താവ് തന്റെ ശുശ്രൂഷയിലൂടെ അത് കുറച്ചുകൊണ്ടേയിരിക്കുകയാണ്. ദൈവം നമ്മെയെല്ലാം ഈ ശുശ്രൂഷയിലൂടെ ദൈവരാജ്യത്തിന് പ്രയോജനമുള്ളവരാക്കി മാറ്റട്ടെ.

## പ്രധാന തത്വങ്ങൾ

1. നാം നമ്മുടെ ചിന്തയിൽ ഏത് രാജ്യത്തിലാണോ ആ രാജ്യത്തിന്റെ നിയമങ്ങൾ നമ്മെ ഭരിക്കും.
2. അകത്ത് നിന്ന് പുറത്തേക്കുള്ള ജീവിതമാണെങ്കിൽ നാം ജീവിക്കുന്നത് ദൈവരാജ്യത്തിൽ നിന്നുമാണ്. പുറത്ത് നിന്ന് അകത്തേക്കുള്ള ജീവിതമാണെങ്കിൽ നാം ലോകരാജ്യത്തിലാണ്.
3. നമ്മുടെ സ്വയത്തെ (സൂക്കേ) എത്രത്തോളം ത്യജിക്കുന്നുവോ അത്രത്തോളം പുതിയ സൃഷ്ടിയായ ദൈവപുത്രന്റെ ജീവൻ (സ്വയേ) നമ്മളിലൂടെ വെളിപ്പെടും.
4. യേശുക്രിസ്തു തന്ന പുതിയ സൃഷ്ടിയിൽ വിശ്വസിക്കുന്നവർക്ക് ഈ ലോകത്തിലെ നിയമങ്ങളെ ദൈവരാജ്യത്തിലെ നിയമങ്ങളാൽ കീഴടക്കി ജീവിക്കുവാൻ കഴിയും.
5. നാം ദൈവത്തെ അനുസരിക്കുന്നവരെങ്കിൽ ദൈവം സൃഷ്ടിച്ച ജന്തുക്കളും നമ്മെ അനുസരിക്കും.
6. നാം എപ്പോൾ സൂക്കേയുടെ രീതി ഉപേക്ഷിച്ച് (വീണുപോയ ആദത്തിന്റെ രീതി ഉപേക്ഷിച്ച്) ദൈവത്തിന്റെ, സ്വയേയുടെ രീതിയിലേക്ക് എപ്പോൾ കയറുന്നുവോ അത്രത്തോളം സൃഷ്ടിവസ്തുക്കൾ സന്തോഷിക്കുകയും, നാം ഈ ലോകത്തിന്റെ നിയമങ്ങളെ വിട്ട് ദൈവരാജ്യത്തിന്റെ നിയമങ്ങളിലേക്ക് കയറുകയും ചെയ്യുന്നു.
7. ഈ പുതിയ സൃഷ്ടിയിൽ വിശ്വസിക്കുന്ന വ്യക്തി സർപ്പങ്ങളെ കൈയ്യിലെടുക്കും എന്നു മാത്രമല്ല മാരകമായ എന്തു കുടിച്ചാലും ഒരു ഹാനിയും വരികയില്ല.
8. സൂക്കേ തകരുന്നതനുസരിച്ച് ആത്മാവ് (സ്വയേ) ശരീരത്തെ പുതുക്കപ്പെട്ട മനസ്സിലൂടെ നിയന്ത്രിക്കുവാൻ തുടങ്ങും.
9. ദൈവാത്മാവിനെ അനുസരിച്ച് നടക്കുന്ന മനുഷ്യരുടെ ഭൗതിക മരണത്തിൽ ആത്മീയജീവൻ ദേഹിയെ വിഴുങ്ങുന്നു. തുടർന്ന് പുനരുദ്ധാനത്തിൽ ഇതേ ആത്മീയ ജീവൻ ശരീരത്തെയും വിഴുങ്ങുന്നു.



## അദ്ധ്യായം 15

# കാണുക, വിലകൊടുക്കുക, അവകാശമാക്കുക

"ജഡത്തിൽ കഷ്ടമനുഭവിച്ചവർ ജഡത്തിൽ ശേഷിച്ചിരിക്കും കാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല, ദൈവത്തിന്റെ ഇഷ്ടത്തിനത്രേ ജീവിക്കേണ്ടതിന്നു പാപം വിട്ടൊഴിഞ്ഞിരിക്കുന്നു" (1 പത്രോ. 4:2)

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ദൈവം തന്റെ അത്ഭുതകരം കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. നാം ആദ്യം തന്നെ ഇത് കാണുന്നില്ല എങ്കിൽ. നമുക്ക് ഇത് അവകാശമാക്കുവാൻ കഴിയുകയില്ല. വില മുടക്കാത്തവർക്ക് കാണാം. കേൾക്കാം സന്തോഷിക്കാം, പക്ഷേ അനുഭവിക്കുവാൻ കഴിയുകയില്ല.

**എന്താണ് വില?** വില മുടക്കാതെ ദൈവരാജ്യത്തിൽ നിന്ന് ഒന്നും പ്രാപിക്കുവാൻ കഴിയുകയില്ല. നാം ഒരു സൂപ്പർ മാർക്കറ്റിൽ കയറിയാൽ സൂപ്പർ മാർക്കറ്റിലെ സാധനങ്ങൾ മുഴുവൻ കാണാം എന്നാൽ വില മുടക്കിയാൽ മാത്രമേ അത് വാങ്ങുവാനും, അനുഭവിക്കാനും കഴിയുകയുള്ളു. വില മുടക്കാത്തവന് അതൊന്നും അനുഭവിക്കുവാൻ കഴിയുകയില്ല എന്ന് നാം മനസ്സിലാക്കിയല്ലോ.

## കാണുക

ഏതൊരു ആത്മീയ അനുഗ്രഹം ലഭിക്കണമെങ്കിലും അത് വേണ്ട രീതിയിൽ മനസ്സിലാക്കി അതിനൊത്ത വില കൊടുത്തെങ്കിൽ മാത്രമേ ലഭിക്കുകയുള്ളു. പ്രവാചകന്മാരിൽ അഗ്രഗണ്യനായ ഏലിയാവിന്റെ അഭിഷേകത്തിന്റെ ഇരട്ടി പങ്ക് ലഭിക്കുവാൻ കാത്ത് പുറകെ നടക്കുന്ന ഏലീശ, ഏലിയാവ് അവസാനം വരെ ഏലീശയെ തിരസ്കരിക്കുന്ന ഒരനുഭവമായിരുന്നു. "നീ വരേണ്ട, എന്നെ കർത്താവ് ഇന്ന 'ഇടത്തേക്ക്' അയച്ചിരിക്കുന്നു". എന്ന് ഏലിയാവ് എലീശയോട് പല പ്രാവശ്യം പറഞ്ഞു എങ്കിലും ഈ തിരസ്കരണം വകവയ്ക്കാതെ ഏലീശ ഏലിയാവിന്റെ പുറകെ പോയി. അവസാനം യോർദ്ദാൻ കടന്നു കഴിഞ്ഞപ്പോൾ ഏലിയാവ് ഏലീശയോട് ചോദിച്ചു 'നിന

ക്ക്-എന്തുവേണം? 'അങ്ങയിലുള്ള ആത്മാവിന്റെ ഇരട്ടി പങ്ക് എനിക്കുവേണം.' ഏലിയാവ് പറഞ്ഞു, 'നീ ചോദിക്കുന്ന കാര്യം വിഷമമുള്ളതാണ്. എന്തുകൊണ്ടെന്നാൽ ഞാൻ ആത്മലോകത്തിലേക്ക് മറയുന്ന കാഴ്ച നിനക്ക് ആത്മാവിൽ **കാണുവാൻ** കഴിയുന്നു എങ്കിൽ മാത്രമേ നിനക്ക് അത് ലഭിക്കുകയുള്ളു.' (**2 രാജാക്കന്മാർ 2:1-12**)

കർത്താവായ യേശു പ്രസംഗിച്ചുകൊണ്ടിരിക്കുന്നതിന്റെ മദ്ധ്യത്തിലൂടെ പുരോഹിതന്മാരുടെ അല്ലെങ്കിൽ ദൈവദാസന്മാരുടെ ഒരു പ്രമാണി വന്നിട്ട്, യേശുവേ നീ ചെയ്യുന്ന അത്ഭുതങ്ങളും അടയാളങ്ങളും കണ്ട് എനിക്ക് ഒന്ന് മനസ്സിലായി, നീ ദൈവത്തിൽ നിന്ന് വന്നതാണ്. 'നീ ദൈവത്തിൽ നിന്ന് വന്നതല്ല എങ്കിൽ ഇതുപോലെ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാനായി കഴിയുകയില്ല.' (യോഹ.3:2)

ആദ്യം കാണുക പിന്നെ അവകാശമാക്കുക.

എന്നാൽ സൂക്ഷ്മയിൽ പ്രവർത്തിക്കുന്നവരാണെങ്കിൽ, അതേ ഞാൻ ദൈവത്തിൽ നിന്ന് വന്നതാണ് എന്ന് പറഞ്ഞ് വീണ്ടും പുകഴും പക്ഷേ അത്ഭുതം പറഞ്ഞവനോട്, പുകഴ്ത്തിയവനോട് യേശുവിന് പറയുവാനുള്ളത് ഒറ്റ കാര്യമാണ്, 'ദൈവരാജ്യം'. യേശു ആ വ്യക്തിയോട് പറഞ്ഞു വീണ്ടും ജനിച്ചില്ല എങ്കിൽ ദൈവരാജ്യം **കാണ്മാൻ** ആർക്കും കഴിയുകയില്ല. ആദ്യം കാണുക, പിന്നെ അവകാശമാക്കുക.

രക്ഷയുടെ അനുഭവത്തിലേക്കു വന്നാൽ ദൈവരാജ്യം കാണാം. അവകാശമാക്കുന്നത് പിന്നെയാണ്. അതുകൊണ്ടാണ് ഗലാത്യ ലേഖനത്തിലും, കൊരിന്ത്യ ലേഖനത്തിലും എഴുതിയിരിക്കുന്നത് ഇന്നിന്നത് പ്രവർത്തിച്ചാൽ നീ ദൈവരാജ്യം അവകാശമാക്കുകയില്ല. അനീതി പ്രവർത്തിച്ചാൽ നീ ദൈവരാജ്യം അവകാശമാക്കുകയില്ല, നീ ജഡപ്രകാരം (സൂക്ഷ്മയിൽ) പ്രവർത്തിച്ചാൽ ദൈവരാജ്യം അവകാശമാക്കുകയില്ല. (1 കൊരി. 6:9), ഗലാ.5:19-21) ഈ ലേഖനങ്ങൾ പൗലോസ് എഴുതിയിരിക്കുന്നത് വീണ്ടും ജനിക്കാത്ത ജാതികൾക്കല്ല, വീണ്ടും ജനിച്ച് ദൈവത്തെ ആരാധിച്ച് തിരുവത്താഴ ശുശ്രൂഷയിൽ പങ്കെടുക്കുന്ന, ശുശ്രൂഷിക്കുന്ന ദൈവദാസന്മാരോടും വിശ്വാസികളോടുമാണെന്ന് ഓർക്കുക.

നീ വീണ്ടും ജനിച്ചാൽ ദൈവരാജ്യം കാണാം. കാണുക എന്നതിന്റെ

ഗ്രീക്ക് വാക്കിന്റെ (Eido) അർത്ഥം 'മനസ്സിലാക്കുക' (Understand - To know) എന്നാണ്. വീണ്ടും ജനിക്കാത്ത ഒരുവന് ദൈവരാജ്യത്തിലെ ഒരു കാര്യവും എത്ര പ്രാവശ്യം പറഞ്ഞാലും മനസ്സിലാകുകയില്ല.

**"പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അവനത് ഗ്രഹിക്കുവാൻ കഴിയുകിയില്ല."**
**(1 കൊരി.2:14)**

യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് ദൈവരാജ്യത്തിൽ പ്രവേശിച്ച നാം ഇപ്പോൾ ദൈവരാജ്യം കണ്ടു, അവകാശമാക്കിയിട്ടില്ല. അവകാശമാക്കുന്നതിന് മുമ്പ് വിലകൊടുക്കേണ്ടതായിട്ടുണ്ട്. നാം അനുവദിച്ചാൽ ദൈവം നമ്മിൽ നിന്ന് വില എടുത്തു കൊള്ളും.

## വില കൊടുക്കുക

എന്താണ് ഈ വില?

മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവം  നമുക്ക് അനുവദിക്കുന്ന കഷ്ടതകളിലൂടെ കടന്ന്. (ഫിലി. 1:29, 1 പത്രോ 4:1-2) പിശാചിന്റെ ധനം നിറഞ്ഞു നിൽക്കുന്ന നമ്മുടെ സൂക്ഷേയെ തകർത്ത്, അതായത് പിശാച് നമ്മുടെ സ്വയമാകുന്ന ദേഹിയിൽ നിറച്ചിരിക്കുന്ന അവന്റെ ധനമായ നമ്മുടെ ലോകജഡചിന്തകളെ നമ്മളിൽ നിന്ന് എടുത്തുമാറ്റി പകരം ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യന്റെ ജീവനാൽ, (സ്വയേ)ആത്മാവിന്റെ ചിന്തകളാൽ അവിടെ നിറയ്ക്കുകയാണ് ഈ വില കൊടുക്കൽ ശുശ്രൂഷയിലൂടെ നടക്കുന്നത്.

പിശാച് ഭരിക്കുന്ന ഈ ലോകത്തിലുള്ള നമ്മുടെ ന്യായമായ അവകാശങ്ങളെ (Rights) അഥവാ നമ്മുടെ ഇഷ്ടങ്ങളെ ദൈവത്തിന് വേണ്ടി, ദൈവീകപ്രവർത്തനത്തിന് വേണ്ടി മനപ്പൂർവ്വം ഉപേക്ഷിക്കുന്നതാണ് ഈ വില.

**"ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവന്നു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു."**
**(ഫിലി. 1:29)**

**"ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതു കൊണ്ട് നിങ്ങളും ആ ഭാവം തന്നേ ആയുധമായി ധരിപ്പിൽ. ജഡത്തിൽ കഷ്ടമനുഭവിച്ചവർ ജഡത്തിൽ ശേഷിച്ചിരിക്കും. കാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല ദൈവത്തിന്റെ ഇഷ്ടത്തിനത്രേ**

ജീവിക്കേണ്ടതിന്നു പാപം വിട്ടൊഴിഞ്ഞിരിക്കുന്നു.”
(1 പത്രോ. 4:1–2)

ദൈവത്തിന്റെ ഈ ശുശ്രൂഷയിലൂടെ നാം കടന്നുപോകുമ്പോൾ ദൈവത്തിന്റെ ധനം നമ്മിൽ വർദ്ധിക്കും. ഒരു പക്ഷേ വായനക്കാർക്ക് ഒരു ചോദ്യം ഉയരാം പിശാചിന്റെ ധനം! എന്താണ് ദൈവത്തിന്റെ ധനം?

പിശാചിന്റെ ധനമാണ് ‘ലോകത്തിലെ നമ്മുടെ സ്വയമായ’ ദേഹിയിൽ പിശാചിനാൽ നിറയപ്പെട്ട ലോകജഡചിന്തകൾ (ഗലാ.5:20–21). ദൈവത്തിന്റെ നമ്മുടെ ഉള്ളിലുള്ള ധനമാണ് ‘ദൈവരാജ്യത്തിലെ നമ്മുടെ സ്വയമായ’ പുതിയ സൃഷ്ടിയുടെ ജീവനിൽ (സ്വയേയിൽ) പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ദൈവസ്നേഹം (റോമ 5:5). മറ്റൊരു രീതിയിൽ പറഞ്ഞാൽ ആത്മാവിന്റെ ഫലം (ഗലാ. 5:22–23).

ഇപ്പോൾ വായനക്കാർക്ക് വീണ്ടും ഒരു ചിന്ത വരാം നമുക്ക് രണ്ടു സ്വയമുണ്ടോ? ഉണ്ട്. ദൈവവചനം പറയുന്നു, ഒന്നാം മനുഷ്യനായ ആദം ദേഹിയാണ് (ജീവനുള്ള ദേഹി); ഒടുക്കത്തെ ആദം (ക്രിസ്തു) ദേഹിയല്ല ആത്മാവാണ് (ജീവിപ്പിക്കുന്ന ആത്മാവ്) (1 കൊരി.15:45–49).

ആദത്തിന്റെ സാദൃശ്യത്തിലുള്ള ദേഹീമനുഷ്യൻ ജീവിക്കുന്നത് ലോകത്തിലാണ്. എന്നാൽ ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ സൃഷ്ടിയായവൻ ആയിരിക്കുന്നത് ആത്മലോകമായ ദൈവരാജ്യത്തിലാണ്.

വീണ്ടും ജനിക്കപ്പെട്ട നാം എപ്പോഴും ഒരു കാര്യം മനസ്സിലാക്കണം നാം ഒരു സമയത്ത് ഒരു ലോകത്തിലല്ല രണ്ടു ലോകത്തിലാണ് ജീവിക്കുന്നത്. നമുക്ക് പഴയതും, പുതിയതുമായ രണ്ടു സ്വയമുണ്ട്, പഴയത് തകരേണ്ടതും, പുതിയത് പഴയതിലേക്ക് ശക്തിപ്പെടേണ്ടതുമാണ്.

വില കൊടുക്കുന്നതിനെക്കുറിച്ച് നാം മനസ്സിലാക്കുമ്പോൾ, പഴയ സ്വയത്തെ പൂർണ്ണമായും തകർക്കാൻ ഏല്പിച്ചുകൊടുക്കുന്നതാണ് വില. ഈ തകർക്കപ്പെടലിലൂടെ നമ്മുടെ ജീവിതത്തിലേക്ക് (ദേഹിയിലേക്ക്)

> ദൈവമക്കൾ ഒരേ സമയം രണ്ടു ലോകത്തിലാണ് ജീവിക്കുന്നത്. നമുക്ക് പഴയതും, പുതിയതുമായി രണ്ടു സ്വയമുണ്ട്. പഴയത് തകരേണ്ടതും, പുതിയത് പഴയതിലേക്ക് ശക്തിപ്പെടേണ്ടതുമാണ്.

എത്രത്തോളം ദൈവത്തിന്റെ ജീവൻ കടന്നുവരുമോ അത്രത്തോളം നാം ആത്മീയ സമ്പന്നരാണ്. ഭൗതികലോകത്ത്, എത്രത്തോളം നമുക്ക് ബാങ്കിൽ നിക്ഷേപം ഉണ്ടോ അത്രത്തോളം നാം സമ്പന്നരാണ്. ആത്മീയ ജീവിതത്തിൽ എത്രത്തോളം ദൈവത്തിന്റെ ജീവൻ (സ്വയേ) നമ്മിൽ (ദേഹിയിൽ) പ്രവർത്തിക്കുന്നുണ്ടോ, അത്രത്തോളം നാം സമ്പന്നരാണ്. ഭൗതിക ലോകത്തുള്ള സമ്പത്ത് ഇവിടം കൊണ്ട് അവസാനിക്കും എന്നാൽ നാം നമ്മുടെ ദേഹിയിൽ സ്വയേയാൽ നിറയുമ്പോൾ ആ സമ്പത്ത് ഒരിക്കലും അവസാനിക്കുന്നില്ല. അത് നിത്യമായ സമ്പത്താണ്. ഓരോ നിമിഷവും നാം നമ്മുടെ ഉള്ളിലെ, സൂക്കേയെ അഥവാ ജഡസ്വഭാവത്തെ തകർത്തുകൊണ്ട് സ്വയേയാൽ നിറയുമ്പോൾ നാം ഒരു വില കൊടുക്കുകയാണ്. ഒരു പക്ഷേ ഈ ശുശ്രൂഷയിൽ നമ്മുടെ ഭൗതികമായ പല അവകാശങ്ങളും നമുക്ക് നഷ്ടപ്പെടും. ഇത് നഷ്ടപ്പെടുമ്പോൾ ദൈവവചനപ്രകാരം നാം അത് സഹിക്കാൻ ശ്രമിക്കുമ്പോൾ നമ്മുടെ സ്വയം (സൂക്കേ) അടങ്ങിയിരിക്കില്ല. തന്റെ അവകാശം നഷ്ടപ്പെടുത്തുന്നവനെതിരെ പ്രവർത്തിക്കാൻ അല്ലെങ്കിൽ അടിക്കുവാനായി ചാടി എഴുന്നേൽക്കും എന്നാൽ എഴുന്നേൽക്കുന്ന പഴയ സ്വയത്തെ ദൈവാത്മാവിനാൽ, അതായത് ദൈവവചനത്താൽ തന്നെ പിടിച്ചുകെട്ടി, പഴയ മനുഷ്യന്റെ (ദേഹിയുടെ) സ്വഭാവത്തെ നാം മരിപ്പിക്കണം.

സ്വയേ - ദൈവീക ജീവൻ
സൂക്കേ - മാനുഷിക ജീവൻ

കർത്താവ് പറഞ്ഞു,

**മത്താ. 5:40 ൽ - "നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്ക."**

അതായത് നമുക്കെതിരെ കേസ് കൊടുത്ത് ഒരുവൻ നമ്മിൽ നിന്ന് തട്ടിയെടുക്കുവാൻ ആഗ്രഹിക്കുന്നത് അവന്റെ വസ്തുവല്ല, നമ്മുടെ സ്വന്തവസ്തുവാണ്. അത് വിട്ടു കൊടുക്കേണ്ട ആവശ്യമില്ല. അത് നമ്മുടെ ന്യായമായ അവകാശമാണ്. എന്നാൽ കർത്താവ് പറയുകയാണ് നീ നിന്റെ സ്വന്തമായ അവകാശത്തെ വിട്ടു കളയുക. മാത്രമല്ല അതിൽ അധികവും ചെയ്യുക നിന്റെ കുളിര് മാറാനുള്ള പുതപ്പുകൂടെ വിട്ടുകൊടുക്കുക. അങ്ങനെ കൊടുക്കുവാൻ ആരും സമ്മതിക്കുകയില്ല. ഏതൊരു നിയമവും സമ്മതിക്കുകയില്ല. കർത്താവു പറഞ്ഞു, നീ കൊടുക്കണം ഈ ലോകത്ത് നമ്മുടെ സ്വന്തമായത് എന്തെങ്കിലും ദൈവത്തെ പ്രതി നഷ്ടപ്പെടുമ്പോൾ നാം നിത്യമായതിനാൽ നിറയപ്പെടുകയാണ്.

താൽക്കാലികമായത് നഷ്ടപ്പെടുമ്പോൾ നിത്യമായതിനാൽ നാം നിറയപ്പെടുകയാണ്. നിത്യമായത് നിറയപ്പെടുമ്പോൾ, ഇതിലൂടെ കടന്ന് പോയവർക്കറിയാം അവർ ദൈവസാന്നിദ്ധ്യത്താൽ നിറഞ്ഞു കൊണ്ടിരിക്കും. വില കൊടുക്കാതെ നിറയാൻ പറ്റില്ല.

> ഈ ലോകത്ത് നമ്മുടെ സ്വന്തമായത് എന്തെങ്കിലും ദൈവത്തെ പ്രതി നഷ്ടപ്പെടുമ്പോൾ നാം നിത്യമായതിനാൽ നിറയപ്പെടുകയാണ്.

ദൈവം പലതും ഈ ഭൂമിയിൽ നമുക്ക് തന്നിട്ടുണ്ട് ചിലത് ദൈവം ഈ ശുശ്രൂഷയുടെ ആവശ്യത്തിനാണ് തരുന്നത്. ദൈവം പറയുകയാണ് വസ്ത്രം എടുക്കുവാൻ ആഗ്രഹിക്കുന്നവന് നിന്റെ പുതപ്പും കൂടി വിട്ടുകൊടുക്കുവാൻ പറഞ്ഞാൽ ഇതിൽ ദൈവത്തിന്റെ പണി എന്താണ്? നമ്മുടെ പണി എന്താണ്?

ആദ്യം കൊടുക്കുവാനുള്ള വസ്ത്രവും പുതപ്പും കർത്താവ് തരണം മാത്രമല്ല, വ്യവഹരിക്കാനുള്ള വ്യക്തിയേയും കർത്താവ് അനുവദിക്കണം. നമുക്ക് ഒരു വസ്ത്രം തന്നിട്ട് അത് കൊടുക്കുവാൻ സാധാരണ ശുശ്രൂഷയിൽ കർത്താവ് പറയാറില്ല. എന്തിനാണ് ഇങ്ങനെ ദൈവം അനുവദിക്കുന്നത്? നമ്മുടെ സ്വൂക്കേയെ തകർത്ത് വിലകൊടുക്കുവാനാണ്. കുറഞ്ഞത് രണ്ടെണ്ണം, കർത്താവ് നമുക്ക് തന്നിട്ടുണ്ടെങ്കിൽ, ചിലപ്പോൾ രണ്ടും നമുക്ക് ഉപയോഗിക്കുവാൻ വേണ്ടിയായിരിക്കില്ല. ഒന്നു കൊടുക്കുവാൻ വേണ്ടിയായിരിക്കും. അത്

> സഹനത്തിലൂടെ കടന്നുപോകുന്നതിന് പകരം ജഡികമായി പ്രവർത്തിച്ച് വഴക്കുണ്ടാക്കരുത്. വഴക്കുണ്ടാക്കിയാൽ ആ നിമിഷം നമ്മുടെ ആത്മീയ ശക്തി ചോർന്നുപോകും.

കൊടുത്തു കഴിയുമ്പോൾ നാം വില കൊടുത്തു. നമുക്ക് കൊടുക്കുവാനുള്ള ഭൗതിക വസ്തുക്കൾ മുഴുവൻ തരുന്നത് നമ്മുടെ സ്വർഗ്ഗീയ പിതാവാണ്. പിതാവ് തരാതെ നമുക്ക് ഒന്നും കൊടുക്കുവാൻ പറ്റില്ല അങ്ങനെ നാം കൊടുക്കുമ്പോഴാണ് വലിയ ദൈവശക്തി നമ്മിലൂടെ വെളിപ്പെടുന്നത്. ചിലർക്ക് ചെറുതായിരിക്കാം, ചിലർക്ക് വലുതായിരിക്കാം. എന്നാൽ സഹനത്തിലൂടെ കടന്നുപോകുന്നതിന് പകരം ജഡികമായി പ്രവർത്തിച്ച് വഴക്കുണ്ടാക്കരുത്. വഴക്കുണ്ടാക്കിയാൽ ആ നിമിഷം നമ്മുടെ ആത്മീയ ശക്തി ചോർന്നുപോകും. വഴക്കുണ്ടാക്കുന്നതിനു പകരം വിട്ടുകൊടുത്തേക്കുക.

ഇതെഴുതിയിരിക്കുന്നതിന്റെ ഉദ്ദേശ്യം കണ്ണടച്ച് നമ്മുടെ മാനുഷിക ബുദ്ധിയിൽ വിഡ്ഢികളെപ്പോലെ പ്രവർത്തിക്കാനല്ല, പകരം ഓരോ

നിമിഷവും ദൈവാത്മാവിന്റെ നടത്തിപ്പിൽ വേണം പ്രവർത്തിക്കാൻ. ദൈവാത്മാവ് വചനത്തിലൂടെ ആ സമയത്ത് എങ്ങനെ നടത്തുന്നുവോ അങ്ങനെ നടക്കുക, ഈ ലോകപ്രകാരം ഒരു കേസിനും പോകരുത്. ഈ ലോകത്തിലെ കേസിന് പോകുവാനായിട്ട് പിശാച് പലരിലൂടെയും നമ്മെ അതിലേക്ക് വലിച്ചിഴക്കും. എന്നാൽ നാം അതിന് പോകരുത്, കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു, നിങ്ങളുടെ ഇടയിൽ തർക്കം തീർക്കുവാൻ ഒരു ജ്ഞാനിയും ഇല്ലയോ? അവർ നിങ്ങൾക്കെതിരെ അന്യായം ചെയ്യുന്നുവെങ്കിൽ അന്യായം സഹിക്കണം.

'ദൂതന്മാരെ ന്യായം വിധിക്കേണ്ടവരാണ് നിങ്ങൾ എന്ന് അറിയുന്നില്ലയോ?' ഈ ചോദ്യം നമുക്ക് 1 കൊരി 6-ാം അദ്ധ്യായത്തിൽ കാണുവാൻ കഴിയും (1 കൊരി 6:3).

1 കൊരി 6:1-8 ഇവിടെ സഭയിൽ ഒരു പ്രശ്നം നടക്കുകയാണ്. അതിന് പരിഹാരം തേടി സഭയിലുള്ളവർ ലോകത്തിലേക്കിറങ്ങുകയാൽ അവരെ നോക്കി ദൈവവചനം ചോദിക്കുകയാണ്, 1-ാം വാക്യം 'അഭക്തന്മാരുടെ അടുത്തേക്ക് അതായത് ലോകമനുഷ്യന്റെ അടുത്തേക്ക് വ്യവഹാരത്തിന് (കേസ് നടത്താൻ) പോകുന്നുവോ? ലോകത്തെ നിങ്ങൾ വിധിക്കുന്നുവെങ്കിൽ, അത് ചെറിയ സംഗതിയല്ല. നിങ്ങൾ ദൂതന്മാരെ വിധിക്കുന്നവരല്ലോ? അത് അറിയുന്നില്ലയോ എന്ന് ചോദിക്കുകയാണ്'.

എങ്ങനെയാണ് ദൂതന്മാരെ ന്യായം വിധിക്കുന്നത്? ദൈവം അനുവദിക്കുന്ന പക്ഷം ഉടൻ പുറത്തിറക്കുന്ന 'ദൈവത്തിന്റെ കുടുംബം' എന്ന പുസ്തകത്തിൽ ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്

നിങ്ങൾക്ക് തമ്മിൽ കേസ് ഉണ്ടാകുന്നതു തന്നെ പോരായ്മയാണ്. അതിന് പകരം നഷ്ടം സഹിക്കണം. നാം സാധാരണഗതിയിൽ സഹിക്കുകയില്ല. അത് നമ്മുടെ ന്യായമായ അവകാശമല്ലേ? അത് എടുത്തുകൊണ്ട് പോയാൽ നാം സഹിക്കണമോ? കർത്താവ് പറഞ്ഞു. നിന്നോട് കേസ് പറയുന്നവൻ അവന്റെ വസ്ത്രമല്ല നിന്റെ വസ്ത്രമാണ് കൊണ്ട് പോകുന്നത്. ശരിയാണ് പക്ഷേ നമുക്കുള്ളതായാലും കൊണ്ട് പോയാൽ സഹിക്കണം. ഇങ്ങനെ സഹിക്കുമ്പോൾ നാം വില കൊടുക്കുകയാണ്. നാം നഷ്ടം ഏറ്റുക്കൊള്ളേണം. ലോകത്തിലെ നഷ്ടം നാം ഏൽക്കുമ്പോൾ ദൈവവചനപ്രകാരം ദൈവരാജ്യത്തിലെ സമ്പത്ത് നാം ഏൽക്കുകയാണ്.

**‘‘അല്ല സഹോദരൻ സഹോദരനോടു വ്യവഹരിക്കുന്നു; അവിശ്വാസികളുടെ മുമ്പിൽ തന്നേ നിങ്ങൾക്കു തമ്മിൽ വ്യവഹാരം ഉണ്ടാക്കുന്നതു തന്നേ കേവലം പോരായ്മയാകുന്നു; അതിനു പകരം നിങ്ങൾ അന്യായം സഹിച്ചുകൊള്ളാത്തതു എന്തു? നഷ്ടം ഏറ്റുകൊള്ളാത്തതു എന്തു?’’. (1 കൊരി. 6:6–7)**

അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല. (1 കൊരി.6:9) ഒരു പട്ടണത്തിലെ ഒരു ദൈവദാസൻ, അദ്ദേഹത്തിന് രണ്ടു ബിസിനസ് സ്ഥാപനങ്ങൾ ദൈവം കൊടുത്തു. അദ്ദേഹം ദേശത്തെല്ലാം ദൈവവചനവും പ്രസംഗിച്ചു നടക്കുകയാണ്. ഒരിക്കൽ വിശ്വസ്തന്മാർ എന്ന് കരുതിയിരുന്ന ചില ആളുകളെ ആ സ്ഥാപനം ഏൽപ്പിച്ച് അദ്ദേഹം ദൈവീക വേലയ്ക്കായി പലയിടങ്ങളിൽ പോയി. എന്നാൽ പല നാടുകളിൽ സുവിശേഷം അറിയിച്ച് മടങ്ങി വന്നപ്പോൾ അദ്ദേഹം കണ്ടത്, അദ്ദേഹം എടുത്തു വളർത്തി, ജോലിയെല്ലാം പഠിപ്പിച്ച ആളുകൾ കൂട്ടം ചേർന്ന് അദ്ദേഹം രാപ്പകൽ ഉറക്കമൊഴിച്ച്, കഷ്ടപ്പെട്ടുണ്ടാക്കിയ അദ്ദേഹത്തിന്റെ ഒരു സ്ഥാപനം സ്വന്തമാക്കിയതാണ് അത്. അദ്ദേഹം ദൈവസന്നിധിയിൽ മുട്ടുകുത്തി. ദൈവത്തിന്റെ ആത്മാവ് അദ്ദേഹത്തോടു പറഞ്ഞു, വചനം നിവർത്തിക്കുവാനുള്ള സമയമാണ്.

**‘‘നിന്നോടു വ്യവഹരിച്ച് നിന്റെ വസ്ത്രം എടുക്കാൻ ഇച്ഛിക്കുന്നവന് അത് കൊടുക്കുക.’’ (മത്താ. 5:40)**

> ഈ ഭൂമിയിൽ നമ്മുക്കുള്ള ഭൗതികവസ്തുക്കളുടെ താൽക്കാലിക സൂക്ഷിപ്പുകാർ മാത്രമാണ് നാം.

അദ്ദേഹത്തിന്റെ ഹൃദയം തകർന്നുപോയി, കാരണം വർഷങ്ങളോളം ഉറക്കമിളച്ച് അനേകം പണം അതിന്റെ പുറകെ ചിലവാക്കി, കഷ്ടപ്പെട്ട് ഉണ്ടാക്കിയ സ്ഥാപനം. എന്നിട്ടും ദൈവ വാക്ക് അനുസരിച്ച് അദ്ദേഹം ഉടനെ അവരെ വിളിച്ച് ഇങ്ങനെ പറഞ്ഞു, ‘‘മറ്റൊന്നിലും ഞാനില്ല എല്ലാം നിങ്ങൾ എടുത്തുകൊള്ളുക.’’ ഇതുകൊണ്ട് തീർന്നില്ല, ആ സ്ഥാപനത്തിനുവേണ്ടി അടുത്തവർഷം ഇറക്കാൻ പോകുന്ന “Yellow Page”ൽ ഈ ദൈവ ദാസൻ ഒരു പരസ്യം കൊടുത്തിരുന്നു. ഭാവിയിൽ കിട്ടുവാനുള്ള ബിസിനസ്സിനു വേണ്ടിയുള്ളതാണ് ഇത്. അതിന്റെ പണം പുതുതായി സ്ഥാപനം ലഭിച്ചവർ കൊടുക്കേണ്ടിയിരുന്നു. എന്നാൽ Yellow Page കമ്പനിക്ക് ഒപ്പിട്ട് (Sign) കൊടുത്തത്

ഈ ദൈവദാസനാണ്. സ്ഥാപനം വിട്ടുകൊടുത്തുകൊണ്ട്, പുതുതായി വരുവാനിരുന്ന പരസ്യത്തിനു വേണ്ടി സ്ഥാപനം ലഭിച്ചവർ തങ്ങൾ അനുഭവിക്കുവാൻ പോകുന്ന അനുഗ്രഹത്തിനു വേണ്ടി ലക്ഷങ്ങൾ വിലയുള്ള സ്ഥാപനം ദാനമായി കൊടുത്ത ഈ ദൈവദാസന്റെ അടുക്കലേക്ക് തന്നെ പണം കൊടുക്കുവാൻ പറഞ്ഞുകൊണ്ട് (Yellow Page) കമ്പനിക്കാരെ അയച്ചു. ആ ദൈവ ദാസന്റെ വേദന അതിഭയങ്കരമായിരുന്നു. താൻ വർഷങ്ങളോളം അദ്ധ്വാനിച്ച് ദൈവം നൽകിയ സ്ഥാപനം, ദൈവമേ? 'ഞാൻ അവിടെയും ഇവിടെയും അങ്ങയുടെ വേലയ്ക്കായി പോകുമ്പോൾ അങ്ങല്ലോ ഇത് കരുതേണ്ടത്' എന്ന് നെഞ്ച് നീറി പ്രാർത്ഥിച്ച് വല്ലാത്ത പ്രയാസം മനസ്സിൽ നിൽക്കുമ്പോഴാണ് അടുത്ത ബിൽ കൂടി വരുന്നത്.

നാം എത്രത്തോളം ലോകത്തിലുള്ളത് വിട്ടുകൊടുക്കുമോ അത്രത്തോളം ദൈവരാജ്യത്തിലുള്ളത് നമ്മിൽ നിറയും.

അവർ അനുഭവിക്കുവാൻ പോകുന്ന അനുഗ്രഹത്തിന് ഈ ദൈവ ദാസൻ ഇനിയും പണം കൊടുക്കണമെന്നാണ് പറയുന്നത്. ദൈവ ദാസൻ വീണ്ടും ദൈവസന്നിധിയിൽ മുട്ടു മടക്കിയപ്പോൾ ദൈവം ആ ദൈവദാസനോടു പറഞ്ഞു, ഇതുവരെ നിന്റെ വസ്ത്രമേ കൊടുത്തിട്ടുള്ളു, ഇനി പുതപ്പു കൂടി കൊടുക്കുവാൻ ബാക്കിയിട്ടുണ്ട്. ദൈവ ദാസൻ അതുകേട്ട ഉടനെ, തന്റെ കൈയ്യിൽ അപ്പോൾ പണമില്ലാത്തതുകൊണ്ട് ആ കമ്പനിക്ക് 'പോസ്റ്റ്ഡേയ്റ്റഡ്' ചെക്കുകൾ എഴുതി കൊടുത്തു. എന്തുകൊണ്ട്?

**"നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്ക." (മത്താ.5:40)**

ദൈവദാസന്റെ പ്രവർത്തനത്തെ ദൈവാത്മാവ് മാറ്റി. ആ ദൈവ ദാസന്റെ പ്രവർത്തനം പുറത്തുനിന്ന് അകത്തേക്കായിരുന്നതിനെ ദൈവാത്മാവ് അകത്തുനിന്ന് പുറത്തേക്കാക്കി. അതായത് ലോക പ്രകാരമുള്ളത് ദൈവരാജ്യ പ്രകാരമാക്കി മാറ്റി. എന്താ സംഭവിക്കുന്നത്?

ഇവിടെ നാം എത്രത്തോളം ലോകത്തിലുള്ളത് വിട്ടുകൊടുക്കമോ അത്രത്തോളം ദൈവരാജ്യത്തിലുള്ളത് നമ്മിൽ നിറയും. ചിലതെല്ലാം നമ്മുടെ ജീവിതത്തിൽ ദൈവം തന്നിട്ടുള്ളതെന്തിനു വേണ്ടിയാണെന്നോ? വിട്ടുകൊടുക്കുന്നതിനു വേണ്ടിയാണ്. ആദ്യം തരാതെ,

ദൈവം വിട്ടുകൊടുക്കാൻ പറയുകയില്ല. എന്തിനുവേണ്ടിയെന്നാൽ, നമ്മുടെ ജീവിതത്തിലെ ഒരു മാറ്റത്തിനുവേണ്ടിയാണ്. നാം ഇതു വിട്ടുകൊടുക്കാതെ പിടിച്ചു നിർത്തിയാൽ അധികനാൾ നമുക്കിത് ഉപയോഗിക്കുവാൻ കഴിയുകയില്ല.

## ഭൂമിയിലെ സൂക്ഷിപ്പുകാർ

ഈ ഭൂമിയിലെ ഏതൊരു സമ്പത്തും, നമ്മുടെ പേരിലുള്ള സ്വത്തോ, ഭൂമിയോ, എന്തുമാകട്ടെ അത് നമ്മുടേതല്ല. നാം അതിന്റെ വെറും സൂക്ഷിപ്പുകാർ മാത്രമാണ്. എന്റെ മാതാവും പിതാവും എന്നോടുള്ള സ്നേഹത്തെ പ്രതി എന്റെ പേരിലേക്ക് വസ്തുവും വീടും എഴുതി വച്ചു. അവർ അത് എനിക്കു തന്നു. വില്ലേജ് ഓഫീസിൽ പോക്കുവരവ് അടയ്ക്കണം എന്നു പറഞ്ഞു. ഈ സമ്പത്ത് 1956 ൽ ഒരു മറിയയുടെ പേരിലാണ് എഴുതിയിരിക്കുന്നത് എന്ന് ഞാൻ കണ്ടു. പക്ഷേ ഈ മറിയ ഞങ്ങളുമായി ഒരു ബന്ധവുമില്ല. എന്റെ പിതാവും മാതാവും ഇത് വാങ്ങുന്നതും 1975 ലാണ് ഞങ്ങൾ വാങ്ങുമ്പോൾ അതൊരു വർക്കിയുടെ പേരിലായിരുന്നു. 1975 കഴിഞ്ഞ് ആ സ്ഥലം എന്റെ അമ്മ ട്രീസയുടെ പേരിലായി, ഇപ്പോൾ അത് ഷാജി എന്ന എന്റെ പേരിലാണ്. വസ്തു മാറിയില്ല, എന്നാൽ വ്യക്തി കളുടെ പേര് മാറി മാറി വന്നു.

വില കൊടുക്കാതെ കർത്താവിന് ഒന്നും ചെയ്യുവാൻ കഴിയില്ല. കാരണം, കർത്താവ് വില മുടക്കിയാണ് സഭയെ നേടിയത്.

മറിയയുടെ പേരിലായിരുന്നപ്പോൾ മറിയ പറഞ്ഞു ഇത് എന്റെ സ്വന്തമാണ്. ശേഷം വന്ന ഓരോരുത്തരും പറഞ്ഞു ഇത് എന്റെ സ്വന്തമാണെന്ന്. എന്നാൽ ഇപ്പോൾ ഞാൻ പറയില്ല അത് എന്റെ സ്വന്തമാണെന്ന്. അല്പകാലത്തേക്ക് അതിൽ വ്യാപാരം ചെയ്യുവാൻ കർത്താവ് എന്റെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നത് മാത്രമാണിത്. അടുത്ത ചില നാളുകളിൽ അത് മറ്റൊരാളുടെ പേരിലാകും. ഈ ഭൂമിയിൽ ഒന്നും നമുക്ക് സ്വന്തമായിട്ടില്ല.

**“നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു.” (ഫിലി.3:20)**

സ്വർഗ്ഗത്തിലേക്കു നോക്കുക അവിടെ നിക്ഷേപങ്ങൾ സംഭരിക്കുക. കർത്താവ് പറഞ്ഞു, നീ ഇവിടെ കളയുമ്പോൾ അവിടെ നിനക്കുണ്ടാകും, അതായത് സൂക്കേയെ (ജീവനെ) കളഞ്ഞാൽ നീ സൂക്കേയെ (ജീവനെ) നേടും. സൂക്കേ സ്വയേയിലേക്ക് ചേരും. അതായത് മാനുഷിക ജീവൻ ദൈവീക ജീവനായി ഉയർത്തപ്പെടും (മത്താ. 16:25). വില കൊടുക്കുന്നതിനെ അല്ലെങ്കിൽ മുടക്കുന്നതിനെ കുറിച്ചാണ് നാം മനസ്സിലാക്കി കൊണ്ടിരിക്കുന്നത്. എങ്ങനെയാണ് വില മുടക്കുന്നതെന്ന് ഇപ്പോൾ മനസ്സിലായി കാണുമല്ലോ.

**“ആരെങ്കിലും തന്റെ ജീവനെ (സൂക്കേ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ (സൂക്കേ) കളഞ്ഞാൽ അതിനെ കണ്ടെത്തും.” (മത്താ.16:25)**

വില കൊടുക്കാതെ കർത്താവിന് ഒന്നും ചെയ്യുവാൻ കഴിയില്ല. കാരണം, കർത്താവ് വില മുടക്കിയാണ് സഭയെ നേടിയത്.

‘താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭ’ എന്ന് അപ്പോ. 20:28 ൽ പറയുന്നു.

ആ രക്ഷയാണ് ഇന്ന് നമ്മൾ അനുഭവിക്കുന്നത്. ഇനി നമ്മൾ വില മുടക്കിയാലേ, നമുക്ക് ദൈവരാജ്യം നേടാൻ പറ്റുകയുള്ളു.

## വിലകൊടുക്കുകയും അവകാശമാക്കുകയും തമ്മിലുള്ള വ്യത്യാസം

യൂറോപ്പിൽ ഒരു ദൈവദാസന്റെ 17 വയസ്സുകാരി സുന്ദരിയായ മകൾ ദൈവവചനം നന്നായി പ്രസംഗിക്കുന്ന പെൺകുട്ടി, നല്ല സന്തോഷമായി പോകുന്ന കുടുംബം. ഒരിക്കൽ ഒരിടത്ത് സുവിശേഷമറിയിച്ച്, വിമാനത്തിൽ മടങ്ങി വരവേ ആ പെൺകുട്ടി വിമാനം തകർന്ന് മരിച്ചുപോയി. ദൈവദാസനെ ഈ വിവരമറിയിച്ചപ്പോൾ അദ്ദേഹത്തിന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. സുവിശേഷം അറിയിക്കുന്ന ക്രിസ്തുവിന് പ്രിയങ്കരിയായ, തന്റെ മകൾക്ക് ഒരിക്കലും ഇങ്ങനെ സംഭവിക്കുകയില്ല എന്ന് വിശ്വസിച്ചുകൊണ്ട് ആശുപത്രിയിലേക്ക് പോയ ദൈവദാസൻ കണ്ടത് മരിച്ചുകിടക്കുന്ന തന്റെ മകളെയാണ്. അദ്ദേഹത്തിന്റെ ഹൃദയം തകർന്നുപോയി, ശവശരീരം കണ്ടയുടനെ അദ്ദേഹം “മകളെ ക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേൽക്ക്” എന്ന് പറയുവാൻ തുടങ്ങുമ്പോൾ പരിശുദ്ധാത്മാവ് ആ ദൈവദാസന്റെയുള്ളിൽ ഇങ്ങനെ പറഞ്ഞു. “അവളെ വിട്ടേക്കുക അവൾ സ്വർഗ്ഗത്തിലുണ്ട്” ദൈവാത്മാവ് ഇങ്ങനെ പറയാൻ കാരണം എന്താണ്?

ഈ ദൈവദാസനാണ് തന്റെ മകളുടെ മേൽ നിയമപരമായി അധികാരമുള്ള (Legal Athority) ആൾ. അതുകൊണ്ട് ഈ ദൈവദാസൻ പറഞ്ഞാൽ അവൾ മടങ്ങിവരും. കാരണം ഈ കുഞ്ഞ് ഇപ്പോൾ മരിക്കുവാൻ പാടില്ല. ഇത് പിശാച് ചെയ്ത അന്യായമായ ഒരു പ്രവൃത്തിയാണ്. ഇതു കേട്ട ദൈവദാസൻ പരിശുദ്ധാത്മാവിനെ അനുസരിച്ച്, ഉയർപ്പിക്കുന്ന ശുശ്രൂഷയൊക്കെ നിർത്തി വീട്ടിൽ ചെന്നു. ഇങ്ങനെ തന്റെ ഹൃദയത്തിൽ പറഞ്ഞുകൊണ്ടിരുന്നു ''ഇത് അനീതിയായിരുന്നു, ഇത് അനീതിയായിരുന്നു."

തന്റെ പ്രിയ മകൾ, അവൾ പോയി. പതിവുപോലെ ഞായറാഴ്ച ആരാധനയും മറ്റു പ്രാർത്ഥനകളും എല്ലാം നടന്നുകൊണ്ടിരിക്കുന്നു. ഒരു യന്ത്രത്തെപ്പോലെ ഈ ദൈവദാസൻ പാടുകയും, പ്രസംഗിക്കുകയും വചനശുശ്രൂഷ നടത്തുകയും ചെയ്തു കൊണ്ടിരിക്കുന്നു. എന്നാൽ അപ്പോഴും അകത്ത് ഇങ്ങനെ പറയുന്നുണ്ടായിരുന്നു, "ഇത് അനീതിയായിരുന്നു" വിമാനം അപകടത്തിൽപ്പെട്ടത് രാവിലെ 3 മണിക്കാണ്. ഒരു മാസത്തിന് ശേഷം രാവിലെ 3 മണിക്ക് തന്നെ യേശുക്രിസ്തു ഇദ്ദേഹത്തിന്റെ കിടക്കയുടെ അരികിൽ പ്രത്യക്ഷപ്പെട്ടു.

ഒരു ആമുഖവും കൂടാതെ ഇങ്ങനെ പറഞ്ഞുതുടങ്ങി. "നീ നിന്റെ മനസ്സിൽ പറയുകയാണ്, 'ഇത് അനീതിയായിരുന്നുവെന്ന്', നിനക്കറിയാമോ എനിക്കെന്റെ മൂന്ന് പ്രധാന നേതാക്കന്മാരെ നഷ്ടപ്പെട്ടു, അതു അനീതിയായിരുന്നു. സ്നാപക യോഹന്നാനെ എനിക്കു നഷ്ടപ്പെട്ടു, അതും അനീതിയായിരുന്നു, സ്തെഫാനോസിനെ എനിക്കു നഷ്ടപ്പെട്ടു. അതും അനീതിയായിരുന്നു, യാക്കോബിനെ എനിക്കു നഷ്ടപ്പെട്ടു, അതും അനീതിയായിരുന്നു, നീ പോയി വേദപുസ്തകം വായിച്ചു നോക്ക്, ഇങ്ങനെ അനീതിയായി ഇവർ ഓരോരുത്തരും എനിക്കു നഷ്ടപ്പെട്ടപ്പോൾ സഭയിൽ എന്തു ചെയ്യാൻ എനിക്കു കഴിഞ്ഞു എന്നുള്ളത് നീ വേദപുസ്തകം വായിച്ചു നോക്ക്."

അദ്ദേഹം വേദപുസ്തകം വായിക്കാൻ തുടങ്ങി. മത്താ. 4:12 ൽ സ്നാപകയോഹന്നാൻ തടവിൽ അടയ്ക്കപ്പെട്ടു. അതായത്, 'ദീപം' തടവിൽ അടയ്ക്കപ്പെട്ടു; മത്താ 4:12 ൽ ദീപം തടവിൽ അടയ്ക്കപ്പെട്ടപ്പോൾ മത്താ. 4:17 ൽ 'സൂര്യൻ' പ്രത്യക്ഷപ്പെട്ടു. യേശു തന്റെ ആദ്യ പ്രസംഗം പ്രസംഗിച്ചു. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെടുവിൻ." യോഹന്നാൻ കൊടുത്ത വിലയിൽ നിന്ന് യോഹന്നാനേക്കാൾ ശക്തനായ മറ്റൊരുവൻ, അതേ യേശു രംഗത്തേക്കു വന്നു.

അപ്പോ. പ്രവൃത്തി 7 ൽ സ്തെഫാനോസ് കല്ലേറിഞ്ഞു കൊല്ലപ്പെട്ടു. സ്തെഫാനോസ് കൊടുത്ത വിലയിൽ അവിടെ കല്ലേറിഞ്ഞവരുടെ വസ്ത്രം സൂക്ഷിച്ചു ഒരു ചെറുപ്പക്കാരൻ അവിടെ നിൽക്കുന്നുണ്ടായിരുന്നു. സ്തെഫാനോസിന്റെ മേലുണ്ടായിരുന്ന അഭിഷേകം പോൾ എന്നു പറയുന്ന ശൗലിന്റെ മേൽ വന്നുവീണു. സ്തെഫാനോസ് കൊടുത്ത വിലയിൽ ശൗൽ രംഗത്തേക്കു വന്നു. അതിശക്തമായി പൗലോസിനെ ദൈവം ഉപയോഗിക്കുകയും 14 ലേഖനങ്ങൾ അദ്ദേഹത്തിലൂടെ തരുവാൻ സ്വർഗ്ഗം ഇടയാക്കി. സ്തെഫാനോസ് തകർക്കപ്പെട്ടപ്പോൾ യെരുശലേമിൽ മാത്രം ഒതുങ്ങി നിന്ന സഭയെ യെരുശലേമിൽ നിന്നും യെഹൂദ്യയിലേക്കും ശമര്യയിലേക്കും തുടർന്നു ഭൂമിയുടെ അറ്റത്തോളം വളരുവാനും ഇടയായി (അപ്പോ.പ്രവൃത്തി 8:1). അപ്പോ. പ്രവൃത്തി 12–ാം അദ്ധ്യയത്തിൽ യാക്കോബ് തല അറക്കപ്പെട്ടു 13–ാം അദ്ധ്യായത്തിൽ നാം കാണുന്നു ബർന്നബാസിനേയും, പോളിനെയും താൻ വിളിച്ച ദൈവവേലയ്ക്കായിട്ടു വേർതിരിക്കുവാൻ പരിശുദ്ധാത്മാവു കല്പിച്ചു. ഒരുവൻ വില കൊടുത്തു മറ്റൊരുവൻ എഴുന്നേറ്റു. നാം വില കൊടുക്കുമ്പോൾ അതിനേക്കാൾ വലിയ ഒരു ദൈവപ്രവൃത്തി ദൈവം ഈ ഭൂമിയിൽ തന്റെ സഭയിൽ ചെയ്യുകയാണ്. ആ ദൈവദാസനു മനസ്സിലായി തന്റെ മകൾ കൊടുത്ത വിലയിലൂടെ ദൈവം തന്റെ സഭയിൽ, തന്റെ ശുശ്രൂഷയിലൂടെ ചില വൻ കാര്യങ്ങൾ ചെയ്യുവാൻ പോവുകയാണെന്ന്.

ഒരുവൻ വില കൊടുത്തു, മറ്റൊരുവൻ എഴുന്നേറ്റു. നാം വില കൊടുക്കുമ്പോൾ അതിനേക്കാൾ വലിയ ഒരു ദൈവപ്രവൃത്തി ദൈവം ഈ ഭൂമിയിൽ തന്റെ സഭയിൽ ചെയ്യുകയാണ്.

കാൽവറി ക്രൂശിൽ യേശു തന്നെ ഒരു വിലയായി തീർന്നു. അതേ തുടർന്ന് സഭ ഉടലെടുത്തു.

**"നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കി വച്ച ആട്ടിൻ കൂട്ടത്തെ മുഴുവൻ സൂക്ഷിച്ചു കൊൾവിൻ."**

**(അപ്പോ. 20:36)**

വില കൊടുക്കാതെ നമ്മുടെ ജീവിതത്തിൽ ഒന്നും ലഭിക്കുകയില്ല. ഇയ്യോബ് തന്റെ ജീവിതത്തിൽ കഷ്ടത അനുഭവിക്കാൻ തുടങ്ങിയപ്പോൾ നമ്മെപ്പോലെ ഇയ്യോബും കഷ്ടത മാറ്റിത്തരാൻ വേണ്ടി പ്രാർത്ഥിച്ചു തുടങ്ങിയിട്ടുണ്ടാകും. എന്നാൽ കഷ്ടത മാറിയില്ല.

ഇയ്യോബിനെക്കുറിച്ച് കുറ്റം പറയുന്ന സ്നേഹിതരോട് ഇയ്യോബിന് തന്റെ ഹൃദയത്തിൽ പ്രയാസമാണെന്ന് ദൈവത്തിനറിയാമായിരുന്നു. ദൈവം ഇയ്യോബിനോടു പറഞ്ഞത് ഒന്ന് വിവർത്തനം ചെയ്ത് എഴുതട്ടെ;

"ഇയ്യോബേ "നീ ഒരു വില കൊടുക്ക്," എങ്ങനെ? നിന്നെ കുറ്റം പറയുന്ന സ്നേഹിതർക്കുവേണ്ടി നിനക്ക് പ്രാർത്ഥിക്കാൻ കഴിയത്തില്ല എന്നെനിക്കറിയാം പക്ഷേ നീ അവർക്കുവേണ്ടി പ്രാർത്ഥിക്ക്, അങ്ങനെ നിന്റെ സ്വയത്തെ (Self) തകർത്ത് നീ ഒരു വില കൊടുക്കുക."

വില കൊടുക്കാതെ നമ്മുടെ ജീവിതത്തിൽ ഒന്നും ലഭിക്കുകയില്ല.

പിന്നെ ഇയ്യോബ് തനിക്കു വേണ്ടി പ്രാർത്ഥിച്ചില്ല. പകരം തന്റെ സ്നേഹിതർക്കുവേണ്ടി പ്രാർത്ഥിച്ചു തന്റെ സ്വയത്തിന് (സൂക്കേയ്ക്ക്) കഴിയാത്തത്, അതായത് തന്നെ കുറ്റം പറയുന്നവർക്കു വേണ്ടി പ്രാർത്ഥിക്കാൻ തന്റെ സ്വയത്തിനു കഴിയത്തില്ല. പക്ഷേ ഇയ്യോബ് പ്രാർത്ഥിച്ചു. ഇയ്യോബ് പ്രാർത്ഥിച്ചപ്പോൾ എന്താ തകർക്കപ്പെട്ടത്? തന്റെ സൂക്കേയാണ് (സ്വയം) തകർക്കപ്പെട്ടത് അങ്ങനെ ഇയ്യോബ് ഒരു വില കൊടുത്തു. അതോടുകൂടെ ഇയ്യോബിന് നഷ്ടപ്പെട്ടതൊക്കെ ഇരട്ടിയായി തിരിച്ചു കിട്ടി. നാം എന്തിനാണ് വില കൊടുക്കേണ്ടത്? നമ്മുടെ സൂക്കേയെ (സ്വയത്തെ) എത്രത്തോളം തകർക്കുന്നവോ അത്രത്തോളം സ്വയേ നമ്മിൽ ഉയരും, അല്ലെങ്കിൽ ദൈവത്തിന് നമ്മിലൂടെ ദൈവരാജ്യത്തിന്റെ അനുഗ്രഹം ലോകത്തിലേക്ക് പുറപ്പെടുവിക്കാൻ (Release) പറ്റുകയില്ല.

ഞാൻ നേരത്തെ ഇങ്ങനെ ചിന്തിക്കുമായിരുന്നു. ദരിദ്ര രാജ്യങ്ങൾക്ക്, അങ്ങനെയായിരിക്കേണ്ട വല്ല ആവശ്യമുണ്ടോ? അവരുടെ നാട്ടിൽ നല്ല പേപ്പറും, പ്രിന്റിംഗ് മെഷീനും ഇല്ലേ. നല്ല കുറേ പേപ്പർ മേടിച്ച് ഡോളറും മറ്റും പ്രിന്റ് ചെയ്ത് അവർക്കും ദാരിദ്ര്യം

ദൈവരാജ്യത്തിലുള്ള ധനം നമ്മിൽ എത്രത്തോളം നിറയുന്നുവോ അതായത് ദൈവ വചനപ്രകാരം എത്രത്തോളം നാം നമ്മുടെ സ്വയത്തെ തകർക്കാൻ ഏല്പിച്ച് കൊടുക്കുന്നവോ അതനുസരിച്ചേ, നമ്മിലൂടെ ദൈവരാജ്യത്തിന്റെ അനുഗ്രഹം ലോകത്തിലേക്ക് പുറപ്പെടുവിക്കാൻ (Release) പറ്റുകയുള്ളൂ

മാറ്റിക്കൂടെ. ഇതായിരുന്നു എന്റെ ചിന്ത. അവസാനം ഞാൻ ചില ബാങ്ക് ഓഫീസർമാരോടു ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ അവർ അറിയില്ല എന്നു പറഞ്ഞു അവസാനം ഒരു സഹോദരനോടു ചോദിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു. അങ്ങനെ ആർക്കും നോട്ട് പ്രിന്റ് ചെയ്യാൻ പറ്റില്ല. പകരം നാം എത്രത്തോളം നോട്ട് പ്രിന്റ് ചെയ്യാൻ ആഗ്രഹിക്കുന്നോ അത്രത്തോളം വില ലോക ബാങ്കിൽ (World Bank) കെട്ടിവയ്ക്കണം സ്വർണ്ണമായിട്ടോ, ഓയിൽ ആയിട്ടോ മറ്റെന്തെങ്കിലുമായിട്ടോ കെട്ടിവച്ചെങ്കിൽ മാത്രമേ നമുക്ക് നോട്ട് പ്രിന്റ് ചെയ്യാൻ പറ്റുകയുള്ള. ഇതുപോലെ തന്നെ നമുക്ക് എന്തു വേണമെങ്കിലും അതിനൊത്ത വില നാം കൊടുക്കണം, ഈ രീതിയാണ് ദൈവരാജ്യത്തിലുമുള്ളത്.

അല്ലെങ്കിൽ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിൽ വന്ന് ക്രൂശിൽ മരിക്കേണ്ട വല്ല കാര്യവും യേശുക്രിസ്തുവിന് ഉണ്ടോ? നിയമം നിയമമാണ്.

***ദൈവം നിയമങ്ങളാൽ പ്രവർത്തിക്കുന്ന ഒരു ദൈവമാണ്.***

**"ഞാൻ എന്റെ നിയമത്തെ ലംഘിക്കയോ എന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതിന്നു ഭേദം വരുത്തുകയോ ചെയ്കയില്ല."**

**(സങ്കീ. 89:34.)**

തന്റെ നിയമം വിട്ട് ദൈവം വലത്തോട്ടും, ഇടത്തോട്ടും മാറത്തില്ല, ദൈവം ആഗ്രഹിച്ചിട്ടും ആ അനുഗ്രഹം എന്തുകൊണ്ടാണ് നമുക്ക് അനുഭവിക്കാൻ പറ്റാത്തതെന്ന് ഇപ്പോൾ മനസ്സിലായോ? നമ്മുടെ സൂക്കേയെ തകർത്ത് സ്വയേയാൽ സൂക്കേയേ കീഴടക്കുവാൻ ദൈവം പ്രവർത്തിക്കുന്നുണ്ട്. നാം ആ പ്രവൃത്തിയിൽ സഹകരിച്ചില്ല എങ്കിൽ ആത്മീകമായിട്ട് ശിശുവിനെപ്പോലെ നാം ഓരോ നിമിഷവും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കും. അപ്പോൾ നാം ആത്മീക ബലഹീനരും നമ്മിലൂടെ ക്രിസ്തുവിനെ ലോകത്തിൽ കാണിക്കാതെ നമ്മെ തന്നെ കാണിക്കുന്നവരും ജഡപ്രകാരം പ്രവർത്തിച്ചു ക്രിസ്തുവിന്റെ നാമത്തിനു ലോകത്തിന്റെ മുമ്പാകെ കളങ്കമുണ്ടാക്കുന്നവരും ആയിരിക്കും. ഇതാണ് വെളിപ്പാട് പുസ്തകത്തിലെ 3:14-19 വാക്യങ്ങളിൽ ലവൊദിക്ക്യയിലെ സഭയ്ക്ക് സംഭവിച്ചിരിക്കുന്നത്. ദൈവവചനപ്രകാരം മാനസാന്തരപ്പെടുക. ഇനി നമ്മുടെ മുമ്പിൽ സമയം അധികമില്ല. സർവ്വശക്തനായ ദൈവം അതിനായി നമ്മുടെ കൂടെയുണ്ട്.

## പ്രധാന തത്വങ്ങൾ

1. ആദ്യം കാണുക, പിന്നെ അവകാശമാക്കുക.
2. പിശാചു ഭരിക്കുന്ന ഈ ലോകത്തിലേക്കുള്ള നമ്മുടെ ന്യായമായ അവകാശങ്ങളെ (Rights) അഥവാ നമ്മുടെ ഇഷ്ടങ്ങളെ ദൈവ ത്തിനുവേണ്ടി, ദൈവീക പ്രവർത്തനത്തിനുവേണ്ടി മനപ്പൂർവ്വം ഉപേക്ഷിക്കുന്നതാണ് വിലകൊടുക്കൽ.
3. വീണ്ടും ജനിക്കപ്പെട്ട നാം എപ്പോഴും ഒരു കാര്യം മനസ്സിലാക്കണം നാം ഒരു സമയത്ത് രണ്ടു ലോകത്തിലാണ് ജീവിക്കുന്നത് നമുക്ക് പഴയതും, പുതിയതുമായ രണ്ടു സ്വയമുണ്ട്, പഴയത് തകരേണ്ടതും, പുതിയത് പഴയതിലേക്ക് ശക്തിപ്പെടേണ്ടതുമാണ്.
4. സഹനത്തിലൂടെ കടന്നുപോകുന്നതിന് പകരം ജഡികമായി പ്രവർ ത്തിച്ച് വഴക്കുണ്ടാക്കരുത്. വഴക്കുണ്ടാക്കിയാൽ ആ നിമിഷം നമ്മുടെ ആത്മീയ ശക്തി ചോർന്നുപോകും.
5. നാം എത്രത്തോളം ലോകത്തിലുള്ളത് വിട്ടുകൊടുക്കുമോ അത്ര ത്തോളം ദൈവരാജ്യത്തിലുള്ളത് നമ്മിൽ നിറയും.
6. ഈ ഭൂമിയിലെ ഏതൊരു സമ്പത്തും നമ്മുടേതല്ല. നമ്മുടെ പേരിലുള്ള സ്വത്തോ, ഭൂമിയോ, എന്തുമാകട്ടെ അത് നമ്മുടേതല്ല. നാം അതിന്റെ വെറും ഒരു സൂക്ഷിപ്പുകാർ മാത്രമാണ്.
7. രക്ഷ ദാനമായി, സൗജന്യമായി നമുക്ക് കിട്ടിയതാണ്, പക്ഷേ ദൈവ രാജ്യം സൗജന്യമല്ല അത് നാം അവകാശമാക്കേണ്ടതാണ്.
8. വില കൊടുക്കാതെ നമ്മുടെ ജീവിതത്തിൽ ഒന്നും ലഭിക്കുകയില്ല.
9. ദൈവത്തിന്റെ ധനം നമ്മിൽ എത്രത്തോളം ഉണ്ടോ അതായത് എത്രത്തോളം നമ്മുടെ സ്വയത്തെ തകർക്കാൻ ഏല്പിച്ചു കൊടു ക്കുന്നുവോ അതനുസരിച്ചേ ദൈവത്തിന് നമ്മിലൂടെ ദൈവരാജ്യ ത്തിന്റെ അനുഗ്രഹം ലോകത്തിലേക്ക് പുറപ്പെടുവിക്കാൻ (Release) പറ്റൂ.



അദ്ധ്യായം 16

# ക്രൂശിന്റെ മൂന്നു ശത്രുക്കൾ

ഇന്ന് വിശ്വാസഗോളം 'കഷ്ടം' എന്നു പറയുമ്പോൾ ഭയപ്പെടുകയാണ്. ഇന്നത്തെ ശുശ്രൂഷ മുഴുവനും കഷ്ടത്തിൽ നിന്ന് വിടുതലിന്റെ ശുശ്രൂഷകളാണ്. അവർ ഈ കഷ്ടം എന്താണെന്നു മനസ്സിലാക്കുന്നില്ല. ന്യായമായതും അന്യായമായതും, മനസ്സിലാക്കാതെയാണ് വിടുതൽ ശുശ്രൂഷയ്ക്ക് ശ്രമിക്കുന്നത്. അതു നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

ദൈവം അനുവദിക്കുന്നതും, അനുവദിക്കാത്തതുമായ കഷ്ടങ്ങൾ ഉണ്ട്. അത് എന്താണെന്ന് മനസ്സിലാക്കിയിട്ട് വേണം ഒരു ദൈവപൈതൽ കഷ്ടം മാറ്റുവാനുള്ള ഉപവാസവും, പ്രാർത്ഥനയും മറ്റും ആരംഭിക്കാൻ. നമ്മൾ ദൈവത്തോട് ചോദിക്കണം, "ദൈവമെ അങ്ങ് അറിയാതെ എന്റെ ശരീരത്തിൽ നിന്നും ഒരു രോമം പോലും താഴെ വീഴുകയില്ല. ഇപ്പോൾ ഞാൻ അനുഭവിക്കുന്ന ഈ ബുദ്ധിമുട്ടും അങ്ങ് അറിയാതെയല്ല എന്റെ ജീവിതത്തിൽ വന്നത്, ദൈവമേ! അങ്ങേയ്ക്ക് എന്തു സന്ദേശമാണ്, ഈ കഷ്ടത്തിലൂടെ എനിക്കു തരുവാനുള്ളത്?' ഇതു മനസ്സിലാക്കി നാം പ്രവർത്തിക്കുവാൻ തുടങ്ങിയാൽ നമ്മുടെ ആത്മീയ വളർച്ച പെട്ടെന്നായിരിക്കും. അതും മനസ്സിലാക്കാതെ ഈ ലോകത്തിന്റെ രീതി പ്രകാരം പ്രവൃത്തി തുടങ്ങിയാൽ നമ്മുടെ വളർച്ച താഴേക്കു പോകും.

## നുകം (ക്രൂശ്)

**മത്തായി 11:29** ൽ കർത്താവു പറയുന്നത്; **"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ; എന്നാൽ നിങ്ങളുടെ ദേഹിക്ക് (Soul) ആശ്വാസം ലഭിക്കും." (NIV; KJV)**

ഈ വാക്യത്തിലൂടെ കർത്താവ് അറിയിക്കുന്നത്, എന്നോടു കൂടെ നിത്യതയിൽ നിങ്ങൾ സന്തോഷിക്കണമെങ്കിൽ, നിങ്ങൾ എന്റെ നുകം

(ക്രൂശ്) ഏൽക്കണം. നമുക്ക് ഓരോരുത്തർക്കും ദൈവം അളന്ന് തിട്ടപ്പെടുത്തിവച്ചിരിക്കുന്ന ഒന്നുണ്ട്, അത് വഹിച്ചേ പററുകയുള്ളു. എന്നാൽ നിങ്ങൾ എന്നെ അനുഗമിക്കാൻ ആഗ്രഹിച്ചാൽ സ്വയം ത്യജിച്ച് തന്റെ ക്രൂശ് (നുകം) എടുത്ത് എന്നെ അനുഗമിക്കുക (മത്താ. 16:24).

ഒരു പക്ഷേ ഇപ്പോൾ വായനക്കാർക്ക് ഒരു ചോദ്യമുണ്ടാകും സ്നേഹനിധിയായ ദൈവം എന്തിനാണ് ഈ ക്രൂശ് (നുകം) നമുക്ക് തരുന്നത്?

പ്രിയരേ, ചൊറി പിടിച്ച കുഞ്ഞിന് അപ്പനും അമ്മയും അവന്റെ ചൊറി മാറാൻ അവനിഷ്ടമല്ലാത്ത കഷായം നിർബന്ധമായി വായിലൊഴിച്ച് കൊടുക്കുന്നതുപോലെയാണ് ലോക ജഢചിന്തകളാൽ മൂടപ്പെട്ട് കിടക്കുന്ന നമ്മുടെ, ദേഹിയിലെ ഈ തിന്മനിറഞ്ഞ സ്വഭാവം ഒന്നു മാറുവാനും, സ്വർഗ്ഗീയ സമ്പാദ്യത്താൽ നാം ഒന്നു നിറയുവാനും നമ്മുടെ അപ്പനും അമ്മയുമായ ദൈവം നമ്മുടെ ജീവിതത്തിൽ ഈ നുകം അഥവാ ക്രൂശ് അനുവദിക്കുന്നത്.

## എങ്കിൽ പിശാചിന്റെ ആഗ്രഹം എന്തായിരിക്കും?

പിശാചിന്റെ ആഗ്രഹം ഒരിക്കലും ക്രിസ്തു നമുക്കുവേണ്ടി വച്ചിരിക്കുന്ന നുകം നാം എടുക്കരുത് എന്നാണ്. അതെടുത്താലല്ലേ നമ്മുടെ ദേഹി (Soul) നിത്യതയിൽ ദൈവത്തോടൊപ്പം വസിക്കുകയുള്ളു. മനുഷ്യരായ നമ്മുടെ ആഗ്രഹം, ഒരു നുകവും (ക്രൂശ്, കഷ്ടം) തന്റെ ജീവിതത്തിൽ വരരുത് എന്നല്ലേ്ലാ. ഇതു തന്നെയാണ് പിശാചും, നമ്മുടെ ജീവിതത്തിൽ ആഗ്രഹിക്കുന്നത്. അതിനാൽ ക്രിസ്തു നമുക്കു തരുന്ന നുകം നാം എടുക്കാതിരിപ്പാൻ ശ്രമിച്ചുകൊണ്ടേയിരിക്കും.

ക്രിസ്തു നമുക്ക് അനുവദിക്കുന്ന നുകം, പാപം ചെയ്തിട്ടുകൊള്ളുന്ന അടിയല്ല പകരം നന്മ ചെയ്തിട്ട് നാം അനുഭവിക്കുന്ന സഹനമാണ്.

**"നിങ്ങൾ കുറ്റം ചെയ്തിട്ട് അടി കൊള്ളുന്നത് സഹിച്ചാൽ എന്തു യശസ്സുള്ളു? അല്ല, നന്മ ചെയ്തിട്ട് കഷ്ടം സഹിച്ചാൽ അതു ദൈവത്തിന് പ്രസാദം." (1 പത്രോസ്. 2:20)**

കർത്താവ് പറഞ്ഞത് എന്റെ നുകം ഏൽക്കണം. ഇത് നാം ഏറ്റാൽ നമുക്ക് എന്തു സംഭവിക്കും? വളരെ പ്രയാസം തോന്നും. യേശു പറയുന്നു; 'എന്നെ നോക്കുക, ഞാനിങ്ങനെയുള്ള പ്രയാസങ്ങളിലൂടെ കടന്നുപോയതാണ്. ആ സമയത്ത് ഞാൻ എന്തു ചെയ്തു എന്ന് നിങ്ങൾ നോക്കുക. ഞാൻ ചെയ്തത് നിങ്ങളും ചെയ്യുന്നുവെങ്കിൽ

നിങ്ങളുടെ ദേഹിക്ക് ആശ്വാസം ഉണ്ടാകും'. (NIV) മത്താ. 11:29).

## നുകം മാറ്റുക

നുകം മാറ്റുക, നുകം തരാതിരിക്കുക, അല്ലെങ്കിൽ കർത്താവു വച്ച നുകം നമ്മളെ കൊണ്ട് എടുപ്പിക്കാതിരിക്കുക എന്നതാണ് പിശാചിന്റെ ലക്ഷ്യം. ഈ ഒരു വിഷയത്തിൽ ക്രിസ്തീയ സഭയിൽ പലരും വീണു പോയി. അതുകൊണ്ട്, സഭയിൽ കുഞ്ഞുങ്ങൾ ജനിക്കുന്നുണ്ട്; പക്ഷേ അവർ ദൈവരാജ്യത്തിലെ കണ്ണു തുറക്കാത്ത ശിശുക്കളെപ്പോലെ ആയിരിക്കുകയാണ്, സഭയിൽ ജനനത്തിന്റെ അളവ് കുറയുന്നതിന് കാരണം പുതിയതായി സഭയിൽ വരാനുള്ളവർ സഭയിലുള്ളവരുടെ തിന്മയായ ഫലം നോക്കിക്കാണുകയാണ്. ഇതു കണ്ടു കഴിഞ്ഞാൽ പിന്നെ ജനം സഭയിലേക്ക്, അവരിലേക്ക് അടുക്കുവാൻ ബുദ്ധിമുട്ടാണ്. ഇവനാണോ, ഇവളാണോ ക്രിസ്ത്യാനി എന്നു പറഞ്ഞ് ക്രിസ്തുവിൽ നിന്ന് അകന്നുപോകുവാൻ ഇടയാകും. അവർ ക്രിസ്ത്യാനികളായി ജനിച്ചിട്ടും പഴയ സ്വഭാവത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്.

പിശാചിന്റെ പ്രവർത്തി, 'നുകം' തട്ടിക്കളയുക എന്നതാണ്. 'നുകം' എന്നുവച്ചാൽ കർത്താവ് തരുന്ന ക്രൂശ് ആണ്. യേശുക്രിസ്തുവിന് ക്രൂശെടുക്കുവാൻ മൂന്ന് ശക്തികളെ പരാജയപ്പെടുത്തേണ്ടിവന്നു. 'ക്രൂശ്' അഥവാ 'നുകം' എടുക്കണമെങ്കിൽ, നമുക്കും ഈ മൂന്ന് ശക്തികളെയും തോല്പിക്കേണ്ടതുണ്ട്, അല്ലെങ്കിൽ നമുക്ക് ഇത് എടുക്കുവാൻ കഴിയുകയില്ല.

സഭയിൽ ജനത്തിന്റെ അളവ് കുറയുന്നതിന് കാരണം പുതിയതായി സഭയിൽ വരാനുള്ളവർ സഭയിലുള്ളവരുടെ തിന്മയായ ഫലം നോക്കിക്കാണുകയാണ്. ഇതു കണ്ടു കഴിഞ്ഞാൽ പിന്നെ ജനം സഭയിലേക്ക്, അവരിലേക്ക് അടുക്കുവാൻ ബുദ്ധിമുട്ടാണ്. ഇവനാണോ, ഇവളാണോ ക്രിസ്ത്യാനി എന്നു പറഞ്ഞ് ക്രിസ്തുവിൽ നിന്ന് അകന്നുപോകുവാൻ ഇടയാകും.

## ദൈവീക ഇഷ്ടത്തിൽ നിന്ന് മാനുഷിക ഇഷ്ടത്തിലേക്ക് വലിച്ചുമാറ്റൽ

തന്ത്രജ്ഞനായ പിശാച് നമ്മുടെ അടുക്കലേക്ക് പല തന്ത്രങ്ങളുമായിട്ട് കടന്നുവരും. പിശാചിന്റെ കൈയ്യിൽ ഇന്ന് ഒരു

ആയുധവുമില്ല, തന്ത്രങ്ങൾ മാത്രമെയുള്ളൂ. ഒരു തന്ത്രം പിഴച്ചാൽ അവൻ വേറൊന്ന് കൊണ്ടുവരും. യേശുവിന്റെ അടുക്കൽ ഇവൻ തന്ത്രത്തോടെ കടന്നു വന്നു. യേശു സ്നാനം ഏറ്റു ഉപവസിച്ചശേഷം പിശാച് യേശുവിനെ ഏറ്റവും ഉയർന്ന ഒരു ഭാഗത്തേക്ക് കൊണ്ടു പോയി, അവിടെവച്ച് ഈ ലോകത്തിലെ സകല മഹത്വത്തേയും രാജ്യങ്ങളെയും, കാണിച്ചുകൊടുത്തു. ഇന്നും പിശാച് നമ്മെ, ഈ ലോകത്തിന്റെ പല മഹത്വത്തെയും, സ്ഥാനമാനങ്ങളെയും കാണിച്ച് തരികയാണെന്ന് ഓർക്കുക.

സാത്താൻ ഇത്രയധികം വില മുടക്കാൻ തയ്യാറാണെങ്കിൽ സാത്താന് കിട്ടാൻ പോകുന്നത് അതിലും വില പിടിച്ചതാണല്ലോ.

സാത്താൻ ഇത്രയധികം വിലമുടക്കാൻ തയ്യാറാണെങ്കിൽ സാത്താന് കിട്ടാൻ പോകുന്നത് അതിലും വിലപിടിച്ചതാണല്ലോ. സാത്താൻ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്. 'നീ ഇതെല്ലാം നേടാനല്ലേ വന്നത്. നിനക്കൊരു ദൈവപുത്രനായി തുടരുകയും ചെയ്യാം. ഒരു ക്രൂശും എടുക്കേണ്ട. ഇതെല്ലാം നിനക്കു തരികയും ചെയ്യും.' എന്തെളുപ്പമാ, ക്രൂശെടുക്കാതെ, ഇതെല്ലാം കർത്താവിനു കൊടുക്കും, ഒരു ക്രൂശും വേണ്ടാ. പിശാച് ഇന്ന് ദൈവമക്കളെ കബളിപ്പിക്കുന്ന വലിയൊരു ചതി ഇതിൽ മറഞ്ഞുകിടക്കുന്നുണ്ട്.

'നീ ഇതെല്ലാം നേടാനല്ലേ വന്നത്. നിനക്കൊരു ദൈവപുത്രനായി തുടരുകയും ചെയ്യാം. ഒരു ക്രൂശും എടുക്കേണ്ട. ഇതെല്ലാം നിനക്കു തരികയും ചെയ്യും.'

ബുദ്ധിയുള്ള പിള്ളേർ വീട്ടിലുണ്ടെങ്കിൽ ചേച്ചിയുടെ കല്യാണം കഴിഞ്ഞിട്ടില്ല എങ്കിൽ ഇളയ ആൾ പറയും, 'അമ്മേ, നമ്മുടെ ചേച്ചിയെ കല്യാണം കഴിപ്പിച്ച് അയയ്ക്കണ്ടേ?'. അതിന്റെ അർത്ഥം എന്താണെന്ന് മനസ്സിലാക്കണമെങ്കിൽ കുറച്ചുനേരം ഇരുന്ന് ചിന്തിക്കണം. സാത്താൻ ഇവിടെ പറയുകയാണ്. നീ എന്നെ ഒന്നു നമസ്കരിച്ചാൽ മതി. നിനക്ക് ദൈവപുത്രനായി തുടരുകയും ചെയ്യാം ഈ ലോകത്തിലുള്ളതെല്ലാം കിട്ടുകയും ചെയ്യും. ഈ ലോകത്തിന്റെ രീതി അനുസരിച്ചുകൊണ്ട് നാം വിശ്വാസികളായി തുടരുക എന്നതാണ് പിശാചിന്റെ ആഗ്രഹം കാരണം ലോകത്തോടുള്ള സ്നേഹം ദൈവത്തോടുള്ള ശത്രുത്വമാണല്ലോ. (യാക്കോബ് 4:4) നമ്മുടെ ദേഹിയിൽ ദൈവരാജ്യം നിറയ്ക്കാതെ, ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുവാൻ കഴിയുകയില്ല.

യേശു പറയുന്നു, 'നിത്യമായ ദൈവ രാജ്യത്തിന്റെ രീതിയെ നീ നമസ്കരിക്കുക (അനുസരിക്കുക), എങ്കിൽ ഈ ലോകത്തിൽ നിനക്കു വേണ്ടതെല്ലാം അതിനോടുകൂടെ ചേർക്കപ്പെടും' (മത്തായി. 6:33). പിശാച് പറയുന്നു, 'താൽക്കാലിക ലോകത്തിന്റെ രീതിയെ നീ നമസ്കരിക്കുക. എങ്കിൽ ലോകത്തുള്ളതെല്ലാം നിനക്ക് തരാം' (മത്തായി. 4:9).

നമ്മുടെ ദേഹിയിൽ ദൈവരാജ്യം നിറയ്ക്കാതെ, ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുവാൻ കഴിയുകയില്ല.

**"മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും."**

**(മത്തായി 6:33)**

**"പിന്നെ പിശാച് അവനെ ഏറ്റവും ഉയർന്നൊരു മലമേൽ കൂട്ടിക്കൊണ്ടുപോയി. ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു: വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്ക് തരാം എന്ന് അവനോടു പറഞ്ഞു." (മത്തായി 4:8,9)**

**"ദൈവരാജ്യം നമുക്ക് മുന്നറിയിപ്പ് തരുന്നു 'ഈ ലോകത്തിന് അനുരൂപമാകരുത് എന്ന്'." (റോമ 12:2)**

ഇന്ന് അനേകർ ഈ കുടുക്കിൽ വീണിരിക്കുകയാണ്. യേശു പിശാചിന്റെ തന്ത്രത്തിൽ വീണില്ല യേശു അവനെ ഓടിച്ചു കളഞ്ഞു.

നമ്മുടെ ജീവിതത്തിലും സാത്താൻ വരുന്നത് ഇതുപോലെയായിരിക്കും. 'നുകം' എടുക്കേണ്ട എന്ന് പറഞ്ഞ് യേശുവിന്റെ അടുക്കൽ വന്ന പിശാചിന്റെ പദ്ധതി പൊളിഞ്ഞുപോയി.

യേശു പറയുന്നു നിത്യമായ ദൈവ രാജ്യത്തിന്റെ രീതിയെ നീ നമസ്കരിക്കുക (അനുസരിക്കുക), എങ്കിൽ ഈ ലോകത്തിൽ നിനക്കു വേണ്ടതെല്ലാം അതിനോടുകൂടെ ചേർക്കപ്പെടും (മത്തായി. 6:33). പിശാച് പറയുന്നു താൽക്കാലിക ലോകത്തിന്റെ രീതിയെ നീ നമസ്കരിക്കുക. എങ്കിൽ ലോകത്തുള്ളതെല്ലാം നിനക്ക് തരാം. (മത്തായി. 4:9)

## ക്രൂശിന്റെ രണ്ടാമത്തെ ശത്രു (പുതിയ തന്ത്രം)

പിശാചിന്റെ ഈ പദ്ധതി പൊളിഞ്ഞുപോയതുകൊണ്ട് പിശാച് പിന്നെയെന്തായിരിക്കും ചിന്തിക്കുന്നതെന്നറിയാമോ? നമ്മുടെ പദ്ധതി എന്തെങ്കിലും പൊളിഞ്ഞാൽ പിന്നെ നാം എന്തായിരിക്കും ചിന്തിക്കുന്നത് 'എന്റെ ആദ്യത്തെ പദ്ധതി (തന്ത്രം) തകർന്നു. ഇനിയിതിലും നല്ലതൊന്ന് കണ്ടുപിടിക്കണം.'

എങ്ങനെയാണിനി അടുത്ത രീതി?

സാത്താന്റെ ആദ്യത്തെ പദ്ധതി പൊളിഞ്ഞുപോയപ്പോൾ അവൻ നിരാശനായി. ഇതിനേക്കാളും കൊള്ളാവുന്ന രീതിയിൽ പ്രവർത്തിച്ചാലേ ജയിക്കാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലാക്കി. വചനം പറയുന്നു. യേശുവിന്റെ മുമ്പിൽ തോറ്റ പിശാച് പിന്നെ വളരെ നാളത്തേക്കു അവനെ വിട്ടുപോയി.

## വളർച്ച പ്രാപിച്ച ദൈവദാസനും<br>വളർച്ച പ്രാപിക്കാത്ത ദൈവദാസനും

തുടർന്ന് പിശാചിന്റെ ചിന്തയിൽ യേശുവിന്റെ ക്രൂശ് യേശുവിനെക്കൊണ്ട് എടുപ്പിക്കാതിരിക്കാൻ ഇനി എന്ത് പദ്ധതി ചെയ്യണമെന്നുള്ള അന്വേഷണത്തിലായിരുന്നു. ഏകദേശം 3 വർഷം ഈ ചിന്തയും കൊണ്ടാണ് പിശാച് നടന്നത്. അപ്പോഴാണ് തനിക്ക് യേശു സ്നേഹിക്കുന്ന, യേശുവിനെ സ്നേഹിക്കുന്ന പത്രോസിലൂടെ പ്രവർത്തിക്കുവാൻ അവസരം കിട്ടിയത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സഭയുടെ മേലധികാരിയിലൂടെ പ്രവർത്തിക്കുവാൻ അവസരം കിട്ടിയത്. യേശു പറഞ്ഞു: 'ഞാൻ യെരുശലേമിലേക്ക് പോവുകയാണ്. അവിടെ എന്നെ മഹാപുരോഹിതന്മാർക്കും, ജാതികൾക്കും ഏല്പിച്ചുകൊടുക്കും, എന്നെ ക്രൂശിക്കും.' അപ്പോൾ പത്രോസ് എന്താ ചെയ്തതെന്ന് നമുക്കറിയാമല്ലോ; യേശുവിനെ ശിഷ്യന്മാരുടെ അടുത്തുനിന്നും മാറ്റിനിർത്തി ശാസിക്കാൻ തുടങ്ങി.

**"പത്രോസ് അവനെ വേറിട്ടു കൊണ്ടുപോയി: കർത്താവേ, അതു അരുതേ; നിനക്കു അങ്ങനെ ഭവിക്കരുതേ എന്നു ശാസിച്ചുതുടങ്ങി. അവനോ തിരിഞ്ഞു പത്രോസിനോടു; "സാത്താനേ, എന്നെ വിട്ടു പോ; നീ എനിക്കു ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നു" എന്നു പറഞ്ഞു." (മത്താ. 16:22–23)**

അതിന് തൊട്ടുമുമ്പാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളും അധികാരവും യേശു പത്രോസിനെ ഏല്പിച്ചത്.

**“നീ ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും, നീ ഭൂമിയിൽ കെട്ടുന്നത് സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും.”**

**(മത്താ. 16:19)**

ദൈവവചനം പറയുന്നത്, തുടർന്ന് പത്രോസ് യേശുവിനെ ശാസിക്കാൻ തുടങ്ങി എന്നാണ്. “ആ കഷ്ടം ഒഴിഞ്ഞ് പോകട്ടെ, ആ കഷ്ടം ഒഴിഞ്ഞ് പോകട്ടെ”. അധികാരം തന്ന യേശുവിൽ തന്നെ തന്റെ ആദ്യ ശുശ്രൂഷ ആരംഭിച്ചു. തന്നെ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഏല്പിച്ചവനോട് പത്രോസ് ഇങ്ങനെ പറഞ്ഞപ്പോൾ യേശു തിരിച്ചു പറഞ്ഞു, “സാത്താനെ എന്നെ വിട്ടുപോ, നീ ദൈവത്തിന്റേതല്ലേ മനുഷ്യരുടേതാണ് കരുതുന്നത്.” സഭയുടെ മേലധികാരിയായി താൻ നിയമിച്ച വ്യക്തിയെ നോക്കിക്കൊണ്ടാണ് കർത്താവ് ഇതു പറഞ്ഞത്.

ഇവിടെ കർത്താവ് ഒരു സമയം രണ്ട് വ്യക്തികളോടാണ് സംസാരിച്ചത്. ആത്മീയ ലോകത്തുള്ള ഒരു വ്യക്തിയോടും ഭൗതിക ലോകത്തുള്ള ഒരു വ്യക്തിയോടും. “പിശാചേ” എന്നു വിളിച്ച് സംസാരിച്ചത് പത്രോസിനോടല്ല, പത്രോസിലൂടെ ആത്മലോകത്തിൽ നിന്ന് പ്രവർത്തിക്കുന്ന പിശാചിനോടാണ് സംസാരിച്ചത്. എന്നാൽ അതിന്റെ അടുത്ത വാക്യം സാത്താനോടല്ല പത്രോസിനോടാണ്.

“നീ ദൈവത്തിനുള്ളതല്ല കരുതുന്നത്, മനുഷ്യരുടെതാണ്” അതായത് മനുഷ്യൻ അനുഗ്രഹമെന്നു പറയുന്നതിനെയാണ് നീ കരുതുന്നത്. ഒരു സമയത്ത് രണ്ടുപേരോടാണ് കർത്താവ് സംസാരിക്കുന്നത്. യേശു പറഞ്ഞു നീ എനിക്ക് ഒരു തടസ്സം ആകുന്നു (You are stumbing block to me (NIV))തന്റെ ആടുകളെ വളർത്താൻ ഏല്പിച്ച പത്രോസാണ് ഇപ്പോൾ തടസ്സമായി നിൽക്കുന്നത്. യേശു ക്രൂശെടുക്കേണ്ട എന്നുള്ള **“പത്രോസിന്റെ സന്ദേശത്തെ”** അനുസരിച്ചാൽ, പിതാവ് പുത്രനെ ഏല്പിച്ച പ്രവർത്തി (ദൈവഹിതം) നിവൃത്തിയാക്കുവാൻ യേശുവിന് കഴിയുകയില്ല. അപ്പോൾ എന്താണ് തടസ്സമായി നിൽക്കുന്നത്? നമ്മൾ ചിന്തിക്കും പത്രോസാണെന്ന്, എന്നാൽ പത്രോസല്ല “പത്രോസിന്റെ സന്ദേശമാണ്” അതായത് പിശാചിന്റെ ചിന്തയെ അനുസരിച്ചുകൊണ്ടുള്ള പത്രോസിന്റെ ഈ സന്ദേശം യേശു അനുസരിച്ചിരുന്നെങ്കിൽ ഇന്ന് നാം ആരും രക്ഷയുടെ അനുഭവത്തിലേക്ക് വരികയില്ലായിരുന്നു.

ഇന്ന് ഭൂരിഭാഗം സഭകൾക്കും സഭയെകൊണ്ട് കർത്താവ് എന്താ ഗ്രഹിക്കുന്നു എന്ന് (Purpose of the Church) അറിഞ്ഞുകൂടാ. ദൈവ ത്തിന്റെ ഇഷ്ടമായ ഈയൊരു സന്ദേശം T.V. യിലൂടെ ഞങ്ങൾ പ്രക്ഷേ പണം ചെയ്യുന്ന സമയം, ഇതു കണ്ട വളരെ ബഹുമാനിതനായ ഒരു ദൈവദാസനുമായി സംസാരിക്കാൻ ഇടയായി. അദ്ദേഹം ഉപദേശരൂപ ത്തിൽ എന്നോടു പറഞ്ഞു 'നമ്മുടെ സന്ദേശങ്ങൾ ജനങ്ങൾ ഇഷ്ട പ്പെടുന്ന രീതിയിൽ ആയിരിക്കണം' ഉടനെ എന്റെ ഹൃദയത്തിൽ ഓടിവന്നത് യേശു പത്രോസിനോടു പറഞ്ഞ കാര്യമാണ്

**"നീ ദൈവത്തിനുള്ളതല്ല**
**മനുഷ്യർക്കുള്ളതാണ് കരുതുന്നത്."**

ഇവിടെ യേശു ക്രൂശിന്റെ ഈ രണ്ടാമത്തെ ശത്രുവിനെയും തോല്പിച്ചു. പ്രിയ സഹോദരങ്ങളെ; ഇന്ന് ലോകത്തിൽ പല പത്രോ സുമാരുടെയും സന്ദേശം നാം കേട്ടുകൊണ്ടിരിക്കുകയാണ് യേശു വിനെപ്പോലെ നമുക്കും ദൈവം തരുന്ന നുകം എടുത്തുമാറ്റാൻ ശ്രമി ക്കുന്ന 'പിശാചിന്റെ സന്ദേശത്തെ' മനസ്സിലാക്കാൻ കഴിയണം, അതിനെ തോല്പിക്കണം. നമുക്ക് നമ്മെ തന്നെ ഒന്നു പരിശോധിക്കാം. ഈ ഭാഗത്ത് രണ്ടുപേരെ നമുക്ക് കാണാൻ സാധിക്കും. ചീഫ് പാസ്റ്റർ. യേശു (Chief Pastor), പിന്നെ ചീഫ് പാസ്റ്റർ നിയമിച്ച സെന്റർ പാസ്റ്റർ, പത്രോസ് (Center Pastor).

രണ്ടുപേരും ഒരേ സമയം കൺവെൻഷൻ നടത്തുകയാണ് എന്ന് സങ്കല്പിക്കുക. അങ്ങനെയാണല്ലോ ഇന്ന് നാം ലോകത്തിൽ കണ്ടു കൊണ്ടിരിക്കുന്നത്.

പത്രോസ് പാസ്റ്റർ ഇങ്ങനെ എഴുതി കെട്ടിവച്ചിരിക്കുന്നു,

**വിടുതൽ, വമ്പിച്ച വിടുതൽ സകല കഷ്ടങ്ങളിൽ നിന്നും ക്രൂശിൽ നിന്നും വിടുതൽ.**

യേശു പാസ്റ്ററിന്റെ അപ്പുറത്തെ കൺവെൻഷൻ

**വരിക, ദൈവരാജ്യത്തിലെ അനുഗ്രഹം പ്രാപിക്കുക, ക്രൂശ് ചുമക്കുക, എന്റെ നുകം ഏറ്റ് എന്നോട് പഠിക്കുക**

നാം ഇതിൽ ഏതു കൺവെൻഷന് പോകും?

ഇപ്പോഴത്തെ ലോകം പത്രോസിന്റെ കൺവെൻഷനെ പോകൂ! യേശുവിന്റെ കൺവെൻഷന് നാം പോകണം, കാരണം നമ്മുടെ ഈ ലോകത്തിലെ ജീവിതം അല്പകാലം മാത്രമാണ്. നമ്മുടെ യഥാർത്ഥ ജീവിതത്തിലേക്ക് പ്രവേശിക്കാനുള്ള, വിശ്വസ്തത തെളിയിക്കുന്ന ഒരു പരീക്ഷ മാത്രമാണിത്,

ഒരു ഗോതമ്പുമണി പോലെയേ ഉള്ളൂ ഇത്. നമ്മുടെ യഥാർത്ഥ ജീവിതം ഇവിടെ തുടങ്ങുന്നതേ ഉള്ളു. ഗോതമ്പുമണി നിലത്തുവീണ് ചാകുമ്പോഴാണ് അതിന്റെ ഉള്ളിൽ നിന്ന് ജീവൻ പുറത്തുവരുന്നത്.

> നമ്മുടെ ഈ ലോകത്തിലെ ജീവിതം അല്പം കാലം മാത്രമാണ്. നമ്മുടെ യഥാർത്ഥജീവിതത്തിലേക്ക് പ്രവേശിക്കാനുള്ള, വിശ്വസ്തത തെളിയിക്കുന്ന ഒരു പരീക്ഷ മാത്രമാണിത്,

## മനുഷ്യരുടെ ചിന്തയും, സാത്താന്യ ലക്ഷ്യവും ഒന്ന്

***ഇവിടെ യേശു ശാസിച്ചത് പിശാചിനെയാണ്. "സാത്താനേ എന്നെ വിട്ടുപോ."*** **ഇവിടെ സാത്താന്റെ ആഗ്രഹം എന്താണ്?**

***യേശു നുകം എടുക്കരുത്.***


**പത്രോസ് യേശുവിനു കൊടുത്ത സന്ദേശം എന്താണ്?**

***യേശുവേ നീ നുകം എടുക്കരുത്.***

**ഇന്ന് നമ്മുടെ ആഗ്രഹം എന്താണ്?**

***ഒരു നുകവും ഉണ്ടാകരുത്.***

ഈ ഇഷ്ടമെല്ലാം ഒരേ ലക്ഷ്യത്തിലല്ലേ ചെന്നെത്തുന്നത്?




| | | |
|---|---|---|
| പിശാചിന്റെ ആഗ്രഹം 1-ാം ശത്രു | വളർച്ച പ്രാപിക്കാത്ത പത്രോസുമാരുടെ പ്രസംഗം 2-ാം ശത്രു | ജനത്തിന്റെ ആഗ്രഹം 3-ാം ശത്രു |
| നുകം എടുക്കരുത് | നുകം എടുപ്പിക്കരുത് | നുകം എടുക്കരുത് |

ഈ ഒരു നേർരേഖയിൽനിന്ന് നമുക്ക് ഒന്നു മനസ്സിലാക്കാം. പരിജ്ഞാനം ഇല്ലാത്തതിനാൽ ഇന്ന് പല ദൈവദാസന്മാരും, ദൈവമക്കളും അവരറിയാതെ പിശാചിന്റെ ഇഷ്ടം ഭൂമിയിൽ നിവർത്തിക്കുന്നവരായി മാറിയിരിക്കുകയാണ്.

> പരിജ്ഞാനം ഇല്ലാത്തതിനാൽ ഇന്ന് പല ദൈവദാസന്മാരും ദൈവമക്കളും അവരറിയാതെ പിശാചിന്റെ ഇഷ്ടം ഭൂമിയിൽ നിവർത്തിക്കുന്നവരായി മാറിയിരിക്കുകയണ്.

ഇവിടെ നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. വേണ്ടത്ര പരിജ്ഞാനമില്ലാത്തതു കൊണ്ടാണ് ആത്മീയമായി വളർച്ച മാത്രം തുടങ്ങിയിട്ടുമാത്രമുള്ള പത്രോസ്, യേശുവിനോട് ക്രൂശ് എടുക്കേണ്ടായെന്ന് പറഞ്ഞത്. കാരണം യേശുവിനോട് കൂടെ നടക്കാൻ തുടങ്ങിയിട്ട് മൂന്നര (3 1/2) വർഷമല്ലേ ആയുള്ളൂ.

എന്നാൽ, തുടർന്ന് ചില വർഷങ്ങൾക്ക് ശേഷം ആത്മാവിൽ നിറഞ്ഞ പത്രോസ്, ആത്മീയമായി വളർന്ന പത്രോസ് എഴുതുന്ന സന്ദേശം ഇതിൽ നിന്ന് രാവും പകലും പോലെ വ്യത്യസ്തമാണ്. ആദ്യം കഷ്ടം യേശുവിന്റെ ജീവിതത്തിൽ നിന്ന് പോകട്ടെയെന്ന് ശാസിച്ച് പറഞ്ഞ പത്രോസ് ഇവിടെ പറയുകയാണ്; കഷ്ടം സഹിക്കാനുള്ള മനോഭാവം ആയുധമായി ധരിക്കണം.

> വളരാത്ത ആദ്യ പത്രോസിനെയല്ല നമുക്ക് വേണ്ടത്, ലേഖനത്തിലൂടെ കാണുന്ന വളർന്ന പത്രോസുമാരെയാണിന്ന് സഭയ്ക്കാവശ്യം

**"ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതു കൊണ്ടു നിങ്ങളും ആ ഭാവം. തന്നേ ആയുധമായി ധരിപ്പിൻ."**
**(1 പത്രോ 4:1)**

മറ്റു ചില ഭാഗങ്ങളിൽ പറയുകയാണ്,

**"ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കുള്ളവരാകുംതോറും സന്തോഷിച്ചുകൊള്ളുവിൻ." (1 പത്രോ 4:13)**

**"ക്രിസ്ത്യാനിയായിട്ട് കഷടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്." (1 പത്രോ 4:16)**

**"ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നന്മചെയ്തു കൊണ്ട് തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സൃഷ്ടാവിങ്കൽ ഭരമേല്പിക്കട്ടെ."** എന്തൊരു വലിയ മാറ്റമാണ് പത്രോസ് ആത്മീയമായി വളർന്നപ്പോൾ നമുക്ക് കാണുവാൻ കഴിയുന്നത്.

ദൈവം നമുക്ക് തന്നിട്ടുള്ള ദൈവദാസന്മാർ ആത്മീയമായി വള

രാതെ, പിശാചിന്റെ ഇഷ്ടം യേശുവിനോട് തന്നെ പ്രസംഗിച്ച ആദ്യ പത്രോസിനെപ്പോലെ നിൽക്കാതെ, വളർന്ന് ദൈവത്തിന്റെ ഇഷ്ടം ലേഖനത്തിലൂടെയും, പ്രസംഗത്തിലൂടെയും, പ്രവർത്തികളിലൂടെയും അറിയിച്ച് ദൈവജനത്തെ കൊണ്ട് ദൈവേഷ്ടം ചെയ്യിക്കുന്ന ദൈവദാസന്മാരായി തീരുവാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

**ക്രൂശിന്റെ മൂന്നാമത്തെ ശത്രു**

ഇനിയാണ് മൂന്നാമത്തെ വലിയ ശത്രു വരുന്നത്. അവൻ മറ്റാരുമല്ല, ക്രൂശിന്റെ മൂന്നാമത്തെ ശത്രു നമ്മൾ തന്നെയാണ്. നമ്മുടെ സ്വയമാണ്.

ഗത്ശമനതോട്ടത്തിൽ വച്ച് പ്രാർത്ഥിക്കുന്ന സമയത്ത് യേശു രക്തം വാർന്നു, യേശു ഇങ്ങനെ പ്രാർത്ഥിച്ചു “പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നും മാറ്റിത്തരണമേ” പക്ഷേ ആ സ്വന്തം ഇഷ്ടത്തെ യേശു പ്രോത്സാഹിപ്പിച്ചില്ല.‘‘തന്റെ ഇഷ്ടത്തെ മാറ്റി ദൈവഹിതം തന്നിൽ നിറവേറ്റണമേ’ എന്ന് യേശു പ്രാർത്ഥിച്ചപ്പോഴാണ് ക്രൂശ് തയ്യാറായത്. ക്രൂശിൽ വച്ച് തന്റെ ശരീരം അനുഭവിച്ച വേദനയെക്കാളും വളരെ പ്രയാസമുള്ള അവസ്ഥയാണ് താൻ ഗത്ശമന തോട്ടത്തിൽ വച്ച് തന്റെ സ്വയത്തെ തകർത്തപ്പോൾ അനുഭവിച്ചത്. ഈ സമയത്താണ് യേശു രക്തം വിയർത്തത്.

നമ്മുടെ ജീവിതത്തിലും ഇങ്ങനെയുള്ള സന്ദർഭങ്ങൾ വരുമ്പോൾ യേശുവിന്റെ പാത പിൻതുടർന്ന് അതായത് ക്രിസ്തുവിന്റെ നുകം ഏറ്റ്, ക്രിസ്തുവിനെ നോക്കി പഠിച്ചുകൊണ്ട് മുട്ടിന്മേൽ നിന്ന് പ്രാർത്ഥനയോടെ സ്വയത്തെ ജയിച്ച് ദൈവഹിതം നിറവേറ്റുക. നമ്മുടെ ജീവിതത്തിലും ഒരു പക്ഷേ ഈ മൂന്നു ശത്രുവിന്റെ അടുക്കലും നാം തോറ്റവരായിരിക്കാം. ജയിക്കുന്നു എങ്കിൽ നമുക്ക് ക്രൂശ് തയ്യാറാണ്.

മറ്റൊരു രീതിയിൽ പറഞ്ഞാൽ നാം ഒരു വിശ്വാസിയാണെങ്കിലും; **‘ഈ ലോകത്തിന് അനുരൂപമായി ജീവിച്ച്’** പിശാചിന്റെ ഒന്നാമത്തെ തന്ത്രത്തിൽ വീണുകിടന്നവരാകും **(ക്രൂശിന്റെ ഒന്നാമത്തെ ശത്രു).**

അല്ലെങ്കിൽ പിശാചിന്റെ ചിന്തയിൽ ഉടലെടുക്കുന്ന **‘മനുഷ്യർ ഇഷ്ടപ്പെടുന്ന തരത്തിലുള്ള സന്ദേശത്തിൽ’** കുടുങ്ങിക്കിടക്കുന്നവരാകും **(ക്രൂശിന്റെ രണ്ടാമത്തെ ശത്രു).**

അതുമല്ലായെങ്കിൽ **‘സ്വന്ത താല്പര്യങ്ങളും, ഇഷ്ടങ്ങളും മുറുകെ പിടിച്ചുകൊണ്ട്’** ദൈവേഷ്ടത്തെ (നുകത്തെ)

തള്ളിക്കളയുന്നവരും ആകാം **(മൂന്നാമത്തെ ശത്രു).**

പ്രിയ സ്നേഹിതരേ ഈ മൂന്ന് ശത്രുക്കളെയും തോല്പിക്കാൻ തീരുമാനമെടുക്കുക. ദൈവസന്നിധിയിൽ അതിനായി താഴ്മയോടെ യഥാർത്ഥ മാനസാന്തരത്തോടെ സമർപ്പിക്കുക. പരിശുദ്ധാത്മാവിന്റെ സഹായത്തിനായി അപേക്ഷിക്കുക. ദൈവഹിതം ചെയ്യുവാൻ നമുക്കൊരുങ്ങാം. ദൈവത്തിന്റെ വലിയ കരങ്ങൾ നമ്മെ അതിനായി ഒരുക്കട്ടെ. ഇപ്പോൾ നാം വളർന്നു കൊണ്ടിരിക്കുകയാണ്. തുടർന്നും നമുക്ക് വളരാം.

ലോകത്തിലെ പല മാതാപിതാക്കളിൽ നിന്ന് ജനിച്ച നമുക്ക് പല തോൽവികളും ഉണ്ടാകാം. എന്നാൽ നാം ദൈവത്തിൽ നിന്ന് വീണ്ടും ജനിച്ചത് ജയിക്കുവാൻ വേണ്ടി മാത്രമാണ്. ഇനി നമുക്ക് പരാജയം ഇല്ല, ജയം മാത്രമെയുള്ളു. അത് എങ്ങിനെയെന്ന് മനസ്സിലാക്കി,

ആത്മീയമായി വീണ്ടും ഉയരുവാൻ, വളരുവാൻ "ജയിക്കാനായി വീണ്ടും ജനിച്ചവർ" എന്ന തലക്കെട്ടിലുള്ള ഈ പുസ്തകത്തിന്റെ വാല്യം 2 വായിക്കുക. ഈ പുസ്തകം നിങ്ങൾക്ക് അനുഗ്രഹമായെങ്കിൽ ഞങ്ങൾക്കെഴുതുക. നിങ്ങളുടെ സഹോദരീ സഹോദരങ്ങൾക്കും ഇത് എത്തിച്ചുകൊടുക്കുക. നമുക്ക് ഒരുമിച്ച് ദൈവേഷ്ടം ഭൂമിയിൽ നിറ വേറ്റാൻ പരിശുദ്ധാത്മാവിനോടൊപ്പം പ്രവർത്തിക്കാം.

## പ്രധാന തത്വങ്ങൾ

1. ക്രൂശിന്റെ മൂന്ന് ശത്രുക്കൾ പിശാച്, ദൈവത്തിൽ നിന്ന് ഉത്ഭവിക്കാത്ത പിശാചിന്റെ പ്രേരണയാൽ ഉടലെടുക്കുന്ന മനുഷിക സന്ദേശങ്ങൾ, നമ്മുടെ സ്വയം എന്നിവയാണ്.

2. ക്രൂശിന്റെ മൂന്ന് ശത്രുക്കളുടെയും ലക്ഷ്യം ജനത്തെ ദൈവീക ഇഷ്ടത്തിൽ നിന്ന് മാനുഷിക ഇഷ്ടത്തിലേക്ക് വലിച്ചു മാറ്റുക എന്നതാണ്.

3. നുകം (ക്രുശ്) എടുക്കാതെ ലോകത്തിലെ ധനവും, മഹത്വവും വാഗ്ദത്തം ചെയ്ത് കബളിപ്പിക്കുന്നത് പിശാചിന്റെ ഒരു തന്ത്രമാണ് യേശു ഈ തന്ത്രത്തെ ജയിച്ചു.

4. ചൊറി പിടിച്ച കുഞ്ഞിന് അപ്പനും അമ്മയും അവന്റെ ചൊറി മാറാൻ അവനിഷ്ടമില്ലാത്ത കഷായം നിർബന്ധമായി വായിലൊഴിച്ച് കൊടുക്കുന്നതു പോലെയാണ് ലോക ജഢചിന്തകളാൽ മൂടപ്പെട്ട് കിടക്കുന്ന നമ്മുടെ, ഈ തിന്മനിറഞ്ഞ സ്വഭാവം ഒന്നു മാറുവാനും, സ്വർഗ്ഗീയ സമ്പാദ്യത്തിൽ നാം ഒന്നു നിറയുവാനുമാണ് നമ്മുടെ അപ്പനും അമ്മയുമായ ദൈവം നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്ന ഈ നുകം അഥവാ ക്രൂശ്.

5. വളരാത്ത ആദ്യ പത്രോസിനെയല്ല, ലേഖനത്തിലൂടെ കാണുന്ന വളർന്ന പത്രോസുമാരെയാണിന്ന് സഭയ്ക്കാവശ്യം.

6. പ്രാഥമികമായി നാം ദൈവത്തിനുള്ളതാണ്. ദൈവഹിതമാണ് നാം കരുതേണ്ടത്, മനുഷ്യരെ സന്തോഷിപ്പിക്കുകയല്ല വേണ്ടത്. ദൈവഹിതം നാം കരുതുകയും, ചെയ്യുകയും ചെയ്യുമ്പോൾ, ദൈവീക മനുഷ്യരെല്ലാം അതിൽ സന്തോഷിക്കുകയും ദൈവഹിതം ചെയ്യുവാൻ ആരംഭിക്കുകയും ചെയ്യും. തുടർന്ന് നാമും, കേൾക്കുന്ന ജനവും ഒരുപോലെ സ്വർഗ്ഗരാജ്യം അവകാശമാക്കും.

**"എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നുവാൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." (മത്താ.7:21)**

# സമാപനം

# (Conclusion)

പ്രിയരെ, പല ദൈവദാസന്മാരും ഈ പുസ്തകത്തിലെ വെളിപ്പാടുകൾ അത്ഭുതമെന്നും ആഴത്തിലുള്ളതെന്നും വിശേഷിപ്പിക്കുമ്പോൾ ദൈവം ഇപ്പോൾ എനിക്കു തന്നുകൊണ്ടിരിക്കുന്നതും ഈ പുസ്തകത്തിൽ എഴുതിയിട്ടില്ലാത്തതുമായ വെളിപ്പാടുകളിലൂടെ എനിക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്, ഇതിൽ എഴുതിയിരിക്കുന്ന വെളിപ്പാടുകൾ അത്ര ആഴമുള്ളതല്ലെന്നാണ്. എങ്കിലും ഈ പുസ്തകത്തിലെ സന്ദേശം ക്രിസ്തീയ ജീവിതത്തിൽ ഒരു വ്യക്തി അടിസ്ഥാനപരമായി മനസ്സിലാക്കേണ്ടതും. തുടർന്ന് ഈ വചനങ്ങൾ പ്രായോഗികതലത്തിൽ ഉപയോഗിച്ച് ജീവിതജയം കൈവരിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

ഈ പുസ്തകത്തിലെ വെളിപ്പാടുകൾ നിങ്ങൾ വീണ്ടും വീണ്ടും (ആവർത്തിച്ച്) ദൈവാത്മാവിന്റെ സഹായത്തോടെ വായിച്ച് മനസ്സിലാക്കുന്നുവെങ്കിൽ തീർച്ചയായും നിങ്ങൾക്ക് ഒരനുഗ്രഹമായി തീരും. കാരണം എന്റെ ജീവിതത്തിൽ പല തീയുടെ അവസ്ഥ ദൈവം അനുവദിക്കുകയും, ആ തീയിലൂടെ വളരെ പ്രയാസത്തിൽ ഞാൻ കടക്കുമ്പോൾ വചനത്തിന്റെ വെളിപ്പാടുകളിലൂടെ അദൃശ്യലോകത്തിൽ നടക്കുന്ന കാര്യങ്ങൾ എനിക്ക് മനസ്സിലാക്കി തരികയും തുടർന്ന് എന്റെ ചിന്തകൾ ലോകജഡചിന്തയിൽ നിന്ന് ദൈവരാജ്യത്തിന്റെ ചിന്തയിലേക്ക് കടന്നുവരികയും ആ ദൈവരാജ്യത്തിന്റെ ചിന്തയിൽ പ്രവർത്തിച്ച് ഈ തീയുടെ അനുഭവങ്ങളെ തരണം ചെയ്ത് വിജയിക്കുവാനും ദൈവം ഇടയാക്കി. മാത്രമല്ല മുമ്പ് സ്വന്ത ഇഷ്ടങ്ങൾ ചെയ്തുകൊണ്ട് ജീവിച്ച എന്നെ ദൈവം തന്റെ സ്വർഗ്ഗീയ പദ്ധതിയിലേക്ക് കൊണ്ടുവരുവാനും ഇടയാക്കി.

ഈ പുസ്തകത്തിലെ വെളിപ്പാടുകളിലൂടെ ദൈവം നിങ്ങൾക്ക് ദൈവരാജ്യത്തിൽ തന്നിരിക്കുന്ന അനുഗ്രഹങ്ങൾ നിങ്ങളിലേക്കും, നിങ്ങളിലൂടെ ലോകത്തിലേക്കും പുറപ്പെടട്ടെയെന്നും സർവ്വശക്തനായ ദൈവത്തോട് യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുകയും

ഈ വാക്കുകൾ ഒരനുഗ്രഹമായി നിങ്ങളുടെ മേൽ കല്പിക്കുകയും ചെയ്തുകൊണ്ട് നിങ്ങളെ ക്രിസ്തുവിൽ സ്നേഹിക്കുകയും എന്നെക്കാൾ ശ്രേഷ്ടമായി എണ്ണുകയും ചെയ്തുകൊണ്ട്

കർത്താവിനുവേണ്ടി, കർത്താവിന്റെ ശബ്ദമായി

**ഇവാ. ഷാജി ജോസഫ്**

***'ഞാൻ പ്രയോജനമില്ലാത്ത ദാസൻ, ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു."***

**(ലൂക്കോസ് 17:10)**

NB: ഈ പുസ്തകം നിങ്ങൾക്ക് ഒരനുഗ്രഹമായെങ്കിൽ ഞങ്ങൾക്ക് എഴുതുക. ഞങ്ങളുമായി ബന്ധപ്പെടുക. ദൈവഹിതമെങ്കിൽ നിങ്ങളായിരിക്കുന്ന സ്ഥലത്ത് നിങ്ങൾ ക്രമീകരിക്കുന്ന യോഗങ്ങളിൽ ഞങ്ങൾ കടന്നുവന്ന് കർത്താവിന്റെ ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിക്കുന്നു. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

ഈ പുസ്തകത്തിലെ ഏതെങ്കിലും ഭാഗം നിങ്ങൾക്ക് മനസ്സിലാകാതെ ഇരിക്കുന്നുവെങ്കിൽ, അതു കൂടുതൽ വിശദീകരിച്ചെഴുതുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ആ ഭാഗം ഞങ്ങളെ "Spiritual growth update" എന്ന പേരിൽ അറിയിക്കുന്നുവെങ്കിൽ (kingdomtrainingshaji@gmail.com) അടുത്ത എഡിഷനിൽ ദൈവത്തിൽ ആശ്രയിച്ചു കൊണ്ട് അത് കൂടുതൽ വിശദീകരിച്ച് എഴുതുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

❖❖❖

**House of Prayer (Prarthanalayam) Ministries**

Kuzhivellipady, Panchayath Road, Edathala P.O
Pin: 683561
Ernakulam, Kerala
India

**Tel: 0091 484 2411092**

**UAE**
**Tel: 00971 -7- 2211059**
Email: shajijoseph@live.com
thekingdomtraining@gmail.com
Website: www.thevoiceofgod.org

## "The Voice of God"
## TV Program
### On Power Vision TV Channel

Every Monday 9.00 am (Ind.Time)
Every 2nd & 4th Sunday 9.30 pm (Ind.Time)

"യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു, രോഗികളെ സൗഖ്യമാക്കുന്നു. ഭൂതങ്ങളെ പുറത്താക്കുന്നു. നിത്യജീവൻ നല്കുന്നു."

**ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം. (മത്താ. 16:26)**

**സ്ഥലം: കുഴിവേലിപ്പടി പ്രാർത്ഥനാലയത്തിൽ വചനപരിജ്ഞാനമുള്ള കർത്താവിൽ പ്രസിദ്ധരായ വിവിധ സഭാംഗങ്ങളായ ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു.**

## പ്രാർത്ഥനാലയത്തിലെ പ്രോഗ്രാമുകൾ

1. ധ്യാനം എല്ലാ മാസവും ആദ്യ തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് ശനിയാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കുന്നു.

2. ആത്മവളർച്ചാധ്യാനം (വർഷത്തിൽ ഒരിക്കൽ)

3. സ്പിരിചൽ ഫയർ കോൺഫറൻസ് വിശ്വാസികളെ കർത്താവിന്റെ വേലക്കായി പരിശുദ്ധാത്മാവിൽ ഒരുക്കുന്നു.
(വർഷത്തിൽ ഒരിക്കൽ)

4. ദൈവഹിതം ചെയ്യുവാനായി സഭകളെ ഒരുക്കിയെടുക്കുന്ന യോഗങ്ങൾ (Empowering churches in order to do the purpose of God)

5. സ്കൂൾ ഓഫ് മിനിസ്ട്രീസ്



# Bible Training School of Ministry

DELIVERING CUBS for the LION OF JUDAH



BIBLE TRAINING CLASS

School of Ministry is a non denominational training programme with signs and wonders projected to develop an Army for Christ with His Character (Fruit of the Spirit) and Power (Gift of the Spirit). The programme enables one to fulfill the Purpose of the Church by getting to know the Purpose of God (Father) about the recreation and the Purpose of Christ (Son).

**Eligibility**

**A dedicated Heart as an outcome of Godly Love not Desiring Self Gain and Glorification, submitting to live and die for Christ.**

### *This is an Opportunity*

Ephe 5:16 and 17 reads: " Redeeming the time, because the days are evil. Wherefore ***be ye not unwise***, but understanding what the will of the Lord is."



Location : St. Andrew’s Hall, 1st floor, St. Martin’s Church, Sharjah

Time : 8.30 pm to 10.00 pm (Every Saturday)

For more details contact :
Br. Mathew : 050-3649987

**Purpose ⇨ Process ⇨ Power**

# വീണ്ടും ജനിക്കുന്ന ഒരു വ്യക്തിയിൽ സംഭവിക്കുന്ന മാറ്റങ്ങൾ

ദൈവീക വെളിപ്പാടുകളുടെ ഒരു കലവറയായ ഈ പുസ്തകത്തിന്റെ ഒരു പ്രത്യേകത ഒരു ദൈവ പൈതൽ ഇത് വായിക്കുമ്പോൾ ദൈവത്തിന്റെ ജീവൻ, ദൈവത്തിന്റെ ആത്മാവ് ആ വ്യക്തിയിലേയ്ക്ക് പ്രസരിക്കുന്ന ഒരനുഭവം ഉണ്ടാകുവാൻ ഇടയാകും; ഇതിന്റെ പ്രൂഫ് വായിച്ചവരും ഈ അനുഭവം സാക്ഷ്യപ്പെടുത്തുവാൻ ഇടയായിട്ടുണ്ട്. തന്റെ ജനത്തെ ആദൃശ്യമായ ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ മനസ്സിലാക്കിക്കൊണ്ട് ആത്മീയമായി ആഴത്തിൽ വളർത്തുവാനാണ് ദൈവം ഈ വചനങ്ങൾ തന്റെ ദാസനിലൂടെ പ്രസംഗിച്ചത്. ഇതിന്റെ ഡി.വി.ഡി കേട്ട പല ദൈവദാസൻമാരും അതിശയപ്പെടുകയും അവരുടെ ആത്മീയ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും അടഞ്ഞു കിടന്ന വലിയ വാതിൽ തുറക്കപ്പെടുവാൻ ദൈവം ഇടയാക്കി. ഈ പുസ്തകത്തിന്റെ താളുകൾ മറിക്കുമ്പോൾ പലരും കേട്ടിട്ടില്ലാത്ത ആത്മരാജ്യത്തിന്റെ നിരവധി മർമ്മങ്ങൾ തുറക്കപ്പെടുവാൻ ഇടയാക്കും.



Pastor. ഡോ. കെ. സി. ജോൺ
ഐ.പി.സി ജനാൽ പ്രസിഡന്റ്
ചെയർമാൻ, പവർവിഷൻ ചാനൽ

"ഇതൊരു അപൂർവ്വ പുസ്തകമാണ്. ഇത് എല്ലാ വിഭാഗത്തിൽപ്പെട്ട ദൈവജനങ്ങൾക്കും, പ്രത്യേകിച്ച് വേദപഠന വിദ്യാർത്ഥികൾക്കും, കർതൃശുശ്രൂഷകർക്കും ധ്യാനഗുരുക്കൻമാർക്കും ഒരു അനുഗ്രഹമാണ്."



Evg. ജെ. സി. ദേവ്
പ്രിൻസിപ്പൽ, ഫെയ്ത്ത് ലീഡേഴ്സ്
ബൈബിൾ ട്രെയിനിംഗ്, കേരളം, ഇൻഡ്യ

"ഈ പുസ്തകം വായിക്കാൻ കഴിഞ്ഞത് വലിയൊരു നേട്ടമായി ഞാൻ കരുതുന്നു. എല്ലാ വിശ്വാസികളും അതീവ ജാഗ്രതയോടെ പരിഗണിക്കേണ്ട വളരെ പ്രധാനപ്പെട്ടതും, അമൂല്യവുമായ സത്യങ്ങളുടെ ഒരു കലവറയാണ് ഈ പുസ്തകം"




Pastor. ജെക്സി മാത്യു
ഫൗണ്ടർ പ്രസിഡന്റ്
എം.എഫ്.ജി ചർച്ചസ്, യു. എ. ഇ

"ദൈവരാജ്യത്തിലേക്കുള്ള ഒരു മഹോന്നതമായ ഉൾക്കാഴ്ച"



Evg. കെ. ജി. ജോർജ്ജ്
സീനിയർ അഡ്വക്കേറ്റ്, കേരള ഹൈക്കോടതി

"എല്ലാ ക്രിസ്തീയ വിഭാഗങ്ങളിൽപ്പെട്ട വിശ്വാസികൾക്ക് വളരെ പ്രധാനപ്പെട്ടതും, വിലയേറിയതുമായ ഒരു പുസ്തകമാണിത്. ബൈബിൾ കഴിഞ്ഞാൽ അടുത്തതായി ഏറ്റവും പ്രാധാന്യം കൊടുക്കേണ്ട പുസ്തകമാണിത്. ഈ പുസ്തകം വിവിധ ഭാഷകളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സമീപഭാവിയിൽ പ്രിന്റ് ചെയ്യപ്പെടാൻ പോവുകയാണെന്ന് പരിശുദ്ധാത്മാവ് പറയുന്നു."




"ഇവാ. ഷാജി ജോസഫ് ഈ കാലഘട്ടത്തിലെ ദൈവത്തിന്റെ ശബ്ദം. തിരുവചനപ്രകാരം ആത്മലോകത്തിലേക്ക് ആഴ്ന്നിറങ്ങുന്ന, ജനത്തെ ഇരുളിൽ നിന്നും അജ്ഞതയിൽ നിന്നും ദൈവികപ്രകാശത്തിലേക്ക് നയിക്കുന്ന അനവധി വെളിപ്പാടുകളുടെ സന്ദേശവുമായി, സംഘടനകളുടെ അതിർവരമ്പുകളില്ലാതെ, മതത്തിന്റെ ആചാരക്രമീകരണങ്ങളുമില്ലാതെ ദൈവരാജ്യത്തെ വെളിപ്പെടുത്തുവാൻ ദൈവം ഒരുക്കിയിരിക്കുന്ന ദൈവത്തിന്റെ കരങ്ങളിലെ ഒരായുധം"

**ഈ പുസ്തകം നിങ്ങൾക്കും, കുടുംബത്തിനും, തലമുറകൾക്കും ഒരമൂല്യ നിധി.**

ജ്ഞാനം തന്നെ പ്രധാനം, ജ്ഞാനം സമ്പാദിക്ക
നിന്റെ സകല സമ്പാദ്യത്താലും വിവേകം നേടുക. (സദൃ. 4:7)